Date of Publication: 9 സെപ്തംബർ 2020
വോള്യം 19/ലക്കം 2 / വില 20/-
ISSN 2319 - 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത




# വ്യാധികാലം




കവർ ചിത്രം: ഇന്റർനെറ്റ്

# സംഘടിത

സംഘടിത/ സെപ്തംബർ 2020/വോള്യം 18/ലക്കം 8


അതിജീവനത്തിന്റെ കനേഡിയൻ അനുഭവങ്ങൾ 7
**കുഞ്ഞൂസ്**

മഹാമാരിക്കാലത്ത് അകപ്പെട്ട ജീവിതങ്ങൾ 10
**അമീറ വി.യു.**

ഓൺലൈൻ കാലത്തെ വീട്ടുടയോൾ 15
**ഷീബ ദിവാകരൻ**

സ്ത്രീസുരക്ഷ സ്ത്രീകളുടെ കൈയ്യിൽതന്നെയോ 19
വാസ്തവം/**ഡോ. ജാൻസി ജോസ്**

വർക്ക് ഫ്രം ഹോം അല്ലെങ്കിൽ വീടും ജോലിയും: ചില കോവിഡ്കാല നിരീക്ഷണങ്ങൾ 20
**ഷീബ കെ.**

മാധ്യമങ്ങളും **കൊറോണ കാലവും** 26
**ജിഷ സൂര്യ**

പുതിയ നോർമൽ - അസംഘടിതമേഖല സ്ത്രീത്തൊഴിലാളി യഥാർത്ഥ്യങ്ങൾ, പരിമിതികൾ, സാധ്യതകൾ 29
**സോണിയ ജോർജ്ജ്**

ഓൺലൈൻ പഠനം ഗോത്രഭാഷയിൽ 35
**സിന്ധു സാജൻ**

**പ്ലാസ്മ തെറാപ്പിയിൽമ വഴി തെളിച്ചൊരു ഡോക്ടർ** 39
**ജംഷീന**

നടന്നുനോക്കുമ്പോൾ നിരന്ന ഇടം! 42
**ഗാർഗി ഹരിതകം/വിജി പെൺകൂട്ട്**

കോവിഡ് കാലത്തെ ദലിത് ജീവിതങ്ങൾ 45
**മൃദുല ശശി**

അദ്ധ്യാപികമാരുടെ ഓൺ-ഓഫ് 'ലൈൻ' ജീവിതം 45
**കെ.ആർ. രാഗി**

ഇനി നമ്മൾ ആരെ ആശ്രയിക്കണം 51
പെൺപക്ഷം/**അജിത കെ.**

സ്ത്രീനേതൃത്വങ്ങൾ കൊറോണയോട് പൊരുതുമ്പോൾ 52
**ജ്യോതി നാരായണൻ**

ശുചിത്വമുറപ്പുവരുത്തുന്ന ഞങ്ങളെ കാണുന്നുണ്ടോ? 56
**പ്രിയ എ.**

ട്രിപ്പിൾ ലോക്ക്ഡൗൺ 57
കവിത/**സുനിത തോപ്പിൽ**


'തോൽക്കാൻ മനസ്സില്ലാത്തവർ ഇത് അടയാളപ്പെടുത്തേണ്ട ജീവിതങ്ങൾ 58
**പ്രിജിത്ത് പി.കെ.**

കോവിഡ്: സ്ത്രീബോധവും പ്രതിബോധവും 62
ഉപ്പും മുളകും/**പി.ഗീത**

മഹാമാരിയും അക്കാദമിക് മേഖലയിലെ സ്ത്രീയും 63
വഴിത്താരകൾ/**ജാനകി**

കോവിഡ് ഗവേഷണവും വനിതകളും 65
ശാസ്ത്രം/**സീമ ശ്രീലയം**

ഗിരിജാമ്മ 68
കഥ/**ഷീല എൻ.കെ**

ഫോട്ടോ ഫീച്ചർ : **കൊറോണാകാലത്തെ പാരമ്പര്യകലകൾ**

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **ഗസ്റ്റ് എഡിറ്റർ:** അമീറ യു.വി. **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : സുവിജ.കെ, **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

അസാധാരണമായ കാലങ്ങൾ, അപ്രതീക്ഷിത ജീവിതവഴികൾ! മനുഷ്യചരിത്രത്തിൽ അപൂർവ്വമായി സംഭവിക്കുന്ന ആഗോള പരിഭ്രമസ്ഥിതി. ആറു മാസമായി തുടരുന്ന കൊറോണാകാലം നമ്മുടെ ജീവിതാവസ്ഥകളെയും മുൻഗണനകളെയും ദിനചര്യകളെയുമൊക്കെ സമൂലമായി മാറ്റിത്തീർത്തിരിക്കുന്നു.

പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിൽ പടർന്നു പിടിച്ച 'കറുത്ത മരണ'മെന്ന് വിശേഷിപ്പിക്കപ്പെട്ട പ്ലേഗിനും ഒന്നാം ലോകമഹായുദ്ധാനന്തരം 500 ദശലക്ഷത്തോളം (അന്നത്തെ ലോകജനസംഖ്യയുടെ മൂന്നിലൊന്ന്) പേരെ ഭൂമുഖത്ത് നിന്ന് തുടച്ചുമാറ്റിയ സ്പാനിഷ് ഫ്ളുവിനുമൊക്കെ സമാനമോ കൂടുതൽ ഭയങ്കരമോ ആയ അനുഭവങ്ങൾ. ഒരു വൈറസിന്റെ വ്യാപനം ലോകക്രമം പൂർണ്ണമായും പരിവർത്തിപ്പിക്കുന്ന അതിസങ്കീർണ്ണമായ സന്ദർഭമാണിത്.

പുറം കാഴ്ചയിൽ നിറയുന്നതും നമ്മുടെ അടിയന്തിരശ്രദ്ധയിൽ പതിയുന്നതും പ്രതിരോധപ്രവർത്തനങ്ങളും രോഗബാധ / മുക്തി /മരണ നിരക്കുകളും ഒക്കെയാണെങ്കിൽ ഇവയ്ക്കെല്ലാം പിറകിൽ തകരുന്ന സാമ്പത്തിക സാമൂഹ്യ ഘടനകളുടെ ആധിജനകങ്ങളായ ചിത്രങ്ങളുമുണ്ട്. രാജ്യത്താകമാനം ലക്ഷക്കണക്കായ ചെറുവ്യവസായസംരംഭങ്ങൾ തകർന്നു. പല തൊഴിൽമേഖലകളും പാടെ അപ്രത്യക്ഷമായി. തൊഴിലില്ലായ്മയും പട്ടിണിയും അതിരൂക്ഷമായി. ചലനാത്മകമായ സമ്പദ്ഘടനയ്ക്കാവശ്യമായ ഘടകങ്ങൾ ഏറെക്കുറേ നിശ്ചലമായ മട്ടിലുമാണ്. ഇതിനകം പല മട്ടിൽ അരികുകളിലേക്ക് തള്ളപ്പെട്ടവർ ഇപ്പോൾ കൊറോണാകാലത്തിന്റെ രൂക്ഷത കൂടി വർദ്ധിത രൂപത്തിൽ അനുഭവിക്കുന്ന ഇരകളായിത്തീർന്നിരിക്കുന്നു.

പുനരധിവാസം ,പുനർനിർമ്മാണം തുടങ്ങിയ ഗുണാത്മകമായ പ്രവർത്തനങ്ങൾ ഭരണകൂടത്തിന്റെ പരമപ്രധാനമായ മുൻഗണനാവിഷയങ്ങൾ ആവേണ്ടതാണിപ്പോൾ. എന്നാൽ ഗതികെട്ടു നിൽക്കുന്ന ജനങ്ങളുടെ ശ്രദ്ധ വെട്ടിച്ച് അതീവ ഗുരുതര പ്രത്യാഘാതങ്ങളുള്ള നിരവധി നടപടികൾ എടുക്കാൻ ഒരുങ്ങുകയാണ് കേന്ദ്ര സർക്കാർ. ഈ വ്യാധികാലത്തും സ്വകാര്യവൽക്കരണവും ഹിന്ദുത്വവൽക്കരണവും ആണ് മുൻഗണനയുള്ള അജണ്ടകൾ എന്ന തോന്നലുകൾ ഉണ്ടാക്കുന്ന വിധമാണ് ആശങ്കാജനകമായി കാര്യങ്ങൾ നീങ്ങുന്നത്. പ്രതിഷേധങ്ങളും സമരങ്ങളും ഇല്ലാതാക്കുന്ന സ്വേച്ഛാപരമായ താക്കീതുകളും നടപടികളും ഈ അവസ്ഥയെ ഗുരുതരമാക്കുന്നു.


വർഗ്ഗം, ലിംഗഭേദം, ലിംഗലൈംഗികത, ജാതി, മതസ്വത്വം തുടങ്ങിയ സംവർഗ്ഗങ്ങളുടെ അധീശത്വ പ്രത്യയശാസ്ത്രങ്ങൾക്ക് വിധേയപ്പെടാൻ നിർബന്ധിതരാവുന്നവർ ഈ സന്ദർഭത്തെ അത്യധികം ഞെരുക്കങ്ങളുടേയും ഹിംസാത്മകതയുടേയും കാലമായിട്ടാണ് അടയാളപ്പെടുത്തുന്നത്. താമസിക്കാൻ ഇടം പോലും നഷ്ടപ്പെടുന്നതും ഉപജീവനമാർഗ്ഗങ്ങൾ തീർത്തും അടഞ്ഞുപോകുന്നതും മുതൽ പരിമിതപ്പെട്ടു പോകുന്ന വിഭവോപയോഗവും വർദ്ധിച്ച വീട്ടുത്തരവാദിത്വങ്ങളും ഗാർഹികപീഢനങ്ങളും അടച്ചുപൂട്ടലുകളുണ്ടാക്കുന്ന അസന്തുലിതമായ മാനസികാവസ്ഥകളും എല്ലാം ആശാസ്യകരമല്ലാത്ത ജീവിതാവസ്ഥകളെയാണ് സൂചിപ്പിക്കുന്നത്.

കേരളസംസ്ഥാന സർക്കാർ നടത്തുന്ന നാനാവിധമായ മാതൃകാ ഇടപെടലുകളും വ്യക്തികൾ പരസ്പരം പകരുന്ന കരുത്തും കരുതലും മാത്രമാണ് ഇരുണ്ട മേഘങ്ങൾക്കിടയിലെ വെള്ളിരേഖകളായി ഭവിക്കുന്നത്. അതിജീവനം എന്ന് തന്നെയാണ് നാം ഇപ്പോഴും എപ്പോഴും ഉറക്കെ പറയുന്നതും. അതിനാൽ ഗുണാത്മകമായി സാധ്യമായത് കൂടി നമുക്ക് തിരിച്ചറിയാനാവും. ഓൺലൈൻ പഠനത്തിന്റെ എല്ലാ പോരായ്മകൾ നിലനിൽക്കുമ്പോഴും സാമൂഹ്യ പിന്നോക്കാവസ്ഥകളിൽ പെട്ടു പോയവർക്ക് ടി.വി.യും കമ്പ്യൂട്ടറുമൊക്കെ പ്രാപ്യമായതും അട്ടപ്പാടിയിലെയും വയനാട്ടിലേയും ഊരുകളിലെ ആദിവാസി കുട്ടികൾക്ക് സ്വന്തം ഭാഷകളിൽ പഠിക്കാൻ കഴിഞ്ഞതും കൊറോണാപ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെട്ട സ്ത്രീകളുടെ മന്ത്രിയും, ഡോക്ടറും നഴ്സും ശാസ്ത്രജ്ഞയും മാത്രമല്ല ആശാ വർക്കറും ശുചീകരണ തൊഴിലാളിയും വരെയുള്ളവരുടെ നേതൃപാടവവും പങ്കാളിത്തവും തെളിയിക്കപ്പെട്ട് ജനശ്രദ്ധ നേടിയതും ഇതിൽപ്പെടും. നാനാവിധമായ ഇത്തരം യാഥാർത്ഥ്യങ്ങളെ മുൻനിർത്തി

'വ്യാധികാലം' വിഷയമാക്കി അമീറ വി.യു. അതിഥിപത്രാധിപയായ സെപ്തംബർ മാസം സംഘടിത വായനയ്ക്കായി സമർപ്പിക്കുന്നു.

■

# അതിഥിപത്രാധിപക്കുറിപ്പ്



അമീറ വി.യു.

**ഇന്ത്യൻ അവസ്ഥ പ്രത്യേകം എടുത്ത് പറയുകയാണെങ്കിൽ അസംഘടിത മേഖലയുടെ നട്ടെല്ലൊടിക്കുന്ന സാമ്പത്തിക നയങ്ങൾ കൊണ്ട് വലഞ്ഞ ജനങ്ങൾക്ക് പ്രത്യേകിച്ച് കുടിയേറ്റ തൊഴിലാളികൾ, ചെറുകിട കർഷകർ, വ്യവസായികൾ തുടങ്ങിയവർക്ക് കൊറോണ കാലം ഭീകരമായ പ്രതിസന്ധി ആണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ത്യയിൽ അസംഘടിത മേഖലയിൽ പതിനഞ്ച് കോടിയോളം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട് എന്നാണു ലഭ്യമായ കണക്കുകൾ പറയുന്നത്. മേഖലയിലുണ്ടായ സാമ്പത്തിക മാന്ദ്യം ഈ സ്ത്രീ ജീവിതങ്ങളെ ഞെരിച്ചു കളയുന്നുണ്ട്.**

**ലോ**കഗതിയെ കടിഞ്ഞാണിട്ട് നിർത്തിയ കോവിഡ്19 മഹാമാരി. ഇപ്പോഴും കൊറോണയുടെ താളത്തിന് അനുസരിച്ചു മാത്രം ചലിക്കുന്ന ജീവിതങ്ങൾ. മരണത്തിനും അതിജീവനത്തിനും ഇടയിലൂടെ ഉള്ള സഞ്ചാരങ്ങൾ. അപ്രതീക്ഷിതമായി ലോകം തന്നെ അകപ്പെട്ട് പോയ ഒരു കാലത്ത് നിലനിന്നിരുന്ന ലിംഗാധിഷ്ഠിത അസമത്വ സ്ഥിതിവിശേഷം സ്ത്രീകളെ പുതുതായി കൊണ്ടെത്തിച്ച അവസ്ഥകളിലേക്കാണ് സംഘടിതയുടെ ഈ ലക്കം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മനുഷ്യ വംശത്തെ ചകിതരാക്കുന്ന ഓരോ പ്രതിസന്ധിയിലും, യുദ്ധമാകട്ടെ, മഹാമാരികളാകട്ടെ, പ്രകൃതി ദുരന്തങ്ങളാകട്ടെ, സ്ത്രീകളുടെ അനുഭവതലം വേറിട്ടതായിരിക്കും. നിലനിൽക്കുന്ന സാമ്പത്തിക, മത, വർഗ, ജാതി അവസ്ഥകൾ സൃഷ്ടിച്ചെടുത്ത തലങ്ങൾക്കൊപ്പം ലിംഗപരമായ വിവേചനങ്ങളും കൂടെ ചേരുമ്പോൾ കൊറോണ കാലത്തെ ജീവിതം എന്ന സാമാന്യവത്കരണത്തിൽ ഉടക്കി നിൽക്കാതെ മഹാമാരിക്കാലത്തെ സ്ത്രീജീവിതത്തെ ഇഴകീറി തന്നെ വ്യവച്ഛേദിക്കേണ്ടതുണ്ട്.

മഹാമാരിയുടെ തുടക്കത്തിൽ പ്രതീക്ഷിക്കപ്പെട്ടത് തൊഴിലിടം വീട്ടിലേക്ക് പറിച്ചു നടപ്പെടുമ്പോൾ വീട്ടുകാര്യങ്ങളും കുട്ടികളുടെ പരിപാലനവും കുറെ കൂടെ പങ്കാളികളുടെ കൂട്ടുത്തരവാദിത്വമാകുമെന്നായിരുന്നു. എന്നാൽ ലോകമെമ്പാടും നിന്നുള്ള വാർത്തകൾ ചൂണ്ടികാണിക്കുന്നത് സ്ത്രീകളിൽ വന്നു വീണ അമിത ഉത്തരവാദിത്വങ്ങളും അതുണ്ടാക്കിയ മാനസിക സംഘർഷങ്ങളും ആണ്. കൊറോണ ചുരുക്കിയ സ്ത്രീ ഇടങ്ങൾ, തൊഴിൽ സംബന്ധിയായ ഉത്തരവാദിത്വങ്ങൾക്കും കുടുംബത്തിനും ഇടയിൽ ഞെരിഞ്ഞമരുന്ന അവസ്ഥയിലേക്ക് സ്ത്രീ ജീവിതങ്ങളെ എടുത്തെറിഞ്ഞു. വീട്ടകങ്ങളിൽ കൂടുതൽ ഒതുങ്ങിയതോടെ വർധിച്ച തോതിലുള്ള ലൈംഗിക പീഡനങ്ങൾക്കും മറ്റു ശാരീരിക മാനസിക പീഡനങ്ങൾക്കും ഇരയാക്കപ്പെടുന്നവരുടെ എണ്ണം കൂടി. കൊറോണ കാലം വരുത്തി വെച്ച സാമ്പത്തിക പ്രതിസന്ധി, ജീവിതാവസ്ഥകളിലെ മാറ്റങ്ങൾ, ചുരുങ്ങിയ തൊഴിൽ സാധ്യതകൾ, വറ്റിയ വരുമാന സ്രോതസ്സുകൾ എന്നിവ ഉണ്ടാക്കിയ യാതനകൾക്കൊപ്പം പുരുഷന്റെ എല്ലാ തരത്തിലുള്ള നിരാശകളും അസ്വസ്ഥതകളും ഏറ്റുവാങ്ങേണ്ട അവസ്ഥയിലേക്ക് കൂടെ സ്ത്രീകൾ എത്തിപ്പെട്ടു. തൊഴിലും സാമ്പത്തിക ഭദ്രതയുമുള്ള സ്ത്രീകളുടെ അവസ്ഥ ഇതാണെങ്കിൽ അതിനേക്കാൾ ദയനീയമായി ജോലി ചെയ്ത് അന്നന്നത്തേക്കുള്ള വകകൾ കണ്ടെത്തിയിരുന്ന സ്ത്രീകളുടെ ജീവിതം. കൊറോണ കാലം കുടുംബ ബന്ധങ്ങളെ പരിപോഷിപ്പിക്കുന്ന കഥകൾ പറയാത്ത ഒരു പീഡന,

പട്ടിണി പർവ്വം കൂടെ സ്ത്രീകൾ താണ്ടേണ്ടി വന്നു. വീട്ടിലെ പണികളും കുടുംബത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റലും എല്ലാം നടത്തികൊണ്ട് പോയിരുന്ന സ്ത്രീകൾക്ക് പെട്ടന്ന് ഉണ്ടായ തൊഴിൽ നഷ്ടവും വേതന കുറവും ഉണ്ടാക്കിയ ദുരിതങ്ങൾ വാക്കുകൾക്ക് വരച്ചിടാൻ കഴിയുന്ന തിനപ്പുറം ആണ്.

ലോകത്തിന്റെ ഓരോ ഭാഗത്തും ഓരോ മേഖലയിലും സ്ത്രീകൾ പലതരം പ്രശ്നങ്ങ ൾക്ക് ഇരകളാകുകയാണ്. ആഗോള തലത്തിൽ ആരോഗ്യ, സാമൂഹിക സേവന ഉദ്യോഗസ്ഥരിൽ 70% സ്ത്രീകളാണ്. അത് കൊണ്ട് തന്നെ അവരുടെ അവസ്ഥയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ആരോഗ്യപരമായും സാമ്പത്തികപരമായും അവരെ സംരക്ഷിക്കേണ്ടതുണ്ട്.

ലൈംഗിക, പ്രത്യുൽപാദനആരോഗ്യ സേവ നങ്ങൾ, ഗർഭ കാലത്തും പ്രസവാനന്തരവുമുള്ള പരിചരണങ്ങൾ, ഗർഭ നിരോധന മാർഗങ്ങൾ തുട ങ്ങിയവയുമായി ബന്ധപ്പെട്ട സേവനങ്ങൾ പല പ്പോഴും പ്രതിസന്ധി ഘട്ടത്തിൽ മാറ്റിവെക്കപ്പെടുന്ന അവസ്ഥ പലരാജ്യങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടു ന്നുണ്ട്. അത്തരം വീഴ്ചകൾ സ്ത്രീകൾക്കും പെൺ കുട്ടികൾക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇന്ത്യയിൽ പോഷകാഹാര കുറവ് ഏറ്റവുമധികം നേരിടുന്നതും സ്ത്രീകളാണ്. കൊറോണകാലത്തെ വിഭവ ദൗർലഭ്യം സ്ത്രീക ളുടെ ആരോഗ്യ പ്രതിസന്ധിയും കൂട്ടുന്നുണ്ട്.

ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ജേർണലിസ്റ്റ്സ് അമ്പത്തിരണ്ട് രാജ്യങ്ങളെ കേന്ദ്രീകരിച്ച് നടത്തിയ പഠനത്തിൽ കൊറോണ കാലം വനിതാ മാധ്യമ പ്രവർത്തകരുടെ ശമ്പള ത്തിലും, പ്രൊമോഷനിലും, വർക്ക് ഡിവിഷനിലും ഉണ്ടാക്കിയ വിവേചനം ചൂണ്ടിക്കാട്ടിയിരുന്നു. ഓരോ മേഖലയിലും ഇത്തരം അസമത്വങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കൂടാതെ സ്ത്രീക ളുടെ സാമ്പത്തിക സുരക്ഷിതത്വം പുരുഷന്മാരു ടേതിനോട് താരതമ്യപ്പെടുത്തിയാൽ തുലോം കുറവാണ്. മാത്രമല്ല തൊഴിൽ രംഗത്തും സാമ്പ ത്തിക അരക്ഷിതാവസ്ഥ നേരിടുന്നത് കൂടുതലും സ്ത്രീകളാണ്.

ഇന്ത്യൻ അവസ്ഥ പ്രത്യേകം എടുത്ത് പറയുകയാണെങ്കിൽ അസംഘടിത മേഖലയുടെ നട്ടെല്ലൊടിക്കുന്ന സാമ്പത്തിക നയങ്ങൾ കൊണ്ട് വലഞ്ഞ ജനങ്ങൾക്ക് പ്രത്യേകിച്ച് കുടിയേറ്റ തൊഴിലാളികൾ, ചെറുകിട കർഷകർ, വ്യവസാ യികൾ തുടങ്ങിയവർക്ക് കൊറോണ കാലം ഭീകര മായ പ്രതിസന്ധി ആണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ത്യയിൽ അസംഘടിത മേഖലയിൽ പതിനഞ്ച് കോടിയോളം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട് എന്നാണു ലഭ്യമായ കണക്കുകൾ പറയുന്നത്. മേഖലയിലുണ്ടായ സാമ്പത്തിക മാന്ദ്യം ഈ സ്ത്രീ ജീവിതങ്ങളെ ഞെരിച്ചു കളയുന്നുണ്ട്. ട്രാൻസ് സമൂഹവും ഈ കാലത്ത് കടുത്ത പരീക്ഷണങ്ങളെ യാണ് അതിജീവിക്കേണ്ടി വരുന്നത്. ആരോഗ്യ പ്രതിസന്ധികളും തൊഴിലില്ലായ്മയും അവഹേളന ങ്ങളും എല്ലാം അവരെ പൂർവാധികം അലട്ടുന്നുണ്ട്.

ചുരുക്കത്തിൽ, ലിംഗ നീതിക്കായുള്ള നാളിതുവരെ നടന്ന പ്രയത്നങ്ങൾക്ക് വലിയ വെല്ലുവിളിയാണ് കൊറോണ ഉയർത്തുന്നത്. സ്ത്രീയുടെ അധ്വാനങ്ങൾക്ക് മൂല്യം കല്പിക്കാത്ത പുരുഷാധിപത്യ വ്യവസ്ഥിതി സ്ത്രീയോട് കാണി ക്കുന്ന അനീതികൾ കൊറോണകാലത്ത് മറയേ തുമില്ലാതെ തന്നെ പുറത്തു വരുന്നുണ്ട്. സ്ത്രീ നേരിടുന്ന പ്രയാസങ്ങളെ സാധാരണീകരിക്കുന്ന പ്രവണത ഈ അസാധാരണ കാലത്ത് പതിന്മടങ് വർധിക്കുകയാണ്. സ്ത്രീകളുടെ സവിശേഷമായ അവസ്ഥകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ അഡ്രസ് ചെയ്യാത്തിടത്തോളം ലിംഗ നീതിക്കാ യുള്ള പോരാട്ടങ്ങളിലൂടെ ഇന്നേ വരെ നേടിയെ ടുത്ത നേട്ടങ്ങൾ റദ്ദ് ചെയ്യപ്പെടുന്ന അവസ്ഥ ഉണ്ടാകും. മഹാമാരിയെ നേരിടുന്നതിനൊപ്പം മഹാമാരി കൊണ്ട് വരുന്ന ഇത്തരം പ്രത്യാഘാത ങ്ങളെയും അഭിമുഖീകരിക്കാൻ സമൂഹം സജ്ജ മാകേണ്ടതുണ്ട്. ആ വിഷയങ്ങളാണ് സംഘടിത ഈ ലക്കത്തിൽ ചർച്ചയ്ക്കു വെക്കുന്നത്.

ദലിത്, ആദിവാസി വിഭാഗങ്ങളുടെ ഇക്കാ ലത്തെ അതിജീവന അനുഭവങ്ങൾ തുടങ്ങി വിവിധ മേഖലയിലുള്ള സ്ത്രീകൾ നേരിടുന്ന പ്രയാസങ്ങളിലേക്ക് കണ്ണോടിക്കുന്നതിനൊപ്പം തന്നെ പ്രതിസന്ധി ഘട്ടത്തിൽ ദൃശ്യമാകുന്ന അസാമാന്യ സ്ത്രീ കരുത്തിന്റെ ചിത്രങ്ങളും സംഘടിത പങ്കു വെക്കുന്നുണ്ട്. വൈറസിന്റെ ഭീഷണി നേരിടുന്നതിൽ സ്ത്രീകൾ അധികാര തലപ്പത്തുള്ള രാജ്യങ്ങൾ കാണിക്കുന്ന മികവ്, കോവിഡിനെ തുരത്താനുള്ള യജ്ഞത്തിൽ ഏർ പ്പെട്ടിരിക്കുന്ന സ്ത്രീ ഗവേഷകരുടെ പ്രയത്നങ്ങൾ തുടങ്ങിയവയും ഈ ലക്കം ചർച്ച ചെയ്യുന്നു.

പകർച്ചവ്യാധിയും ആണധികാര വ്യവ സ്ഥയും മുതലാളിത്ത ലോകവും കൈകോർക്കു മ്പോഴും പതറാതെ മുന്നോട്ട പോകുന്ന സ്ത്രീ യോദ്ധാക്കളുടെ നേർ അനുഭവങ്ങളും വിജി പെൺകൂട്ടിന്റെ വാക്കുകളിലൂടെ വായനക്കാരി ലേക്ക് എത്തുന്നുണ്ട്.

അതെ, സംഘടിതയുടെ ഈ ലക്കം ഇതുവരെ പരിചിതമല്ലാതിരുന്ന ഒരു പ്രതിസന്ധി ഘട്ടത്തെ, പെട്ടെന്നുണ്ടായ പകപ്പുകളെ നേരിടുന്ന പെണ്കരുത്തിന്റെ സാക്ഷ്യമാണ്






കുഞ്ഞൂസ്

# അതിജീവനത്തിന്റെ കനേഡിയൻ അനുഭവങ്ങൾ - കുഞ്ഞൂസ്

പ്രിയപ്പെട്ട എബീ,

കുറെ നാളായി നിനക്കെഴുതണമെന്നു കരുതുന്നു. പിന്നെയും അതങ്ങനെ നീണ്ടുനീണ്ടു പോയതിൽ ക്ഷമിക്കുമല്ലോ...

ലോകം മുഴുവൻ കൊറോണഭീതിയിൽ കഴിയുന്ന ഈ നാളുകളിൽ ഒന്നിനും കഴിഞ്ഞില്ലെന്നതാണ് വാസ്തവം. എല്ലായിടത്തെയും പോലെത്തന്നെ ഇവിടെയും ആദ്യം കൊറോണയെ ഗൗരവമായെടുത്തില്ല... ആ കാലത്തു കൊറോണയെ പ്രതിരോധിക്കാനുള്ള നാട്ടിലെ പ്രവർത്തനങ്ങൾ വളരെ ആശ്വാസത്തോടെയാണ് നോക്കിക്കണ്ടത്. ലോകത്തിന്റെ അങ്ങേയറ്റത്തൊരു കുഞ്ഞു നാടുണ്ടെന്നും അവിടെ നൂറു ശതമാനം സാക്ഷരരായ ജനങ്ങളുണ്ടെന്നും ദൈവത്തിന്റെ സ്വന്തം നാടെന്നാണ് ആ സ്ഥലം അറിയപ്പെടുന്നതെന്നുമൊക്കെ എന്റെ ഓഫീസിലെ കൂട്ടുകാരെ പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചു പരാജയപ്പെട്ട നാളുകളിൽ നിന്നും കേരളമാണ് എന്റെ നാട് എന്നു പറയുന്നതിലേക്കു ഓടിച്ചാടി കേറിയ കോണിയായി മാറി കൊറോണ. കേരളക്കാരിയെന്ന്, മലയാളിയെന്ന് അഭിമാനപൂർവ്വം തലയുയർത്തിപ്പിടിച്ചു.

ആ സമയത്ത്, ഇവിടെ അത്രയും കർശനമായ നിയന്ത്രണങ്ങളില്ലായിരുന്നത് സ്വാഭാവികമായും ഞങ്ങളെ ആശങ്കയിലാഴ്ത്തി. വൈകുന്നേരങ്ങളിലെ കേരള മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം കാണാൻ അതിരാവിലെ എണീറ്റു ടിവിയുടെ മുന്നിലെത്താൻ തുടങ്ങി. സർക്കാരിന്റെ കരുതലുകളിൽ തുടിക്കുന്ന മനവും നനയുന്ന മിഴികളുമായി ഏഴാം കടലിനക്കരെ ഞങ്ങളും കാത്തിരിക്കാൻ തുടങ്ങി... പ്രിയപ്പെട്ടവരെല്ലാം അവിടെ സുരക്ഷിതരാണല്ലോയെന്ന് സമാധാനിച്ചു.

അതിനിടയിൽ, ഇവിടെ ഞങ്ങളുടെയടുത്തു കൊറോണയെത്തിയത് ഒട്ടും പ്രതീക്ഷിക്കാതെയാണ്. പതിവുപോലെ കഴിഞ്ഞ ശീതകാലത്തും വർക്ക് ഫ്രം ഹോം എടുത്തിരുന്നതിനാൽ, കൊറോണ വരുന്നതിനു മുമ്പേ വീട്ടിനുള്ളിൽ കേറിയതാണ്. എന്നിട്ടും...

ഇടയ്ക്കൊന്നു ഓഫീസിൽ പോകേണ്ടി വന്നിരുന്നു. അവിടെ വന്ന പാർസൽ എടുക്കാനായിരുന്നത്. രണ്ടാഴ്ചയ്ക്കു ശേഷം, ഓഫീസ് അസിസ്റ്റന്റിനു കൊറോണ സ്ഥിരീകരിച്ചതും ഓഫീസ് കെട്ടിടം പൂർണ്ണമായും അടച്ചിട്ടതും എന്നത്തേയും

വാർത്തകൾ പങ്കുവെക്കുന്നതിനിടെ സഹപ്രവർത്തകൻ പറഞ്ഞു കേട്ടപ്പോഴും കൊറോണ തൊട്ടടുത്തുണ്ടെന്നു അറിഞ്ഞതേയില്ല എബീ... തൊട്ടടുത്ത ദിവസം, രാവിലെയെഴുന്നേറ്റത് ശക്തിയായ തലവേദനയും ശ്വാസംമുട്ടലോടെയുമായിരുന്നു. ദേഹമൊക്കെ തളർന്നു പോകുന്ന പോലെ... അതിനടുത്ത ദിവസം നല്ല പനിയും തുടങ്ങി. ജീവിതം ഒരു മുറിയിലൊതുങ്ങി.... ഈ രണ്ടു ദിവസത്തിലൊരിക്കൽ കുടുംബഡോക്ടർ വീഡിയോകോളിൽ വന്നു വിവരങ്ങൾ അന്വേഷിച്ചു കൊണ്ടിരുന്നു. ടാലിനോൾ കഴിക്കുക, ധാരാളം വെള്ളം കുടിക്കുക എന്നൊക്കെ അദ്ദേഹം ഉപദേശിച്ചു കൊണ്ടിരുന്നു. നാലാംനാൾ മുതൽ പനി കുറഞ്ഞു... വിശപ്പു കൂടി... ഭക്ഷണത്തോടു ആർത്തിയായി... എന്നാലോ ഒന്നിനും രുചിയില്ലാതായി, കഴിക്കാൻ പറ്റാതായി... വീണ്ടും ശരീരം തളർന്നു.. ഒരാഴ്ചയോളം ദ്രാവകരൂപത്തിലുള്ള ഭക്ഷണം മാത്രമായിരുന്നു. കൂടുതലും ഓറഞ്ചു ജ്യൂസ് തന്നെ.... എബീ, എനിക്കിപ്പോൾ ഓറഞ്ചു ജ്യൂസ് കാണുമ്പോഴേ വെറുപ്പായി മാറിയിട്ടുണ്ട്...

ഇതെല്ലാം കഴിഞ്ഞാണ്, എനിക്കു കോവിഡ് ടെസ്റ്റ് ചെയ്തത്. മൂന്നു തവണ ടെസ്റ്റ് ചെയ്തു, ആന്റിബോഡി ഉണ്ടെന്നാണ് ആശുപത്രിയിൽ നിന്നും അറിയിച്ചത്. അതിനാലാണ്, എനിക്കു വന്നതും കൊറോണയായിരുന്നു എന്നു സ്ഥിരീകരിച്ചത്.

ഈ ദിവസങ്ങളിൽ ജോലി ചെയ്യാനാവാതെ ലീവെടുക്കേണ്ടി വന്നു. എബീ, നിനക്കറിയാമല്ലോ, ജോലി ചെയ്തില്ലെങ്കിൽ ശമ്പളമില്ലാത്ത നാടാണിതെന്ന്... ! അതിനാൽ, ഞാനും CERB (Canada Emergency Response Benefit) കിട്ടാൻ അപേക്ഷിച്ചു. അടുത്ത ദിവസം തന്നെ എന്റെ ബാങ്ക് അക്കൗണ്ടിൽ രണ്ടായിരം ഡോളർ വരികയും ചെയ്തു. കുടുംബ ഡോക്ടറുടെ നിർദ്ദേശപ്രകാരം രണ്ടു മാസത്തെ മെഡിക്കൽ അവധി ഓഫീസിൽ നിന്നു അനുവദിച്ചു കിട്ടി. ഈ രണ്ടു മാസവും CERB യിൽ നിന്നും സഹായം കിട്ടിയതിനാൽ ടെൻഷനില്ലാതെ കഴിഞ്ഞു. ഈ മഹാമാരിക്കാലത്ത് കാനഡ സർക്കാരും ജോലി നഷ്ടപ്പെട്ടവരെയും വിദ്യാർത്ഥികളെയും കുഞ്ഞുങ്ങളെയുമെല്ലാം ചേർത്തു പിടിച്ചത് വലിയൊരു ആശ്വാസം തന്നെയാണ്. സെപ്റ്റംബർ വരെ അപേക്ഷിക്കുന്ന എല്ലാവർക്കും CERB സഹായം നൽകാനാണ് സർക്കാർ തീരുമാനം.

ആദ്യകാലത്തു കൂടുതൽ വ്യാപനമുണ്ടായത് ദീർഘകാലപരിചരണ കേന്ദ്രങ്ങളിലായിരുന്നു. അന്തേവാസികളുടെ കൂടിയ പ്രായവും ഏർപ്പെട്ടിട്ടുള്ള കരാറുമൊക്കെ ചികിത്സ നൽകാൻ തടസ്സമായി. എങ്കിലും വളരെപ്പെട്ടെന്നു തന്നെ സർക്കാർ തീരുമാനമെടുക്കുകയും വ്യാപനം കുറയ്ക്കാൻ അതു സഹായിക്കുകയും ചെയ്തു.

എന്നാലും എബീ, ഞാൻ സന്നദ്ധപ്രവർത്തനത്തിനു പോയിരുന്ന കേന്ദ്രത്തിലെ പതിനേഴു പേരാണ് കൊറോണയെ കൂട്ടു പിടിച്ചു പോയിക്കളഞ്ഞത്. എന്റെ ചിരിക്കുടുക്ക മാഗിയും പുസ്തകങ്ങളും വായനയും ഇഷ്ടപ്പെടുന്ന ക്രിസും കേക്കിന്റെ പുതിയ പുതിയ രുചിക്കൂട്ടുകൾ കണ്ടെത്തുന്ന ഷാരണും ഇല്ലാത്ത ആ കേന്ദ്രത്തിലേക്കു പോകാൻ തോന്നുന്നില്ല എബീ... ഒഴിഞ്ഞു കിടക്കുന്ന മുറികൾ.... നിശബ്ദമായ വരാന്തകൾ... ആളില്ലാത്ത ഊണുമുറികൾ... വിരസമായ സായാ



ഹങ്ങൾ... ഒരു ദിവസത്തെ സന്ദർശനം കൊണ്ടു തന്നെ ചിതറിപ്പോയല്ലോ... ബാക്കിയായവരുടെ കണ്ണിലെ നിസ്സഹായതയും നിസ്സംഗതയുമേറ്റു പിടഞ്ഞു പോയല്ലോ...

ഇപ്പോൾ ഭീതിയൊക്കെ കുറഞ്ഞു തുടങ്ങി. ആളുകൾ പാർക്കുകളിലും വനപാതയിലും കൂട്ടം കൂടിയും ബാർബിക്യൂ ചെയ്തും മറ്റും വേനലിനെ ആഘോഷിക്കുന്നുണ്ട്. വെയിൽ കിട്ടുന്ന രണ്ടോ മൂന്നോ മാസങ്ങളല്ലേയുള്ളൂ. അല്ലാത്ത സമയത്തെല്ലാം വീടുകൾക്കുള്ളിൽ അടച്ചിരിക്കുന്നവരല്ലേ... ഈ വർഷം കൊറോണയും വീട്ടിൽ പൂട്ടിയിടാനെത്തി, വേനലിന്റെ പകുതിയും അപഹരിച്ചു. ജൂൺ അവസാനയാഴ്ച മുതലാണ് ലോക്ക് ഡൗണിനു കുറെയൊക്കെ അയവു കിട്ടിയത്. ഇവിടെ രോഗികൾ കുറഞ്ഞുവെന്നാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്.

ഞങ്ങളും ഒന്നുരണ്ടു കൂട്ടുകാരുടെ വീട്ടിലൊക്കെ പോയി. എല്ലാവരും തന്നെ കൊറോണ ഭീതിയിലും അതിന്റെ പിരിമുറുക്കത്തിലുമായിരുന്നു. മാനസികസംഘർഷങ്ങൾ തന്നെ പലരെയും ക്ഷീണിതരാക്കി. കുഞ്ഞുങ്ങളിൽ പോലും നിരാശയും ഭീതിയും നിറഞ്ഞിരുന്ന പോലെ... എല്ലാവരെയും നേരിൽ കണ്ടതിന്റെ ഒരാശ്വാസം... പതിയെ പതിയെ ഒരു പ്രത്യാശ ഉണർന്നു വരുന്നുണ്ട് ചുറ്റിലും... എങ്കിലും ജാഗ്രതയുമുണ്ട്.

ഞങ്ങളുടെ ഫ്ളാറ്റ് സമുച്ചയത്തിൽ ഇപ്പോഴും സന്ദർശകരെ കയറ്റാൻ അനുമതിയില്ല. എന്നാൽ, ലിഫ്റ്റിൽ ഒരു വീട്ടിലെയാണെങ്കിൽ മാത്രം രണ്ടുപേരിൽ കൂടുതൽ കേറാമെന്നും അല്ലെങ്കിൽ രണ്ടുപേർ എന്നും അയവു വരുത്തിയിട്ടുണ്ട്. പുറത്തു നിന്നും കേറി വരുമ്പോൾ കൈകൾ അണുവിമുക്തമാക്കണമെന്നും അതിനായി സ്ഥാപിച്ചിട്ടുള്ള സാനിറ്റൈസർ ഉപയോഗിക്കണമെന്നും ഇപ്പോഴും നിർബന്ധമുണ്ട്. ഇത്തരം നിർബന്ധങ്ങളൊക്കെ തങ്ങളുടെ സുരക്ഷയ്ക്കാണെന്ന തിരിച്ചറിവോടെ താമസക്കാർ പാലിക്കുന്നുമുണ്ട്.

മാളുകളിലും സൂപ്പർ മാർക്കറ്റുകളിലും മാസ്ക്ക് നിർബന്ധം എന്നതും തുടരുന്നു. ഓരോ ഷെൽഫുകൾക്കിടയിലും നടക്കാനുള്ള ദിശ അടയാളപ്പെടുത്തിയത് നോക്കി ഉപയോഗിച്ചിരുന്നവർ ഇപ്പോഴിപ്പോഴായി ദിശ നോക്കാൻ അലംഭാവം കാണിക്കുന്നുണ്ട്. ചിലപ്പോഴൊക്ക ഞാനും ചുറ്റിവരാൻ മടി പിടിച്ച്, തെറ്റായ ദിശയിലൂടെ ഷെൽഫുകളുടെ ഇടനാഴിയിൽ കേറാറുണ്ട്. ദേഷ്യം വരണ്ട എബീ, അപ്പോൾത്തന്നെ കുറ്റബോധം കൊണ്ട് തിരിച്ചിറങ്ങിപ്പോരും. പിന്നെ താഴെ വരച്ചിരിക്കുന്ന ദിശ നോക്കിനോക്കിത്തന്നെ പോകും. ലോക്ക് ഡൗണിന്റെ ആദ്യകാലത്തു പെട്ടെന്നു ക്ഷാമം നേരിട്ട പലതും ഇപ്പോൾ ആവശ്യത്തിനു കിട്ടുന്നുണ്ട്.




ഇപ്പോൾ കൊറോണയോടൊപ്പം ജാഗ്രതയോടെ ജീവിക്കാൻ എല്ലാവരും ശ്രമിക്കുന്നുണ്ട്. ഈയൊരവസ്ഥയിൽ എപ്പോഴൊക്കെയോ...

'അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ

ഒരു മാത്ര വെറുതെ നിനച്ചു പോയി'

എബീ, നിന്റെ പരിഭവങ്ങൾ മാറിക്കാണുമെന്നു വിശ്വസിക്കുന്നു. സമയംപോലെ എഴുതുമല്ലോ...

നിറഞ്ഞ സ്നേഹത്തോടെ,
കുഞ്ഞൂസ് ■

*('നീർമിഴിപ്പൂക്കൾ' ചെറുകഥാസമാഹാരം, 'രുചിക്കൂട്ട്' പാചക പുസ്തകം, കവിതകളുടെയും കഥകളുടെയും ഓർമ്മക്കുറിപ്പുകളുടെയും ആന്തോളജികൾ)*

ചർച്ചാവിഷയം

# മഹാമാരിക്കാലത്ത് അകപ്പെട്ട ജീവിതങ്ങൾ



**അമീറ വി.യു.**
പൊന്നാനി എം.ഇ.എസ്.കോളേജിൽ
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

**ലോ**ക്ക്ഡൗൺ എന്ന പദം അതുവരെ നമുക്ക് സുപരിചിതമല്ലായിരുന്നു. പെട്ടെന്നൊരു നാൾ ലോകം മുഴുവൻ കൊറോ ണയ്ക്കൊപ്പം തന്നെ ചർച്ച ചെയ്യപ്പെടുന്ന വാക്കായി മാറി ലോക്ക്ഡൗണും. അടച്ചുപൂട്ട ലിന്റെ ആദ്യനാളുകൾ കുറച്ച് കൂടെ കൗതുകപരവും കൂടെയായിരുന്നു. (കണ്ണീരോടെ, വിശക്കുന്ന വയറുകളോടെ, ചോര പൊടിഞ്ഞ പാദങ്ങളോടെ നടന്നു നീങ്ങിയവരെ കുറിച്ചല്ല, അടച്ചുപൂട്ടലുകളെ അവധിക്കാലം എന്ന പോലെ സ്വാഗതം ചെയ്യാൻ കഴിഞ്ഞ മദ്ധ്യവർഗ, ഉപരിവർഗ കുടുംബങ്ങളെ കുറിച്ചാണ്.) യന്ത്രങ്ങളെ പോലെ പണിയെടുത്തിരുന്നവർ, രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പരക്കം പാഞ്ഞിരുന്നവർ എല്ലാവരും പൊടുന്നനെ സ്വിച്ചിട്ടത് പോലെ നില്ക്കുന്നത് പോലുള്ള മുന്നനുഭവം ഇല്ലാത്തത് കൊണ്ടും കൂടിയാകാം വീടുകളിൽ കുടുംബാംഗങ്ങളോടൊപ്പം കഴിയാൻ അവസരം വീണുകിട്ടിയതിനെ ആഘോഷിക്കുന്ന കുറിപ്പുകൾ സോഷ്യൽ മീഡിയകളിൽ നിറഞ്ഞു കൊണ്ടിരുന്നു. അധികം വൈകാതെ തന്നെ സെക്സിസ്റ്റ് തമാശകളും ട്രോളുകളും എത്തി. ഭാര്യയുടെ കൂടെ ചിലവഴിക്കേണ്ടി വന്നതോടെ കറിക്കരിയുക, തേങ്ങ ചിരവുക, പാത്രം കഴുകുക തുടങ്ങി മാരക പീഡനങ്ങൾക്ക് ഇരയാകേണ്ടി വന്ന പാവം ഭർത്താക്കന്മാരുടെ ഗദ്ഗദങ്ങളും, ബ്യൂട്ടി പാർലറുകൾ ഇല്ലാത്തത് കാരണം മേക്കപ്പ് ഇല്ലാതെ പോയ ഭാര്യമാരെ കണ്ട് ഞെട്ടേണ്ടി വന്ന ഭർത്താക്കന്മാരുടെ ദുര്യോഗങ്ങളും എല്ലാം തന്നെ ട്രോളുകളായി സാമൂഹിക മാധ്യമങ്ങളിൽ പറന്ന് നടന്നു. ഈ തമാശകൾക്കും പരിഹാസച്ചിരികൾക്കുമപ്പുറം കൊറോണകാലം സ്ത്രീകൾക്കായി കരുതി വെച്ചത് യാതനാ പർവ ങ്ങളാണ്. ആണധികാരത്തിന്റെ ഉന്മത്തതയിൽ നിന്ന് ഉരുവം കൊള്ളുന്ന ഈ നിലവാരം കുറഞ്ഞ പ്രകടനങ്ങൾ സമർഥമായി മറച്ചു പിടിക്കുന്നത് കൊറോണകാലത്ത് കുതിച്ചുയർന്ന ഗാർഹിക പീഡന നിരക്കുകൾ ആണ്.

ശാരീരിക അകലത്തിന്റെ കാലം മാനസിക അകലങ്ങളെ ഇല്ലാതാക്കി എന്നും കുടുംബ ബന്ധ ങ്ങളെ കൂടുതൽ ഊഷ്മളമാക്കി എന്നുമുള്ള ഉപരി

പ്ലവമായ പറച്ചിലുകൾക്കപ്പുറത്ത് എന്താണ് നമ്മുടെ വീട്ടകങ്ങളിൽ ഇക്കാലത്ത് സംഭവിച്ചത്? ലോക്ക്ഡൗൺ പ്രഖ്യാപനത്തിന് മുന്നെ തന്നെ ലോക രാജ്യങ്ങൾക്ക് ലോകാരോഗ്യ സംഘടന നല്കിയ മുന്നറിയിപ്പുകൾ ശരി വെക്കും വിധം ലോകമെമ്പാടും നിന്നുള്ള കണക്കുകളും പഠനങ്ങളും പറയുന്നത് ഗാർഹിക പീഡന നിരക്കുകൾ കുതിച്ചുയരുകയാണ് എന്നതാണ്. കൊറോണയെ പിടിച്ചുകെട്ടുന്നതിന്റെ ഭാഗമായി പുരുഷന്മാർ കൂടുതലായി വീടുകളിൽ കഴിയാൻ നിർബന്ധിതരായതോടെ വീടുകളിലെ അതിക്രമങ്ങൾ മുൻപൊന്നുമില്ലാത്ത വണ്ണം കുതിച്ചുയർന്നു. പകർച്ചവ്യാധിയെ മുതലെടുക്കുന്ന, അനുകൂല സാഹചര്യത്തിൽ കൂടുതൽ ശക്തിയാർജ്ജിച്ച, സ്ത്രീകളുടെ സ്വാസ്ഥ്യത്തെ കൂടുതൽ കാർന്നു തിന്നുന്ന മറ്റൊരു അണുബാധയായി മാറി വീടിനകത്ത് നടക്കുന്ന മാനസിക, ശാരീരിക, ലൈംഗിക പീഡനങ്ങൾ. ഗൃഹാന്തരീക്ഷത്തിലെ പീഡാനുഭവങ്ങളെ കുറിച്ച് ഗവേഷണം നടത്തുന്ന, ബ്രിസ്റ്റോൾ യൂണിവേർസിറ്റിയിലെ സാമൂഹ്യ ശാസ്ത്രജ്ഞ, മരിയൻ ഹെസ്റ്റർ ന്യൂയോർക്ക് ടൈംസിന് കൊടുത്ത ഇന്റർവ്യുവിൽ വൈറസ് പടരാതിരിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ ഗാർഹിക പീഡനങ്ങളിൽ വൻവർദ്ധനവിന് കാരണമാകുമെന്ന് നിരീക്ഷിക്കുന്നു. ക്രിസ്മസ്, വേനൽ അവധിക്കാലം പോലുള്ള കുടുംബങ്ങൾ ഒരുമിച്ച് കൂടുതൽ സമയം ചിലവഴിക്കുമ്പോഴെല്ലാം ഗാർഹിക പീഡനം വർദ്ധിക്കാറുണ്ടെന്നത് അതിന് തെളിവായി അവർ ചൂണ്ടിക്കാണിക്കുന്നു. 2014 ൽ പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ എബോള പൊട്ടിപ്പുറപ്പെട്ടതിനെ തുടർന്ന് അടച്ചുപൂട്ടലുകൾ നടപ്പാക്കിയപ്പോൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചിരുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സിയാറ ലിയോൺ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സംഘടനകളുടെ റിപ്പോർട്ടുകൾ അനുസരിച്ച് ബലാത്സംഗത്തിൽ നിന്ന് ഗർഭിണികളാകുന്ന കൗമാരക്കാരികളുടെ എണ്ണം കുത്തനെ ഉയർന്നു. ഒരു വർഷം കൊണ്ട് ലൈംഗികാതിക്രമങ്ങളിൽ ഉണ്ടായത് 40% വർദ്ധനവ് ആണ്. അതൊരു മുന്നറിയിപ്പാണ്. കൊറോണ ബാക്കിവെക്കാൻ പോകുന്ന ദുരന്ത ചിത്രങ്ങളിൽ ഒന്ന് ഗാർഹിക പീഡനങ്ങളിൽ നിന്നുണ്ടാകുന്ന മാനസിക, ശാരീരിക ആഘാതങ്ങളെ നേരിടാൻ പൊരുതുന്ന സ്ത്രീകളുടേതും കുഞ്ഞുങ്ങളുടേതുമായിരിക്കുമെന്ന മുന്നറിയിപ്പ്.

'ദൃഢബദ്ധമായ ഭീകരത' (intimate terrorism) എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ അവസ്ഥ കൊറോണക്കാലത്ത് ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി.




കൊറോണ വൈറസ് ഉത്ഭവിച്ചതെന്ന് കരുതപ്പെട്ട ചൈനയിലെ ഹുബേ പ്രവിശ്യയിൽ ലോക്ക്ഡൗൺ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടത് സാധാരണയിലും മൂന്ന് മടങ്ങ് അധികം ഗാർഹികപീഡനങ്ങളാണ്. ഫ്രാൻസിൽ നിന്ന് വന്ന റിപ്പോർട്ടുകൾ കാണിക്കുന്നത് ഗാർഹിക പീഡനക്കേസുകളിൽ ഉണ്ടായ മുപ്പത് ശതമാനം വർദ്ധനവ് ആണ്. ജർമനി, ഇറ്റലി, സ്പെയിൻ തുടങ്ങി മറ്റ് രാജ്യങ്ങളിലെ അവസ്ഥയും വ്യത്യസ്തമല്ല. ബ്രസീലിൽ നിന്നുള്ള റിപ്പോർട്ടുകൾ കാണിക്കുന്നത് അമ്പത് ശതമാനം വരെ വർദ്ധനവാണ്. യൂറോപ്യൻ രാജ്യങ്ങളിൽ ഒന്നടങ്കം വീടിനു പുറത്ത് സ്ത്രീകൾക്ക് ഷെൽട്ടർ ഹോമുകൾ തുറക്കാനായുള്ള മുറവിളികൾ ഉയർന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടിലെ ഏതൊരു ഇരുപത്തൊന്ന് ദിവസത്തെയും കണക്കെടുത്താൽ ലോക്ഡൗണിലെ ആദ്യ ഇരുപത്തൊന്ന് ദിനങ്ങളിലാണ് ഏറ്റവും

കൂടുതൽ സ്ത്രീകൾ കൊല്ലപ്പെട്ടത് എന്ന് ബ്രിട്ടീഷ് എംപിമാർ നടത്തിയ പഠനത്തിൽ കണ്ടെത്തുകയുണ്ടായി. ഗ്ലോബൽ ടൈംസ് റിപ്പോർട്ട് ചെയ്യുന്നത് അനുസരിച്ച് ചൈനയിലെ സിയാൻ നഗരത്തിൽ കൊറോണ വ്യാപനത്തിന് ശേഷം, വിവാഹമോചന ക്കേസുകളിൽ വൻവർദ്ധനവുണ്ടായി.

ഗാർഹിക പീഡനത്തിന്റെ വാർത്തകൾ വ്യാപകമായതോടെ യുണൈറ്റഡ് നേഷൻസ് സെക്രട്ടറി ജനറൽ അന്റോണിയോ ഗുടെറെസ്, മഹാമാരിയെ നേരിടുന്ന ഭരണകൂടങ്ങൾ അവരുടെ പ്രഥമ പരിഗണനയിൽ സ്ത്രീകളുടെ സുരക്ഷ കൂടെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി, “യുദ്ധത്തിന്റെ അഭാവത്തിൽ മാത്രമല്ല സമാധാനം ഉണ്ടാകുന്നത്. ലോക്ക്ഡൗണിൽ വളരെയേറെ സ്ത്രീകൾ പീഡനങ്ങൾ നേരിടുന്നുണ്ട്. ഗാർഹിക പീഡനങ്ങൾ പേടിപ്പെടുത്തുന്ന രീതിയിൽ വർദ്ധിക്കുന്നു. ലോകത്തെ എല്ലാ




വീടുകളിലും സമാധാനമുണ്ടാകാൻ ആഹ്വാനം ചെയ്യുകയാണ്. കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാനും പരിഹരിക്കാനുമാണ് എല്ലാ സർക്കാരുകളും പ്രഥമ പരിഗണന നല്കേണ്ടത് എന്ന് അഭ്യർഥിക്കുന്നു”.

ഇന്ത്യയിലും സ്ഥിതി ഒട്ടും വ്യത്യസ്തമല്ല എന്ന് വേണം മനസിലാക്കാൻ. അടഞ്ഞ കാലത്ത് സുരക്ഷിതമായ ഒരിടം തേടി ഇറങ്ങാനാകാത്തത് കൊണ്ട് എല്ലാ അപമാനവും അതിക്രമങ്ങളും സഹിക്കേണ്ടി വരുന്നവരുടെ എണ്ണം കൂടി വരികയാണ്. കോവിഡ് കാലത്ത് പ്രത്യേകിച്ചും ലോക്ക് ഡൗൺ നിർബന്ധമായും നടപ്പാക്കിയ സമയത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ഗാർഹിക പീഡനങ്ങളിൽ ഗണ്യമായ വർദ്ധനവുണ്ടായി എന്ന് ചൂണ്ടിക്കാട്ടി കൊണ്ട് ഓൾ ഇന്ത്യ കൌൺസിൽ ഓഫ് ഹ്യൂമൻ റൈറ്റ്സ്, ലിബർട്ടീസ് ആന്റ് സോഷ്യൽ ജസ്റ്റിസ് എന്ന സംഘടന നല്കിയ ഹരജിയെ തുടർന്ന് ഗാർഹിക പീഡന നിരോധന നിയമം കർശനമായി നടപ്പാക്കാൻ ഡെൽഹി ഹൈക്കോടതി ഡെൽഹി സർക്കാരിനും കേന്ദ്ര സർക്കാരിനും നിർദേശം നല്കുകയുണ്ടായി. മുഴുവൻ സമയം പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറുകളും വാട്സ്അപ്പ് നമ്പറുകളും പരസ്യപ്പെടുത്താനും കോടതി നിർദേശിക്കുകയുണ്ടായി. ലോക്ക്ഡൗൺ പ്രഖ്യാപിച്ച ആദ്യ പതിനൊന്ന് ദിനങ്ങളിൽ തന്നെ 92000 പരാതികൾ ഹെൽപ്പ് ലൈനിലൂടെ റജിസ്റ്റർ ചെയ്യപ്പെട്ടു എന്നത് തന്നെ പ്രശ്നത്തിന്റെ വ്യാപ്തിയെ കുറിക്കുന്നു. ലോക്ക് ഡൗൺ കാലത്ത് ഗാർഹിക പീഡന കേസുകൾ 100% വർദ്ധിച്ചുവെന്ന് ദേശീയ വനിതാ കമ്മീഷനും വെളിപ്പെടുത്തുകയുണ്ടായി. കർണാടകയിൽ ലോക്ക്ഡൗൺ കാലത്ത് ബാലവിവാഹങ്ങൾ ഗണ്യമായി വർദ്ധിച്ചതായുള്ള റിപ്പോർട്ടുകളും പുറത്ത് വന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ ഇത്രയുമെങ്കിൽ അറിയപ്പെടാതെ പോയതിന്റെ കണക്കുകൾ ഭയപ്പെടുത്തുന്നതായിരിക്കുമെന്നത് തീർച്ച.

ഗാർഹിക പീഡനങ്ങളിൽ തന്നെ ഏറ്റവും കൂടുതൽ റിപ്പോർട് ചെയ്യപ്പെട്ടത് സ്വന്തം പങ്കാളിയിൽ നിന്നുള്ള പീഡനങ്ങളാണ്. സ്ത്രീയെ ഒരു ഉപഭോഗ വസ്തുവായി കണക്കാക്കുന്ന പങ്കാളി, അധികാര സംസ്ഥാപനത്തിനുള്ള വഴികൾ ആയി വൈകാരികവും ശാരീരികവും ലൈംഗികവും സാമ്പത്തികവും ആയ ആധിപത്യത്തെ കാണുകയാണ്. നിലനിൽക്കുന്ന സവിശേഷമായ സാമൂഹിക സാഹചര്യങ്ങളിൽ, പിതൃദായക വ്യവസ്ഥയിൽ ഭർത്താവിനും കുടുംബത്തിനും എതിരെ പരാതി ഉന്നയിക്കാൻ കഴിയുന്നവരുടെ എണ്ണം വളരെ കുറവായിരിക്കും. വീട്ടകങ്ങളിൽ നടക്കുന്ന മാരിറ്റൽ റേപ് ഉൾപ്പെടെയുള്ളത് നിയമപരമായി ശിക്ഷാർ

ഹമാണെന്ന് പോലും മനസിലാക്കാൻ വിദ്യാഭ്യാസം ഇല്ലാത്തവരാണ് പലരും, പ്രത്യേകിച്ചും ഉൾനാടൻ ഗ്രാമ നിവാസികൾ. കഠിനമായ പീഡനങ്ങളിലൂടെയും ഭീഷണികളിലൂടെയും കടന്നു പോകുമ്പോഴും എല്ലാം വിധിയെന്നു കരുതി സഹിക്കേണ്ടവരാണെന്നും പങ്കാളികൾ തമ്മിലുള്ള അടിമ ഉടമ ബന്ധം സ്വാഭാവികമെന്നും ധരിച്ചുവശായവർ. പരാതിപ്പെടാനുള്ള അവകാശങ്ങളെക്കുറിച്ചും നിയമവഴികളെക്കുറിച്ചും അറിയാത്തവർ പരാതികൾ സമർപ്പിക്കാൻ സൗകര്യങ്ങളില്ലാത്തവർ. മക്കളെയോർത്തും കുടുംബത്തിന്റെ സൽപ്പേര് കരുതിയും പോകാൻ മറ്റൊരിടമില്ലാത്തത് കൊണ്ടും എല്ലാം നിശബ്ദം സഹിക്കുന്നവർ. തീർച്ച, റിപ്പോർട്ട് ചെയ്യപ്പെട്ട ഗാർഹിക പീഡന കേസുകൾ വളരെ കുറവായിരിക്കും.

ചുരുക്കത്തിൽ മഹാമാരിക്കൊപ്പം വന്ന നിഴൽ മഹാമാരി (shadow pandemic) എന്ന് വിശേഷിപ്പിക്കപ്പെടുന്ന അവസ്ഥയിൽ ഇരട്ട ദുരന്തങ്ങളെയാണ് കുട്ടികളും സ്ത്രീകളും അഭിമുഖീകരിക്കുന്നത്. ലിംഗനീതിക്കായി നടന്നുകൊണ്ടിരുന്ന പോരാട്ടങ്ങളെ പുറകോട്ട് വലിക്കുന്ന അവസ്ഥയാണ് ഇത്തരം കാലത്ത് ദൃശ്യമാകുന്നത്. കൂടുതൽ സമയം വീടുകളിൽ ചിലവഴിക്കാനിടയായതും മറ്റ് വിനോദങ്ങൾക്കും ചുറ്റിക്കറങ്ങലുകൾക്കും ഉള്ള അവസരങ്ങൾ കുറഞ്ഞതും തൊഴിൽ പെട്ടെന്ന് നിന്ന് പോയതിൽ നിന്നുണ്ടായ നിരാശയും – എല്ലാം കൂടെ സൃഷ്ടിച്ചെടുത്ത അസ്വസ്ഥതകൾ കൂടുതൽ പീഡനങ്ങൾക്ക് വഴിവെച്ചു. സ്ത്രീകളും കുഞ്ഞുങ്ങളും ശാരീരികവും മാനസികവും ലൈംഗികവുമായ പീഡനങ്ങൾക്ക് നിരന്തരം ഇരകളായി. ലഹരിയുടെ ലഭ്യത കുറഞ്ഞത് മൂലമുണ്ടായ അസ്വസ്ഥതകൾക്കു പോലും പീഡനം ഏറ്റുവാങ്ങേണ്ടി വരുന്നത് സ്ത്രീകളും കുഞ്ഞുങ്ങളുമായി മാറി. ദിവസ വേതനത്തിന് ജോലി ചെയ്ത് കുടുംബം മുന്നോട്ട് കൊണ്ട് പോയിരുന്ന സ്ത്രീകൾ, പെട്ടന്ന് അഭിമുഖീകരിക്കേണ്ടി വന്ന സാമ്പത്തിക അരക്ഷിതാവസ്ഥയും അവരുടെ ദുരിതത്തിന് ആക്കം കൂട്ടി. ആണധീശ സമൂഹത്തിന്റെ ഒരു പരിധിവരെ മറച്ചു വെക്കപ്പെട്ടിരുന്ന പല വൈകൃതങ്ങളും കൂടുതൽ അനാവൃതമാക്കപ്പെടുകയാണ്.

കൊറോണക്കാലത്ത് ഏറ്റവും അധികം കേട്ട നിർദേശം 'stay home, stay safe' എന്നതായിരിക്കും. 'നിങ്ങളുടെ വീട് ആണ് നിങ്ങൾക്ക് ഏറ്റവും സുരക്ഷിതം' എന്ന് പറയുമ്പോഴും പ്രതീക്ഷിക്കപ്പെടുന്നതിലധികം സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഒട്ടും സുരക്ഷിതമല്ലാത്ത ഇടങ്ങളായി മാറുകയാണ് വീടുകൾ. സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പദവികളെയും സ്ഥാനങ്ങളെയും പ്രശ്നവൽക്കരിച്ചു കൊണ്ട് ലിംഗനീതിയും ജനാധിപത്യ മര്യാദകളും പാലിക്കപ്പെടുന്ന ഒരു സാമൂഹിക ഘടനയ്ക്കു വേണ്ടി പൊരുതേണ്ടതുണ്ട്. ആൺകോയ്മയെ ശാശ്വതീകരിക്കുന്ന ഏറ്റവും അടിസ്ഥാനഘടകമാണ് കുടുംബം എന്നത് കൊണ്ട് തന്നെ സ്ത്രീകളും കുഞ്ഞുങ്ങളും ഏറ്റവുമധികം വിവേചനങ്ങൾ അനുഭവിക്കുന്നതും അനീതികൾക്കിരയാകുന്നതും അവിടെ തന്നെയാണ്.ഐക്യ രാഷ്ട്രസഭ 2018ൽ പുറത്ത് വിട്ട പഠനമനുസരിച്ച് ആഗോളതലത്തിൽ തന്നെ സ്ത്രീകൾക്ക് ഏറ്റവും അരക്ഷിതമായ ഇടം വീടുകൾ ആണ്. കൊറോണക്കാലത്ത് ആ ഇടങ്ങൾ ഒന്നൂടെ അരക്ഷിതമായെന്ന് മാത്രം.

ഈ നിഴൽ മഹാമാരിയെ നേരിടാൻ ഗവൺമെന്റുകളും മറ്റ് സാമൂഹിക സംവിധാനങ്ങളും സജ്ജമാകേണ്ടതുണ്ട്. ഏപ്രിൽ ആദ്യവാരത്തിൽ ഗാർഹിക പീഡനത്തിനെതിരെയുള്ള വീഡിയോ പ്രചാരണങ്ങളുമായി അനുഷ്ക ശർമ, കരിഷ്മ കപൂർ, ബിപാഷ ബസു, വിദ്യാബാലൻ തുടങ്ങിയ താരങ്ങൾ എത്തുകയുണ്ടായി. റായ്പൂർ പോലീസ് തുടങ്ങി വെച്ച ചുപ്പി ഥോട് (ബ്രേക്ക് ദി സൈലൻസ്) കാമ്പയിൻ ഇരകൾക്ക് ആത്മവിശ്വാസം പകരാനും പീഡകരിൽ ഭീതിയുണ്ടാക്കാനും ലക്ഷ്യമിട്ടുള്ളതായിരുന്നു. മുൻ കാലങ്ങളിൽ നല്കിയ പരാതിക്കാരികളെ പോലും വിളിച്ച് വർത്തമാന സ്ഥിതി വിലയിരുത്തുന്ന ക്യാമ്പയിൻ ഫലപ്രദമായിരുന്നു. ജമ്മു & കശ്മീർ ഹൈക്കോടതി ലോക്ക്ഡൗൺ കാലത്തെ ഗാർഹിക പീഡനങ്ങളുടെ വ്യാപ്തി ഉൾക്കൊണ്ട് ഗാർഹിക പീഡനത്തിന്റെ ഇരകൾക്ക് പ്രത്യേകം ഫണ്ട് ശേഖരിക്കണമെന്നും പീഡകരായ പങ്കാളികളെ അറിയിക്കാതെ ഗ്രോസറി കടകളിലും ഫാർമസികളിലും രഹസ്യമായി പീഡന വിവരങ്ങൾ അറിയിക്കാനുള്ള അവസരവും അനൗപചാരിക സുരക്ഷായിടങ്ങളും ഒരുക്കണമെന്നും നിർദേശിക്കുകയുണ്ടായി. ഇത്തരത്തിൽ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ നില്ക്കുന്നവർക്ക് പോലും പരാതിയുമായി മുന്നോട്ട് പോകുവാനുള്ള അടിസ്ഥാന വിവരങ്ങളും സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ഹെൽപ്പ്ലൈൻ പോലുള്ള സൗകര്യങ്ങളെ കുറിച്ചും മറ്റും അവബോധം നല്കുന്നത് ഉറപ്പുവരുത്തേണ്ടതുണ്ട്. പീഡനം സഹിക്കാതെ വീട് വീട്ടിറങ്ങുന്ന സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും കൃത്യമായ സാമൂഹ്യ അകലവും മറ്റു സുരക്ഷാ മുൻകരുതലുകളും ഉറപ്പ് വരുത്തിക്കൊണ്ടുള്ള അഭയകേന്ദ്രങ്ങൾ ഒരുക്കാൻ കൂടുതൽ ശ്രദ്ധ നല്കേണ്ടതുണ്ട്.

■

# മുഖ്യമന്ത്രിക്കൊരു കത്ത്

സ്വീകർത്താവ്,

ബഹു : മുഖ്യമന്ത്രി
കേരളം

വിഷയം : വീടുകളിൽ സ്ത്രീകൾ പീഢനമനുഭവിക്കുന്നതും കുട്ടികൾ ചൂഷണം ചെയ്യപെടുന്നതും സംബന്ധിച്ച വിഷയങ്ങളിൽ ശ്രദ്ധ ക്ഷണിക്കൽ

സർ,

ലോകം മുഴുവനും മനുഷ്യ ജീവൻ സംരക്ഷിക്കാൻ വേണ്ടി കൊറോണ വൈറസിനെതിരെ പോരാടിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് കേരള ഗവർണ്മെന്റ് നടത്തി വരുന്ന ഫലപ്രദവും ആസൂത്രിതവുമായ പരിശ്രമങ്ങളെ ഞങ്ങൾ അഭിനന്ദിക്കുന്നു.

എല്ലാ ആളുകളോടും അവരുടെ വീടുകളിൽ തുടരാൻ നിർദ്ദേശിക്കുന്ന ഈ സന്ദർഭത്തിൽ സ്ത്രീകളും കുട്ടികളും വീടുകളിൽ വർധിച്ച തോതിൽ അനുഭവിക്കാനിടയുള്ള ഗാർഹിക പീഢനത്തിലേക്ക് അങ്ങയുടെ സത്വരശ്രദ്ധ ക്ഷണിക്കാനാണ് ഈ നിവേദനം. ഇത് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ട ഒരു പ്രശ്നമാണ്. COVID-19 ലോക്ക് ഡൗണിനു കീഴിലുള്ള പ്രദേശങ്ങളിലെ വീടുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നതായി ഇറ്റലി, അമേരിക്ക, ഫ്രാൻസ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് ബാംഗ്ലൂരിൽ നിന്നും ഇത്തരം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഇതൊരു ഗാർഹിക പീഢന മഹാമാരി (domestic violence pandemic)യായേക്കുമെന്ന് ലോകത്ത് പലയിടത്തുമുള്ള സ്ത്രീ പ്രവർത്തകർ ചൂണ്ടികാണിക്കുന്നുണ്ട്. മാധ്യമ റിപ്പോർട്ടുകൾ അനുസരിച്ച് വടക്കൻ അയർലണ്ടിൽ 20%, പാരിസിൽ 32%, ന്യൂസൗത്ത് വെയിൽസിൽ 40% എന്നിങ്ങനെ ഗാർഹിക പീഢനം വർധിച്ചിരിക്കുന്നതായി കാണുന്നു (ബിബിസി ന്യൂസ് 2020 മാർച്ച് 30). മറ്റു സ്ഥലങ്ങളെപ്പോലെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കൂടിയ ഒരു സ്ഥലമാണ് കേരളവും. ലോക്ക്ഡൗൺ സമയത്ത് ആൾക്കാർക്ക് വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും അനുഭവപ്പെടുന്ന പരാധീനതകൾ കുട്ടികളുടെയും സ്ത്രീകളുടെയും നേർക്കുള്ള അക്രമമായി മാറാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. നിർബന്ധിത ലോക്ക് ഡൗൺ ആയതിനാൽ വീടുകളിൽ പിന്തുണയോ സഹായമോ തേടാനുള്ള മാർഗ്ഗങ്ങളില്ലാതെ കുടുങ്ങിക്കിടക്കുന്ന അവസ്ഥയിലായിരിക്കും പ്രശ്നം അനുഭവിക്കുന്നവരിൽ ഭൂരിഭാഗവും. കൂടുതൽ അക്രമങ്ങൾ ഉണ്ടായേക്കും എന്ന ഭീതിയും അവർക്കുണ്ടാവും. അതിനാൽ, വീടുകളിൽ നടക്കാനിടയുള്ള ഇത്തരം നിശബ്ദമായ അക്രമങ്ങൾ ഇന്നത്തെ അവസ്ഥയിൽ അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്നു.

ഇതിൽ ഇപ്പോൾ ചെയ്യാൻ കഴിയുന്നത് അടിയന്തിര ഹെൽപ്പ്ലൈൻ നമ്പറുകൾ വേണ്ടത്ര പ്രാധാന്യത്തോടെ പരസ്യപ്പെടുത്തുക, ആവശ്യമുള്ള രക്ഷാപ്രവർത്തനങ്ങളും, പുനരധിവാസ പ്രവർത്തനങ്ങളും നടത്തുക തുടങ്ങിയവയാണ്. ആരോഗ്യ പ്രവർത്തകർക്കും കൗൺസിലിംഗ് ടീമിലെ മറ്റ് സന്നദ്ധ പ്രവർത്തകർക്കും ആവശ്യമായ വിവരങ്ങൾ ലഭിക്കാനും അത്തരം ഇരകൾ ഉണ്ടെങ്കിൽ അവരെ തിരിച്ചറിയാനും അവർക്ക് സഹായം നൽകാനും അധിക പരിശീലനം നൽകണം. ഇത്തരം കേസുകൾ വനിതാശിശു വകുപ്പിന് കീഴിൽ വരുന്നതിനാൽ ഈ പ്രവർത്തനങ്ങളുടെ ഏകോപനം അവരുടെ ചുമതലയിൽ ആക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഞങ്ങളും തയ്യാറാണ്.

ഇക്കാര്യത്തിൽ അങ്ങയുടെ ശ്രദ്ധയും ഇടപെടലും ഉണ്ടാവണമെന്ന അഭ്യർത്ഥനയോടെ,

വിശ്വാസപൂർവം,

1. K. Ajitha, Anweshi Women's Counselling Cetnre, Kozhikode
2. Dr Sonia George, SEWA, Thiruvananthapuram
3. Dr. A. K. Jaysaree, HoD, Dept of Communtiy Medicine, Pariyaram Medical College, Kannur
4. Dr Lizzy Mathew, Dept of Malayalam, Sree Sankaracharya Universtiy of Sanskrit & Syndicate Member (Kannur Universtiy)
5. Dr Sheeba K M, Dept of History, Sree Sankaracharya Universtiy of Sanskrit, Kalady Campus
6. Dr P. E. Usha, Former Director, Kerala Mahila Samakhya Socitey
7. Dr Seema Bhaskar, Project Office, National Rural Livelihood Mission
8. Dr Shamshad Hussein, Dept of Malayalam, Sree Sankaracharya Universtiy of Sanskrit & Syndicate Member (Calicut Universtiy)
9. Dr Rekha Raj, School of Gandhian Studies, Mahatma Gandhi Universtiy, Kottayam
10. Dr Girija K, Independent Social researcher, Kozhikode
11. Mini Sukumaran, Dept of Women's Studies, Universtiy of Calicut, Thenhipalam
12. Dr Serene N P, Social Worker, Kozhikode
13. Dr Reshma Bharadwaj, HoD, Dept of Social Work, Sree Sankaracharya Universtiy of Sanskrit, Kalady Campus (8547739108)
14. Dr Anitha A, Dept of Social Work, Sree Sankaracharya Universtiy of Sanskrit, Payyanur Campus (9495979389)
15. Ragi Mr, Dept of Social Work, SSUS, Kalady
16. Raesa Parsana, Dept of Social Work, SSUS, Kalady
17. Akshaya Suresh, Dept of Social Work, SSUS, Kalady
18. Sajeer P, Dept of Social Work, SSUS, Kalady
19. Dona Thomas, Dept of Social Work, SSUS, Kalady
20. Amala Mohan, Dept of Social Work, SSUS, Kalady
21. Akshaya Mukunthan, Dept of sPychology, SSUS, Kalady
22. Shamziya K H, Dept of sPychology, SSUS, Kalady
23. Niveditha Ajayaghosh, Dept of sPychology, SSUS, Kalady
24. Risa Rashni, Dept of sPychology, SSUS, Kalady
25. Shahana Jasmin M, Dept of sPychology, SSUS, Kalady



ചർച്ചാവിഷയം

# ഓൺലൈൻകാലത്തെ വീട്ടുടയോൾ



ഷീബാ ദിവാകരൻ

**ലോ**കത്തെവിടെയും മനുഷ്യരുടെ എല്ലാ സ്വപ്നങ്ങൾക്കുമേലും കടിഞ്ഞാൺ വീണ കാലമാണ്, കൊറോണക്കാലം. എല്ലാ മേഖലയും അക്ഷരാർഥത്തിൽ നിശ്ചലമായകാലം. നമ്മുടെ വിദ്യാഭ്യാസരംഗത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല.ആകെ താറുമാറായിപ്പോയെങ്കിലും നേരിയ ഒരു ജീവന്റെ തുടിപ്പ് നമുക്കവിടെ കാണാൻ കഴിയുന്നത് പ്രതീക്ഷാവഹമാണ്.

കോവിഡ് 19 എന്ന കൊറോണാ വൈറസിന്റെ വ്യാപനത്തോടെ പ്രത്യേകിച്ചൊരു മുന്നറിയിപ്പുമില്ലാതെ മാർച്ച് അവസാനവാരം  പെട്ടെന്നൊരു ദിവസം സ്കൂളുകളും കലാലയങ്ങളും അടയ്ക്കുകയായിരുന്നു. കൂട്ടുകാരോട് വിടപറയാൻ പോലും കുട്ടികൾക്കായില്ല. ഇതേപോലെതന്നെ ചെയ്തുകൊണ്ടിരിക്കുന്ന പണി പൂർത്തീകരിക്കാതെ എല്ലാജനങ്ങൾക്കും ലോക്ഡൗണോടെ അവരവരുടെ വീടുകളിൽ ഒതുങ്ങേണ്ടിവന്നു. ഒരുദിവസം ഒഴിവുകിട്ടുന്നതുപോലെ സുഖകരമല്ല, ഒരുപാടു ദിവസം ഒഴിവുകിട്ടുന്നത് എന്ന് ജനങ്ങൾ അനുഭവിച്ചറിഞ്ഞു.  പുറംലോകത്തെ കൊട്ടിയടച്ച് രക്തബന്ധങ്ങൾ വീടുകളിൽ ശ്വാസംമുട്ടിക്കഴിഞ്ഞു. അവരവരുടേതായ ലോകങ്ങൾ നഷ്ടപ്പെട്ട അച്ഛൻ, അമ്മ, മക്കൾ... എല്ലാവരുടെ മനസ്സും സംഘർഷഭരിതമായി. നിറഞ്ഞവീട്ടിൽ നാലുനേരവും ഭക്ഷണമുണ്ടാക്കി വീട്ടമ്മയുടെ കൈ കുഴഞ്ഞു.

***ഗാർഹികജോലികളുടെ പെയ്ത്തുകാലം***

ഉദ്യോഗസ്ഥരായ സ്ത്രീകൾ അവധിദിവസങ്ങളിൽ വീടിനകവും പുറവും വൃത്തിയാക്കാനും മറ്റ് ജോലികൾക്കുമായി സഹായികളെ വെക്കാറുണ്ട്. കൊറോണക്കാലത്ത് അവരനുഭവിച്ച ഏറ്റവും വലിയ പ്രശ്നം സഹായികൾ വരുന്നില്ല, ആ പണികൂടി ചെയ്യേണ്ടിവരുന്നു എന്നതായിരുന്നു. എഴുത്തും വായനയും മറ്റ് സർഗാത്മകതാത്പര്യങ്ങളുമുള്ള പല സ്ത്രീകൾക്കും ഇത് ഇരുട്ടടിയായി. വൈറസ്ബാധഭയന്ന് ജോലിക്കുപോകാതിരുന്ന സഹായികളും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ

പാടുപെടുകയായിരുന്നു. ആരും പുറത്തിറങ്ങാതെ വീടുകളിൽ ഒതുങ്ങിക്കഴിഞ്ഞ ഇക്കാലത്ത് ഗാർഹി കപീഡനങ്ങളുടെ എണ്ണം കൂടി. അമേരിക്കപോ ലുള്ള വൻകിടരാജ്യങ്ങളിൽഡൊമസ്റ്റിക് വയലൻസ് ഹോട്ട്ലൈൻ നമ്പറിലേക്കുവരുന്ന കോളു കളുടെ എണ്ണത്തിൽ വലിയവർധനവുണ്ടായത്രേ. ലോകത്താകമാനം ഇതൊരു വലിയപ്രശ്നം തന്നെ യായിരുന്നു. വീടുകളിൽ ഗാർഹികപീഡനങ്ങളുണ്ടാ വാതെ ശ്രദ്ധിക്കണമെന്നും പുരുഷന്മാർ സ്ത്രീകളെ സഹായിക്കണമെന്നും കേരളാമുഖ്യമന്ത്രി ആഹ്വാ നംചെയ്തത് രോമാഞ്ചത്തോടെയാണ് ഇവിടുത്തെ സ്ത്രീകൾ കേട്ടത്. ഗാർഹികപീഡനങ്ങൾക്ക് ഇര യാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യ മായ സേവനങ്ങൾക്കായി കോഴിക്കോട് ജില്ലയിൽ ഹെൽപ്ഡെസ്ക്കായി വൺസ്റ്റോപ്പ് സെന്റർ തുടങ്ങിയതും വലിയ നേട്ടമായി. ഇത്തരം ജാഗ്ര ത്തായ പ്രവർത്തനങ്ങളിലൂടെ പ്രശ്നങ്ങൾ ഏറെ ക്കുറേ ലഘൂകരിക്കാൻ കേരളജനതയ്ക്കുകഴിഞ്ഞു.

***ഓൺലൈൻ ക്ലാസ്സുകൾ***

യുനെസ്കോയുടെ കണക്കനുസരിച്ച് 154 കോടി വിദ്യാർഥികളുടെ വിദ്യാഭ്യാസമാണ് കൊറോ ണക്കാലത്ത് തടസ്സപ്പെട്ടത്. ഇതിൽ 32 കോടി വിദ്യാർഥികൾ ഇന്ത്യയിലാണ്. കേരളത്തിലാകട്ടെ, ഇത് എഴുപത്തഞ്ച് ലക്ഷത്തോളം വരും. അനിശ്ചിത മായി വിദ്യാലയങ്ങൾ അടച്ചിട്ടാലുണ്ടാകുന്ന ഭവി ഷ്യത്ത് അൽപമെങ്കിലും പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഓൺലൈൻ ക്ലാസ്സുകൾക്ക് തുടക്കമായത്. ഇത്രയും കാലം ഓൺലൈൻപ ഠനംനടന്നിരുന്നത് മുതിർന്ന ആളുകൾക്ക് സ്വയം പഠനത്തിനുള്ള (Adult learning) സംവിധാനം എന്ന നിലയിലായിരുന്നു. ഒരുകാലത്തും കുട്ടികൾ ഈ സംവിധാനത്തിന്റെ ഭാഗമായിരുന്നില്ല. മുൻപ് ഒരി ക്കലും പരിചയിച്ചിട്ടില്ലാത്ത വിദ്യാഭ്യാസരീതിയോട് കുട്ടികൾ ഐക്യപ്പെടേണ്ടിവന്നു. ഏറ്റവും ഊർജ സ്വലമായ കുട്ടിക്കാലത്ത് നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന കുട്ടികൾ അവരുടെ ബോറടി കളെല്ലാം പലപ്രകാരത്തിൽ തീർക്കുന്നത് അമ്മ യുടെ അടുത്താണ്. ദേഷ്യമായും വാശിയായു മൊക്കെ അത് രൂപം മാറുന്നു.

രണ്ടും മൂന്നും കുട്ടികളുള്ള വീട്ടിൽ ഓൺ ലൈൻപഠനത്തിന് മൊബൈൽഫോൺവാങ്ങാൻ സാധാരണക്കാരായ അച്ഛനമ്മമാർ നെട്ടോട്ടമോടു കയായിരുന്നു. സാമ്പത്തികപരാധീനതയുള്ളവർക്ക് ടി.വിയോ മൊബൈൽഫോണോ നൽകിക്കൊണ്ട് വിദ്യാർഥിസംഘടനകളും സന്നദ്ധസേവകരും ഇക്കാലത്ത് തുണയായി. മൊബൈൽഫോൺ കൈയിലുള്ള പലർക്കും റെയ്ഞ്ച് പ്രശ്നമായിവന്നു. കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുമോ എന്ന് അച്ഛന മ്മമാർക്ക് ആധിയായി. കുട്ടികളും ഇത്തരം പലവിധ ത്തിലുള്ള മാനസിക സമ്മർദ്ദങ്ങളിൽ വീർപ്പുമുട്ടി. ഒമ്പതാം ക്ലാസ്സുകാരി ദേവിക ഇക്കാലത്ത് ആത്മഹ ത്യചെയ്തത് വീട്ടിലെ ടി.വി കേടായതിനാലും മൊബൈൽഫോൺ റീചാർജ് ചെയ്യാൻ കഴിയാത്ത തിനാലും ഓൺലൈൻപഠനം മുടങ്ങുമോ എന്ന ആശങ്കകൊണ്ടായിരുന്നു.വീട്ടിൽ ഇത്തരം പ്രശ്ന ങ്ങളുള്ളവർക്ക് പൊതുവായ പഠനസ്ഥലം എന്ന ആശയവുമായി പിന്നീട് പലയിടങ്ങളിലും വാർഡ് തലത്തിൽ പ്രവർത്തനംതുടങ്ങുകയുണ്ടായി. പ്രധാ നമായും മൂന്ന് രീതിയിൽ ഓൺലൈൻപഠനം നട ന്നുവരുന്നുണ്ട്. വിക്ടേഴ്സ് ചാനലിലൂടെ സംസ്ഥാന സർക്കാർ വിവിധക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വിവിധസമയങ്ങളിൽ ക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്യുന്നുണ്ട്. ഗൂഗിൾമീറ്റ്, സൂം തുടങ്ങിയ ആപ്ലി ക്കേഷനുകൾ ഉപയോഗിച്ചുള്ള ലൈവായ ക്ലാസ്സു കളും പല സ്കൂളുകളും നടത്തിവരുന്നുണ്ട്. ഓരോ ക്ലാസ്സിലെയും വിദ്യാർഥികളും അധ്യാപകരും രക്ഷി താക്കളുമടങ്ങിയ വാട്സ് ആപ് ഗ്രൂപ്പുകൾ ഉണ്ടാക്കി അതുവഴി പഠനപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. റിക്കോഡ് ചെയ്ത വീഡിയോകളും മറ്റുസന്ദേശ ങ്ങളും അയക്കാനും കുട്ടികളുടെ പഠനപ്രവർത്തന ങ്ങളും പ്രതികരണങ്ങളും ഇടാനും ഇവിടെ സൗക ര്യമുണ്ട്. കൂട്ടുകാരും പ്രിയപ്പെട്ട അധ്യാപകരു മൊന്നും അടുത്തില്ലാത്ത ഈ പഠനം കുട്ടികൾക്ക് പൂർണഅർഥത്തിൽ തൃപ്തി നൽകുന്നില്ല. അവ രുടെ നിരാശ അമ്മമാരുടെ മനസ്സിനെയും ഉലയ്ക്കു ന്നുണ്ട്.

കൊറോണക്കാലത്ത് ജോലി നഷ്ടപ്പെട്ട ഒരുപാട് അമ്മമാരുണ്ട്. ഇനിയെന്തുചെയ്യും?, എന്തു ജോലിചെയ്ത് ജീവിക്കും എന്ന അങ്കലാപ്പോടെ യിരിക്കുകയും ഇത്തരം ടെൻഷനുകൾ മാത്രം വീട്ടിൽ ചർച്ചചെയ്യുകയും ചെയ്യുന്നവർ. ഭക്ഷണം നൽകുമെന്നല്ലാതെ കുട്ടികളുടെ മനസ്സറിഞ്ഞ് പെരു മാറാൻ അവർക്ക് കഴിയാറില്ല. അച്ഛനമ്മമാർതമ്മിൽ അഭിപ്രായൈക്യമില്ലാത്ത വീടുകളിലും ലഹരിക്കടി മപ്പെട്ട ഗൃഹനാഥൻ ഉള്ള വീടുകളിലുമൊന്നും സ്ഥിതി വ്യത്യസ്തമല്ല.വീട്ടിൽ തങ്ങളുടെ അടുത്തു തന്നെ കുട്ടികളുണ്ടെങ്കിലും ഇത്തരം രക്ഷിതാക്ക ളുടെ മനസ്സിൽ അവരില്ല എന്നതാണ് സത്യം. കുട്ടി കളുടെ ഭാവനാലോകത്തെ അടുത്തറിയുവാനോ അവരുടെ ആകുലതകളിൽ പങ്കുചേരാനോ ആരുമി ല്ലാത്ത ഇത്തരംവീടുകളിൽ കുട്ടികൾ കടുത്ത ഏകാന്തത അനുഭവിക്കുന്നുണ്ട്. വിഷാദരോഗികളാ യിപ്പോകുന്ന കുട്ടികളും കുറവല്ല.

***വിദ്യാഭ്യാസം എന്ന ലൈസൻസ്***

ബഹുഭൂരിപക്ഷം കുട്ടികൾക്കും മൊബൈൽ ഗെയിമുകൾ ഹരമാണ്. മിക്കവാറും വീടുകളിൽ അമ്മമാരുടെ ഫോണുകൾ അവരുടെ കളിപ്പാട്ടങ്ങ ളുമാണ്. അച്ഛന്മാരുടെ ഫോണുകൾ കൺവെട്ടത്തു ണ്ടെങ്കിൽത്തന്നെ പല വീടുകളിലും കുട്ടികൾ അത് തൊടാതിരിക്കുന്നതും ശ്രദ്ധിച്ചിട്ടില്ലേ? കുട്ടികൾക്കു ണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളും സമയ നഷ്ടവും ഭയന്ന് അവരിൽനിന്ന് ഫോൺതിരിച്ചു

പിടിക്കാനുള്ള സൂത്രങ്ങൾ മെനയാൻതന്നെവേണം വീട്ടമ്മമാർക്ക് സമയം ഏറെ. ഇപ്പോഴാകട്ടെ, വിദ്യാഭ്യാസാവശ്യത്തിന് ഫോൺവേണമെന്നായപ്പോൾ വിരുതന്മാരായ കുട്ടികൾക്ക് രക്ഷയായി. ക്ലാസ്സ് എപ്പോൾ തുടങ്ങുമെന്നോ അവസാനിക്കുമെന്നോ ശ്രദ്ധിക്കാത്ത അമ്മമാരെ കുട്ടികൾ ശരിക്കും കബളിപ്പിക്കുന്നുണ്ട്. ഫോൺ തിരിച്ചുചോദിക്കാൻ ചെന്നാൽ, 'പഠിക്കാൻപോലും സമ്മതിക്കില്ല'..-തുടങ്ങിയ വൈകാരികപ്രയോഗങ്ങളിൽ അമ്മമാർ വീണുപോകാറുമുണ്ട്. കുട്ടികളുടെ ക്ലാസ്സ് സമയത്തെപ്പറ്റി അമ്മമാർ ബോധവതികളായിരിക്കണം. ഗെയിമുകൾക്കായി നിശ്ചിതസമയം മാറ്റിവെക്കുകയും അത് കുട്ടികളെക്കൊണ്ട് അംഗീകരിപ്പിക്കുകയും വേണം. നവമാധ്യമസാക്ഷരതയില്ലാത്ത അമ്മമാരെ അവർ ഏത്രവലിയ ഉദ്യോഗസ്ഥരായാലും ബുദ്ധിയില്ലാത്തവരായാണ് പുതിയ തലമുറ കാണുന്നത്. പുതിയകാലത്ത് പിടിച്ചുനിൽക്കാൻ സ്ത്രീകൾ ഇ-സാക്ഷരത ബോധപൂർവംതന്നെ ആർജിക്കേണ്ടതുണ്ട്.



### *ഫോൺ അഡിക്ഷൻ*

ഓൺലൈൻക്ലാസ്സിന്റെ മറവിൽ ഇന്റർനെറ്റിനും സങ്കീർണങ്ങളായ ഗെയിമുകൾക്കും അടിമയായിപ്പോകുന്ന ഒരുവിഭാഗം കുട്ടികളുണ്ട്. ഏതാണ്ടെല്ലാകുട്ടികളുടെയും ചിരകാലസ്വപ്നമായ മൊബൈൽഫോൺ ഇപ്പോൾ പലർക്കും സ്വന്തമായികിട്ടിയിരിക്കുകയാണ്. മായികലോകത്തിരിക്കുന്ന അത്തരം കുട്ടികളെ ലോക്ഡൗണൊന്നും കാര്യമായി ബാധിച്ചിട്ടില്ല. ഏറ്റവും കൊതിച്ച സമ്മാനം കിട്ടിയ ത്രില്ലിലാണവർ. സാമൂഹ്യചക്രവാളം ചുരുങ്ങി വീടുകളിൽ ഒതുങ്ങേണ്ടിവന്ന കുട്ടികൾ ഇന്റർനെറ്റിന്റുമായികലോകത്തേക്കുകടക്കുമ്പോൾ വീട്ടുകാരോടുപോലും സംസാരിക്കാതെ തന്നിലേക്കൊതുങ്ങുന്നുണ്ട്. വീട്ടിൽനടക്കുന്ന ഒരുകാര്യങ്ങളിലും അവർ പങ്കാളിയാവുന്നില്ല. ഇടപഴകാൻ ആളുകളേക്കാൾഭേദം ഫോണാണെന്ന മനോഭാവവുമായി നടക്കുന്ന കുട്ടികൾ വീട്ടിൽനടക്കുന്ന കാര്യങ്ങളൊന്നും അറിയുന്നുമില്ല. അമ്മമാർ വളരെ ശ്രദ്ധിച്ച് മറികടക്കേണ്ട അവസ്ഥയാണിത്. അവരോടൊപ്പമിരിക്കാൻ സമയം കണ്ടെത്തുക എന്നതാണ് പ്രധാനം. കുട്ടികൾ നിർബന്ധമായും ചെയ്തിരിക്കേണ്ട കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി ഒരു ടൈംടേബിൾ അവരെക്കൊണ്ട് ഉണ്ടാക്കിക്കാം. കായികമായ കളികൾക്കും പത്രവായനക്കും ടി.വി കാണുന്നതിനും വീട്ടുജോലികളിൽ സഹായിക്കുന്നതിനുമൊക്കെ അതിൽ സമയമുണ്ടായിരിക്കണം. പേപ്പറും പെൻസിലുമുപയോഗിച്ച് വീട്ടിന്നകത്തുവെച്ചു ചെയ്യാവുന്ന ചിത്രംവര, രസകരമായ എഴുത്ത് തുടങ്ങിയവയിലേക്ക് കുട്ടികളെ നയിക്കാനാവണം. കരകൗശലവസ്തുക്കളുടെ നിർമാണം കുട്ടികളെ പരിചയപ്പെടുത്താവുന്നതാണ്. റൂബി
ക്സ്ക്യൂബ്, ചെസ്, ലൂഡോ, കാരംസ് തുടങ്ങിയ കളികൾ പ്രത്സാഹിപ്പിക്കാം. ഹൃദയസ്പർശിയായ പുസ്തകങ്ങളിലൂടെ അവരെ വായനയിലേക്കുനയിക്കാനായാൽ ജീവിതകാലം മുഴുവൻ അവർക്ക് ബോറടിയെന്തെന്ന് അറിയേണ്ടിവരില്ല. ജീവിതത്തിലെ വലിയ പ്രതിസന്ധികാലത്തെ അങ്ങനെ പോസിറ്റീവാക്കിത്തീർക്കാൻ അമ്മമാർ ഒരുപാട് പ്രയാസപ്പെടേണ്ടിവരും.

### *ആരോഗ്യപ്രശ്നങ്ങൾ*

ഇന്റർനെറ്റ്, ടി.വി, വീഡിയോഗെയിം തുടങ്ങിയവയുടെ അമിതോപയോഗം കുട്ടികളുടെ മാനസിക- ശാരീരികാരോഗ്യത്തെ ബാധിക്കുന്നതായി മാനസികാരോഗ്യവിദഗ്ധർ മുന്നറിയിപ്പുനൽകുന്നുണ്ട്. ലോക്ഡൗണിനുമുമ്പുതന്നെ ഇത്തരം കാര്യങ്ങൾ ധാരാളമായി ചർച്ചചെയ്യപ്പെട്ടിരുന്നു. ഇവയുടെ അമിതോപയോഗം ശാരീരികമായ ക്ഷീണം, പുറംവേദന, തലവേദന, ഉറക്കക്കുറവ്, സാമൂഹികമായ ഒറ്റപ്പെടൽ, ശ്രദ്ധക്കുറവ്, ഓർമക്കുറവ്, വിഷാദരോഗം, പൊണ്ണത്തടി എന്നിവയ്ക്കെല്ലാം കാരണമാകുന്നുവെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസിലെ(IMHANS) വിദഗ്ധർ അഭിപ്രായപ്പെടുന്നു.

സോഷ്യൽമീഡിയ അമിതമായി ഉപയോഗിക്കുന്ന കുട്ടികളിൽ ഉറക്കത്തിന്റെ അളവും ആഴവും കുറയും. ഇത് അവരുടെ ഏകാഗ്രതയെയും ഓർമശക്തിയെയും ബാധിക്കാനിടയുണ്ട്.തന്നെത്തന്നെയും

മറ്റുള്ളവരെയും നേരാംവണ്ണം മനസ്സിലാക്കാനുള്ള കഴിവാണ് ഇമോഷണൽ ഇന്റലിജൻസ് (വൈകാരി കബുദ്ധി). ജീവിതവിജയത്തിന് ഏറ്റവും ആവശ്യ മുള്ള ഈ ബുദ്ധി ഇത്തരം കുട്ടികളിൽ കുറയുന്നു. കൊല, അടിപിടി, വെടിവെപ്പ്, എന്നിവയൊക്കെനി റഞ്ഞ ഗെയിമുകളിൽ മുഴുകുന്ന കുട്ടികൾ അക്രമ വാസന തുടർന്നും കാണിച്ചുകൊണ്ടേയിരിക്കും. തുടർച്ചയായി സ്ക്രീനിൽ നോക്കുന്നത് കാഴ്ച ശക്തിയെയും പ്രതികൂലമായി ബാധിക്കും.ചില കുട്ടികൾക്ക് ഭക്ഷണം കഴിക്കണമെങ്കിൽ ടി.വി.യോ കമ്പ്യൂട്ടറോ ഓൺചെയ്യണമെന്ന് നിർബന്ധമുണ്ട്. ഒരു ഗ്ലാസ് വെള്ളവുമെടുത്ത് അതുകുടിക്കാൻ കമ്പ്യൂട്ടറിനോ ടി.വിക്കോ മുന്നിലേക്ക് പായുന്ന കുട്ടികൾ നമ്മുടെയൊക്കെ വീട്ടിലെ സ്ഥിരം കാഴ്ച കളാണ്.

പഠനാവശ്യത്തിനും കളിയ്ക്കുമൊക്കെയായി ഫോൺ ഉപയോഗിക്കുമ്പോൾചില കുട്ടികൾ വാതിൽ അടച്ച് കുറ്റിയിടുന്നത് കാണാം. പഠിക്കാൻ ശ്രദ്ധകിട്ടാനാണെന്ന ന്യായീകരണവുമുണ്ടാവാം. പക്ഷേ ഇവിടെയും അമ്മ ഇടപെട്ടേ പറ്റൂ. ഇന്റർനെ റ്റിന്റെ മായികവലയങ്ങളിൽപ്പെട്ട് അവർ ചതിക്ക പ്പെടുന്നില്ല എന്ന് ഉറപ്പിക്കാൻ കഴിയണം. ഓൺ ലൈൻ ചീട്ടുകളിപോലുള്ള ഗെയിമുകളിൽ അക പ്പെടാതെയും ബാലപീഡകരുടെ കെണിയിൽ പെടാതെയും പക്വതയെത്തുംമുമ്പേ അശ്ലീലചിത്ര ങ്ങളിൽ മുഴുകിപ്പോകാതെയുമൊക്കെ കുട്ടികളെ രക്ഷിച്ചെടുക്കാൻ ആവശ്യമായ ഒരുകണ്ണ് ഏതുതിര ക്കുകൾക്കിടയിലും അമ്മയിൽ ഉണർന്നിരിക്കണം.

***പൊതുശത്രു***

കൊറോണക്കാലത്ത് കുട്ടികളോട് ഏറ്റവും വലിയ ശത്രു ആരെന്നുചോദിച്ചാൽ അമ്മ എന്നായി രിക്കും ഉത്തരം. സുഹൃത്തുക്കളുടെ വീടുകളിലേക്ക് വിടാത്തതും മാഗിപോലുള്ള ഇഷ്ടസാധനങ്ങൾ വാങ്ങാൻ വിടാത്തതും ഫോൺ നിയന്ത്രിക്കാൻ ശ്രമിക്കുന്നതും എപ്പോഴും തന്നെ നിരീക്ഷിച്ചുകൊ ണ്ടിരിക്കുന്നതും ഒക്കെ അതിന്റെ കാരണങ്ങളായേ ക്കാം. സ്കൂളുകൾ ദീർഘകാലമായി അടഞ്ഞുകിട ക്കുന്നത് കുട്ടികളുടെ സ്വാഭാവികമായ പെരുമാറ്റ രീതിയെ സ്വാധീനിക്കുന്നുണ്ട്. സമപ്രായക്കാരുമായി അനുഭവങ്ങൾ പങ്കിടാൻ അവസരമില്ലാത്തതും മുഴു വൻസമയവും വീട്ടിൽ രക്ഷിതാക്കളുടെ നിരീക്ഷണ വലയത്തിൽ അകപ്പെട്ടുപോയതും സാമൂഹികജീവി തംപൂർണമായും നഷ്ടപ്പെട്ടതുമൊക്കെ കുട്ടികളുടെ പെരുമാറ്റരീതിയുൽ പ്രതിഫലിക്കുന്നത് അമ്മമാർക്ക് കാണാം. കുട്ടികൾക്കിടയിൽ ആത്മഹത്യാപ്രവണത കൂടിവരുന്നത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യ യിൽ ഓരോ മണിക്കൂറിലും ഓരോ കുട്ടിവീതം ആത്മഹത്യചെയ്യുന്നതായി 2018 ലെ നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. വികസിതരാജ്യങ്ങളിൽ ആത്മ ഹത്യാനിരക്ക് കൂടുകയാണ് ചെയ്യുന്നത്. ലോക് ഡൗൺ കാലത്തുമാത്രം കേരളത്തിൽ ആത്മഹത്യ ചെയ്തത് 66 കുട്ടികളാണ്. ഗെയിം കളിക്കാൻ വിട്ടി ല്ല, വഴക്കുപറഞ്ഞു, ഫോൺ വാങ്ങിക്കൊടുത്തില്ല തുടങ്ങിയ നിസ്സാരകാര്യത്തിന് ഇങ്ങനെ മരിക്കുന്ന തെന്തിന് എന്ന സംശയം പലരും പങ്കുവച്ചുകേട്ടിട്ടു ണ്ട്. കുട്ടികളെസംബന്ധിച്ച് അതൊന്നും നിസ്സാര കാര്യമല്ല എന്നതുതന്നെയാണ് നമുക്ക് മനസ്സിലാ ക്കാൻ കഴിയുന്നത്. രക്ഷിതാക്കളെ (പൊതുശത്രു) തോൽപിക്കാൻ അവർക്കുള്ള ഒരു വഴിതന്നെ, അത്.

***സമചിത്തത ശീലിച്ചെടുക്കുക***

ജീവിതത്തെക്കുറിച്ചുള്ള വലിയ വിദ്യാഭ്യാസ മാണ് കൊറോണക്കാലം ലോകജനതയ്ക്ക് സമ്മാ നിച്ചത്. ഒരുതത്വഗ്രന്ഥങ്ങളും പഠിക്കാതെ ജീവിത ത്തിന്റെ നൈമിഷികത നാം അനുഭവിച്ചറിഞ്ഞു. അടഞ്ഞുകിടക്കുന്ന സ്കൂളുകൾ എന്നുതുറക്കു മെന്നോ പുറംലോകം എന്നുകാണാനാവുമെന്നോ നിശ്ചയമില്ലാതെ പ്രതിസന്ധിയിലായ കുട്ടികളുടെ മാനസികാവസ്ഥ നാം ഉൾക്കൊണ്ടേപറ്റൂ. പലവിധ ത്തിൽ മനസ്സിനെഅലോസരപ്പെടുത്തുന്ന ടെൻഷനു കൾക്കിടയിലും സമചിത്തത ശീലിച്ചെടുക്കാൻ പ്രയ ത്നിക്കേണ്ടതുണ്ട്, രക്ഷിതാക്കൾ. നമ്മൾ നിസ്സാര മാണ് എന്നുകരുതുന്നതൊന്നും കുട്ടികൾക്ക് നിസ്സാ രമല്ല എന്നിരിക്കേ, പ്രയാസങ്ങളിലെല്ലാം ഞങ്ങളു ണ്ട്കൂടെ എന്ന് അവരെ ബോധ്യപ്പെടുത്തുന്നതി ലാണ് വിജയം. ഓൺലൈൻക്ലാസ്സുകൾക്കിടയിൽ അവർക്കുവരുന്ന പ്രയാസങ്ങൾ നിവാരണംചെയ്യൽ, മനസ്സിലാവാത്തഭാഗം അധ്യാപകരോട് ചോദിക്കാ നുള്ള അവസരമൊരുക്കൽ, പിന്നീട് ഉപകാരപ്പെടു ന്നതിനായി ചെറിയ നോട്സ് കുറിക്കാൻ ഓർമപ്പെ ടുത്തൽ, ഇതൊക്കെ കുട്ടികൾക്ക് ആത്മവിശ്വാസം നൽകും. കുട്ടികളിൽ ആദ്യത്തെ മൂന്ന് വയസ്സുവരെ മസ്തിഷ്കം ഏറ്റവും കൂടുതൽ വളരുന്ന പ്രായമാ ണ്. ഈ സമയത്ത് ഡിജിറ്റൽ മീഡിയ കഴിയുന്നത്ര ഒഴിവാക്കണം. പ്രീ-പ്രൈമറിക്ലാസ്സുകളിലെ കുട്ടികൾ പരമാവധി ഓൺലൈൻപഠനം ഒഴിവാക്കുന്നതാണ് നല്ലത്. പ്രൈമറിക്ലാസ്സുകളിലെ കുട്ടികൾ ഒരുമണി ക്കൂർമാത്രമായി സമയം പരിമിതപ്പെടുത്തണം. മുതി ർന്നകുട്ടികളും നിശ്ചിതസമയംമാത്രം സ്ക്രീനിനുമു ന്നിൽ ചെലവഴിക്കുക. ഭാവിയിൽ കുട്ടികൾ മിടുക്ക രാവണമെന്ന വ്യാമോഹത്തോടെ സ്ക്രീനിനുമു ന്നിൽ കൂടുതൽസമയംപഠനപ്രവർത്തനങ്ങൾക്കായി ഇരിക്കാൻ നിർബന്ധിച്ചാൽ വിപരീതഫലമായി രിക്കും ഉണ്ടാവുക.

കൊറോണക്കാലത്ത് നാടുറങ്ങുമ്പോൾവിശ്ര മിക്കാൻ വിധിക്കപ്പെട്ടവരല്ല, അമ്മമാർ. ഒരേസമയം ശാരീരികമായും മാനസികമായും അവർ അധ്വാനി ച്ചുകൊണ്ടിരിക്കുന്നു. പക്ഷേ അവർക്ക് തളരാൻ ■





ഡോ. ജാൻസി ജോസ്

# വാസ്തവം

# സ്ത്രീസുരക്ഷ സ്ത്രീകളുടെ കൈയ്യിൽ തന്നെയോ

കോവിഡ് കാലം ഇപ്പോൾ കഴിയും ഇപ്പോൾ കഴിയും എന്ന പ്രതീക്ഷയിൽ മുന്നോട്ടു പോവുകയാണ് എല്ലാവരും. അനന്തമായി നീളുന്നതു കണ്ട് ഭയാശങ്കകളിൽ മുങ്ങിത്താഴു മ്പോഴാണ് സംഭവ ബഹുലതകൾ കേരളീയ സമൂഹത്തെ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കുന്നത്. ലോകം കീഴ്മേൽ മറിക്കുന്ന മഹാമാരി വന്നിട്ടും ഇന്ത്യയിൽ; കേരളത്തിൽത്തന്നെ സ്ത്രീകളോ ടുള്ള മനോഭാവത്തിന് ഒരു ഇടിവും വന്നിട്ടില്ല എന്നു കാണുന്നത് ആശങ്ക വർദ്ധിപ്പിക്കുന്നതു തന്നെയാണ്.

ലോക്ഡൗൺ കൊണ്ടും മുഴുവൻ സമയവും അടുക്കളയിൽ കഴിയേണ്ടി വരുന്നതു കൊണ്ടും ആകെ അങ്കലാപ്പിലാണ് സ്ത്രീകൾ. ഈ കാലഘട്ടത്തിലാകട്ടെ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ ഏറ്റവും കൂടിയ നിലയിൽ തന്നെ നിൽക്കുകയാണ്. കോവിഡ് ചികത്സക്കിടയിലെ ഒളിക്യാമറ മുതൽ അങ്ങോട്ട് എണ്ണിപ്പറഞ്ഞാൽ എന്റെ പേജ് തികയാതെ വരും. എന്തെല്ലാം പുരോഗമനം പറഞ്ഞാലും സ്ത്രീകളെക്കുറിച്ചുള്ള ആൺബോധത്തിന് ഒരു അയവും വന്നിട്ടില്ല എന്നതാണ് ഇതിനു കാരണം. വാഴക്കയ്യിൽ പോലും പെൺകുട്ടി തൂങ്ങി മരിച്ച നാടാണ് നമ്മുടേത്. പതിമൂന്നു വയസ്സുള്ള പെൺകുഞ്ഞുങ്ങൾ മോശമായി നടന്നിട്ട് ആത്മഹത്യ ചെയ്യേണ്ടി വന്നു എന്നു പറഞ്ഞ വരാണ് നമ്മൾ. ഇപ്പോഴിതാ യൂട്യൂബ് ചാനലിൽ സ്ത്രീകളെ അപമാനിച്ച് പണം നേടുന്ന വരുതനേയും സംരക്ഷിച്ചു വരുന്നുണ്ട് നമ്മൾ.

അതങ്ങു വെറുതേ പറഞ്ഞാൽ പോരാ എന്നു തോന്നുന്നു എനിക്ക്. അയാൾ സ്വന്തം കണ്ണുകൾ കൊണ്ടു കണ്ട മാതിരിയല്ലേ അവത രണം നടത്തുന്നത്? ഇത്രയും മോശമായ കാര്യ ങ്ങൾ അവതരിപ്പിച്ച ആൾക്ക് സപ്പോർട്ട് ചെയ്യുന്ന ആളുകളെ സമ്മതിക്കണം. നമ്മൾ പെണ്ണുങ്ങൾ തന്നെ നമ്മുടെ മാനം രക്ഷിക്കാൻ ഇറങ്ങേണ്ടി യിരിക്കുന്നു എന്ന ചിന്ത ചിരകാലമായി എനിക്കു ള്ളതാണ്. അപമാനിതരായ സ്ത്രീകൾ തന്നെ അയാളെ കൈകാര്യം ചെയ്തതുകൊണ്ട് എന്തു നിയമ പ്രശ്നം വരും എന്നാണ് ഞാനാലോചി ക്കുന്നത്. പെണ്ണുങ്ങൾ കുറച്ചു നന്നായിത്തന്നെ തെറി പഠിക്കേണ്ടതുണ്ട്.നിർഭാഗ്യവശാൽ നമ്മുടെ തെറികളെല്ലാം പെണ്ണുങ്ങളെ പറഞ്ഞു കൊണ്ടുള്ള താണ്. തത്ക്കാലം നമുക്ക് ഉള്ള തെറികൾ പറയാം. മേലിൽ നമുക്ക് സ്ത്രീ അനുകൂല തെറികൾ ഉണ്ടാക്കിയെടുക്കണം. നല്ല തെറി വഴക്കവും മെയ് വഴക്കവും സ്ത്രീകളുടെ അഭിമാനത്തെ നില നിർത്തുന്നുവെങ്കിൽ നമുക്കത് പ്രയോഗിക്കാം ഇനിയും അമാന്തിക്കേണ്ടതില്ല എന്നു തോന്നുന്നു. സുഹൃത്തുക്കളേ. അത് പ്രയോഗിച്ച പെണ്ണുങ്ങളെ സപ്പോർട്ടു ചെയ്തു കൊണ്ട് അവരോടുള്ള ആദരവും പ്രകടിപ്പിക്കുന്നു. ■



ചർച്ചാവിഷയം



ഷീബ കെ.
ഗവ. കോളേജ്, ചിറ്റൂർ, പാലക്കാട്

# വർക്ക് ഫ്രം ഹോം അല്ലെങ്കിൽ വീടും ജോലിയും : ചില കോവിഡ്കാല നിരീക്ഷണങ്ങൾ

**കോ**വിഡ് -19 എന്ന മഹാമാരി ആഗോളതലത്തിൽ തന്നെ ഉണ്ടാക്കി കൊണ്ടിരിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ലോകം മുഴുവൻ നിശ്ചലമാവുകയും ഈ മഹാമാരിക്കു മുമ്പിൽ പകച്ച് നില്ക്കുകയും ചെയ്യുന്ന ഭീകരാവസ്ഥയെക്കുറിച്ചുള്ള സമഗ്രമായ പഠനങ്ങളും ചർച്ചകളും സ്ഥിതിവിവരക്കണക്കുകളും കോവിഡ് അതിജീവനത്തിനു ശേഷം വരാനിരിക്കുന്നതേ ഉള്ളു. കോവിഡ് -19 നമ്മുടെ നിത്യ ജീവിത വ്യവഹാരത്തിൽ നിരവധി മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വ്യക്തി ശുചിത്വം, ശാരീരിക-മാനസിക ആരോഗ്യം, സാമൂഹിക അകലം, സാമൂഹിക ഉത്തരവാദിത്തം, ഓൺലൈൻ വിദ്യാഭ്യാസം, വർക്ക് ഫ്രം ഹോം എന്നിവ അവയിൽ ചിലതാണ്. ഇതിൽ നമുക്ക് അധികം പരിചിത
മല്ലാത്ത എന്നാൽ കുറച്ചു പേർ
ക്കെങ്കിലും അറിയാവുന്ന ഒരു അവസ്ഥയാണ് വർക്ക് ഫ്രം ഹോം എന്നത്.കോവിഡ് കാലത്തെ വർക്ക് ഫ്രം ഹോം (WFH) അല്ലെങ്കിൽ വീട്ടിലിരുന്നുള്ള ജോലി, സ്ത്രീ
കളും വർക്ക് ഫ്രം ഹോമും, അതിന്റെ സവിശേഷതകൾ, ന്യൂനതകൾ എന്നിങ്ങനെ വർക്ക് ഫ്രം ഹോമിന്റെ നാനാവശങ്ങളെ കുറിച്ചുള്ള ചില നിരീക്ഷണങ്ങ
ളാണ് ഇവിടെ പങ്കു വെക്കുന്നത്.

കോവിഡ് മനുഷ്യ ജീവിത
ത്തിൽ ഉണ്ടാക്കിയ പരിവർത്തന
ങ്ങളിൽ വളരെയേറെ നമ്മെ സ്വാധീ
നിക്കുന്ന ഒന്നാണ് WFH എന്ന യാഥാർഥ്യം. മെട്രോ നഗരങ്ങളിൽ പ്രത്യേകിച്ച് ഐ ടി മേഖലകളിൽ ഇതൊരു പുതിയ അനുഭവമായിരിക്കില്ല. എന്നാൽ ചില പ്രത്യേക ജോലികളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന വർക്ക് ഫ്രം ഹോം, കോവിഡിനോ

ടൊപ്പം ഇന്ന് രാജ്യത്തെ ഒട്ടുമിക്ക തൊഴിലിട ങ്ങളിലേക്കും വ്യാപിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം മാറി നമ്മുടെയിടയിൽ വളരെ യേറെ പ്രചാരമുള്ള ഒരു വർക്ക് ഫ്രം ഹോം കാല ങ്ങളായി നിലനിൽക്കുന്നുണ്ട്. പക്ഷെ ഇത്തരം വർക്ക് ഫ്രം ഹോം ജോലികളെ ആരും ഈ പേര് നൽകി വിളിച്ചിട്ടില്ല. വീടിനോടു ചേർന്ന് നടത്തുന്ന കടകൾ, വീട്ടിൽ തന്നെ ഉണ്ടാക്കി കമ്പോളത്തിൽ വിൽക്കുന്ന ഭക്ഷണ സാധനങ്ങളായ അച്ചാർ, പപ്പടം, കൊണ്ടാട്ടം, മുറുക്ക് എന്നിവയും, ദൈനം ദിന ഉപയോഗവസ്തുക്കളായ പായ, കൊട്ട, ബീഡി തെറുക്കൽ എന്നിവയും ഇത്തരം വർക്ക് ഫ്രം ഹോമിന്റെ ഉദാഹരണങ്ങളാണ്. പക്ഷെ നമ്മൾ ഒരിക്കലും ഇത് പോലെ ഉള്ള ജോലികളെ അല്ല വർക്ക് ഫ്രം ഹോം ഗണത്തിൽ പെടുത്തുന്നത്.

വർക്ക് ഫ്രം ഹോം എന്താണെന്ന് കൂടുതൽ വിശദീകരിക്കണമെങ്കിൽ തൊഴിലിനെക്കുറിച്ചും, നമ്മുടെ ഇന്നത്തെ തൊഴിലിടങ്ങളെക്കുറിച്ചും, അവിടങ്ങളിലെ ലിംഗ പങ്കാളിത്തത്തെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമായി വരുന്നു. അമേരിക്കൻ തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചിരുന്ന മുൻ സാമ്പത്തികശാസ്ത്ര വിദഗ്ധ ബെറ്റ്സി സ്റ്റീവൻസൺ ഇങ്ങനെ അഭിപ്രായപ്പെടുന്നു: കോവിഡ് മഹാമാരി അമേരിക്കൻ സമൂഹത്തിൽ എക്കാലവും നിലനിന്നിരുന്ന ചില ന്യൂനതകളെ തുറന്നു കാട്ടുന്നു. തൊഴിൽ മേഖലയിൽ സ്ത്രീ കൾക്ക് തുല്യ പങ്കാളിത്തം ലഭിക്കുന്നില്ലെന്നും, തൊഴിൽ സമത്വത്തിലേക്കുള്ള പരിവർത്തനം അപൂർണമാണെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. ഈ പരാമർശത്തിൽ പ്രധാനമായും രണ്ടു കാര്യ ങ്ങളാണ് മുന്നോട്ടു വെക്കുന്നത്. ഒന്നാമതായി തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്ത ക്കുറവും അത് കാലാകാലങ്ങളായി അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളിൽ നിലനിൽക്കുന്ന ഒരു യാഥാർഥ്യവുമാണ് എന്ന വസ്തുതയാണ്. രണ്ടാമതായി തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ലിംഗ അസമത്വം എങ്ങനെ പൊതു സാമ്പത്തിക രംഗത്തെ സ്വാധീനിക്കുന്നു എന്നതിലേക്ക് ഈ അഭിപ്രായം വിരൽ ചൂണ്ടുന്നു എന്നതാണ്. വിക സിത രാജ്യമായ അമേരിക്ക ഇങ്ങനെ ഒരു മഹാ മാരിയെ അഭിമുഖീകരിച്ചു കൊണ്ട് ലിംഗ സമ ത്വത്തെ കുറിച്ചുള്ള ചർച്ചകൾ നടത്തുന്നത് അതിന്റെ ഗൗരവസ്വഭാവം പരിഗണിച്ചു കൊണ്ട് തന്നെയാണ്. തൊഴിൽ മേഖലയിലെ ലിംഗ അസ മത്വ ചർച്ചകൾ നമ്മുടെ സാമൂഹിക വ്യവഹാരങ്ങ ളിലും വന്നിട്ടു അധികം കാലം ആയിട്ടില്ല. കുറെ നീണ്ട അധ്വാനങ്ങൾക്കും പോരാട്ടങ്ങൾക്കും ശേഷമാണ് ഇന്നു മഹാമാരിക്ക് മുൻപുള്ള സമൂഹ മായി നാം പരിണമിച്ചെത്തിയത്. ഇങ്ങനെ രൂപം കൊണ്ട തൊഴിലിടങ്ങളിൽ എത്രമാത്രം ലിംഗ സമത്വം കൈവരിച്ചു എന്നത് ഓരോ പ്രദേശ ത്തിനും, രാജ്യത്തിനും സംസ്കാരത്തിനും അനു സരിച്ചു വ്യത്യാസപ്പെട്ടിരിക്കുന്നു.

2020 ഏപ്രിലിൽ യുണൈറ്റഡ്നേഷൻസ് (UN) പുറത്തിറക്കിയ 'സ്ത്രീകളുടെ മേൽ കോവിഡ് -19 ന്റെ ആഘാതം '(UN Secretary General's Policy Brief: The Impact of COVID-19 on Women) എന്ന പോളിസി സംഗ്രഹത്തിൽ പങ്കു വെക്കുന്നത്, കഴിഞ്ഞ ദശകങ്ങളിൽ നാം കൈ വരിച്ച പരിമിതമായ മുന്നേറ്റങ്ങളെല്ലാം നഷ്ടപ്പെടു ന്നതിലെ സന്ദേഹമാണ്. മാത്രമല്ല, നമ്മൾ കുറെ കാലം പുറകിലേക്ക് തള്ളപ്പെടാനുള്ള സാധ്യതയും മുന്നിൽ കാണുന്നു. ഇന്നു സമൂഹത്തിൽ നിലനിൽ ക്കുന്ന അസമത്വങ്ങൾ വർദ്ധിക്കാനും നിലവിലുള്ള സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ന്യൂനതകൾ കുറെ കൂടി അധികരിക്കാനും ഈ മഹാമാരി കാര ണമാകുന്നു. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ കോവിഡ്-19 എന്ന ആഗോള പ്രതിസന്ധി ലോക ത്തിന്റെ സാമ്പത്തിക രംഗവും നമ്മുടെ ദൈനംദിന ഉപജീവനവും സ്ത്രീകളുടെയും പെൺകുട്ടികളു ടെയും വേതനമില്ലാത്ത അധ്വാനത്തിലൂടെ (unpaid labour) പടുത്തുയർത്തിയ ഒന്നാണെന്നു കൂടുതൽ പ്രകടമായി ദൃശ്യപ്പെടുത്താൻ സഹായിക്കുകയാണ് ചെയ്തത്.

2020 മാർച്ച് പകുതിയോടെയും ഏപ്രിൽ ആദ്യവാരത്തോടെയും ലോകം സമ്പൂർണ അടച്ചു പൂട്ടലിലേക്ക് നീങ്ങുകയുണ്ടായി. കോവിഡ് ഉയ ർത്തിയ ആശങ്കകൾക്കും അവ്യക്തതകൾക്കും ഇടയിൽ ഭരണകൂടവും സ്ഥാപനങ്ങളും വ്യക്തി കളും തിരഞ്ഞെടുത്ത അല്ലെങ്കിൽ നിർബന്ധിതാ വസ്ഥയിൽ തിരഞ്ഞെടുക്കപ്പെട്ട മുൻകരുതലിൽ പ്രധാനപ്പെട്ട ഒന്നാണ് വർക്ക് ഫ്രം ഹോം എന്നത്. കേരളസമൂഹത്തിൽ ജോലി എന്ന് പറയുമ്പോൾ തന്നെ വീട്ടിൽ നിന്ന് മാറി ഒരു ജോലി സ്ഥലവും രാവിലെ 10 മുതൽ 5 വരെ എന്ന കൃത്യമായതും സമയസ്ഥല ബന്ധിതവുമായ ഒരു സങ്കൽപ്പമായാണ് നിലനിന്നു പോരുന്നത്. അതിൽ നിന്ന് വ്യത്യസ്ത മായാണ് WFH എന്ന ആശയം ഉടലെടുക്കുന്നത്. കോവിഡ് -19 നു ശേഷം ഒരു നവസ്വാഭാവികത ഉടലെടുക്കുമെന്നത് പലരും പറഞ്ഞു വെച്ചിട്ടുണ്ട്. നിലനിൽക്കുന്ന ജീവിത സങ്കൽപങ്ങളിലും ദർശന ങ്ങളിലും മഹാമാരി ഒരു വിപ്ലവകരമായ മാറ്റം ഉണ്ടാക്കിയതിന്റെ ഒരു തുടർച്ചയായി വർക്ക് ഫ്രം ഹോം നെ കാണേണ്ടതുണ്ട്.

WFH സ്ത്രീകളെ സംബന്ധിച്ചിടത്തോളം അസാധാരണവും വിഭിന്നവുമായ സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ ആശയം ഒരർത്ഥത്തിൽ നിരവധി പേർക്ക്, പ്രത്യേകിച്ച് ചെറിയ കുഞ്ഞു ങ്ങളുള്ള അമ്മമാർക്കും, ദുർബലവിഭാഗങ്ങളിൽ പെടുന്നവർക്കും, ശാരീരിക വെല്ലുവിളികൾ നേരി ടുന്നവർക്കും അവരവരുടെ ഇടങ്ങളിലിരുന്ന് ജോലി ചെയ്യുവാനുള്ള അവസരമൊരുക്കുന്നു. ഇങ്ങനെ

തൊഴിൽ മേഖലയിൽ നിന്നും അത് വഴി ലേബർ ഫോഴ്സിൽ നിന്നും പുറത്തു പോകാതെ തൊഴിലിൽ പങ്കാളികളാവാനുള്ള അവസരം ലഭിക്കുന്നു. കൃത്യമായ സമയ ചട്ടക്കൂടുകളെയും ഓഫീസ് അല്ലെങ്കിൽ 'സ്ഥലം' കൊണ്ട് പരിമിതപ്പെടുത്തിയ പരമ്പരാഗത തൊഴിൽ സങ്കൽപ്പങ്ങളെ പൊളിച്ചെഴുതുകയുമാണ് വർക്ക് ഫ്രം ഹോം എന്ന് പറയാം. ഏതിടത്തു വെച്ചും, ഏതു സമയത്തും ചെയ്യാവുന്ന ഒന്നായി ജോലി മാറുന്നു എന്നത് അഭിലഷണീയമായ കാര്യം തന്നെ. ജോലി സ്ഥലത്തേക്കുള്ള യാത്ര ഒഴിവാക്കിക്കൊണ്ട് സമയവും, ഊർജ്ജവും, സാമ്പത്തിക ചെലവും വീട്ടിലിരുന്ന് അതേ ജോലി ചെയ്തു കൊണ്ട് ലാഭിക്കാം എന്നതും ഏറെ പേർ ചൂണ്ടിക്കാണിക്കുന്ന വസ്തുതയാണ്. മെയ് 1ന് ഇറങ്ങിയ ദി ഇക്കണോമിക് ടൈംസ് പങ്കുവെക്കുന്ന ഒരു വാർത്തയും ഈ സാധ്യതയെ ബലപ്പെടുത്തുന്നു. ലോക്ക്ഡൗണിനു ശേഷം നമ്മുടെ ജോലിസ്ഥലങ്ങളിൽ വന്നു കൊണ്ടിരിക്കുന്ന പ്രകടമായ ഒരു മാറ്റത്തെ കുറിച്ചാണ് ഈ വാർത്ത പ്രതിപാദിക്കുന്നത്. ഓൺലൈൻ തൊഴിലവസര വേദികൾ ആയ JobsForHer ചൂണ്ടിക്കാണിച്ചുകൊണ്ട് പറയുന്നത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഈ വർഷം മാർച്ച് അവസാനത്തോടെ ജോലിക്കായുള്ള സ്ത്രീ അപേക്ഷകരിൽ 50% വർദ്ധനവ് ഉണ്ടായെന്നാണ്. കണക്കുകൾ കാണിക്കുന്നത് മെട്രോ നഗരങ്ങളായ ഡൽഹി, ബെംഗളൂരു, ചെന്നൈ, മുംബൈ, ഹൈദരാബാദ്, പൂനെ എന്നിവിടങ്ങളിൽ സ്ത്രീകൾ കൂടുതലായി ജോലിക്ക് അപേക്ഷിക്കുന്നു എന്നതാണ്. വർക്ക് ഫ്രം ഹോമിലേക്ക് ചുവടുമാറിയതിനു ശേഷമാണ് ഈ വർദ്ധനവ് എന്നത് ശ്രദ്ധേയമാണ്. ഇത് വരെ പലകാരണങ്ങൾ കൊണ്ട് അദ്ധ്വാനവിഭാഗത്തിൽ നിന്ന് പുറത്തു നിന്നിരുന്ന കുറെ സ്ത്രീകൾക്ക് WFH ഒരു അവസരമാവുകയാണ്.

വീട്ടിൽ ഇരുന്നു കൊണ്ട് ജോലി ചെയ്യാം എന്നത് ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ചിലർക്കെങ്കിലും നേടി കൊടുക്കുന്നുണ്ട്. എന്നാൽ മഹാഭൂരിപക്ഷം വരുന്ന, ജോലി ചെയ്യുന്ന സ്ത്രീകളെ സംബന്ധിച്ചു ഗാർഹികാന്തരീക്ഷവും ഔദ്യോഗികസ്ഥലവും ഒരേയിടത്തിൽ ആവുമ്പോൾ ജോലിഭാരം കൂടുകയാണ് ചെയ്യുന്നത്. ഇതിനു കാരണങ്ങൾ പലതാണ്. പ്രധാനമായും നമ്മുടെ സമൂഹത്തിൽ ആഴത്തിൽ സ്ഥാനം ഉറപ്പിച്ച ലിംഗ സങ്കൽപ്പങ്ങൾ അഥവാ സാമൂഹിക ക്രമങ്ങളാണ്. ഗൃഹാന്തരീക്ഷം അല്ലെങ്കിൽ 'അകം' എന്നും സ്ത്രീയുടെ ഉത്തരവാദിത്തവും, സമയവും സംരക്ഷണവും ആവശ്യപ്പെടുന്ന ഒന്നായി തന്നെ ഇന്നും നിലനിൽക്കുന്നു എന്നതാണ്. അതേ സമയം സ്ത്രീകൾ പുറത്തിറങ്ങി ജോലിക്ക് പോയി സമ്പാദിക്കാൻ തുടങ്ങിയിട്ടും പുറം ലോകം ഇപ്പോഴും പുരുഷന്റെ അധീനതയിലാണ്. കോവിഡ് മാറ്റിയെടുത്ത ജീവിതചര്യകളും ചിട്ടകളും ഇത്തരം ലിംഗ വിവേചനത്തിൽ അധിഷ്ഠിതമായ സമൂഹത്തിന്റെ പോരായ്മകളെ ചൂണ്ടി കാണിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നു എന്നത് ആശാവഹമാണ്.

വർക്ക് ഫ്രം ഹോമിലൂടെ അകം/പുറം എന്ന ദ്വന്ദ്വത്തിന്റെ അതിരുകൾ ഇല്ലാതാവുകയോ കൂടുതൽ അസ്പഷ്ടമാവുകയോ ചെയ്യുന്നുണ്ട്. കോവിഡിനു ശേഷമുള്ള കാലഘട്ടം അല്ലെങ്കിൽ ഇനി ഉണ്ടാവാൻ പോകുന്ന നവസ്വഭാവികത നമ്മളുടെ ചിന്തകളേയും പ്രവർത്തികളേയും മാറ്റണമെങ്കിൽ ഇന്നു നിലനിൽക്കുന്ന ലിംഗചിട്ടകളെ അഥവാ സാമൂഹികക്രമത്തെ ചോദ്യം ചെയ്തേ പറ്റൂ. ഇത്തരം ഒരു പ്രതിസന്ധിയിൽ ആണ് നമ്മുടെ ഇടയിൽ കാലാകാലങ്ങളായി വേതനമില്ലാത്ത ഗാർഹിക ജോലികളിലും (domestic chores), പരിചരണ പ്രവർത്തികളിലും (care jobs) നിലനിൽക്കുന്ന ലിംഗപരമായ അസന്തുലിതാവസ്ഥയെ വെളിച്ചത്തു കൊണ്ട് വരുവാൻ സാധിച്ചത്. ഇത് വരെ നമ്മൾ ശ്രദ്ധിക്കാതെ പോയ അല്ലെങ്കിൽ അദൃശ്യവത്കരിക്കപ്പെട്ട ഒരു സമ്പദ് വ്യവസ്ഥാ സാധ്യത ഇവിടെ നിലനിൽക്കുന്നു എന്നത് അക്കാദമിക ചർച്ചകൾക്കും അപ്പുറം കൂടുതൽ പ്രകടമാവുകയാണ് ചെയ്തത്. ഇത്തരം അദൃശ്യമാക്കപ്പെട്ട ഒരു സമ്പത് വ്യവസ്ഥ സ്ത്രീകളുടെ ജീവിതത്തിലും വ്യക്തിത്വത്തിലും അത് പോലെ തന്നെ ഔപചാരികമായ അല്ലെങ്കിൽ പ്രകടമായ സമ്പദ് വ്യവസ്ഥയിലും ഏറെ പ്രഭാവം ചെലുത്തുന്നു.

യുനെസ്കോയുടെ കണക്ക് പ്രകാരം കോവിഡ് -19ന്റെ പ്രഹരമേറ്റു ലോകം അടച്ചുപൂട്ടലിലേക്ക് നീങ്ങിയപ്പോൾ 1.52 ബില്യൺ വിദ്യാർത്ഥികളാണ് സ്കൂൾ അടച്ചിടലിലൂടെ വീടുകളിലായത്. വേതനമില്ലാത്ത ശിശു പരിപാലന ഉത്തരവാദിത്തവും സ്കൂളുകളിൽ നിന്ന് മാറി ഹോം-സ്കൂളിംഗ് എന്ന സമ്പ്രദായത്തിന്റെ ഭാരവും ഭൂരിഭാഗം ഇടങ്ങളിലും സ്ത്രീകളുടെ ചുമലിലാണ് വരുന്നത്. ഇതെല്ലാം ഗാർഹിക ജോലികൾക്കും അത് പോലെ തന്നെ കോവിഡ് കാലഘട്ടത്തിൽ മുതിർന്ന പൗരന്മാരുടെ പ്രത്യേക പരിചരണത്തിന്റെയും കൂടെയാണ് സ്ത്രീകൾ ചെയ്യേണ്ടി വരുന്നത്. മേൽ പറഞ്ഞ എല്ലാ ഉത്തരവാദിത്തങ്ങളും ജോലികളും നമ്മുടെ സാമൂഹിക ക്രമത്തിന്റെ ഭാഗമായി സ്ത്രീകളുടെ ഉത്തരവാദിത്തമായി കാലങ്ങളായി അടിച്ചേല്പിക്കപ്പെട്ടതുമാണ്.

2020 ഇൽ Oxfam India പുറത്തിറക്കിയ ഇന്ത്യയിലെ അസമത്വത്തെക്കുറിച്ചുള്ള റിപ്പോർട്ട് വെളിപ്പെടുത്തുന്നത് ഞെട്ടിപ്പിക്കുന്ന വസ്തുത

കളാണ്. ഇന്ത്യയിൽ ഒരു നാഗരിക സ്ത്രീ ശരാശരി ഒരു ദിവസം 312 മിനിറ്റുകളും, ഗ്രാമീണ സ്ത്രീ 297 മിനിറ്റുകളും ഗാർഹിക ജോലികൾക്കായും വേതനമില്ലാത്ത പരിചരണ ജോലികൾക്കായും (unpaid domestic and care work) ചെലവഴിക്കുന്നു. അതേ സമയം പുരുഷന്മാർ ഇത്തരം ജോലികൾക്കായി ചിലവഴിക്കുന്നത് 29 മിനിറ്റുകളും (നഗരം), 31 മിനിറ്റുകളും (ഗ്രാമം) ആണ്. 2020ലെ റിപ്പോർട്ട് പ്രധാനമായും ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ILO) 1998-99 കാലയളവിൽ നടത്തിയ പഠനങ്ങളേയും കണക്കുകളെയും അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ്. ലിംഗ അസമത്വത്തിലും പ്രത്യേകിച്ച് സ്ത്രീകളുടെ വേതനമില്ലാ ജോലികൾ എങ്ങനെ ഒരു സാമ്പത്തിക കർതൃത്വം (financial agency) നേടിയെടുക്കുന്നതിന് പ്രാപ്തരാക്കാം എന്നതിലുമാണ് Oxfam ഇന്ത്യയുടെ റിപ്പോർട്ട് ഊന്നൽ കൊടുക്കുന്നത്.

സാമ്പത്തിക വളർച്ചക്ക് മുഖ്യമായ പങ്കു വഹിക്കുന്നതിൽ എങ്ങനെ സ്ത്രീകളുടെ അദൃശ്യവത്കരിക്കപ്പെട്ട ഗാർഹിക ജോലികൾ മാറ്റിയെടുക്കാം എന്നത് W. A. Lewis നെ പോലുള്ള സാമ്പത്തിക വിദഗ്ദർ മുൻപ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

2020 ലെ ഗ്ലോബൽ ജെൻഡർ ഗ്യാപ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 153 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 112 ആണ് എന്നത് ഏറെ ഖേദകരമാണ്. അധ്വാനശേഷി വിഭാഗത്തിലുള്ള പങ്കാളിത്തവും ലിംഗസമത്വവും എങ്ങനെ ഒരു രാജ്യത്തിന്റെ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റിനെ (GDP) ബാധിക്കുന്നുവന്നതിനെ കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ഇന്റർനാഷണൽ മോനിറ്ററി ഫണ്ട് (IMF), വേൾഡ് ഇക്കണോമിക് ഫോറം തുടങ്ങിയ സംഘടനകൾ നടത്തിയ പഠനങ്ങൾ, ലിംഗ അസമത്വം കുറയുന്തോറും ഉയർന്ന ജിഡിപി നിരക്ക് ലഭിക്കുന്നു എന്ന് വ്യക്തമാക്കുന്നു. വേൾഡ് ഇക്കണോമിക് ഫോറം നിരീക്ഷിക്കുന്നത് അധ്വാനവിഭാഗത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുകയാണെങ്കിൽ ഇന്ത്യയുടെ ജിഡിപി നിരക്ക് 27 ശതമാനത്തോളം വർധിക്കുമെന്നാണ് (The Economic Times, 21, Jan 2018). തൊഴിലിടങ്ങളിലെ ലിംഗ സമത്വം ഒരു ലക്ഷ്യമായിട്ടല്ല വിഭാവനം ചെയ്യപ്പെടുന്നത്. മറിച്ചു കൂടുതൽ ഉയർന്ന മാനുഷിക വികാസ ലക്ഷ്യങ്ങളായ പട്ടിണി അകറ്റൽ, ശൈശവമരണ നിരക്ക് കുറക്കൽ തുടങ്ങിയവ നേടുന്നതിനുള്ള ഉപാധിയായിട്ടാണ്.

എല്ലാ തരത്തിലും ഉള്ള ഗാർഹിക ജോലികളും, കുഞ്ഞുങ്ങളെയും അസുഖം ബാധിച്ചവരെയും വൃദ്ധരെയും പരിപാലിക്കലും, സംരക്ഷിക്കലും വേതനമില്ലാത്ത ജോലികളുടെ പരിധിയിൽ വരുന്നു. സമൂഹം ഇപ്പോഴും ഇത്തരം ജോലികളെ കടമ / ഉത്തരവാദിത്തം എന്ന രീതിയിലാണ് കണക്കാക്കുന്നത്. എന്നാൽ സ്ത്രീവാദ സാമ്പത്തിക വിദഗ്ദ്ധർ ഇത്തരം പ്രവർത്തികളെ 'ജോലി'യായി കണക്കാക്കുന്നതിന്റെ കാരണം ഇവ ആവശ്യപ്പെടുന്ന മാനസികവും വൈകാരികവും ശാരീരികവുമായ അധ്വാനത്തെ മുൻ നിർത്തിയാണ്. ഇതേ ജോലികൾ പുറത്തു നിന്ന് ആളെ നിയമിച്ചു ചെയ്യുമ്പോൾ ഇതെല്ലാം തന്നെ വേതനമുള്ള ജോലിയായി മാറുന്നു. മിക്കപ്പോഴും ഇത്തരം പ്രവർത്തികൾ സ്ത്രീകളുടെ സഹജമായതും ധാർമികമായതുമായ ഉത്തരവാദിത്തമായാണ് സമൂഹം ചിട്ടപ്പെടുത്തി വെച്ചിരിക്കുന്നത്. കുറച്ച് കൂടി വ്യക്തമായി പറഞ്ഞാൽ ഇത്തരം ജോലികളെ സ്നേഹത്തോടെയുള്ള പ്രവൃത്തികളായാണ് ("act of love") അടയാളപ്പെടുത്തുന്നത്. ഇതൊരു വേതനമില്ലാത്ത ജോലിയായി പോലും അംഗീകരിക്കാൻ നമ്മുടെ സമൂഹം ഇപ്പോഴും തയ്യാറല്ല എന്നതാണ്. അശ്വിനി ദേശ്പാണ്ഡെ സ്ത്രീവാദ സാമ്പത്തികവിദഗ്ദ്ധരുടെ പഠനങ്ങൾ ചൂണ്ടി കാട്ടി തന്റെ ലേഖനത്തിൽ 'പ്രത്യുല്പാദന അധ്വാനം' (reproductive labour) കൂടി വേതനമില്ലാത്ത ജോലികളുടെ കൂടെ കണക്കാക്കുന്നുണ്ട്. സമൂഹത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടിയും അടുത്തൊരു അദ്ധ്വാന തലമുറ (labour force) സൃഷ്ടിക്കുന്നതിന് വേണ്ടിയും ഉള്ള പ്രത്യുത്പാദന ചുമതലയുടെയും സിംഹപങ്കും വഹിക്കേണ്ടി വരുന്നത് സ്ത്രീകളാണ് (Economic and Political Weekly, Vol 55/21, 23 May 2020). ആഗോള തലത്തിലും രാഷ്ട്രതലത്തിലും പ്രസവാവധി, കുഞ്ഞുങ്ങളെ പരിചരിക്കാനുള്ള അവധി തുടങ്ങിയവ പലഘട്ടങ്ങളിലായി സ്ത്രീകളെ തൊഴിൽ രംഗത്ത് നിന്ന് ഗർഭകാലത്തോ പ്രസവത്തിനു ശേഷമോ മാറ്റി നിർത്തുന്ന പ്രവണത കുറച്ചു

**'സ്ത്രീകളാണ് കൂടുതൽ വീട്ടുജോലികൾ ചെയ്യുന്നത്. പുരുഷന്മാർ കൂടി അല്പസ്വല്പം സഹായിച്ചാൽ അവർക്കു ആശ്വാസമാകും. എല്ലാവരും വീടുകളിൽ കഴിയുന്ന സാഹചര്യത്തിൽ കുടുംബത്തിൽ ആരോഗ്യകരമായ ബന്ധവും ജനാധിപത്യപരവുമായ സാഹചര്യവും വളർത്തി കൊണ്ട് വരുവാൻ ശ്രദ്ധിക്കണം' എന്ന് അദ്ദേഹം പറഞ്ഞു വെച്ചു.**

കൊണ്ട് വന്നതായി കാണാം. പക്ഷെ ഇപ്പോഴും സേവന വേതന വ്യവസ്ഥകൾ പാലിക്കാത്ത ഭൂരി പക്ഷം തൊഴിലിടങ്ങളിലും ഗർഭം ധരിക്കുന്നത് തന്നെ ഒരു അയോഗ്യതയായി കാണുന്നു എന്നത് വസ്തുതയാണ്.

ഇതെങ്ങെനെയാണ് തൊഴിലിടങ്ങളിലെ സ്ത്രീ പങ്കാളിത്തത്തെ ബാധിക്കുന്നുവെന്നത് പരിശോധിക്കാം. ഒന്നാമതായി സ്ത്രീകളെ സംബ ന്ധിച്ച് പുരുഷ കേന്ദ്രിത സമൂഹം ചിട്ടപ്പെടുത്തി യെടുത്ത ലിംഗ പെരുമാറ്റ രീതികളിൽ നിന്ന് കൊണ്ട് ഗാർഹിക ചുമതലകൾ അവനവന്റെ വ്യക്തിപരമായ തിരഞ്ഞെടുപ്പ് ആവുന്നില്ല എന്ന താണ്. പലപ്പോഴും പുരുഷന്മാർ അടുക്കളയിൽ പാചകം ചെയ്യുന്നത് ഒരു വിനോദമായാണ്, ഉത്ത രവാദിത്തമായല്ല. ഇതിനു തീർച്ചയായും അപവാദ ങ്ങളുണ്ടാവാം. ഇവിടെ പുരുഷന്റെ തിരഞ്ഞെടു പ്പാവുന്നു ഗാർഹിക ജോലികൾ. അത് കൊണ്ട് തന്നെ അത്തരം പ്രവൃത്തികൾ പൂർണമായും വേണ്ടെന്നു വെക്കുവാനോ തൽക്കാലത്തേക്ക് ഒഴിവാക്കാനോ പുരുഷന് താരതമ്യേന എളുപ്പമായി തീരുന്നു. അവനു അത് കൊണ്ട് പുറത്തുള്ള വേതനമുള്ള ജോലികളിൽ പങ്കെടുക്കുന്നതിനു സമയവും, ഊർജവും ലഭിക്കുന്നു. അങ്ങനെ രണ്ടിടങ്ങളിലും അതായത് അകത്തും പുറത്തും ഒരു പോലെ അസമത്വം വ്യാപിക്കുന്നു. ജനസംഖ്യ യിൽ പകുതിയോളം വരുന്ന സ്ത്രീകളെ ഇത്തരം അസമത്വങ്ങൾ, കുറഞ്ഞ ഉത്പാദനക്ഷമതയുള്ള വരാക്കി (low productivity) മാറ്റുന്നു. ഒരു രാജ്യ ത്തിന്റെ തന്നെ സാമ്പത്തിക സാമൂഹിക വളർച്ചക്ക് അനുകൂലമായ സ്രോതസ്സ് ആവുന്നതിനു പകരമാണ് ഇത് സംഭവിക്കുന്നത്.

ഇനി സ്ത്രീകൾ പുറത്തു പോയി ജോലി നേടി യാലും വേതനമില്ലാത്ത ഗാർഹിക ജോലിക ളുടെ കൂടെ വേതനമുള്ള പുറത്തെ ജോലി കൂടി ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഭൂരിപക്ഷം കുടും ബങ്ങളിലും കാണുന്നത്. ഇതിന്റെ കൂടി അനന്തര ഫലമായാണ് സ്ത്രീകൾ പലപ്പോഴും ചെറിയ വരു മാനമുള്ള കുറഞ്ഞ ഉല്പാദനക്ഷമതയുള്ള ജോലി കളിൽ വ്യാപൃതരാവുന്നത്. സ്ത്രീകളെ കൂടുതൽ ഉല്പാദനക്ഷമതയുള്ളവരാക്കുവാൻ ഭരണകൂടം പ്രത്യേകം ശ്രദ്ധ ചെലുത്തി വേതനമില്ലാത്ത ജോലികൾ പങ്കുവെക്കുന്നുവെന്നു ഉറപ്പു വരുത്തേ ണ്ടതുമാണ്. കേരളത്തിൽ കോവിഡിന്റെ ആഘാത ത്തിന്റെ നാൾവഴികളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ പ്രസ്സ് മീറ്റും പരിശോധി ക്കുകയാണെങ്കിൽ നമ്മുടെ സമൂഹത്തിൽ നില നിൽക്കുന്ന ക്രമങ്ങളെ കുറിച്ചു വളരെ വ്യക്തമായ ഭാഷയിൽ സൂചിപ്പിക്കുകയുണ്ടായി.

'സ്ത്രീകളാണ് കൂടുതൽ വീട്ടുജോലികൾ ചെയ്യുന്നത്. പുരുഷന്മാർ കൂടി അല്പസ്വല്പം സഹായിച്ചാൽ അവർക്കു ആശ്വാസമാകും. എല്ലാ വരും വീടുകളിൽ കഴിയുന്ന സാഹചര്യത്തിൽ കുടുംബത്തിൽ ആരോഗ്യകരമായ ബന്ധവും ജനാധിപത്യപരവുമായ സാഹചര്യവും വളർത്തി കൊണ്ട് വരുവാൻ ശ്രദ്ധിക്കണം' എന്ന് അദ്ദേഹം പറഞ്ഞു വെച്ചു. എടുത്തു സൂചിപ്പിച്ച ഒരു കാര്യം വേതനമില്ലാത്ത ജോലികളിൽ വ്യാപൃതരാവുന്ന സ്ത്രീകളെ സഹായിക്കാനും ഗാർഹികാന്തരീക്ഷം കുറെ കൂടി സമത്വവത്കരിക്കാനുമാണ്. 'സഹായി ക്കുക' എന്ന വാക്കിനെ കേന്ദ്രീകരിച്ച് നിരവധി വാദപ്രതിവാദങ്ങൾ സമൂഹമാധ്യമങ്ങളിൽ പിന്നീട് നടന്നു. അത്തരം ഒരു പ്രയോഗത്തിന്റെ ശരിയോ ശരികേടോ പരിശോധിക്കുന്നതിനുമുപരി അദ്ദേഹം പറഞ്ഞ ആശയങ്ങളോട് പൂർണമായി യോജിച്ചു കൊണ്ട് തന്നെ പറയട്ടെ, ഗാർഹിക ജോലികൾ ഉത്തരവാദിത്തത്തോടെ പങ്കു വെക്കുന്ന ഒരു ചിന്താ ഗതിയിലേക്ക് നമ്മൾ മാറേണ്ട കാലം അതിക്രമി ച്ചിരിക്കുന്നു.

ഇത്രയും പറയുമ്പോഴാണ് വർക്ക് ഫ്രം ഹോം എന്ന ആശയത്തിന്റെ ആശങ്കകൾ ഏറുന്നത്. നമ്മുടെയിടയിൽ WFH പ്രചരിക്കുമ്പോഴും വീടും ജോലിസ്ഥലവും തമ്മിലുള്ള അകലം കുറയു മ്പോൾ അത് ചിലരിലെങ്കിലും പ്രശ്നങ്ങൾ സൃഷ്ടിക്കാം. രണ്ടു വ്യത്യസ്ത മണ്ഡലങ്ങളായി പ്രവർത്തിച്ചു പോന്നിരുന്ന സ്ഥാപനങ്ങൾ ഇഴുകി ചേരുമ്പോൾ കുറച്ചു പേർക്കെങ്കിലും അസ്വസ്ഥത ഉണ്ടായേക്കാം. സ്ഥലവും സമയവും എന്ന ചട്ട ക്കൂടുകളിൽ നിന്ന് ഓഫീസിനെ അല്ലെങ്കിൽ ജോലിയെ മോചിപ്പിക്കുമ്പോഴും സ്ത്രീകളെ സംബന്ധിച്ചു അത് വേതനമില്ലാത്തതും വേതന മുള്ളതുമായ ജോലികളുടെ കൂട്ടികുഴച്ചിലാണ്. അവിടെ സമൂഹം നിഷ്കർഷിക്കുന്ന സ്നേഹ ത്തോടെയുള്ള പ്രവൃത്തിക്കാണോ (act of love) അതോ ജോലി ആവശ്യപ്പെടുന്ന ഉത്തരവാദിത്ത ത്തോടെ ചെയ്യുന്ന പ്രവൃത്തിക്കാണോ (act of responsibility) മുൻതൂക്കം ലഭിക്കുക എന്നത് ചിന്തിക്കേണ്ട വസ്തുതയാണ്.

അകം/പുറം അതിരുകൾ ഇല്ലാതാവുന്നതി ലൂടെ വീടിന്റെ സ്വകാര്യതയിലേക്ക് ഓഫീസും, ഫയലും, ഓൺലൈൻ മീറ്റിങ്ങും കയറി വരുന്ന സാഹചര്യം ഇന്നു അന്യമല്ല. വീട്ടിൽ ചിലവഴി ക്കുന്ന സമയവും ഓഫീസ് ടൈമും കൂടി കലർ ന്നുവെന്നു പറയാം. ഇതിലൂടെ രണ്ടിടങ്ങളിലും നമ്മൾ ചിലവഴിക്കുന്ന ഗുണമേന്മയുള്ള സമയം (quality time) കുറഞ്ഞു എന്നതും കാണാം. അതു ണ്ടാക്കുന്ന മാനസിക സമ്മർദ്ദവും പിരിമുറുക്കവും വ്യക്തികളെയും കുടുംബങ്ങളെയും സാരമായി ബാധിച്ചു തുടങ്ങിയിരിക്കുന്നു. വീടും ജോലിസ്ഥ

ലവും ഒന്നായി മാറുമ്പോൾ പലപ്പോഴും മാനസിക പിരിമുറുക്കങ്ങളിൽ നിന്ന് വ്യക്തികൾ മോചിതരാവുന്നില്ല എന്നത് ഉത്കണ്ഠ ഉണ്ടാക്കുന്ന വസ്തുതയാണ്. പലർക്കും വീട് ഓഫീസിന്റെ ഭാരം ഇറക്കി വെക്കുന്ന ഒരു ഇടമാണ്, അത് പോലെ തിരിച്ചും. WFH ലൂടെ ഇത് രണ്ടും സാധ്യമല്ലാതെ വരുന്നു.

ഇന്നത്തെ WFH ഒരു സാമൂഹിക അകലത്തിന്റെ സൃഷ്ടിയാണ്. അപ്പോൾ അത് സ്വാഭാവികമായും ഇല്ലായ്മ ചെയ്യുന്നതും സാമൂഹികമായ കൂടിച്ചേരലുകൾ തന്നെയാണ്. പലർക്കും ഓഫീസ് എന്നത് വീടിന്റെ പുറത്തു സുഹൃത്തുക്കളും മറ്റുമായി ഒത്തുചേരലിന്റെയും പങ്കുവെക്കലിന്റെയും വേദി കൂടിയാണ്. അതെല്ലാം നഷ്ടപ്പെടുന്ന ഒരു വ്യക്തി തീർച്ചയായും WFH എന്നത് താത്കാലിക ക്രമീകരണം മാത്രമായേ കാണുകയുള്ളു. ഇത് പോലെ തന്നെ പ്രധാനപ്പെട്ട മറ്റൊരു വസ്തുതയാണ് വീടകങ്ങൾ എല്ലാ മനുഷ്യർക്കും ഒരു സുരക്ഷിത അഭയകേന്ദ്രങ്ങളല്ല എന്നത്. കോവിഡ് കാലം കഴിഞ്ഞാലേ ഗാർഹിക പീഡനങ്ങളുടെ തോതും നിരക്കും സമഗ്രമായ പഠനത്തിലൂടെ പുറത്തു വരൂ.

സ്കൂളുകൾ അടച്ചുപൂട്ടിയതിലൂടെ പുതിയതായി വന്ന അധിക ചുമതലയാണ് 'homeschooling' എന്നത്. തൽക്കാലത്തേക്ക് ഓൺലൈൻ പഠന രീതിയിലേക്ക് പൂർണ്ണമായി ചുവടുമാറ്റം നടന്നതോടെ ഒട്ടു മിക്ക വീടുകളിലും സ്ത്രീകൾക്ക് കുട്ടികളെ പഠിപ്പിക്കുക എന്ന ഉത്തരവാദിത്തം കൂടി വന്നു ചേർന്നു. മുൻപ് സ്കൂളിൽ പരിശീലനം നേടിയ അദ്ധ്യാപകർ ചെയ്തിരുന്ന ജോലിയാണ് ഇപ്പോൾ വീടുകളിൽ ഓരോ രക്ഷിതാവും ചെയ്യേണ്ടി വരുന്നത്.

ഇതിനെല്ലാം ഇടയിൽ വർക്ക് ഫ്രം ഹോം പലപ്പോഴും ഒരു അനുഗ്രഹമായി തീരുന്നത് ചെറിയ കുട്ടികളുള്ള അമ്മമാർക്കും, പ്ലേ സ്കൂളും/day care സെന്ററും അടച്ചു പൂട്ടിയപ്പോൾ സ്വയം അധ്വാന വിഭാഗത്തിൽ നിന്ന് പുറത്തു നിൽക്കേണ്ടി വന്നവർക്കുമാണ്. പക്ഷെ അപ്പോഴും മഹാഭൂരിപക്ഷം വരുന്ന സ്ത്രീകളും ചെറിയ വരുമാനമുള്ള ജോലികളിൽ വ്യാപൃതരാവുന്നത് WFH ഇൽ നിന്ന് ഇവരെ അകറ്റി നിർത്തും. കാരണം ഇത്തരം കുറഞ്ഞ വരുമാനം ലഭിക്കുന്ന സൂപ്പർ മാർക്കറ്റിലെയോ, പെട്രോൾ പമ്പിലെയോ, തുണിക്കടയിലെയോ ജോലികൾ WFH ആയി ചെയ്യാൻ സാധിക്കുന്നതല്ല. 2017-18 ലെ Labour Force Participation Rate അനുസരിച്ചു ഇന്ത്യയിൽ 23.3 % സ്ത്രീകൾ മാത്രമേ അധ്വാനവിഭാഗത്തിൽ പങ്കാളികളാവുന്നുള്ളു. അതായത്, 16നും 64നും ഇടയിൽ പ്രായമുള്ള നാലിൽ മൂന്നിൽ കൂടുതൽ സ്ത്രീകളും വേതനം ലഭിക്കുന്ന ജോലി ചെയ്യുന്നില്ല അല്ലെങ്കിൽ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ പങ്കാളികളാവുന്നില്ല എന്ന് വ്യക്തം.

ഇന്നത്തെ കോവിഡ് സൃഷ്ടിച്ച പ്രത്യേക സാഹചര്യത്തെ കുറിച്ച് നിരീക്ഷിക്കുമ്പോൾ നല്ലൊരു ശതമാനം കുടുംബങ്ങൾ ഒരു പക്ഷെ മാതൃകകൾ ആവുന്നുണ്ടാവാം. പ്രത്യേകിച്ചു ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന ഭൂരിപക്ഷം വരുന്ന സ്ത്രീകളുടെ വീടുകളിലും പുരുഷന്മാരായിരിക്കും മേൽ പറഞ്ഞ എല്ലാ വേതനമില്ലാത്ത ഗാർഹിക ജോലികളും ചെയ്യുന്നത്. അത് വിസ്മരിച്ചു കൊണ്ടല്ല ഈ നിരീക്ഷണങ്ങൾ.

കോവിഡ് കാലം കഴിഞ്ഞാലും ചില WFH ജോലികളെങ്കിലും ചില മാറ്റങ്ങളോടെ നമുക്കിടയിൽ നിലനിൽക്കാനാണ് സാധ്യത. കോവിഡ് ശീലിപ്പിച്ച പുതിയ ചിട്ടക്രമങ്ങളിൽ നിന്ന് ചില നല്ല പാഠങ്ങൾ നമ്മുടെ സമൂഹം ഉൾക്കൊള്ളുമെന്നു പ്രതീക്ഷിക്കാം, പ്രത്യേകിച്ച്, വേതനമില്ലാത്ത ഗാർഹിക പരിപാലന ജോലികളിൽ തുല്യ പങ്കാളിത്തം, അതിന്റെ തുടർച്ചയെന്നോണം വേതനമുള്ള ജോലികളിൽ സ്ത്രീകളുടെ കാര്യക്ഷമമായ പങ്കാളിത്തം എന്നിവ ഉറപ്പാക്കൽ.

■



ചർച്ചാവിഷയം



**ജിഷ സൂര്യ**
സ്വതന്ത്ര മാധ്യമ പ്രവർത്തക

# മാധ്യമങ്ങളും കൊറോണ കാലവും

**മാ**ധ്യമപ്രവർത്തകർ മഹാമാരിയുടെ കാലത്തു രേഖപെടുത്തുന്നതൊക്കെയും നാളത്തെ ചരിത്രമായി മാറേണ്ടതാണ്. എന്നാൽ കോവിഡ് 19ന്റെ കാലത്ത് തങ്ങളുടെ ജോലി ചെയ്യാൻ അവർ നേരിടേണ്ടി വരുന്നത് വൈറസിനെപ്പോലെ തന്നെ അദൃശ്യമായ പല വെല്ലുവിളികളുമാണ്.

സ്വന്തം സുരക്ഷ മറന്നു മാധ്യമപ്രവർത്തകർ തുടർച്ചയായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് മെയ് 28നാണ് ആദ്യമായി സുപ്രീം കോടതി അതിഥി തൊഴിലാളികളുടെ കാൽനടയായുള്ള കൂട്ട പലായന വിഷയത്തിൽ ഇടപെടുന്നത്. എന്നാൽ മാധ്യമങ്ങൾ കള്ളം പറയുന്നെന്നാണ് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത സുപ്രീം കോടതിയെ അറിയിച്ചത്. പുലിത്സർ നേടിയ സൗത്ത് ആഫ്രിക്കൻ ഫോട്ടോ ജേർണലിസ്റ്റ് ആയ കെവിൻ കാർട്ടറുടെ 'കഴുകനും പെൺകുട്ടി'യുമെന്ന ചിത്രത്തെ സംബന്ധിച്ച ഒരു തെറ്റായ വാട്ട്സെപ്പ് ഫോർവേഡ് ഉദ്ധരിച്ചു മേത്ത കോടതിയോട് പറഞ്ഞത് മാധ്യമങ്ങൾ ദുരന്തങ്ങൾ കൊതിക്കുന്ന കഴുകന്മാർ ആണെന്നാണ്.

ഈ ഒരു സംഭവത്തിൽ തന്നെ മാധ്യമങ്ങൾ നേരിടുന്ന പല പ്രശ്നങ്ങൾ കാണാം. മഹാമാരിയുടെ കാലത്ത് മാധ്യമങ്ങൾ എന്ത് റിപ്പോർട്ട് ചെയ്യണം എന്ന് ഗവണ്മെന്റ് നിഷ്കർഷിക്കുന്നു എന്നതാണ് ഒന്ന്. ഉത്തരവാദിത്തപെട്ട സ്ഥാനത്തു ഇരിക്കുന്നവർ പോലും മാധ്യമങ്ങളുടെ വിശ്വാസ്യത തകർക്കാൻ ശ്രമിക്കുന്നു എന്നത് മറ്റൊരു പ്രശ്നം. അതിനു സാമൂഹിക മാധ്യമങ്ങളിലെ വ്യാജവാർത്തയെ കൂട്ടുപിടിക്കുന്നു എന്നുള്ളതാണ് ഏറെ ഗൗരവതരം.

ഭരണകൂടം തരുന്ന കണക്കുകൾ മാത്രം ഉപയോഗിക്കുക എന്നതാണ് കോവിഡ് കാലത്തു മാധ്യമങ്ങളോട് ആവശ്യപ്പെട്ട മറ്റൊരു കാര്യം. ദുരന്ത സമയത്ത് കരുതൽ വേണ്ടതിനാൽ കേരളത്തിൽ ഉൾപ്പടെ മാധ്യമങ്ങൾ ഭരണകൂടം തരുന്ന കണക്കുകൾ അവർ പറയുന്ന സമയത്ത് മാത്രം ജനങ്ങളിലേക്ക് എത്തിക്കാൻ ശ്രദ്ധ പുലർത്തി. എന്നാൽ മുന്നോട്ടു പോകും തോറും പ്രശ്നങ്ങൾ കൂടി വന്നു. കണക്കുകൾ പലതും അപൂർണ്ണമാണ്. ഇനി എന്തെങ്കിലും തിരിമറികൾ നടന്നെങ്കിൽ അത് കണ്ടുപിടിക്കാനും ബുദ്ധിമുട്ടുകൾ ഏറെ.

ഉദാഹരണത്തിന് കേരളത്തിലെ ഔദ്യോഗിക

കോവിഡ് മരണങ്ങൾ സെപ്റ്റംബർ 25 വരെ 634 ആയിരിക്കുമ്പോൾ ആരോഗ്യ മേഖലയിലെ സന്നദ്ധ പ്രവർത്തകർ തയ്യാറാക്കിയ കണക്ക് പ്രകാരം ഇത് ആയിരത്തിനും മുകളിലാണ്. കോവിഡ് ചികിത്സയിൽ കഴിഞ്ഞ വ്യക്തിയാണെങ്കിലും മരണശേഷം ഒരു ടെസ്റ്റ് കൂടെ നടത്തി അതിൽ നെഗറ്റീവ് ആണെങ്കിൽ കോവിഡ് മൂലം മരിച്ചവരുടെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. മുൻപ് ഉണ്ടായിരുന്ന രോഗം മാത്രമാണ് മരണകാരണമായി പരിഗണിക്കുന്നത്. ഇത് ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെങ്കിലും ആശയക്കുഴപ്പങ്ങൾ ഒഴിവാക്കാൻ ഔദ്യോഗിക കണക്കുകൾ തന്നെയാണ് മാധ്യമങ്ങൾ പിന്തുടരുന്നത്. അയൽ സംസ്ഥാനമായ തമിഴ്നാട് ആശുപത്രികളിൽ എത്ര ബെഡുകൾ ഉണ്ടെന്നതുൾപ്പടെയുള്ള കണക്കുകൾ പുറത്തു വിടുമ്പോൾ കേരളത്തിൽ ഇത്തരം പല വിവരങ്ങളും ലഭ്യമല്ല.

കേന്ദ്ര ഗവണ്മെന്റ് നൽകുന്ന അപൂർണമായ കണക്കുകളിൽ പ്രതിഷേധിച്ചു രുക്മിണി എസ് എന്ന ഡാറ്റ ജേർണലിസ്റ്റ് 5മിനിറ്റുള്ള പോഡ്കാസ്റ്റിലൂടെ ഏറെ പ്രസക്തമായ കാര്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ഉത്തരം കിട്ടുന്നില്ലെങ്കിലും കഴിഞ്ഞ ഏതാനും മാസങ്ങളായി അവർ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേ ഇരിക്കുകയാണ്. ചോദ്യങ്ങൾ ചോദിക്കുകയും ജനങ്ങളെ ചിന്തിപ്പിക്കുകയും ചെയ്യുക എന്ന മാധ്യമധർമം ഏറെ പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് അവർ നന്നായി ചെയ്യുന്നു.

മാധ്യമങ്ങൾ, വിശേഷിച്ചും അച്ചടി മാധ്യമങ്ങൾ, ഒരു വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരുന്ന കാലത്താണ് മഹാമാരിയുടെ വരവ്. നടുവൊടിയാറായ ഒട്ടകത്തിന് മേൽ വന്നു വീണ അവസാന വൈക്കോൽ കഷ്ണമായി കോവിഡ്. ഇന്റർനെറ്റും അതിന്റെ ആഗോള ശൃംഖലയിലെ കണ്ണികളായ ഗൂഗിൾ, ആപ്പിൾ, ഫേസ്ബുക്ക്, ആമസോൺ, ടിറ്റർ (GAFAT) എന്നിവ ചേർന്ന് സൃഷ്ടിച്ച പുതിയ ലോകം അതിന്റെ പുത്തൻ സാങ്കേതിക വിദ്യകൊണ്ടു മാത്രമല്ല പരസ്യങ്ങളെ തങ്ങളിലേക്ക് ആകർഷിച്ചും മാധ്യമങ്ങളെ ഒരു തകർച്ചയുടെ വക്കിൽ എത്തിച്ച കാലനത്താണ് ലോകം മുഴുവൻ കീഴ്മേൽ മരിച്ച കോവിഡ് 19 പുതിയ വെല്ലുവിളിയുമായി അവതരിക്കുന്നത്. മുൻ ഗാർഡിയൻ പത്രാധിപരായിരുന്ന അലൻ റസ്ബ്രിഡ്ജർ GAFATകളാണ് മാധ്യമങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി എന്ന് വിശേഷിപ്പിച്ചത്. പരസ്യ വരുമാനത്തെ ആശ്രയിച്ച് നിലനിൽപ്പ് സാധ്യമല്ലെന്ന് മനസ്സിലാക്കി മാധ്യമങ്ങൾ വരുമാനത്തിനായി മറ്റു വഴികൾ ആലോചിച്ചു വന്ന കാലഘട്ടമായിരുന്നു ഇത്. വരിസംഖ്യ അടച്ച് അംഗങ്ങളാകുന്നവർക്കു പ്രത്യേക വാർത്ത പാക്കേജ് മുതൽ സ്പോൺസേർഡ് പരിപാടികൾ വരെയുള്ള പരീക്ഷണങ്ങൾ നടക്കുന്നു. ഈ അടുത്തിടെ തുണിക്കടയുടെ ഉത്



ഘാടനത്തിന് ഒരു ചാനൽ ഓഗ്മെന്റഡ് റിയാലിറ്റി വഴി കട സ്റ്റുഡിയോയിൽ എത്തിക്കുന്നതായി അറിയിച്ചിരുന്നു.

പരസ്യത്തിനായി വിപണിയെ ആശ്രയിരുന്നെങ്കിലും മാധ്യമങ്ങൾക്കു തങ്ങളുടെ സ്വതന്ത്ര സ്വഭാവം നിലനിർത്തി പോകാൻ കുറച്ചൊക്കെ കഴിഞ്ഞിരുന്നു. പരസ്യം നല്കാൻ കഴിയുന്നവരുടെ എണ്ണം ചുരുങ്ങു
മ്പോൾ ഇതിൽ വലിയ മാറ്റങ്ങൾ ഉണ്ടാകും. കോവിഡ് പ്രതിസന്ധി കാലത്തു കേരള സർക്കാർ മാധ്യമങ്ങ
ൾക്കു കൊടുത്തു തീർക്കാനുള്ള 54 കോടി നൽകാനുള്ള തീരുമാനം ഈ അടുത്തിടെ എടുത്തത് ഇതുമായി ചേർത്ത് വായിക്കാവുന്നതാണ്. മറ്റു വരുമാനമില്ലാതിരുന്ന സമയത്ത് ഈ തീരുമാനം മാധ്യമങ്ങളെ അനുനയിപ്പിക്കാൻ സർക്കാരിന് കിട്ടിയ ഏറ്റവും നല്ല അവസരമായി. കുറച്ചു കാലത്തേക്ക് എങ്കിലും മാധ്യമങ്ങൾ തങ്ങളുടെ വിമർശനരീതി മയപ്പെടുത്താൻ ഇത് കാരണമായി.

പരസ്യ വരുമാനം ഒന്നാകെ നിലച്ച മാധ്യമങ്ങൾ നിലനില്പിനായി ചെയ്യുന്നതൊക്കെയും ഒരു സ്വതന്ത്ര ജാനാധിപത്യ രാജ്യത്തിൽ വലിയ മാറ്റങ്ങൾക്കു ഇടവരുത്തും. അതിന്റെ പ്രത്യാഘാതങ്ങൾ ഇനി അറിയാൻ പോകുന്നതേ ഉള്ളൂ.

ഈയടുത്ത് റോയിട്ടേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് യുകെയിൽ നടത്തിയ പഠനം പ്രകാരം കോവിഡ് സംബന്ധിച്ച വാർത്തകൾക്കായി സമൂഹ മാധ്യമങ്ങളെ ആശ്രയിക്കുന്നവരുടെ എണ്ണം കൂടുകയാണ്. അതിൽ തന്നെയും സാമൂഹിക മാധ്യമം മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചപ്പോൾ വാർത്ത കാണുകയായിരുന്നു. സോഷ്യൽ മീഡിയയിൽ കാണുന്ന വാർത്തകൾ 10 % ആളുകൾ മാത്രമാണ് വിശ്വസിച്ചത്. എന്നാൽ മുഖ്യധാരാ മാധ്യമങ്ങളോട് 44 % ആളുകൾക്ക് വിശ്വാസമായിരുന്നു. സമാന സാഹചര്യങ്ങളാണ് ഇന്ത്യയിലും കാണുന്നത്. കൊറോണ പത്രത്തിലൂടെ പകരുമെന്ന പ്രചരണം മൂലം പത്രവിതരണത്തിൽ വൻ ഇടിവ് വന്നു. പലരും പത്രം വരുത്തുന്നത് നിർത്തിവച്ചു. ഇത് മറികടക്കാൻ പത്രങ്ങൾ നല്ല ശ്രമം വേണ്ടി വരും. കൂടുതൽ ആളു
ളും വാർത്തക്കായി സമൂഹ മാധ്യമത്തെയും ഇന്റർനെറ്റിന്റെയും ആശ്രയിക്കുന്നത് കൊണ്ട് പ്രത്യേകിച്ചും.

ഇതിനിടയിൽ മാധ്യമ പ്രവർത്തകർ നേരിട്ട ഏറ്റവും വലിയ പ്രശ്നം അവരുടെ നിലനിൽപ്പ് തന്നെയായിരുന്നു. അടിയന്തവസ്ഥ കാലത്ത് ഉണ്ടായ പോലെ സ്വതന്ത്രമായ ജോലി നിർവഹിക്കാൻ ഉള്ള പ്രതിസന്ധിയായിരുന്നില്ല അത്. ശമ്പളം വെട്ടി
ക്കുറച്ചും മുന്നറിയിപ്പോ നഷ്ടപരിഹാരങ്ങളോ ഇല്ലാതെ പിരിച്ചു വിട്ടും ഏറ്റവും അനീതി നേരിടുന്ന സമയമാണ് മാധ്യമപ്രവർത്തകർക്ക് കോവിഡ് കാലം. നാട്ടിൽ നടന്ന സമാനമായ പിരിച്ചു വിടൽ റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകർ പലരും തങ്ങൾക്കു നേരിട്ട അനീതി ചോദ്യം ചെയ്യാതെ തൊഴിൽ വിട്ടിറങ്ങി. മാധ്യമ യൂണി
യനുകളും ചില പ്രസ്താവനകളിൽ പ്രതിഷേധം ഒതുക്കി. ചോദ്യം ചെയ്യാൻ തയ്യാറായ മാധ്യമപ്രവർത്ത
കർക്ക് അവശേഷിച്ച ആനുകൂല്യങ്ങൾ നിഷേധിച്ചെന്നു മാത്രമല്ല കോവിടിന്റെ പേരിൽ നിയമനടപടി പോലും മരവിച്ച അവസ്ഥയിലാണ്. ജാതിലിംഗ അസമത്വങ്ങളുടെ പേരിൽ കുപ്രസിദ്ധമായ ന്യൂസ് റൂമുകൾ കൂടുതൽ ഇരുണ്ടതാക്കാനേ ഇതിനു കഴിഞ്ഞുള്ളു, അത് റിപ്പോർട്ട് ചെയ്യാതെ പോകുന്ന അനീതികൾക്കിടയിൽ മറഞ്ഞു പോയി.

സാമൂഹ്യ മാധ്യമങ്ങളുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുമ്പോൾ തന്നെ, മുഖ്യധാരാ മാധ്യമങ്ങളിൽ അത് കൊണ്ട് വന്ന സ്വാധീനം അവഗണിക്കാനാവു
ന്നതല്ല. പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായ ദളിത് ആദിവാസി ജനതയും ലൈംഗിക ന്യൂനപക്ഷങ്ങളും സാമൂഹിക മാധ്യമങ്ങളിലൂടെ തങ്ങളുടെ അനുഭവങ്ങൾ പറഞ്ഞു ആർക്കും അവഗണി
ക്കാനാവാത്ത ശബ്ദമായി വന്നത് ഈയടുത്തു വന്ന വലിയ മാറ്റങ്ങളിലൊന്ന്. എന്നാൽ കോവിഡാനന്തര കാലത്ത് അരികുവത്ക്കരിക്കപ്പെട്ടവർ കൂടുതൽ ദുരിതത്തിലേക്ക് വീഴുമോ എന്ന ആശങ്ക നിലനിൽക്കുന്നു.

കോവിഡ് കാലത്ത് പൊതുവിൽ പറഞ്ഞത് പോലെ  മാധ്യമങ്ങളും ഒരേ കൊടുങ്കാറ്റിൽ പെട്ടിരിക്കുകയാണ്. ചെറുവള്ളങ്ങൾ ഒന്നാകെ തകരാൻ പോകുന്നു, കുറച്ചു പേരെ പുറത്തേക്കു എറിഞ്ഞു ഭാരം കുറക്കാൻ നോക്കുകയാണ് വലിയ കപ്പലുകൾ. കാറ്റും കോളും അടങ്ങിയാൽ ഏതൊക്കെ തകർന്നു, അവശേഷിച്ചു, പുതിയ തീരം തേടി  നീന്തിയവർ കരപറ്റിയോ, നിലയില്ലാ കയത്തിൽ മുങ്ങിയോ എന്നൊക്കെ അറിയാം.



സോണിയ ജോർജ്ജ്

# പുതിയ നോർമൽ – അസംഘടിതമേഖല സ്ത്രീത്തൊഴിലാളി യാഥാർത്ഥ്യങ്ങൾ, പരിമിതികൾ, സാദ്ധ്യതകൾ

## കൊറോണ വെളിവാക്കിയ അസമത്വങ്ങൾ

**കോ**വിഡ് കാലത്തിലെ സ്ത്രീ തൊഴിലാളി അനുഭവങ്ങളെ കുറിച്ച് എഴുതാൻ ശ്രമിക്കുക ഒട്ടും ശാന്തത തരുന്ന അനുഭവമല്ല. തൊഴിൽ നഷ്ടത്തിന്റെയും ദാരിദ്ര്യത്തിന്റേയും ബാധ്യതകളുടേയും ഉത്തരവാദിത്വങ്ങളുടേയും സംഘർഷം നിറഞ്ഞ യാഥാർത്ഥ്യങ്ങളാണവ. കേരളത്തിലെ വിവിധ ജില്ലകളിലെ അസംഘടിത തൊഴിലാളികളോട് സംസാരിക്കുമ്പോൾ ദുരിതങ്ങളുടെ മാത്രം അനുഭവങ്ങളാണ് അവർക്ക് പങ്കുവയ്ക്കാനുള്ളത്. 15 വർഷത്തിലേറെയായി എറണാകുളത്ത് ഒരു ഡോക്ടറുടെ വീട്ടിൽ ഗാർഹിക തൊഴിൽ ചെയ്യുന്ന തൊഴിലാളിയായ സക്കീന പറയുന്നു 'കൊറോണ വൈറസിനെ കുറിച്ച് കേട്ട് രണ്ടു ദിവസം കഴിഞ്ഞപ്പോൾ തന്നെ അവർ പറഞ്ഞു ഇനി ഞങ്ങൾ പറഞ്ഞിട്ട് സക്കീന ജോലിക്ക് വന്നാൽ മതി. ഒന്നും ചോദിക്കാതെ ചെയ്ത ദിവസത്തെ കൂലിയും തന്ന് ഇറക്കി വിട്ടതാണ്. ഇന്നിപ്പോൾ നാലര മാസം ആയി, അവരാരും ഞങ്ങൾ എങ്ങനെ ജീവിക്കുന്നു, എന്തെങ്കിലും സഹായം ആവശ്യമുണ്ടോ എന്ന് അന്വേഷിക്കുന്നില്ല. ജോലിക്കാര്യം ചോദിക്കുമ്പോൾ പറയാം എന്ന് പറയുന്നു. മറ്റൊരിടത്ത് ഈ മാസം മുതൽ രണ്ട് ദിവസം പുറം പണിക്ക് പോകുന്നുണ്ട്. വീടിന്റെ അകത്തു കയറ്റില്ല'. ഇത്തരം കഥകളാണ് ഗാർഹിക തൊഴിലാളികൾക്ക് മുഴുവനായി പറയാറുള്ളത്. മാനസിക ബുദ്ധിമുട്ടുള്ള ഭർത്താവിനും കുഞ്ഞു മകനും ഏക അത്താണിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് പൊതിച്ചോറ് വിറ്റ് തന്റെ ഉപജീവനം കണ്ടെത്തിയിരുന്ന മിനിയുടെ അവസ്ഥ ദയനീയമാണ്. രണ്ട് നേരം റേഷൻ അരി കൊണ്ട് കഞ്ഞി വച്ച് രസവും മാത്രം കൂട്ടി കഴിച്ച് ദിവസങ്ങൾ തള്ളി നീക്കുന്നു. വേറെ വരുമാന മാർഗ്ഗങ്ങൾ ഒന്നുമില്ലാതെ എങ്ങനെ ദിവസങ്ങൾ ഇനി മുന്നോട്ടു നീക്കും എന്ന ചിന്ത



യിലാണവർ. ഒറീസയിലെ ഗജപതി ജില്ലയിലെ ഒരു ഗ്രാമത്തിൽ നിന്ന് അരൂരിലെ മത്സ്യ സംസ്ക്കരണ ഫാക്ടറിയിലെത്തിയ ബിനാനി ലോക്ക് ഡൗൺ ആയി കമ്പനി അടച്ചതിനു ശേഷം കിട്ടിയ ഏതോ ട്രയിനിൽ കയറി വീട്ടിൽ മടങ്ങിയെത്തി. ദാരിദ്ര്യവും പട്ടിണിയും നിറഞ്ഞ കുടുംബത്തിനുള്ളിൽ നിന്ന് രക്ഷപ്പെടലിന്റെ ഭാഗമായാണ് ഈ പെൺകുട്ടികളെല്ലാം ഏജൻറുകൾ വഴി കേരളത്തിലെത്തുന്നത്. ഒരു വിവാഹം വരെയാണ് പലപ്പോഴും ഈ പെൺ കുട്ടികൾക്ക് ഈ തൊഴിൽ. വിവാഹം കഴിക്കുന്ന ആൾ തങ്ങളെ സംരക്ഷിക്കുമെന്ന പ്രതീക്ഷയാണ വരിൽ ഭൂരിഭാഗം പേർക്കും. ബിനാനി വീട്ടിലെത്തി അവിടുത്തെ ദുരിതത്തിൽ നിവൃത്തിയില്ലാതെ വിളിക്കുകയാണ് 'ചേച്ചി, എനിക്ക് കഴിഞ്ഞ 2 മാസത്തെ ശമ്പളം കമ്പനിയിൽ നിന്ന് കിട്ടാനുണ്ട്. ഉടമസ്ഥൻ ഇപ്പോൾ ഫോൺ പോലും എടുക്കുന്നില്ല. എങ്ങനെയെങ്കിലും സഹായിക്കാനാവുമോ? '.

ഇങ്ങനെ ഒരു പാട് അനുഭവങ്ങൾ എല്ലാ ദിവസവും കാതിൽ തുളച്ചു കയറി കൊണ്ടേയിരിക്കുന്നു. എന്താണ് അവരോട് പറയാനാനാവുക? എന്ത് പറഞ്ഞ് സമാധാനിപ്പിക്കും? ആരുണ്ട് അവരുടെ പ്രശ്നങ്ങൾ കേൾക്കാൻ? ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ ഇന്ന് ആരുടെ ശ്രദ്ധയിലുണ്ട്? 2020 ന്റെ ആരംഭം മുതൽ ലോകത്തെ മുഴുവൻ ആശങ്കയുടെ മുൾ മുനയിൽ നിർത്തി കൊണ്ട് പടർന്നു പിടിക്കുന്ന കോവിഡ്19 എന്ന മഹാമാരി ഇന്ന് വരെ അജയ്യരാണെന്നഹങ്കരിച്ചിരുന്ന മനുഷ്യരുടെ നിസ്സഹായയും ആശങ്കയുമാണ് തുറന്നു കാട്ടുന്നത്. ലോകമാകമാനം 8 ലക്ഷത്തോളം പേരുടെ മരണവും 2 കോടിയിലധികം പേർക്ക് വൈറസ് ബാധയും വെളിവാക്കുന്നത് ലോകത്തിന്റെ മുഴുവൻ നിയന്ത്രണവും തങ്ങളുടെ കൈയ്യിലാണ് എന്ന് നിർബാധം അഹങ്കരിച്ചിരുന്ന രാജ്യങ്ങളുടെ പരാജയം കൂടിയാണ്. മാർച്ചിൽ ഇന്ത്യയിലേക്ക് പടർന്നു പിടിച്ച ഈ മഹാമാരിയുടെ മുമ്പിൽ ഇന്ത്യൻ ഭരണകൂടവും സ്തബധരായി നിന്നു. അപ്രതീക്ഷിത ലോക്ക് ഡൗൺ പ്രഖ്യാപനം വഴിയാധാരമാക്കിയത് ഈ രാജ്യത്തെ ഏറ്റവും സാധാരണക്കാരായ തൊഴിലാളികളെയാണെന്നത് എല്ലാവരും കണ്ടു കൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്. ദൈനംദിനം അദ്ധ്വാനിച്ച് തങ്ങളുടെ ജീവിതം മുമ്പോട്ട് കൊണ്ടു പോകുന്നവരായ 50 കോടിയിലേറെ വരുന്ന അസംഘടിത തൊഴിലാളികളാണ് ഇന്ന് ജീവിതം മുന്നോട്ടു കൊണ്ട് പോകാൻ വഴിയില്ലാതെ നിർന്നിമേഷരായി നില്ക്കുന്നത്. സ്ഥിരമായ തൊഴിലോ തൊഴിലിടമോ ഇല്ലാതെ ലഭ്യമായ തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനം കണ്ടെത്തുന്നവരാണിവർ. തുടക്കത്തിൽ സൂചിപ്പിച്ച അനുഭവങ്ങൾ ഇവരുടെ പ്രതിനിധാനങ്ങളാണ്. ഇന്ത്യയിലെ തൊഴിലാളി ജീവിതങ്ങളുടെ യഥാർത്ഥ മുഖം. ജീവിക്കാനും തൊഴിൽ ചെയ്ത് ജീവിക്കാനും സ്ത്രീ-പുരുഷ ഭേദമെന്യേ ഭരണഘടന ഉറപ്പ് നല്കുന്ന രാജ്യം, അന്താരാഷ്ട്ര തൊഴിൽ സംഘടന അംഗീകരിച്ചിട്ടുള്ള എല്ലാ തൊഴിൽ നിയമങ്ങളും ശുപാർശകളും പ്രോട്ടോക്കോളുകളിലും പങ്കാളിയായുള്ള രാജ്യം - പക്ഷേ ഇവയൊക്കെ പാലിക്കപ്പെടണം എന്ന ഉദ്ദേശത്തോടെ ഭരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ മാറി മാറി ഭരിച്ചിട്ടുള്ള മുന്നണികൾക്ക് സാദ്ധ്യമായിട്ടില്ല. മാറുന്ന ലോക ക്രമങ്ങൾക്ക് അനുസരിച്ച് ഇവിടെയും സമ്പദ്ഘടനയുടെ മുൻ ഗണനകൾ മാറി കൊണ്ടിരിക്കുന്നു. ബഡ്ജറ്റുകളിൽ സാധാരണക്കാരുടെ ആവശ്യങ്ങൾക്കും സാമൂഹ്യ നീതി ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്കും കുറഞ്ഞ പരിഗണന ലഭിക്കുന്നു. സംഘടിത തൊഴിൽ മേഖല ശുഷ്ക്കിച്ചു കൊണ്ട് അസംഘടിതരായ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. തൊഴിൽ നിയമങ്ങളിലെ കാർക്കശ്യം കുറച്ചു കൊണ്ട് തൊഴിൽ ദാതാക്കൾക്കനുകൂലമായി മാറ്റിയെഴുതപ്പെടുന്ന കാലഘട്ടം കൂടിയാണിത്. തൊഴിലാളി സംഘാടനത്തിനുള്ള പരിമിതികളും ഈ തൊഴിൽ കോഡുകൾ വ്യക്തമാക്കുന്നു. തുല്യ ജോലിക്ക് തുല്യവേതനവും മറ്റവകാശങ്ങളും ഉറപ്പാക്കുന്ന നിയമങ്ങൾ പോലും ഇല്ലാതാക്കി സ്ത്രീകൾ നൂറ്റാണ്ടുകളുടെ അവകാശപോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളെല്ലാം ഈ മാറ്റങ്ങളിലൂടെ കാറ്റിൽ പറത്തുന്നു.

***അസംഘടിതമേഖല തൊഴിലിടങ്ങളുടെ പ്രത്യേകതകൾ***

ഈ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞു കൊണ്ട് മാത്രമേ കോവിഡ് 19 മഹാമാരിയുടെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനാവുകയുള്ളു. ഈ വൈറസിന്റ വരവിൽ ലോകത്തിന്റെയും രാജ്യങ്ങളുടെയും സാമ്പത്തിക അടിത്തറ തകർന്നു കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഏറ്റവും കൂടുതൽ അതിജീവന ഭീഷണി നേരിടുന്നത് തികച്ചും അസംഘടിതരായ തൊഴിലാളികളാണെന്നതിന് യാതൊരു സംശയവുമില്ല. മാർച്ച് 23ന് രാത്രി പ്രധാനമന്ത്രി അപ്രതീക്ഷിതമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ പാതി വഴിയിലായ കുടിയേറ്റ തൊഴിലാളികളെ അപ്പോഴാണ് എല്ലാവരും ശ്രദ്ധിക്കുന്നത്. ഇന്ത്യയുടെ നഗരങ്ങളെ, അവയുടെ ആവാസവ്യവസ്ഥയെ നിലനിർത്തി പോന്നിരുന്ന കോടിക്കണക്കിന് ജീവിതങ്ങൾ പൊതു ശ്രദ്ധാ വിഷയമായി മാറി. അവരുടെ പരിമിതമായ ജീവിത സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത താമസ സൗകര്യങ്ങളും ഇന്ത്യൻ മാധ്യമങ്ങൾ കുറച്ചു ദിവസം ആഘോഷിച്ചു. മുകളിൽ പരിചയപ്പെടുത്തിയ ബിനാനിയേപ്പോലെ കോടികളാണ് ഇന്ന് തങ്ങളുടെ വീടുകളിൽ ഇരുന്നു കൊണ്ട് ജീവിത മാർഗ്ഗം അന്വേഷിക്കുന്നത്. പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമായ തങ്ങളുടെ നാടുകളിൽ

നിന്ന് വികസന ഇരകളായി കുടിയൊഴിപ്പിക്കപ്പെട്ട വരാണീ കുടിയേറ്റ തൊഴിലാളികൾ. നഗരങ്ങളിലോ ടൗണുകളിലോ താല്ക്കാലിക ഷെഡുകളിൽ അട്ടി അട്ടിയായി താമസിക്കേണ്ടി വരുന്ന ഗതികേടാണ് ഈ പ്രകൃതി സമ്പത്തിന്റെ ഉടമസ്ഥരുടേത്. നഗരങ്ങളിലെ ഉയർന്ന -മദ്ധ്യവർഗ്ഗക്കാരുടെ കണ്ണിൽ ഇവർ എപ്പോഴും ശല്യക്കാരും ക്രിമിനലുകളും വൃത്തിഹീനരുമൊക്കെയാണ്. എന്നാൽ തദ്ദേശീയ തൊഴിലാളികളുടെ ദൗർലഭ്യതയും അവരേക്കാൾ കുറഞ്ഞ കൂലി നല്കിയാൽ മതി എന്നതൊക്കെ കൊണ്ട് ഇവരുടെ അദ്ധ്വാനത്തെ പരമാവധി ഇവ രെല്ലാം ഉപയോഗപ്പെടുത്തുന്നുണ്ട്.

അസംഘടിതമേഖലയുടെ ഓരോ അവ സ്ഥയും പരിശോധിച്ചാൽ അത്ര അസ്ഥിരമായ 95 ശതമാനത്തിലേറെയും വരുന്ന ഇന്ത്യയുടെ അസംഘടിത മേഖലയിലെ ഭൂരിഭാഗം തൊഴിലാളി കളുടെയും തൊഴിൽ സാഹചര്യങ്ങൾ ഇതു തന്നെ യാണ്. തൊഴിലിന്റെ പ്രധാന ഉറവിടമായ തൊഴിൽ ദാതാവ് പലതിലും ഇല്ല എന്നതും ഉള്ളയിടങ്ങളിൽ അദൃശ്യമാണെന്നുള്ളതും ഇവരുടെ വ്രണനീയത യ്ക്ക് (വൾനറബിലിറ്റി) ആക്കം കൂട്ടുന്നു. ഗാർഹിക തൊഴിലാളികളുടെ അവസ്ഥ തന്നെ എടുക്കാം. മറ്റൊരാളുടെ സ്വകാര്യയിടം (വീട്) അവരുടെ തൊഴിലിടമാകുമ്പോൾ തൊഴിൽ ബന്ധങ്ങൾ പലപ്പോഴും പ്രായോഗികമാകുന്നില്ല. തങ്ങൾ തൊഴിലെടുക്കുന്ന വീട് തൊഴിലിടമാണെന്ന് തെളി യിക്കുന്നതിനുള്ള ഒരു തെളിവുകളും തൊഴിലാളി കളുടെ കൈവശമില്ല. അവരുടെ തൊഴിൽ ദാതാ



അന്തരീക്ഷങ്ങളാണുള്ളത്. തൊഴിലിടങ്ങളുടെ പ്രത്യേകതകൾ അതിൽ പ്രധാനമാണ്. മറ്റുള്ളവ രുടെ വീട് അല്ലെങ്കിൽ തങ്ങളുടെ സ്വന്തം വീട് തൊഴിലിടമായുള്ളവരാണ് ഇവരിൽ ഭൂരിഭാഗവും. അല്ലെങ്കിൽ പൊതു ഇടങ്ങളാണ് ഈ തൊഴിലിട ങ്ങളിൽ ഏറെയും. വഴിയോരങ്ങൾ, ചന്തകൾ, വീടുവീടാന്തരം കയറിയുള്ള വില്പനകൾ ഇതൊ ക്കെയാണ് തൊഴിൽ ഇടങ്ങൾ.

തൊഴിൽ ബന്ധങ്ങളോ തൊഴിൽ സുരക്ഷി തത്വമോ ഈ ഇടങ്ങളിൽ ഒന്നും നിർണ്ണയിക്കപ്പെ ടാത്തതു കൊണ്ടു തന്നെ ഏറ്റവും അസന്നിഗ്ദ്ധത നിറഞ്ഞ തൊഴിലന്തരീക്ഷ മാണിവരുടെയെല്ലാം.

ക്കൾ അതു കൊണ്ടു തന്നെ അദൃശ്യരാണ്. പല പ്പോഴും തൊഴിൽ ബന്ധങ്ങളേക്കാൾ വൈകാരിക ബന്ധങ്ങളായിരിക്കും അവിടെ പ്രവർത്തിക്കുന്നത്. പൊതു ഇടങ്ങൾ തൊഴിലിടങ്ങളാകുമ്പോൾ തൊഴി ലാളിക്ക് സ്വയം തൊഴിലാളി പദവിയാണ് ഉള്ളത്. ആ പദവിയിൽ ഉള്ള തൊഴിലാളികളുടെ ഉത്തരവാ ദിത്വം സ്റ്റേറ്റിനാണ് ഉണ്ടാവേണ്ടത്. എന്നാൽ ഭര ണകൂടം അതിൽ ഒരു വിഭാഗത്തെ സംരംഭകരെന്ന് മുദ്ര കുത്തി ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞ് മാറുന്നു. ഇത്തരം പ്രക്രിയയിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് സ്ത്രീ തൊഴി ലാളികളാണ്. ഏറ്റവും പുതിയ പീരിയോഡിക്ക്

ലേബർ ഫോഴ്സ് സർവ്വേ (PFLS,2017-18) പ്രകാരം ഇന്ത്യൻ ഗ്രാമീണ സ്വയം തൊഴിലാളികളിൽ പുരുഷന്മാർ 9657 രൂപ ശരാശരി വരുമാനം ഉണ്ടാക്കുമ്പോൾ സ്ത്രീകൾക്ക് 3922 രൂപ മാത്രമേ ശരാശരി ലഭ്യമാകുന്നുള്ളു. നഗരപ്രദേശങ്ങളിൽ അത് യഥാക്രമം 16,265 രൂപയും 6,586 രൂപയുമാണ്. ഇത്തരം അന്തരങ്ങൾ ഈ മേഖലയിലെ സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങൾ വെളിവാക്കുന്നു. സ്വയം തൊഴിലാളികളായ പുരുഷ തയ്യൽ തൊഴിലാളിയെയും സ്ത്രീ തയ്യൽ തൊഴിലാളികളെയും വ്യത്യസ്തമായി കാണുന്ന പൊതുസമൂഹത്തിന്റെ കാഴ്ച്ചപ്പാട് ഈ പ്രവണതയ്ക്ക് വളരെ ലളിതമായ ഉദാഹരണമാണ്.

***പൊതു ഇടങ്ങൾ തൊഴിലിടങ്ങളായുള്ളവർ***

പൊതു ഇടങ്ങളാണ് സ്വയം തൊഴിൽ ചെയ്യുന്നവരുടെ മറ്റൊരു പ്രധാന തൊഴിലിടം. വഴിയോരങ്ങളായാലും മാർക്കറ്റുകളായാലും ഇവിടെയൊക്കെ തൊഴിൽ ചെയ്യുന്നവർ ഭരണകൂട സംവിധാനങ്ങളുടെ ദാക്ഷിണ്യത്തിലാണ് തൊഴിൽ ചെയ്യുന്നത് എന്നതാണ് പൊതുവേ ഉള്ള ധാരണ. അതു കൊണ്ട് തന്നെ പോലീസും പ്രാദേശിക സർക്കാരുകളുമൊക്കെ അവരോട് വളരെ പരുക്കൻ രീതിയിലാണ് ഇടപെടുന്നത്. ലോക്ക് ഡൗൺ ഏറ്റവും ആദ്യം ബാധിച്ചത് ഈ തൊഴിലാളികളെയാണ്. 4 മാസത്തിലേറെയായി തങ്ങളുടെ ഉപജീവനം ഇല്ലാതായിട്ട്. തീരപ്രദേശങ്ങളിലെ കൊറോണയുടെ വ്യാപനം ആണ് ഏറ്റവും അവസാനം ലോക്ക് ഡൗൺ ഘട്ടത്തിൽ നാം കണ്ടത്. സ്വയം തൊഴിലാളികളായ മത്സ്യതൊഴിലാളി സ്ത്രീകളെയാണ് വൈറസ് വ്യാപകരായി പൊതുസമൂഹം ചിത്രീകരിച്ചത്. എന്നാൽ അവർക്ക് എങ്ങനെ വൈറസ് ബാധിച്ചു എന്ന് മനസ്സിലാക്കിയാൽ മാത്രമേ ഇവരുടെ തൊഴിലിന്റെ ദുർഘട സാഹചര്യങ്ങൾ തിരിച്ചറിയാനാവുകയുള്ളു. പ്രാദേശിക കടപ്പുറങ്ങളിലും ഹാർബറുകളിലും ഈ സ്ത്രീകളുടെ പ്രാപ്യത കുറവ് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. സ്വന്തം കടപ്പുറത്തെ മത്സ്യം വില കൂടുതൽ കൊണ്ടും ലഭ്യത കുറവ് കൊണ്ടും പ്രാപ്യമല്ലാതെ വരുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മീനുകൾ വാങ്ങി വില്ക്കാൻ ഇവർ നിർബന്ധിതരാകുന്നു. നിശ്ചയമായും വലിയ മത്സ്യ വ്യാപാരികളാണ് ഈ മത്സ്യങ്ങൾ വാങ്ങി കൊണ്ടുവന്ന് വില്ക്കുന്നത്. അവരുടെ ആട്ടും തുപ്പും അസഭ്യവും തോണ്ടലും ഒക്കെ സഹിച്ചാണ് ഈ സ്ത്രീകൾ മീനുകൾ വാങ്ങി വില്ക്കുന്നത്. അവർ തന്നെ ചന്തയുടെ ലേലക്കാർ കൂടി ആയാൽ പറയുകയും വേണ്ട. പുരുഷന്മാർ പ്രധാന സ്ഥലങ്ങൾ കൈയ്യടക്കിയിട്ട് സ്ത്രീകൾ അരികുകളിലേക്ക് പുറന്തള്ളപ്പെടുന്നു. ശുചി മുറികൾ പോലും ഉപയോഗിക്കാനുള്ള അനുവാദം ഇവർക്കില്ല. പ്രതികരിക്കുന്ന സ്ത്രീകളെ മറ്റ് സ്ത്രീകളെ ഉപയോഗിച്ച് ഒറ്റപ്പെടുത്തുന്നു. ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് തമിഴ്നാട്ടിൽ മീനെടുക്കാൻ പോയ ഈ 'മുതലാളി'യിൽ നിന്നാണ് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പകർച്ചവ്യാധി ലഭിച്ചതെന്നും തിരു



വനന്തപുരത്തിന്റെ തീരപ്രദേശങ്ങളിലെല്ലാം പടർന്നു പിടിച്ചതെന്നും എത്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

***സ്വന്തം വീട് തൊഴിലിടങ്ങളായുള്ളവർ***

തങ്ങളുടെ വീടുകളിലിരുന്ന് സ്വയം തൊഴിലുകളും വലിയ വിതരണ ശൃംഖലകളുടെ ഭാഗമായി പീസ് വർക്കുകളും ചെയ്യുന്നവർക്കും ഫലത്തിൽ ഉത്തരവാദികളാരുമില്ല. മദ്ധ്യവർത്തികളാണ് ജോലിയും കൂലിയും ഒക്കെ നല്കുന്നത്. ലഭിക്കുന്ന ലാഭവിഹിതത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളിയുടെ വീടു കേന്ദ്രമാക്കി ഉല്പാദനം

നടത്തി മിനിമം കൂലി പോലും നല്കാതെ ഉല്പാദനം നടത്തുന്നവർ. സ്ത്രീകളായിരിക്കും ഈ തൊഴിലിന് ഏറ്റവും അനുയോജ്യർ എന്നത് പുതിയ അന്താരാഷ്ട്ര തൊഴിൽ വിഭജനത്തിന്റെ(New International Division of Labour) ആശയങ്ങൾ വ്യക്തമാക്കുന്നുണ്ട്. സ്ത്രീകളുടെ അയഞ്ഞ തൊഴിലവസ്ഥകളും  വിധേയത്വവും ഒക്കെയാണ് ഈ  അവസ്ഥയ്ക്ക് ഏറെ പരിഗണിക്കപ്പെടുന്നത് എന്നതാണ് പഠനങ്ങളെല്ലാം തെളിയിക്കുന്നത്. തൊഴിലിന്റെ സ്ത്രൈണ വല്ക്കരണം എന്നതാണ് ഇവിടെ നടക്കുന്നത്. ലോക്ക്ഡൗൺ എല്ലാ ബിസിനസ് ശൃംഖലകളേയും നിശ്ചലമാക്കിയതിനാൽ ഇവരുടെയെല്ലാം തൊഴിലുകൾ പൂർണ്ണമായി ഇല്ലാതായി. കുടുംബത്തിന്റെ പ്രാരാബ്ധങ്ങൾ പരിഹരിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചിരുന്ന ഈ വരുമാനങ്ങൾ എല്ലാം പൂർണ്ണമായി നിലച്ചു.

വീടുകൾ കേന്ദ്രമാക്കി തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ തൊഴിലവസ്ഥയും ഗാർഹിക അവസ്ഥയും തമ്മിൽ വളരെ നേർത്ത വിടവേയുള്ളു. ഭർത്താവും കുട്ടികളുമൊക്കെ ജോലിക്കും പഠനത്തിനുമായി പുറത്തു പോകുന്ന സമയത്ത് തങ്ങളുടെ വീട് തൊഴിലിടമാക്കി കൊണ്ട് വരുമാനം കണ്ടെത്തുന്ന ഇവരുടെ ഇപ്പോഴത്തെ അവസ്ഥ ഭയാനകമാണ്. എല്ലാവരും വീടിനുള്ളിലായതിനാൽ സ്ത്രീകളുടെ തൊഴിലിടം നഷ്ടപ്പെട്ടു, കുടുംബത്തിന്റെ ഉത്തരവാദിത്വം മുഴുവൻ സ്ത്രീകളുടെ ചുമലിലായി. അതിന്റെ സമ്മർദ്ദത്താൽ മാനസിക സംഘർഷങ്ങൾ വർദ്ധിക്കുന്നു. കടക്കെണിയുടെ ഭാരങ്ങൾ മുഴുവൻ സ്ത്രീകളുടെ മേലാണ് ഉള്ളത്. ആദ്യ ലോക്ക് ഡൗൺ സമയത്ത് മൈക്രോ ഫിനാൻസ് ലോണുകളുടെ തിരിച്ചടവ് നിർത്തിവച്ചിരുന്നു. കുടുംബശ്രീ ലോണുകൾ മുതൽ വിവിധ സ്വകാര്യ മൈക്രോ ഫിനാൻസ് ഏജൻസികളുടെ ലോണുകൾ ഉൾപ്പെടെ 7-8 ലോണുകളുള്ള സ്ത്രീകൾ ധാരാളമായി ഉണ്ട്. ആദ്യ ഘട്ട ലോക്ക് ഡൗൺ കഴിഞ്ഞ സമയം മുതൽ ഈ ഏജൻസികൾ വീടുവീടാന്തരം കയറി തിരിച്ചടവുകൾ വാങ്ങാനായി തുടങ്ങി. ഈ ലോണുകളെല്ലാം സ്ത്രീകളുടെ പേരിലാണ് എടുത്തിരിക്കുന്നത്. ഈ ബാദ്ധ്യതകൾ താങ്ങാനാവുന്നില്ല എന്ന് സ്ത്രീകൾ പറയുന്നു. പലർക്കും വീടിന്റെ വാടക പോലും കൊടുക്കാനാവാത്ത അവസ്ഥയാണ്. ഗാർഹിക അതിക്രമങ്ങളും വർദ്ധിക്കുന്നതായി ലോക്ക് ഡൗൺ സമയത്ത് നടത്തിയ പഠനങ്ങൾ  സൂചിപ്പിക്കുന്നുണ്ട്.

***പുതിയ നോർമൽ യാഥാർത്ഥ്യങ്ങൾ***

ഈ കാലഘട്ടത്തെയും പ്രതിസന്ധികളെയും എങ്ങനെയാണ് നേരിടേണ്ടതും അതിജീവിക്കേണ്ടതും എന്നാണ് ഇന്ന് ലോകം മുഴുവൻ അന്വേഷിക്കുന്നത്. 'ന്യൂ നോർമൽ' എന്ന് ഈ അവസ്ഥയെ വിശേഷിപ്പിച്ചു കൊണ്ട് എല്ലാവരും അതിനോട് താദാത്മ്യം പ്രാപിക്കാനുള്ള നെട്ടോട്ടമാണ്. എന്നാൽ ഈ പുതിയ സാധാരണ അവസ്ഥ അതി ദയനീയതയിൽ എത്തിച്ച തൊഴിലാളികളുടെ നിലനില്പ് ആരും ചിന്തിക്കുന്നില്ല. മുതലാളിത്ത അജണ്ടകൾ വികസനത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകമായി മാറുമ്പോൾ ഏറ്റവും സാധാരണക്കാരുടെ, അവരുടെ അവകാശങ്ങളുടെ ക്ഷേമകാര്യങ്ങളുടെ പരിഗണനകൾ ഭരണകൂടത്തിന് പ്രധാനമാവുന്നില്ല. വികസ്വര രാജ്യമായ ഇന്ത്യയിൽ ദാരിദ്ര്യത്തിന്റെ സ്ഥിതി രൂക്ഷമാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ദരിദ്രരുടെ എണ്ണം കുറഞ്ഞു വരുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു എങ്കിലും കോവിഡ്19, 10 കോടിയിലധികം ജനങ്ങളെ വീണ്ടും ദാരിദ്ര്യത്തിലേക്കെത്തിച്ചു എന്ന് ലോക ബാങ്ക് കണക്കുകൾ തന്നെ ചൂണ്ടിക്കാട്ടുന്നു. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്തവരാണ് കുടിയേറ്റ തൊഴിലാളികളെന്ന് നമ്മൾ കണ്ടു. രാജ്യത്തെ തൊഴിൽ ശക്തിയിൽ ഭൂരിഭാഗവും അസംഘടിത മേഖലയിലായിരിക്കെ എന്ത് തരം സുരക്ഷിതത്വമാണ് നമ്മൾ പ്രതീക്ഷിക്കേണ്ടത്. കൂലി തൊഴിലാളികളും താല്ക്കാലിക തൊഴിലാളികളും കൂടുതലുള്ള രാജ്യത്ത് തൊഴിൽ ചെയ്യുന്ന ദിവസം പോലും അർഹതപ്പെട്ട കൂലി ലഭിക്കാത്ത അവസ്ഥയാണ് ഭൂരിഭാഗം തൊഴിലാളികൾക്കും. അതിൽ ഏറിയ പങ്കും സ്ത്രീ തൊഴിലാളികളാണ് എന്നതിന് സംശയമേയില്ല. ഇന്ത്യൻ സർക്കാർ ഉത്തേജക പാക്കേജായി പ്രഖ്യാപിച്ച 20,000 ലക്ഷം കോടി രൂപ, അതായത് ജിഡിപിയുടെ 10 ശതമാനത്തോളം വരുന്ന തുകയിൽ തൊഴിൽ ശക്തിയുടെ ഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾക്കായി യാതൊന്നുമില്ല. ബാങ്കുകളുടെ പാപ്പരത്വം കുറച്ചു കിട്ടുന്നതിനുള്ള ചില കോപ്രായങ്ങളും ചെറുകിട മേഖലകളിലെ തൊഴിൽ ദാതാക്കളെ സഹായിക്കുന്നതിനുള്ള ചില നടപടികളുമല്ലാതെ ഏറ്റവും സാധാരണക്കാരായ, അടിസ്ഥാന വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കായി ഒന്നും മാറ്റി വച്ചിട്ടില്ല. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കു വേണ്ടി കുറച്ചു രൂപ മാറ്റി വച്ച തൊഴിച്ചാൽ അസംഘടിതമേഖലയെ കുറിച്ച് പരാമർശമേയില്ല.  ആ പദ്ധതിയിൽ തന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തങ്ങളുടെ നാട്ടിൽ മടങ്ങിയെത്തിയ പുരുഷന്മാരായ കുടിയേറ്റ തൊഴിലാളികൾ ധാരാളമായി രജിസ്റ്റർ ചെയ്യുന്നു. ഒരു കുടുംബത്തിൽ ഒരാൾക്ക് മാത്രം ജോലി ലഭിക്കുന്ന ഈ പദ്ധതിയിൽ ഈ കാരണം കൊണ്ട് തന്നെ സ്ത്രീകളുടെ തൊഴിലവസരങ്ങൾ റദ്ദു ചെയ്യപ്പെടുന്നു. അസം

ഘടിത തൊഴിലാളികൾക്ക് മാസം 7500 വീതം നിലനില്പ്പിനുള്ള അലവൻസായി നല്കണമെന്ന എല്ലാ കേന്ദ്ര ട്രേയ്ഡ് യൂണിയനുകളുടേയും ആവശ്യം കേട്ട ഭാവം പോലും നടിച്ചിട്ടില്ല സർക്കാർ. 5 കിലോ അരിയും ഒരു കിലോ പയറും മതി ഈ തൊഴിലാളികളുടെ എല്ലാം വിശപ്പകറ്റാൻ എന്ന നിലപാടാണ് സർക്കാരിന്റേത്. കേരള സർക്കാർ ഒന്നാം ലോക്ക് ഡൗണിന്റെ സമയത്ത് പ്രഖ്യാപിച്ച സൗജന്യ റേഷനും പലചരക്ക് കിറ്റുകളും ക്ഷേമ നിധികൾ വഴിയുള്ള 1000 രൂപയും തൊഴിലാളികൾക്ക് ഒരു പരിധി വരെ പിടിച്ചു നില്ക്കാനുള്ള പിന്തുണ ആയി എങ്കിലും ലോക്ക് ഡൗൺ 4-5 ഘട്ടങ്ങളിലൊക്കെ വളരെ പരിതാപകരമായ അവസ്ഥയാണ് കേരളത്തിലേതും. രോഗത്തിന്റെ അതിവേഗ വ്യാപനവും പലയിടത്തും ട്രിപ്പിൾ ലോക്ക് ഡൗൺ ആയതും തൊഴിലാളികളെ വളരെ ഭീകരമായി ബാധിച്ചു. മുകളിൽ വിവരിച്ചതു പോലെ മത്സ്യതൊഴിലാളികളും ഗാർഹിക തൊഴിലാളികളും വഴിയോര കച്ചവടക്കാരുമൊക്കെ പൂർണ്ണമായും തൊഴിൽ രഹിതരായി. ആർക്കും സർക്കാർ സഹായങ്ങളൊന്നും ലഭിക്കുന്നില്ല. എങ്ങനെയാണ് ഈ പുതിയ സാധാരണ അവസ്ഥ ഇവർക്ക് മെച്ചപ്പെട്ട അവസ്ഥയാക്കി മാറ്റാനാവുക?

***പുതിയ നോർമൽ സാദ്ധ്യതകൾ***

സ്ഥിരമായ തൊഴിലും മറ്റ് സർക്കാർ ആനുകൂല്യങ്ങളും ഉള്ള, അതായത് തൊഴിൽ സുരക്ഷിതത്വമുള്ള സംഘടിതമേഖലയിലെ ആൾക്കാർക്ക് മാത്രമാണ് ജീവിതത്തിന് മേൽ സുരക്ഷിതത്വമുള്ളത്. ഈ ഓണത്തിനും അവർക്ക് ഉത്സവ ബത്തയും ബോണസ്സും ഒക്കെ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. തൊഴിലും കൂലിയും ഒന്നുമില്ലാത്ത അസംഘടിത തൊഴിലാളികൾക്ക് ഒന്നുമില്ലാത്ത അവസ്ഥയും. ഇന്ന് നിലനില്ക്കുന്ന സമ്പദ്-തൊഴിൽ ഘടനകൾ ഭൂരിഭാഗം വരുന്ന തൊഴിലാളികളേയും അവരുടെ ആവശ്യങ്ങളേയും ഉൾക്കൊള്ളാനാവാത്ത ഇടുങ്ങിയ ചട്ടക്കൂടിനുള്ളിലാണ് നിലനില്ക്കുന്നത്. രാജ്യത്തെ ഭൂരിഭാഗം വരുന്ന അസംഘടിത തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവരുടെ ആവശ്യങ്ങളെ പരിഗണിക്കുന്നതിനും ഒരു സംവിധാനമില്ല എന്നുള്ളത് കൊറോണയുടെ പ്രത്യാഘാതങ്ങൾ വീണ്ടും തെളിയിച്ചു കഴിഞ്ഞു. നിലനില്ക്കുന്ന നയ-നിയമ വ്യവസ്ഥകളിലൊന്നും ഇവരൊന്നും ഉൾപ്പെടില്ല എന്നുള്ളത് വ്യക്തമാണ്. സംഘടിത മേഖല ചുരുങ്ങി കൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിൽ ഈ മേഖലയിലെ തൊഴിലാളികളുടെ സംഭാവനകൾ കണക്കിലെടുത്തു കൊണ്ട് ഇവരുടെ സുസ്ഥിര നിലനില്പ്പിനുള്ള സാഹചര്യങ്ങൾ ആലോചിക്കേണ്ടതുണ്ട്.

PFLS ന്റെ അടിസ്ഥാനത്തിലുള്ള ഡേറ്റ അനുസരിച്ച് കണക്കുകൂട്ടലുകൾ നടത്തുമ്പോൾ ഏറ്റവും അടിത്തട്ടിലുള്ള തൊഴിലാളികളുടെ വരുമാനം 3 ലക്ഷം കോടി മുതൽ നാല് ലക്ഷം കോടി വരെ നഷ്ടമായിട്ടുണ്ട്. ഇത് ജിഡിപിയുടെ 1.6% മുതൽ 2. 2% വരെ വരും. ഇത്തരം തൊഴിലാളികളിൽ നഗര കേന്ദ്രീകൃതരായവർക്ക് ഉണ്ടായ നഷ്ടം1.3 ലക്ഷം കോടി മുതൽ 1.8 ലക്ഷം കോടി വരെയാണ്, അതായത് ജി ഡി പി യുടെ 0.7 മുതൽ .9 ശതമാനം വരെയാണ്. 50,000 കോടി രൂപയുണ്ടെങ്കിൽ സ്ത്രീകളുടെ നഷ്ടപ്പെട്ട വരുമാനം നല്കാനാവും. 20,000 ലക്ഷം കോടി രൂപയുടെ പാക്കേജിൽ ഇതൊന്നും സർക്കാരിന്റെ പരിഗണനകൾക്കുള്ളിൽ വരുന്നില്ല. നിലനില്ക്കുന്ന വ്യവസ്ഥകളുടെ അരികിലെവിടെയെങ്കിലും വേണമെങ്കിൽ നിന്നുകൊള്ളുക, അത് തന്നെ ഞങ്ങൾ പരിമിതപ്പെടുത്താൻ ശ്രമിക്കുകയാണ് എന്നാണ് തൊഴിൽ നിയമ പരിഷ്ക്കാരങ്ങളിലൂടെ ഭരണകൂടം ഇവരോട് പറഞ്ഞിരിക്കുകയാണ്. തൊഴിൽ ദാതാവ് - തൊഴിലാളി ബന്ധത്തിനുള്ളിൽ നടന്നിരുന്ന കേന്ദ്രീകൃത ഉല്പാദന പ്രവർത്തനങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാലം, അസംഘടിത, ചെറുകിട മേഖലകളിലെ തൊഴിൽ ദാതാക്കൾ തൊഴിലാളികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ വിമുഖത കാട്ടുന്ന സാഹചര്യം, അത്തരം സാമൂഹ്യ ഉത്തരവാദിത്വങ്ങളൊന്നും ഏറ്റെടുക്കാൻ പ്രേരിപ്പിക്കാത്ത രാഷട്രീയ -നയ സാഹചര്യങ്ങൾ - ഇതിൽ നിന്നു കൊണ്ടാണ് ഈ സാഹചര്യങ്ങളെ വിശകലനം ചെയ്യേണ്ടത്. കുറഞ്ഞകൂലി, സുരക്ഷിതത്വമില്ലാത്ത തൊഴിൽ സാഹചര്യങ്ങൾ, മറ്റവകാശങ്ങളെ കുറിച്ചൊന്നും ശബ്ദമുയർത്താത്ത തൊഴിലാളികളെയാണ് മുതലാളിത്വം കൂടുതൽ തെരഞ്ഞുകൊണ്ടിരിക്കുന്നത്. സ്ത്രീകളും ദളിതരും ആദിവാസികളും തുടങ്ങി ഏറ്റവും അരി കുവല്ക്കരിക്കപ്പെട്ടവരായ തൊഴിലാളികളായിരിക്കുമല്ലോ ഇതിന്റെ ഇരകൾ. അത് ഇപ്പോൾ വളരെ വ്യക്തമായി കഴിഞ്ഞു. അതേ അടിസ്ഥാന വർഗ്ഗം തന്നെയാണ് ഇന്ന് ഇവിടുത്തെ ഭക്ഷ്യ ആവശ്യങ്ങളെയെല്ലാം നിറവേറ്റി തകർന്നു തരിപ്പണമായ സമൂഹത്തെ നിലനിർത്തിയതും. ഈ വൈരുദ്ധ്യത്തെ തുറന്നു കാട്ടിക്കൊണ്ടാണ് ഒരു പുതിയ ആശയഗതിയുടെ, തൊഴിലിന്റെ പുതിയ യാഥാർത്ഥ്യങ്ങളുടെ, സാമൂഹ്യ ഉത്തരവാദിത്വങ്ങളുടെ കർതൃത്വം കേന്ദ്രമാക്കി കൊണ്ടുള്ള രീതിശാസ്ത്രം രൂപപ്പെടുത്തേണ്ടത്.

■



ചർച്ചാവിഷയം



സിന്ധു സാജൻ

# ഓൺലൈൻ പഠനം ഗോത്രഭാഷയിൽ

## ബീമ മുള്ള് പു അഥവാ ബീമ വാല്പു

ആയി മക്കളേ,

എല്ലാര്മ് എന്ത തിന്ത് വന്ത്ര്ക്കാത് ഇന്ന്?

വേറെല്ലാ തുമ്പി വന്ന് ബുക്കാന്തിരിക്കാറാ നല്ല പുള്ളേക.

ഇനി ടീച്ചാറ് ഒരു കാരിയ സൊല്ലറെ!

അന്തെ നാന് നിമാക്കെ ഒര് കാരിയ സൊല്ലി തന്ത്റ്ത്തെ!

ആ... ഗാളിനോയ് നെക്കുറിച്ച് സൊല്ലി തന്ത്ര്പ്പെ! നമ്മ ലോകത്തി വന്തിരിക്കാത് നോയ് ഗാളി നോയ് തെ.

****

ആയ് എത്ത് തങ്കുപ്പുള്ളെകളെ....

ഇന്ത്മ് വന്ത്ര്ക്കാത് ടീച്ചാറ്. സരിയാ?

നമ്ത്ത് കൊറോണ എല്ലാ മാറ്കു.

അപ്പൊ നമ്ക്ക് സ്കൂള്ക്കെ പോകില.

ആങ്കെ പോയി പടിക്കില.

പിന്നെ പാട്ട് പാട്കില, വെളാട്കില, കതെ സൊല്ല്കില.

നകാത്ത് ഒരു കതെ നിമ്ക്കെ സൊല്ലി ത്തന്ത്ര്ത്തെ. മറാന്തിയാ?

****

ഒര് ദൊഡ്ഡേലി റാഡ് പൂനെകാള് ഇര്ന്ത്ത്മ്. മിട്ടു പ്പൂനെമ് പിന്നെ തങ്കുപ്പൂനെമ്. റാഡ് പൂനെകാള് നടാന്ത് നടാന്ത് വന്തിരിന്താര്! എന്തിനെ കണ്ടാര്? ആ നെയ്യപ്പളെ കണ്ടാര്.

ആര് കണ്ടാത് ആദിയ? മിട്ടുപ്പൂനെകാ.

ആര് എട്ത്താത് ആദിയ? തങ്കുപ്പൂണ കാ.

അപ്പ ദൊഡ്ഢ മരത്തില് ഒരാള് ഇവാര്നെ നോഡിക്കൊണ്ട് ഇര്ന്താദ്.

****

അട്ടപ്പാടിയിലെ മൂന്ന് ഗോത്ര ഭാഷക ളാണിത്. ആദ്യത്തേത് മുഡുഗ ഭാഷയും രണ്ടാമത്തേത് ഇരുള ഭാഷയും ഒടുവില ത്തേത് കുറുമ്പ ഭാഷയുമാണ്.

എന്താണ് കൊറോണയെന്നും അത് നമ്മെ എങ്ങനെയെല്ലാം പ്രയാസപ്പെടു ത്തുന്നുവെന്നും തുടങ്ങി കേരളം മുഴു വൻ അലയടിച്ച മിട്ടുപ്പൂച്ചയുടെയും തങ്കു പ്പൂച്ചയുടെയും കഥയിലേക്ക് പതിയെ പ്രവേശിക്കുന്നതാണ് ഈ സന്ദർഭം. ഇത്തരത്തിൽ അട്ടപ്പാടിയിലെ മൂന്ന് ഗോത്ര ഭാഷകളായ ഇരുള, മുഡുഗ, കുറമ്പ ഭാഷകൾക്ക് പുതുജീവൻ നൽകു കയാണ് സമഗ്രശിക്ഷ കേരളം. സംസ്ഥാന നേതൃത്വത്തിനുകീഴിൽ അഗളി ബി.ആർ.സി. ഫസ്റ്റ് ബെൽ എന്ന പേരിൽ കേരളമാകെ വിദ്യാഭ്യാസത്തിന് പുതിയ ഉണർവുനൽകുന്ന ഓൺലൈൻ ക്ലാസുകളുടെ ഗോത്രഭാഷാപാഠങ്ങളാണ്



മഴവിൽ പൂവ്. സമഗ്ര ശിക്ഷ കേരള ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ ഗോത്രവർഗ്ഗ വിദ്യാർത്ഥി കളെ കേന്ദ്രീകരിച്ച് ലോവർപ്രൈമറി തലത്തിൽ പാഠഭാഗ ങ്ങൾ ഗോത്ര ഭാഷയിൽ കൂടി ലഭ്യമാക്കുന്ന പദ്ധതിയാണി ത്. ഇതിന്റെ ചുവടുപിടിച്ചാണ് 'നമ്മ്ത്ത് ബാസെ' അഗളി ബി.ആർ.സി.യും നടപ്പിലാക്കുന്നത്.

ഇതൊരു ചെറിയ കാര്യമല്ല. ഒരു സംഘം അധ്യാപക രുടെ ആത്മ സമർപ്പണം കൂടിയുണ്ട് ഇതിനുപുറകിൽ. അങ്ങനെ അട്ടപ്പാടിയിൽ നിന്ന് കേരള വിദ്യാഭ്യാസ ചരിത്ര ത്തിലേക്ക് ഒരുപക്ഷേ ഇന്ത്യയിൽതന്നെ ആദ്യം. ഒരു വിദ്യാ ഭ്യാസ വിപ്ലവം സൃഷ്ടിക്കുക കൂടിയാണിവർ.

ലിപിയില്ല എന്ന ഒറ്റക്കാരണത്താൽ നാളിതുവരെയും വിദ്യാലയത്തിന്റെ പടിക്കുപുറത്തുനിർത്തിയിരിക്കുകയായി രുന്നു ഈ ഭാഷകളത്രയും. അട്ടപ്പാടിയിലെ വിദ്യാലയങ്ങ ളിൽ ഏതാണ്ട് മൂന്നിൽ രണ്ടോളം വരുന്ന കുട്ടികളുടെ മാതൃഭാഷ കൂടിയാണിതെന്നോർക്കണം. കുട്ടികൾക്കിണ ങ്ങുന്ന ലോകം - മാതൃഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം എന്നിവ വിദ്യാഭ്യാസ അവകാശമായി ഉറപ്പുവരുത്തുമ്പോൾ പോലും കേരളത്തിലെ ഗോത്ര ഭാഷകൾ ഈ വിധം മൃതാ വസ്ഥയിലാണ്. എന്നാൽ, ഈ ലോക് ഡൗൺ കാലത്ത് മുഖ്യാധാരാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഈ ഭാഷകൾ ഉയർത്തപ്പെടുമ്പോൾ, ഈ ഭാഷകൾക്ക് ലഭിക്കുന്ന പിന്തു ണയും സ്വീകാര്യതയും ഏറെ സന്തോഷിപ്പിക്കുന്നത് ഇതി നുപുറകിൽ പ്രവർത്തിച്ച ഇവിടത്തെ ഗോത്രവിഭാഗം അധ്യാപകരെയാണ്.

കോവിഡ് 19 എന്ന മഹാമാരി എങ്ങനെയെല്ലാമാണ് വിദ്യാലയങ്ങളിൽ നിന്ന് കുട്ടികളെ അകറ്റി നിർത്തിയിരിക്കു ന്നത്? അതിന്റെ പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരിക്കും? കുട്ടികളുടെ കളിചിരികളും ആരവങ്ങളുമില്ലാതെ ഇനിയുമെത്രനാൾ വിദ്യാലയങ്ങൾ ഇങ്ങനെ അനാഥമാക്ക പ്പെടും. ആർക്കും മറുപടി നൽകാനാവാത്ത ഈ അനിശ്ചി തത്വങ്ങൾ ആവും വിധത്തിൽ മറികടക്കുന്നതിനുവേണ്ടിയാ ണല്ലോ വിദ്യാഭ്യാസ വകുപ്പ് 'ഫസ്റ്റ് ബെൽ' എന്ന പേരിൽ ക്ലാസ് മുറികളുടെ ഓൺ ലൈൻ പഠനസാധ്യതകൾ തുറന്നു തരുന്നത്.

സമ്പൂർണ്ണമായും ഫലപ്രദമെന്ന് അവകാശപ്പെടാനില്ലാ യെങ്കിൽ കൂടി, പരിമിതികളും, പോരായ്മകളും ഏറെയു ണ്ടെന്ന് ബോധ്യത്തോടും തന്നെയാണ് കേരള സമൂഹം ഈ ഓൺലൈൻ പാഠങ്ങളെ തങ്ങളുടെ വീട്ടകങ്ങളിലേക്ക് സ്വീകരിക്കുന്നത്. ഒന്നുമില്ലായ്മയെ മറികടക്കാൻ അത്രയെ ങ്കിലുമാകട്ടെ. ഓൺ ലൈൻ ക്ലാസുകൾ തുടങ്ങിയ ജൂൺ മാസം മുതൽ തന്നെ തുടങ്ങിയതാണ് അതിന്റെ ഫല പ്രാപ്തി ചർച്ചകളും. അതിലേറെയും ചർച്ചാ വിഷയമായ മറ്റൊരു പ്രശ്നം തന്നെയായിരുന്നു ഗോത്ര വർഗ്ഗ മേഖല യിലെ ഈ ഓൺലൈൻ പഠനങ്ങളുടെ ഫലസാധ്യതകൾ.

മലയാളം അക്ഷരാർത്ഥത്തിൽ രണ്ടാം ഭാഷയായ ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപരിമിതി ക്ലാസ്മുറി യിലെ നേരനുഭവങ്ങളിൽ നിന്നുതന്നെ പൂർണ്ണമായി ആശയ സംവേദനത്തിന് തടസ്സമാകുന്നുവെന്നത് വിദ്യാഭ്യാസ മേഖ ലയിൽ ഒരു വലിയ പ്രതിസന്ധിയായി നിലനിൽക്കെയാണ് ഒരു വിർച്ചൽ ക്ലാസ് മുറിയിലെ ഭാഷ എങ്ങനെയാണ് കുട്ടി കൾക്കിണങ്ങുന്ന രീതിയിലാക്കുന്നതെന്ന ചോദ്യമുയരുന്ന



ത്.

ഈ പ്രശ്നങ്ങൾക്കാണ് സമഗ്രശിക്ഷ കേരള ഇപ്പോൾ പരിഹാരം സാധ്യമാക്കിയിരിക്കുന്നത്. മഴവിൽപ്പൂവ് എന്ന പേരിൽ ഗോത്രമേഖലയിലാണ് ഓൺലൈൻ പാഠങ്ങളുടെ ഗോത്രഭാഷാപതിപ്പ് തയ്യാറാക്കിവരുന്നത്. ഇരുള ഭാഷയിൽ ബീമ വാൽപു എന്നും മുഡുഗ, കുറുമ്പ ഭാഷകളിൽ ബീമമുള്ള് പു എന്നുമാണ് മഴവിൽ പൂവ് എന്നതിന്റെ ഭാഷാന്തരം. അഗളി ബി.ആർ.സി. തയ്യാറാക്കി ഇപ്പോൾ യു ട്യൂബിൽ ലഭ്യമായിട്ടുള്ള ഈ ക്ലാസുകൾ അതിന്റെ അവതരണമികവുകൊണ്ടും അനർഗ്ഗളമായ ഭാഷാശൈലികൊണ്ടും വേറിട്ടു നിൽക്കുന്നു.

അട്ടപ്പാടിയിലെ വിവിധ ഊരുകളിൽ സാമൂഹ്യ പഠനമുറികളിലെ പ്രത്യേകം സജ്ജീകരിച്ച ടി.വി. സ്ക്രീനിൽ ഈ ക്ലാസുകളെത്തുമ്പോൾ കുട്ടികളെക്കാളേറെ കൗതുകം നിറഞ്ഞ കാണികളാകുന്നത് ഊരിലെ പ്രായം ചെന്ന മൂപ്പത്തിമാരാണെന്നത് ക്ലാസുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്ന അഗളി ബി.ആർ.സി.യുടെ സാരഥി ശ്രീ. വിജയൻ അഭിമാനത്തോടെ പറയുന്നു. സ്വന്തം ഭാഷക്ക് ലഭിക്കുന്ന ഈ സാമൂഹ്യാംഗീകാരം അവരെ അത്രയേറെ അഹ്ലാദഭരിതരാക്കുന്നുവെന്നതുതന്നെയാണ് കാര്യം. ഒരു ടെലിവിഷൻ ഷോ കാണുന്ന ആവേശത്തോടെയാണ് ഊരിലെല്ലാവരും ഈ ക്ലാസുകളെ സ്വീകരിച്ചത്. മാതൃഭാഷയുടെ ശക്തിയെന്താണെന്ന് വ്യക്തമായും തിരിച്ചറിയപ്പെടുന്ന മികച്ച സന്ദർഭം കൂടിയാണിത്.

ഈ പാഠങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഏറെ ശ്രദ്ധേയമാകുമ്പോൾ അതിലേറെ ആഹ്ലാദവും അഭിമാനമുള്ളവരാകുന്നത് ഇവിടുത്തെ ഗോത്രവിഭാഗം അധ്യാപകരാണ്. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് തങ്ങളുടെ പരമ്പരാഗതമായ അറിവുകളും കഴിവുകളും പ്രയോജനപ്പെടുത്താനാകാതെ പാർശ്വവൽക്കരണത്തിന് വിധേയരാക്കപ്പെട്ടവർ കൂടിയാണ് ഇവിടുത്തെ അധ്യാപകർ. ഗോത്രവർഗ്ഗ മേഖലയിലെ പഠനപ്രശ്ന പരിഹാര വേളയിൽപോലും ഈ അധ്യാപകരുടെ സാന്നിധ്യം വളരെ വിരളമായിരുന്നു. ഈ അടുത്തകാലം വരെയും. എന്നാൽ സ്വന്തം ഭാഷയിൽ ആശയവിനിമയം നടത്താനാകുന്നത് അധ്യാപകരുടെ കൂടി ആത്മവിശ്വാസത്തിന് എത്രമാത്രം വർധിത വീര്യം നൽകുന്നുവെന്ന് ഈ ക്ലാസുകൾ നിരീക്ഷിക്കുന്ന ആർക്കും ബോധ്യപ്പെടും.

ഒരുപക്ഷേ, ഈ ലോക്ഡൗൺ കാല പഠന പ്രതിസന്ധിതന്നെയാണ് ഇത്തരമൊരു അന്വേഷണത്തിന് വഴിവിളക്കായത് എന്നതും പറയാതെ വയ്യ. അധ്യാപകരായ കലൈസെൽവി, രേശി, വിദ്യ, ലക്ഷ്മി, മല്ലിക, രംഗൻ, തങ്കരാജ്, മാരി, രാജേന്ദ്രപ്രസാദ്, രംഗസ്വാമി, കുമാരൻ, ശക്തിവേൽ തുടങ്ങിയവരാണ് ലോവർ പ്രൈമറി ക്ലാസുകളിലെ വിവിധ വിഷയങ്ങളുമായി സ്ക്രീനിലെത്തുന്നത്.

സമഗ്ര ശിക്ഷ ജില്ലാ നേതൃത്വവും ഒപ്പമുണ്ട്. അഗളി ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. വിജയൻ, ട്രെയിനർമാരായ ഹരിശെന്തിൽ, ഭക്തഗിരീഷ്, രവി എന്നിവരും ചേർന്നാണ് ക്ലാസുകൾ നിയന്ത്രിക്കുന്നത്. സമഗ്ര ശിക്ഷ സംസ്ഥാന പ്രൊജക്ട് ഓഫീസർ ശ്രീ. എ.പി. കുട്ടികൃഷ്ണന്റെ പ്രത്യേക ശ്രദ്ധയാണ് മഴവിൽപൂവിനെ ഇത്ര ആകർഷകമായ പദ്ധതിയാക്കുന്നത്. അങ്ങനെ ഗോത്ര മേഖലയിൽ വിദ്യാഭ്യാസത്തിന്റെ അനന്തസാധ്യതകൾ തുറന്നുതരികതന്നെയാണ് അഗളി ബി.ആർ.സി. തയ്യാറാക്കിയ ഈ ക്ലാസുകൾ. ലോക്ഡൗൺ പ്രതിസന്ധി കാലം ഒഴിഞ്ഞാലും വിദ്യാഭ്യാസ രംഗത്ത് ഒരു മുതൽക്കൂട്ടാവുമെന്നതിൽ തർക്കമില്ല.

ഗോത്രമേഖലയിലെ പഠനപ്രശ്നങ്ങളുടെ പരിഹാരവുമായി കഴിഞ്ഞ ഏതാനും വർഷങ്ങളായി നൂതനവും ശ്രദ്ധേയവുമായ പദ്ധതികളാൽ മുൻനിരയിലാണ് അഗളി ബി.ആർ.സി.യും പാലക്കാട് ജില്ലയും.

2015ലാണ് പാലക്കാട് ജില്ലാ പഞ്ചായത്ത് അഗളി ഗവ. ഹൈസ്ക്കൂളുമായി സഹകരിച്ച് ആദിവാസി ഭാഷാ പ്രതിസന്ധി പ്രത്യേക വിഷയമായി 'അഗ്ഗെദുനായാഗ' (The Mother Toungue) എന്ന പേരിൽ ഹ്രസ്വചിത്രം പുറത്തിറക്കിയത്. ഗോത്രവർഗ്ഗ വിദ്യാർത്ഥികൾ അനുഭവിക്കുന്ന സ്വത്വ പ്രതിസന്ധിയുടെ ആഴം കൃത്യമായി പുറത്തുകാണിക്കുന്ന ഈ സിനിമ സംവിധാനം ചെയ്തത് അഗളി ഹൈസ്ക്കൂളിലെ തന്നെ അധ്യാപിക സിന്ധു സാജനാണ്. 2015ലെ കേരള ചലച്ചിത്ര അക്കാദമി ടെലിവിഷൻ അവാർഡ് നേടിയ ഈ ചിത്രത്തിലെ മുഴുവൻ അഭിനേതാക്കളും ഈ വിദ്യാലയത്തിലെ അധ്യാപകരും കുട്ടികളുമായിരുന്നു. ആദിവാസി വിദ്യാർത്ഥിയുടെ ഭാഷാപ്രശ്നം വിദ്യാഭ്യാസരംഗത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്നതിനും സർക്കാർ തലത്തിൽ പ്രത്യേക ഇടപെടലുകൾക്കും ഈ സിനിമ ഏറെ സഹായകമായിട്ടുണ്ട്.

തുടർന്ന് സമഗ്രശിക്ഷ സംസ്ഥാന നേതൃത്വത്തിനുകീഴിൽ അഗളി ബി.ആർ.സി. മുൻകൈ എടുത്ത് അഗളി ഗവ. എൽ.പി. സ്കൂളിൽ ഗോത്ര ചരിത്രവും സംസ്കാരവും ചുമർചിത്രങ്ങളായി ആലേഖനം ചെയ്തതും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ശ്രദ്ധപിടിച്ചുപറ്റുകയുണ്ടായി.

അഗളി ബി.ആർ.സി. തന്നെ അട്ടപ്പാടിയിലെ മൂന്നു ഭാഷകളും ഉൾപ്പെടുത്തി ആദിവാസി ഭാഷ സംസ്കാരം ഗോത്ര സാഹിത്യം എന്നിവ ചേർത്ത് 'സെളിമെകാല' എന്ന പേരിൽ പുറത്തിറക്കിയ പുസ്തകവും ഈ രംഗത്ത് പ്രത്യേക ശ്രദ്ധ നേടി.



അട്ടപ്പാടിയിൽ നിയമിതരാകുന്ന അധ്യാപകർക്ക് അവിടത്ത ഭാഷയും സംസ്കാരവും ഉൾക്കൊണ്ടുകൊണ്ട് ക്ലാസ് മുറിയിൽ ഇടപെടാൻ സഹായകമാം വിധം അധ്യാപക സഹായഗ്രന്ഥം എന്ന നിലയിലാണ് സെളിമെകാല രൂപകൽപ്പന ചെയ്തിട്ടുള്ളത്.

പഠനത്തിന്റെ ആദ്യഘട്ടങ്ങളിൽ തീർത്തും ഗൃഹാന്തരീക്ഷത്തോട് സമാനമായിരിക്കണം കുട്ടിയുടെ പഠനാന്തരീക്ഷവും. വിദ്യാലയത്തോടുള്ള ഭയം ഇല്ലാതാകുന്നതിനും പഠന വൈമുഖ്യം പരിഹരിക്കുന്നതിനും ഏറെ അനുയോജ്യമായ രീതിയാണിത്. ഗോത്ര മേഖലയെ സംബന്ധിച്ചെടത്തോളം കുട്ടിയുടെ ജീവിത സാഹചര്യങ്ങളിൽ നിന്ന് ഏറെ അകത്താണ് വിദ്യാലയത്തിന്റെ ഭൗതിക ഘടനയും മറ്റ് സംവിധാനങ്ങളും. ഗോത്ര മേഖലയിൽ ഓൺലൈൻ ക്ലാസുകളുടെ ഒരു മേൻമയായി ഒരുപക്ഷേ നമുക്ക് എടുത്തുപറയാനാകുന്നതും ഇതുതന്നെയാകും.

കുട്ടിയുടെ ജൈവികമായ ഗാർഹികാന്തരീക്ഷത്തിൽ തന്നെ ഒരുക്കിയിരിക്കുന്ന സാമൂഹ്യപഠനമുറിയിലേക്ക് ക്ലാസ്മുറികളെ എത്തിക്കുകയാണിതെന്ന് പറയാം. ഒരർത്ഥത്തിൽ ടീച്ചറും പാഠപുസ്തകവും പഠനവും കുട്ടിയുടെ വീട്ടിലെത്തുന്നു. അന്യഥാ ബോധമില്ലാത്ത കുട്ടിക്ക് പഠനത്തിലേർപ്പെടാം. അത് ഗോത്ര ഭാഷയിൽ – തങ്ങളുടെ മാതൃഭാഷയിൽ തന്നെയാകുമ്പോൾ ഒരു പടികൂടി കടന്ന് മുൻനിരയിലെത്തുകയാണ്. മുതിർന്ന ഒരാളുടെ മേൽനോട്ടവും പ്രത്യേകം തയ്യാറാക്കിയ സമയക്രമം പാലിച്ച് കുട്ടികളെ സ്ക്രീനിന് മുന്നിൽ എത്തിക്കുകയെന്നതും ഏറെ പ്രധാനമാണ് താനും.

ഇത്തരത്തിൽ ഓൺലൈൻ പഠനത്തിന് മാത്രമല്ല അട്ടപ്പാടിയിൽ നിന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഗോത്രഭാഷകളുടെ വീണ്ടെടുപ്പ് കൂടിയാണ് സമഗ്രശിക്ഷ കേരളയുടെ ഈ പ്രയത്നം. വരുംനാളുകളിൽ കേരളം ഏറെ ചർച്ച ചെയ്യപ്പെടാൻ പേകുന്നതും ദേശീയതലത്തിൽതന്നെ മാതൃകയാകാൻ ഒരുങ്ങുന്നതുമാണ് ഗോത്രഭാഷയിലെ ഈ ബീമമുള്ള് പു. അങ്ങനെ അട്ടപ്പാടിയിൽ ഭാഷയുടെ മഴവിൽപൂവ് വിരിയിക്കുകയാണിവർ.



ചർച്ചാവിഷയം

# പ്ലാസ്മ തെറാപ്പിയിൽ വഴി തെളിച്ചൊരു ഡോക്ടർ



ജംഷീന

**കോ**വിഡ് ചികിത്സാരംഗത്ത് മാതൃകാപരമായ പ്രവർത്തനം നടത്തുന്ന വയനാട് ജില്ലയുടെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാനം നൽകിയത് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ആരംഭിച്ച പ്ലാസ്മ ബാങ്കാണ്. പ്ലാസ്മ ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് ജില്ലാ ഭരണകൂടത്തോടൊപ്പം ചുക്കാൻ പിടിക്കുന്നത് ഒരു വനിതയാണ്. ഡോ.ബിനിജ മെറിൻ ജോയ്.

വയനാടിന്റെ കോവിഡ് പ്രതിരോധത്തിന് പുതിയ മാതൃകകൾ സൃഷ്ടിച്ച ഡോ.ബിനിജ മെറിൻ ജോയിമായി നടത്തിയ അഭിമുഖം.

*കേരളത്തിലെ രണ്ടാമത്തെ പ്ലാസ്മ ബാങ്ക് ആണ് മാനന്തവാടി ജില്ലാ ആശുപത്രിയിലെ പ്ലാസ്മ ബാങ്ക്. ഇത്തരമൊരു പ്ലാസ്മ ബാങ്ക് ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് എത്തിച്ചേർന്നത് എങ്ങനെയാണ്. ?*

ഏപ്രിൽ-മെയ് മാസങ്ങളിൽ മറ്റു ജില്ലകളെ അപേക്ഷിച്ച് വയനാട്ടിൽ കോവിഡ്- 19 കേസുകൾ വളരെ കുറവായിരുന്നു. 3നും 5നും ഇടയിൽ കേസുകൾ മാത്രമായിരുന്നു അന്ന് റിപ്പോർട്ട് ചെയ്തിരുന്നത്. കാര്യമായ രോഗലക്ഷണങ്ങൾ അന്നത്തെ രോഗികളിൽ റിപ്പോർട്ട് ചെയ്തിരുന്നുമില്ല. പക്ഷേ ജൂലൈ ആയപ്പോൾ വൻതോതിൽ വയനാട്ടിൽ രോഗികൾ വർദ്ധിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ സങ്കീർണമായ രോഗാവസ്ഥയിലുള്ളവരുടെ എണ്ണവും വർദ്ധിച്ചു. ഇത് വളരെയധികം ശ്രദ്ധ രോഗികൾക്ക് ആവശ്യമായ ഒരു സാഹചര്യം സൃഷ്ടിക്കുകയുണ്ടായി. വയനാട്ടിൽ ഗവൺമെൻറ് മെഡിക്കൽ കോളേജിന്റെ അഭാവം എല്ലാവർക്കും അറിയാമല്ലോ. വയനാട്ടുകാർ ചികിത്സയ്ക്കായി ആശ്രയിച്ചിരുന്ന കോഴിക്കോട് ഗവൺമെൻറ് മെഡിക്കൽ കോളേജിലേക്ക് ഗുരുതരാവസ്ഥയിലുള്ള രോഗികളെ റഫർ ചെയ്യുന്നത് ഒരു ഘട്ട

ത്തിൽ പ്രായോഗികമല്ല എന്ന അവസ്ഥ സംജാത മായി. ഇതര ജില്ലകളിലും കോവിഡ് രോഗികളുടെ എണ്ണം വൻതോതിൽ വർധിച്ചതായിരുന്നു ഇതിനു കാരണം. ഈ സാഹചര്യത്തിലാണ് മറ്റു ജില്ലകളെ പോലെ കോൺവാലസെന്റ് പ്ലാസ്മ തെറാപ്പി ചികിത്സ എന്തുകൊണ്ട് ഇവിടെയും ആരംഭിച്ചു കൂടാ എന്ന ചിന്ത വരുന്നത്. ഈ ഘട്ടത്തിൽ തന്നെയാണ് മറ്റുജില്ലകളിൽ പ്ലാസ്മ തെറാപ്പി വിജയകരമായി നടത്തി എന്ന വാർത്തകൾ പുറത്തുവരുന്നതും.

*വയനാട് ഗവൺമെൻറ് ജില്ലാ ആശുപത്രി യിലെ പ്ലാസ്മ ബാങ്കിന്റെ പ്രവർത്തനത്തെക്കുറിച്ച് ചുരുക്കി വിവരിക്കാമോ.?*

ഉപകരണങ്ങൾ ഉപയോഗിച്ച് ദാതാക്കളുടെ രക്തത്തിൽ നിന്ന് പ്ലാസ്മ മാത്രം വേർതിരിച്ച് ബാക്കി രക്തം അവരിലേക്ക് തന്നെ തിരികെ നൽകുന്ന രീതിയാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ പിന്തുടരുന്ന രീതി.എന്നാൽ മറ്റിടങ്ങളിലെന്നതുപോലെ പ്ലാസ്മ മാത്രം വേർതിരിച്ചെടുക്കാനുള്ള സൗകര്യങ്ങൾ വയനാട് ജില്ലാ ആശുപത്രിയിൽ ലഭ്യമല്ലാത്ത ഒരു സാഹചര്യമാണ് ഉള്ളത്. ഈ ഘട്ടത്തിലാണ് മഞ്ചേരി മെഡിക്കൽ കോളേജിൽ ഡോ.ബിനിജ മെറിൻ ജോയിയുടെ നേതൃത്വത്തിൽ രക്തം മുഴുവനായി ശേഖരിച്ച് അതിൽ നിന്നും പ്ലാസ്മ വേർതിരിച്ച് രോഗികൾക്ക് ചികിത്സ നൽകി വിജയംകണ്ടു എന്ന വാർത്ത പുറത്തുവരുന്നത്. അതിനെ തുടർന്ന് ഒരു പരീക്ഷണ അടിസ്ഥാനത്തിൽ വയനാട്ടിലും പ്ലാസ്മ ശേഖരിച്ചുതുടങ്ങി. വിവിധ തലങ്ങളിൽ നിന്നുള്ള അനുമതിയും ഇതിന് ലഭിക്കുകയുണ്ടായി. രാഷ്ട്രീ യനേതൃത്വവും ഭരണനേതൃത്വവും വളരെ നന്നായി സഹകരിച്ചു.

ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രേണുക, കോവിഡ് 19 ജില്ലാ നോഡൽ ഓഫീസർ ഡോ. ചന്ദ്രശേഖരൻ, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. ദിനേശ്കുമാർ, ആർ. എം. ഓ ഡോ. സക്കീർ, ഫിസിഷ്യൻ ഡോ. സജേഷ്, രക്തബാങ്ക് ടീം, ജില്ലാ ആശുപത്രിയിലെ മുഴുവൻ ജീവനക്കാർ ഇവരുടെ യൊക്കെ പങ്ക് വളരെ വലുതാണ്.

*എന്താണ് ഈ പ്ലാസ്മ ചികിത്സ.?*

ലളിതമായി പറഞ്ഞാൽ ഏത് വയറൽരോഗം വന്നാലും അതിനെ നമ്മുടെ ശരീരം ചെറുക്കുമ്പോ ഴാണ് നമുക്ക് രോഗവിമുക്തി സംഭവിക്കുന്നത്. ശരീരം ആൻറിബോഡികളിലൂടെയാണ് വൈറൽ രോഗങ്ങൾ ചെറുത്തുതോൽപ്പിക്കുന്നത്. സാധാ രണയായി ആൻറിജൻ-ആൻറിബോഡി റിയാക്ഷൻ എന്ന് ഇതിനെ പറയും. ആന്റിജനെതിരെ ശരീരം പുറപ്പെടുവിക്കുന്നതാണ് ആൻറിബോഡി. കോവിഡ് 19 എന്ന ആന്റിജനെതിരായിട്ട് ഈ രോഗം വന്ന് ഭേദമായവരിൽ ആൻറിബോഡി തീർച്ചയായും ഉണ്ടാകും. ഈ ആൻറിബോഡി ശേഖരിച്ച് ഉപ





യോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. രോഗം മൂർച്ഛിച്ച് ഒരാൾക്ക് ആൻറിബോഡി നൽകുന്നതിലൂടെ അവരുടെ അപകടസാധ്യത വള്ളരെയധികം കുറക്കാൻ കഴിയുന്നു എന്നതാണ് പ്രധാനം.

*പ്ലാസ്മ ബാങ്കിന്റെയും കോവിഡ് 19 ന് എതിരായ ചികിത്സയുടെയും വയനാട്ടിലെ സാധ്യതകൾ എത്രത്തോളമാണ് ?*

ആദ്യഘട്ടത്തിൽ തന്നെ 7 രോഗികൾക്ക് ചികിത്സ നൽകാൻ കഴിഞ്ഞു. എല്ലാവർക്കും വളരെ നല്ല പ്രതികരണമാണ് ഉണ്ടായത്. സാധാരണ 200 MLന്റെ രണ്ട് ഡോസ് ആണ് കൊടുക്കുക. ആദ്യ ഡോസ് നൽകുമ്പോൾ തന്നെ ശുഭകരമായ പ്രതി കരണമാണ് പല രോഗികളുടെയും കാര്യത്തിൽ സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ തീർച്ച യായും മുന്നോട്ടുപോകേണ്ടതുണ്ട്. ഇതിനു വേണ്ട സൗകര്യങ്ങൾ വയനാട് ജില്ലാ ആശുപത്രിയിൽ സജ്ജമായി കഴിഞ്ഞു. ജില്ലാ ആശുപത്രിയിലെ ലാബ് അടക്കം ഇതിനു വേണ്ടി ചുരുങ്ങിയ സമയം കൊണ്ട് സർവസജ്ജമാക്കിയത് എല്ലാവരുടെയും സഹകരണം കൊണ്ടാണ്.

*പ്ലാസ്മ ചികിത്സയോട് ഇതിന് വിധേയരായ രോഗികളുടെ പ്രതികരണം എങ്ങനെയാണ്.....?*

ശ്വാസതടസം വളരെയധികം മൂർച്ഛിച്ച ഒരാൾക്കാണ് ആദ്യം പ്ലാസ്മ ചികിത്സ ഇവിടെ നൽകുന്നത്. അദ്ദേഹം അതിനോട് പൂർണ്ണമായും സഹകരിക്കുകയാണ് ഉണ്ടായത്. പ്ലാസ്മ കൊടുത്ത് കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ അദ്ദേഹം രോഗമുക്തനായി എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. തുടർന്ന് അദ്ദേഹം പ്ലാസ്മ ദാനം ചെയ്യുകയും ഒപ്പം മറ്റുള്ളവരെ ഇതിനായി ബോധവൽ ക്കരിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തു. ഒപ്പം ആദ്യ ദിവസം തന്നെ ഒൻപതുപേർ പ്ലാസ്മ നൽകുവാൻ തയ്യാറായി എന്നതും വളരെയധികം പ്രശംസനീയമാണ്. മാത്രമല്ല പ്ലാസ്മ ബാങ്ക് എന്ന വാട്സപ്പ് ഗ്രൂപ്പിലൂടെ പ്ലാസ്മ ദാനം ചെയ്തവർ തന്നെ മറ്റുള്ളവരെ കൂടി ഇതിന്റെ ഭാഗമാകുവാൻ പ്രേരിപ്പിക്കുകയും, ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

*പ്ലാസ്മ ദാനത്തെക്കുറിച്ചും കോവിഡ് കാലത്തെ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും എന്താണ് സമൂഹത്തോട് പറയാനുള്ളത്.?*

രോഗികളോടും രോഗവിമുക്തരായവരോടും സമൂഹം ഒരു അകലം സൂക്ഷിക്കുന്നുണ്ട്. പക്ഷേ അത് അത്ര ശുഭകരമല്ല. ആരോഗ്യപരമായി ഈ അവസ്ഥയെ സമൂഹം നോക്കിക്കാണണം. ബോധ വൽക്കരണത്തിലൂടെയാണ് സാമൂഹിക-സന്തുലിതാവസ്ഥ കൈവരിക്കുവാൻ കഴിയുക. വരും ദിവസങ്ങളിൽ വയനാട്ടിൽ സങ്കീർണമായ സാഹചര്യമായിരിക്കും സൃഷ്ടിക്കപ്പെടാൻ സാധ്യതയുള്ളത്. അതുകൊണ്ടുതന്നെ നമുക്ക് ധാരാളം പ്ലാസ്മ ദാതാക്കളെ ആവശ്യമുണ്ട്. രക്തദാനം ആർക്കും ചെയ്യാൻ കഴിയും. പക്ഷേ കോവിഡ് രോഗവിമുക്തരാണ് പ്ലാസ്മ നൽകുന്നത്. അവർക്ക് സമൂഹത്തിന് ചെയ്യാൻ കഴിയുന്ന ഒരു വലിയ സഹായമാണിത്. അനാവശ്യമായ ഭയത്തിന് ഇവിടെ സ്ഥാനമില്ല എന്നതാണ് വസ്തുത.

*MBBS പഠനമൊക്കെ എവിടെ നിന്നായിരുന്നു?*

ഞാൻ എംബിബിഎസ് ചെയ്തത് കോലഞ്ചേരി M0SE മെഡിക്കൽ കോളേജിൽ നിന്നാണ്. 2004 ബാച്ചായിരുന്നു. PG പഠനം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും പൂർത്തിയാക്കി. തുടർന്നാണ് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഡോക്ടറായി എത്തുന്നത്..

*തന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്നത് കുടുംബമാണെന്ന് ഡോക്ടർ പല വേദികളിലും പറഞ്ഞിട്ടുണ്ട്. കുടുംബത്തെ ഞങ്ങൾക്ക് വേണ്ടി ഒന്ന് പരിചയപ്പെടുത്താമോ?*

ഞാനിപ്പോൾ മാനന്തവാടിയിൽ ആണ് താമസം. ഭർത്താവും രണ്ട് മക്കളും അച്ഛനും അമ്മയും ആണ് കൂടെയുള്ളത്. മാനന്തവാടി MGM സ ്കൂളിലെ പ്രിൻസിപ്പളായി സേവനമനുഷ്ഠിക്കുകയാണ് ഭർത്താവ്. മൂന്നാം ക്ലാസിലും LKGയിലും പഠിക്കുന്ന രണ്ട് പെൺമക്കളാണ് കൂടെയുള്ളത്. ഞാൻ എപ്പോഴും പറയാറുള്ളതുപോലെ എന്റെ കുടുംബത്തിന്റെ പിന്തുണയാണ് ഓരോ പ്രവർത്തനത്തിനും ഊർജ്ജം ആകുന്നത് എന്ന് പറയാതെ വയ്യ....



ചർച്ചാവിഷയം/അഭിമുഖം
**ഗാർഗി/വിജി പെൺകൂട്ട്**



**ഗാർഗി ഹരിതകം**
എഴുത്തുകാരി

# നടന്നുനോക്കുമ്പോൾ നിരന്ന ഇടം!

**അസംഘടിത മേഖലാ തൊഴിലാളികളുടെ കോവിഡ് കാലത്തെക്കുറിച്ച് വിജി പെൺകൂട്ട് ഗാർഗിയോട് സംസാരിക്കുന്നു...**

**2009** മുതൽ കേരളത്തിന്റെ സമര ചരിത്രത്തെ മാറ്റിയെഴുതിയ, അക്കാദമിക ഫെമിനിസത്തിന്റെ അന്വേഷണങ്ങൾക്കപ്പുറം ദരിദ്രരായ സ്ത്രീ തൊഴിലാളികളുടെ വിഷയം ഒരു പൊതുസമൂഹത്തിന്റെ വിഷയമായി ഉയർത്തിക്കൊണ്ടുവന്ന സംഘടനയാണ് പെൺകൂട്ട്. മൂത്രപ്പുര സമരം, ഇരിക്കൽ സമരം തുടങ്ങി പതിമൂന്നോളം പ്രധാനപ്പെട്ട സമരങ്ങൾ നടത്തി വിജയിക്കുകയും കേരള സർക്കാറിന്റെ തൊഴിൽ നിയമങ്ങളിൽത്തന്നെ 'തൊഴിലിടത്ത് ഇരിക്കാനുള്ള അവകാശം' എഴുതിച്ചേർക്കേണ്ടി വരും വിധം സ്വാധീനമുണ്ടാക്കാൻ കഴിയുകയും ചെയ്ത സംഘടനയാണിത്. ടെക്സ്റ്റൈൽ സേൽസ് തൊഴിലാളികൾ, ഖരമാലിന്യ തൊഴിലാളികൾ, അലക്കു തൊഴിലാളികൾ, തൂപ്പു തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, വീട്ടു ജോലിക്കാർ, പമ്പു തൊഴിലാളികൾ തുടങ്ങി പല അസംഘടിത മേഖലകളിലെ തൊഴിലാളികളും ചേർന്ന് അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ കേരള (AMTU Kerala) എന്ന തൊഴിലാളി യൂണിയൻ രൂപീകരിക്കാനും ശക്തമായി മുന്നോട്ടുപോകാനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്.

2018 ൽ ബി ബി സി ലോകത്തെ സ്വാധീനിച്ച 100 സ്ത്രീകളിൽ ഒരാളായാണ് AMTU Kerala യുടെ സംസ്ഥാന സെക്രട്ടറി വിജി പെൺകൂട്ടിനെ അടയാളപ്പെടുത്തിയത്. മിഠായിത്തെരുവിലെ ഒറ്റമുറി ഓഫീസിൽ പ്രവർത്തിക്കുന്ന AMTUവിന്റെ നേതാവ് ഈ കോവിഡ് കാലത്ത് കൂടുതൽ ശക്തമായി അവരുടെ ആവശ്യങ്ങൾ ഉന്നയിക്കുകയും പ്രശ്നങ്ങളെ മുന്നോട്ടു കൊണ്ടു വരികയും ചെയ്തു. സംഘടിതയ്ക്ക് വേണ്ടി അവർ ഈ കോവിഡ് കാലത്ത് ഇടപെട്ട വിഷയങ്ങളെ കുറിച്ച് വിശദീകരിക്കുന്നു.

'ലോക്ക്ഡൗൺ തുടങ്ങിയ സമയത്ത് സർക്കാറിൽ നിന്ന് പല വാഗ്ദാനങ്ങളും ഉണ്ടായിരുന്നു. ആദ്യത്തേത് എല്ലാ അസംഘടിത മേഖലാ തൊഴിലാളികൾക്കും 1000 രൂപ അടിയന്തിര

സഹായം എന്നായിരുന്നു. ഞങ്ങളിൽ പലർക്കും അതാവശ്യമുള്ള സമയായിരുന്നു. അന്വേഷിച്ച് ചെന്നപ്പൊ 2017-18 ൽ രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്കു മാത്രമേ അതിനർഹതയുള്ളൂ എന്ന് പറഞ്ഞു... ഞങ്ങളോ കൂടെയുള്ള അസംഘടിത മേഖലാ തൊഴിലാളികളോ ആരും തന്നെ അങ്ങിനെ ഒരു ഓഫീസിനെക്കുറിച്ച് കേട്ടിട്ടില്ല. അപ്പോൾ പുതുതായി അംഗങ്ങളെ ചേരാനനനുവദിക്കണമെന്ന് തൊഴിൽ മന്ത്രിക്ക് ഞങ്ങളന്ന് അയച്ച നിവേദനം ഫേസബുക്കിലുണ്ട്. മന്ത്രി ഈ ആവശ്യം അംഗീകരിച്ചു, അതുമായി ബന്ധപ്പെട്ട് ഓർഡർ കൊടുത്തു എന്നാണ് ഞങ്ങൾ അറിഞ്ഞത്. എന്നാൽ കോഴിക്കോട് ബന്ധപ്പെട്ട ഓഫീസർ അങ്ങിനൊരു ഓർഡർ വന്നിട്ടില്ലെന്നാണ് ഇന്നും പറയുന്നത്.

പിന്നെ പ്ലാനിംഗ് ബോർഡിൽ നിന്ന് ഈ വിഷയം പരിഹരിക്കാൻ എന്തെങ്കിലും പോംവഴി നിർദേശിക്കാമോ എന്ന് ചോദിച്ചിരുന്നു. അന്ന് ഞങ്ങൾ ആവശ്യപ്പെട്ടത് കുടുംബശ്രീയിലെ

**'ലോക്ക്ഡൗൺ തുടങ്ങിയ സമയത്ത് സർക്കാറിൽ നിന്ന് പല വാഗ്ദാനങ്ങളും ഉണ്ടായിരുന്നു. ആദ്യത്തേത് എല്ലാ അസംഘടിത മേഖലാ തൊഴിലാളികൾക്കും 1000 രൂപ അടിയന്തിര സഹായം എന്നായിരുന്നു. ഞങ്ങളിൽ പലർക്കും അതാവശ്യമുള്ള സമയായിരുന്നു. അന്വേഷിച്ച് ചെന്നപ്പൊ 2017 – 18 ൽ രുപീകരിക്കപ്പെട്ട കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്കു മാത്രമേ അതിനർഹതയുള്ളൂ എന്ന് പറഞ്ഞു..**



ഓരോരുത്തരുടെയും (ആ സ്ത്രീകൾ തന്നെ പല കാലങ്ങളിൽ അടച്ചുണ്ടാക്കിയിട്ടുള്ള) ത്രിഫ്റ്റ് ഫണ്ടിൽ നിന്ന് 1000 രൂപ വീതം നൽകാൻ ഓർഡർ ഉണ്ടാക്കാമോ എന്നാണ്. അസംഘടിത മേഖലയിലെ മിക്ക സ്ത്രീ തൊഴിലാളികളും കുടുംബശ്രീയിൽ ഉണ്ട്... അത് വളരെ ന്യായമായ ആവശ്യവും തുച്ഛമായ ഫണ്ടുമായിട്ടുപോലും നടപ്പാക്കപ്പെട്ടില്ല.

കുടുംബശ്രീ വഴി 20,000 രൂപ വാഗ്ദാനം ചെയ്യപ്പെട്ടെങ്കിലും സാദാ പലിശ നിരക്കിൽ ഒരു ലോണാണ് സർക്കാർ ഉദ്ദേശിച്ചത് എന്നും മനസ്സിലാക്കാൻ ഞങ്ങൾക്ക് സമയമെടുത്തു.

ലോക്ക്ഡൗൺ കാലം കഴിഞ്ഞ് മുന്നോട്ടു ചെല്ലുന്തോറും പുതിയ പുതിയ പ്രതിസന്ധികളാണ്. അസംഘടിത മേഖലയിലെ മിക്ക തൊഴിലാളികൾക്കും തൊഴിൽ തിരിച്ചു കിട്ടിയിട്ടില്ല. അതിൽ 70 % ആളുകളും വാടക വീടുകളിൽ, മാസങ്ങളായി വാടകക്കുടിശ്ശിക നൽകാൻ പറ്റാത്ത അവസ്ഥയിലാണ്. ചിലർക്ക് ഇപ്പോൾത്തന്നെ

വീടില്ലാതായി. പല തൊഴിലാളികളും കണ്ണുനീരി ലാണ്. ഈ കോവിഡ് കാലത്ത് വാടക പകുതി യാക്കി ഒരു ഓർഡർ ഉണ്ടാക്കാനുള്ള നിവേദനവും ഞങ്ങൾ തൊഴിൽമന്ത്രിക്ക് കൊടുത്തിരുന്നു. ഒരു ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിക്കാമെന്ന് മന്ത്രി യുടെ ഓഫീസിൽ നിന്ന് വിവരം ലഭിച്ചിട്ട് കുറച്ചു ദിവസങ്ങളായി... അടിയന്തിരമായി പരിഹരിക്കപ്പെ ടേണ്ട വിഷയമായതിനാൽ എങ്ങനെ മുന്നോട്ടു നീങ്ങണമെന്ന ചർച്ചയിലാണ് AMTU.

റേഷനരിയും ഉപ്പുമുണ്ട്... അതുകൊണ്ട് രാവിലത്തെ പലഹാരവും ഉച്ചക്കത്തെ ചോറും രാത്രിഭക്ഷണവും ഒപ്പിക്കാൻ ബുദ്ധിമുട്ടില്ല. പ്രമേ ഹരോഗികളായ തൊഴിലാളികളുണ്ട്. പ്രഷർ രോഗമുള്ളവരുണ്ട്... ഈ അരിയും ഉപ്പും തന്നെ തിന്ന് കോവിഡിനെ നേരിടാനുള്ള പ്രതിരോധ ശക്തി എങ്ങിനെ ഉണ്ടാക്കും? ഇതാണ് ഈ തൊഴിലാളി സ്ത്രീകൾ പരസ്പരം ചോദിക്കുന്നത്. എല്ലാവരുടെയും വീടുകളിൽ ഒരുപോലെ ദാരിദ്ര്യം... എന്നു തീരും? അറിയില്ല.

അഞ്ചുമണിക്കും ഒൻപതു മണിക്കുമൊക്കെ വാർത്തകൾ കാണാൻ തുടങ്ങി. അതാണൊരു പ്രധാനപ്പെട്ട വ്യത്യാസം...

ഈ കോവിഡ് കാലത്ത് തീവ്രമായി വേദനി ച്ചുകൊണ്ടും മടുത്തും ഒക്കെ ഇരിക്കുമ്പോൾ ഒരു കാര്യത്തിൽ ചെറിയ ആശ്വാസം തോന്നി. ഒരു ദിവസം മിട്ടായിത്തെരുവിലൂടെ പോവുമ്പൊ, എല്ലാരും അങ്ങോട്ടു പോവല്ലേ, പോവല്ലേ ന്ന് പറയുന്നുണ്ട് (ചിരിക്കുന്നു) അന്ന് ഞാനെന്റെ മനസ്സമാധാനത്തിന് പോയതാ... അപ്പൊ ഞാൻ കേട്ട ഒരാശ്വാസവാക്കിതാണ്. ഒരു തെരുവോര ക്കച്ചവടക്കാരൻ പറയുന്നു, വിജിയേച്ചി, ഈ കോവിഡ് കാലത്ത് എന്റെ വീട്ടിലെ ഭക്ഷണം ഉണ്ടാക്കാൻ ഞാൻ പഠിച്ച്... അപ്പൊ ഞാൻ പറഞ്ഞു നന്നായി... ഭാര്യക്ക് സുഖമില്ലാതായാല് കുറച്ചുനേരം സമാധാനത്തോടെ കിടക്കാമല്ലോ... അപ്പൊ അയാൾ, അല്ല വിജിയേച്ചി, ഞാനൊരു കാര്യം പഠിച്ച്... ന്റെ ഭാര്യ മാത്രം അടുക്കളേല് നിക്കണ്ട ആളല്ല... ഞാനും കിട്ടുന്ന സമയങ്ങളിൽ അടുക്കളേന്റെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ട ത്ണ്ട്... സത്യം, എനിക്ക് രോമാഞ്ചം വന്നു. അയാൾ തുടർന്നു, ആളുകള് സ്ത്രീകളെ ലൈംഗിക വസ്തുവായിട്ടും ഭക്ഷണം ഉണ്ടാക്കിത്തരണ്ട ആളായിട്ടും ഒക്കെയാണ് കാണുന്നത്... ഇനിയെ ങ്കിലും മ്മള് മാറണ്ട സമയായി ലേ... അവർക്കൊരു പാട് കഴിവ്കള്ണ്ട്. ഇത്രേം പേർക്ക് ഭക്ഷണണ്ടാ ക്കുമ്പൊത്തന്നെ അവരെന്തൊക്കെ കാര്യങ്ങളാ ചെയ്യ്ന്നത്, എനിക്ക് അൽഭുതായി... അന്ന് സത്യാ യിട്ടും ഞാൻ കോവിഡിന് നന്ദി പറഞ്ഞുപോയി. ഞാൻ സ്ത്രീകളുടെ ഭാഗത്ത് നിന്ന് പ്രവർത്തിക്കു ന്നയാളാ ന്നവർക്കറിയാം, എന്തായാലും ഈ കാര്യം എന്നോട് വന്ന് പറയാൻ അയാൾക്ക് തോന്നിയല്ലോ!

**ഈ കോവിഡ് കാലത്ത് വാടക പകുതി യാക്കി ഒരു ഓർഡർ ഉണ്ടാക്കാനുള്ള നിവേദനവും ഞങ്ങൾ തൊഴിൽമന്ത്രിക്ക് കൊടുത്തിരുന്നു. ഒരു ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിക്കാമെന്ന് മന്ത്രി യുടെ ഓഫീസിൽ നിന്ന് വിവരം ലഭിച്ചിട്ട് കുറച്ചു ദിവസങ്ങളായി... അടിയന്തിരമായി പരിഹരിക്കപ്പെ ടേണ്ട വിഷയമായതിനാൽ എങ്ങനെ മുന്നോട്ടു നീങ്ങണമെന്ന ചർച്ചയിലാണ് AMTU.**

എനിക്ക് സന്തോഷം വന്നതൊന്നും അവര് കണ്ടില്ല, ന്നാലും എനിക്ക് സന്തോഷായി. അത് അവനൊ രാള് മാത്രമല്ല... അവിടെ തെരുവോരക്കച്ചവടക്കാ രുടെ ഇടയിൽ നടന്ന ചർച്ചയുടെ ഭാഗമായിട്ടാണ് ഈ പറയുന്നത്... ഈ തെരുവില് ജോലിക്ക് വരുന്ന ആളുകൾക്ക് വെറ്തേ ഇരിക്കാൻ ഇഷ്ടല്ല. എപ്പോഴും അധ്വാനിക്കാൻ ഇഷ്ടപ്പെടുന്നോരാണ്. ഈ കോവിഡ് കാലത്ത് വീട്ടിലിരിക്കേണ്ടി വന്നപ്പം അവര് അടുക്കളേല് അദ്ധ്വാനിക്കാൻ തയ്യാറാവു കയാണ്. ആ അദ്ധ്വാനത്തിലൂടെ അവരെന്തൊ ക്കെയോ തിരിച്ചറിയുന്നു...

എല്ലാരും കഷ്ടത്തിലാണ്. ദാരിദ്ര്യ മേഖല യിലെ ആണിനും പെണ്ണിനുമൊക്കെ ഉപ്പും അരിയും മാത്രമേ ഉള്ളു. ഞങ്ങളൊക്കെ എങ്ങനെ ജീവി ച്ചുപോവുന്നു എന്നുതന്നെ അൽഭുതമാണ്. കോവി ഡിനു മുൻപ് കൈയ്യില് പൈസ ണ്ട്, സിനിമക്ക് പോണ് ണ്ട്, കല്യാണങ്ങൾക്ക് ഡ്രസ്സ് മാറി പോണ് ണ്ട്, ആഘോഷങ്ങൾക്കൊക്കെ പങ്കെടുക്ക്ന്ണ്ട്... എന്നിട്ടും ഈ വീടുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തൃപ്തി ഇല്ലായിരുന്നു. എന്നാല് ഇതൊന്നുമില്ലാത്ത വീട്ടില് ഉപ്പും റേഷനരിയും കൊണ്ട് സംതൃപ്തി യായി ജീവിക്കാൻ പഠിച്ചു... അതിലൊരൽഭുത മില്ലേ... വാറ്റൊക്കെ കിട്ടാനുണ്ട്, അതടിച്ച് ബഹ ളവും ണ്ട്... ന്നാലും ആദ്യമായി എന്ന പോലെ അച്ഛനും അമ്മയും മക്കളുമൊക്കെ പരസ്പരം മനസ്സിലാക്കുന്ന ഒരു കാലം കോവിഡുകൊണ്ടാണ് ഉണ്ടായത്...'

**ചർച്ചാവിഷയം**

# കോവിഡ് കാലത്തെ ദലിത് ജീവിതങ്ങൾ



മൃദുല ശശി

ഓൺലൈൻ വിദ്യാഭ്യാസം ഏറെക്കുറെ കേരളത്തിൽ നടപ്പിലാക്കി. ഇപ്പോൾ NEP 2020 യുമായി മുന്നോട്ട് പോകുന്ന കേന്ദ്ര ഗവൺമെന്റിനെ ആണ് ഇന്ത്യ കാണുന്നത് അതാകട്ടെ പണം മുടക്കി വിദ്യാഭ്യാസം വിലയ്ക്ക് വാങ്ങാൻ കഴിയാത്ത ഏതൊരാൾക്കും ദോഷകരവും. ഈ സാഹചര്യത്തിൽ ഈലേർണിംഗ് എത്തരത്തിൽ ഉള്ള പ്രതികരണം ആണ് വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയതെന്ന് പരിശോധിക്കേണ്ടതുണ്ട്.

മിനിമം ലെവൽ ഓഫ് ലേണിങ് (MLL) ഡിപിഇപി (DPEP )എന്നീ സമ്പ്രദായങ്ങൾ കേരളത്തിൽ നടപ്പിൽ വരുത്തിയപ്പോൾ വന്ന പാളിച്ചകളും, ഇപ്പോൾ ഓൺലൈൻ വിദ്യാഭ്യാസം കടന്നു വന്നപ്പോഴുണ്ടായ അരക്ഷിതാവസ്ഥയും നേരിട്ട് ബാധിച്ചത് ദലിത് ആദിവാസി സമൂഹങ്ങളെയാണ്. പ്രളയം മുതൽ അനുഭവിക്കുന്ന സാമ്പത്തിക തകർച്ച മൂലം ഒരു ജനറൽ ട്യൂഷൻ പോലും ഏർപ്പാടാക്കാനുള്ള അവസ്ഥ ദലിത് കുടുംബങ്ങൾക്കില്ല. അതുകൊണ്ടുതന്നെയാണ് ഈലേർണിംഗ് വിഷയത്തിൽ മേൽ തുടക്കം മുതൽ തന്നെ ദലിത് സമൂഹം കരുതലോടെ ഇരുന്നത്.

യഥാർത്ഥത്തിൽ ഓൺലൈൻ വിദ്യാഭ്യാസം ഒരു ബദൽ സംവിധാനമായി മാത്രം ആണ് ഇപ്പോൾ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. സ്ഥിരമായി നമ്മുടെ സിലബസുകളിൽ അത് കടന്നു വന്നിട്ടില്ല. ഇത്തരം ഒരു വിദ്യാഭ്യാസപദ്ധതി കരിക്കുലത്തിൽ ശാശ്വതമായി ഉൾപ്പെടുത്തണം എന്ന് തന്നെയാണ് ഇന്ത്യൻ ദലിത് സമൂഹങ്ങളുടെ ആവശ്യകത. ദലിത് ആദിവാസി പിന്നോക്ക വിഭാഗങ്ങൾ ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ അധിവസിക്കുന്നവരാണ്. ഇത്തരം പ്രദേശങ്ങളിൽ താമസിച്ചു പഠനം നടത്തുന്നവരിൽ കേബിൾ കണക്ഷൻ അടക്കം നെറ്റ് ആക്സസബിലിറ്റി അടക്കമുള്ള പ്രശ്നങ്ങൾ അവർ അനുഭവിക്കേണ്ടി വരുന്നു. ആയതിനാൽ തന്നെ ഇതൊരു ഉറച്ച വിദ്യാഭ്യാസ പ്രക്രിയ ആയാൽ ഈ സമൂഹത്തെ ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കണം എന്നുള്ള വാദം ശക്തമാകും.

സമതലപ്രദേശങ്ങൾ, ഫലഭൂയിഷ്ഠമായ ഏരിയകൾ ഒക്കെയും ദലിത് ആദിവാസി ജനവിഭാഗങ്ങളെ തുരത്തി കോർപ്പറേറ്റുകൾ കൈയടക്കിയാണ് ഇന്ത്യ ഇന്നത്തെ ഇന്ത്യ ആയത്. അഭ്രം, ബോക്സൈറ്റ്, ഇരുമ്പയിര് തുടങ്ങിയ ധാതുക്കൾ അടങ്ങിയ ഭൂപ്രദേശങ്ങൾ വ്യവസായങ്ങൾ നടത്തുവാൻ വേണ്ടി കോർപറേറ്റുകൾ സ്വന്തമാക്കിയത് ദലിത് ആദിവാസി വിഭാഗങ്ങളെ അവരുടെ ആവാസവ്യവസ്ഥയിൽ നിന്നും ഒഴിപ്പിച്ചുകൊണ്ടായിരുന്നു.

(വേദാന്ത പ്രൊജക്റ്റ് ആയ ലഞ്ചിഗഡ് അലുമിന



റിഫൈനറി പദ്ധതിക്കെതിരെ നിയാം ഖിൽ ഹിൽ ആദിവാസികൾ നടത്തുന്ന പ്രക്ഷോഭം ഓർക്കേണ്ടതുണ്ട്. അതിനെതിരെ ശബ്ദമുയർത്തിയവർ മിക്കവരും മാവോയിസ്റ്റ് ഭീഷണി നേരിടുന്നു.)

കരിക്കുലത്തിൽ ഓൺലൈൻ വിദ്യാഭ്യാസം സജീവമായാൽ ഈ സമൂഹത്തെ ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ നിന്നും മാറ്റേണ്ടി വരും. എന്ന് വച്ചാൽ ആ സമൂഹം ഭൂമിശാസ്ത്രപരമായി സുരക്ഷിതമായ മേഖലകളിൽ വിതരണം ചെയ്യപ്പെടുകയും, സംസ്കാരിക സമൂഹത്തിന്റെ ഭാഗമാവുകയും ചെയ്യും. അങ്ങനെ വന്നാൽ ആ സമൂഹം വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ശാക്തീകരിക്കപ്പെടുകയും, അക്കാദമിക്, പ്രൊഫഷണൽ മേഖലകളിലേക്ക് കൂടുതൽ കടന്നു വരികയും ചെയ്യും. സമ്പത്ത്, വിഭവാധികാരം, രാഷ്ട്രീയ പ്രാതിനിധ്യം എന്നിവയിൽ തങ്ങൾക്ക് കൃത്യമായ സ്ഥാനം ആവശ്യപ്പെടും.പാർലമെന്ററി ജനാധിപത്യത്തിന്റെ ഭാഗമാക്കേണ്ടി വരുമെന്നതിനാൽ തന്നെ ഇന്ത്യൻ ജാതി അധിഷ്ഠിത കോർപ്പറേറ്റ് സമൂഹം അവരെ സാംസ്കാരിക സമൂഹത്തിന്റെ ഭാഗമാക്കാൻ സാധ്യതയില്ല.അതിനാൽ തന്നെ ഇ ലേണിംഗ് കരിക്കുലത്തിൽ ഉൾപ്പെടുത്തിയാൽ ഭൂമാഫിയ, റിയൽ എസ്റ്റേറ്റ് അടക്കം നിരവധി വിവാദ വിഷയങ്ങൾ അതിനെത്തുടർന്നുണ്ടാകും. ദലിത് ആദിവാസി സമൂഹങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ തുടർന്നാൽ മാത്രമേ വോട്ട് ബാങ്ക് രാഷ്ട്രീയം ഉറപ്പാക്കാനും സാധിക്കൂ. ആയതിനാൽ ബദൽ സംവിധാനം ആയി മാത്രമേ ഇപ്പോൾ സർക്കാർ ഇത് ഉൾച്ചേർക്കുകയുള്ളൂ..

എപ്പോഴൊക്കെയും ദലിത് മുന്നേറ്റങ്ങൾ ഉണ്ടാകുമ്പോൾ അതിനു പിന്നിൽ ഒരു ദലിത് വിദ്യാർത്ഥി ജീവിതം ഇല്ലാതാവുക അല്ലെങ്കിൽ ഒരു ദലിത് മനുഷ്യജീവിതം പൊലിയുക എന്നുള്ളത് നിർഭാഗ്യകരമായ കാര്യമാണ്. രോഹിത് വെമുല ജീവിച്ചിരുന്നപ്പോഴല്ല മരിച്ചപ്പോഴാണ് പ്രസക്തനായത്. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു എല്ലാവരിലും അതിന്റെ ഗുണഫലം എത്തിച്ചേരണം എന്നതിനേക്കാൾ സർക്കാരിന് ഒന്നാം തീയതി തന്നെ പഠനം തുടങ്ങി എന്ന ക്രഡിറ്റിന് പ്രാധാന്യം കൊടുത്തപ്പോൾ പൊലിഞ്ഞതു ദേവിക എന്ന ദലിത് പെൺകുട്ടിയുടെ ജീവിതം ആയിരുന്നു. ആറു വയസ്സു മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുക എന്നുള്ളത് കുട്ടികൾക്ക് ലഭിക്കേണ്ട അവകാശമാണ് ഔദാര്യമല്ല.

ഓൺലൈൻ വിദ്യാഭ്യാസ പ്രക്രിയയിൽ നിന്ന് പുറംതള്ളപ്പെട്ടതിന്റെ പേരിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തു എന്ന് വിവാദമുണ്ടായി നിൽക്കുന്ന അവസരത്തിൽ പഠനത്തിനായി മറ്റൊരാളുടെ മുൻപിൽ കൈനീട്ടുന്ന തരത്തിൽ പൗരസമൂഹത്തെ സൃഷ്ടിക്കുന്നത് ദേവികയുടെ മരണ ശേഷം കേരളത്തിൽ കണ്ടു വരുന്ന പ്രവണതയാണ്. വിദ്യാർത്ഥികൾക്കു കൈനീട്ടി വാങ്ങേണ്ടി വരുന്നത് അവരുടെ കുറ്റം കൊണ്ടല്ല. സ്വാതന്ത്ര്യാനന്തര ഇന്ത്യ ഭരിച്ച രാഷ്ട്രീയ ബോധ്യങ്ങളുടെ പിടിപ്പുകേട് കൊണ്ടാണെന്നു മനസിലാക്കേണ്ടതുണ്ട്.

കോവിഡ്19 മായി ബന്ധപ്പെട്ട് ലോകമെമ്പാടും ആരോഗ്യപ്രവർത്തകരും, സർക്കാരും, പൊതുസമൂഹവും, പൊലീസ് സംവിധാനങ്ങളും വൈറസിനെതിരെയുള്ള പോരാട്ടത്തിൽ ആയിരുന്നു. കേരളത്തിൽ വളരെ ചിട്ടയായ ക്രമീകരണങ്ങളും പ്രവർത്തനങ്ങളും നടന്നു. പരമപ്രധാനമായി എല്ലാ സർക്കാരുകളും സർക്കാരിന്റെ പൗര ജനങ്ങളും മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്. സർക്കാർ ഒരു പ്രത്യേക വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നു എന്നുവെച്ചാൽ പൗരസമൂഹത്തെ ബാധിക്കുന്ന മറ്റു വിഷയങ്ങളിൽ അലംഭാവം കാണിക്കാമെന്ന നിസ്സംഗത പാടില്ല. സർക്കാർ ചെയ്യുന്ന പ്രവർത്തനം കാര്യക്ഷമമാകുന്നത് മികച്ച പൗരബോധമുള്ള ജനത, മികച്ച പൗരബോധമുള്ള പ്രതിപക്ഷം ഇവർ പകരുന്ന ആശയനങ്ങൾ കൈകോർക്കുമ്പോളാണ്. ഇവിടെ കോവിഡ് 19 പ്രവർത്തനങ്ങൾ തുടങ്ങിയപ്പോൾ മുതൽ വിവിധ വിഷയങ്ങളിലുള്ള വിയോജിപ്പുകൾ ചൂണ്ടിക്കാട്ടിയപ്പോൾ ഒക്കെ സർക്കാർ അനുകൂല പി ആർ വർക്കുകൾ ഈ സമയത്താണോ ഇത് ഉന്നയിക്കേണ്ടത്, പാൻഡമിക് അവസ്ഥയിൽ ഇത്തരത്തിലുള്ള പ്രതികരണങ്ങൾ ശരിയല്ല എന്നൊക്കെ തരത്തിലുള്ള പരസ്യപ്രചാരണങ്ങൾ നടത്തിയിരുന്നു. അദൃശ്യമായ ഒരു തരം ഭയം അടിസ്ഥാന ജനവിഭാഗങ്ങൾ ക്കിടയിൽ നിഴലിച്ചു. ഇപ്പോൾ

എന്റെ ആവലാതി ഞാൻ പറഞ്ഞാൽ ശരിയാകുമോ എന്ന ചിന്താഗതി ഏറ്റവും അടിത്തട്ടിലെ സമൂഹങ്ങൾ ക്കുണ്ടായിരുന്നു.യഥാർത്ഥത്തിൽ വിയോജിപ്പിന്റെ രാഷ്ട്രീയം കൂടി കേൾക്കുമ്പോഴാണ് ജനാധിപത്യ പ്രക്രിയ പൂർത്തിയാകൂ എന്നുള്ളത് പൗര സമൂഹം ആർജ്ജിക്കേണ്ട അടിസ്ഥാന വിദ്യാഭ്യാസം ആണ്. ഇ ലേണിങ് സമ്പ്രദായം തുടങ്ങിയപ്പോൾ മുതൽ അതിന്റെ അപാകതകൾ ചൂണ്ടിക്കാട്ടിയത് വേണ്ട രീതിയിൽ അദ്ദേഹത്തിലേക്ക് എത്തിക്കുവാൻ സൈബർ അണികളുടെ  പ്രവർത്തനം തടസ്സ മായി എന്നുള്ളത് വേണം കരുതുവാൻ.

ജനാധിപത്യ രാജ്യത്തിൽ ജനങ്ങൾക്കുണ്ടാ കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിനെ ചൂണ്ടിക്കാട്ടുക എന്നുള്ളത് തന്നെയാണ് പ്രധാന ഇടപെടൽ. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ദലിത് ആദിവാസി സമൂഹം അത് കൃത്യമായി ചെയ്തി രുന്നു എന്നാൽ അധികാരത്തിന്റെ ഒരു ഇടങ്ങ ളിലും എത്തിപ്പെടാൻ ആകാത്തതിനാൽ തന്നെ അവരുടെ ശബ്ദം സർക്കാരിൽ വേണ്ടരീതിയിൽ എത്തിയിട്ടില്ല.

ദലിത് /ആദിവാസി വിഭാഗങ്ങളുടെ.അനുഭവ പരിസരങ്ങൾ  ഇതര വിദ്യാർത്ഥികളിൽ നിന്ന് വ്യത്യസ്തമായതിനാൽ ആ മേഖലയിലെ സമാന്തര വിദ്യാഭ്യാസ പദ്ധതികളുടെ പ്രവർത്തി പരിചയം ഉറപ്പാക്കേണ്ടതുണ്ടായിരുന്നു.

കൃത്യമായ വോട്ടുബാങ്ക് രാഷ്ട്രീയം നിർണ യിക്കുന്ന ശക്തിയായിരുന്നു ദലിത് /ആദിവാസി വിഭാഗങ്ങൾ എന്ന തോന്നൽ സർക്കാരിന് ഉണ്ടായിരുന്നെങ്കിൽ ദേവികയുടെ മരണം സംഭവിക്കില്ലായിരുന്നു. കോവിഡ് 19 മായി ബന്ധപ്പെട്ടു വന്ന എല്ലാ പ്രവർത്തങ്ങളും മുന്നോട്ട് പോകുമ്പോൾ തന്നെ കേരളത്തിലെ ദലിത് സമൂഹം ഭരണഘടന വിഭാവനം ചെയ്യുന്ന സാമൂഹിക നീതിക്കായി കോടതിയിൽ എത്തി.

ആർട്ടിക്കിൾ 46 ദുർബല വിഭാഗങ്ങൾക്കും, എസ് സി /എസ് ടി വിഭാഗങ്ങൾക്കും വിദ്യാഭ്യാസ സാമ്പത്തിക കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിനും, സാമൂഹിക അനീതിയിൽ നിന്നും എല്ലാ ത്തരം ചൂഷണങ്ങളിൽ നിന്നും  സംരക്ഷിക്കുന്ന തിനും ഉള്ള ഉറപ്പു നൽകുന്നുണ്ട്.ഡോക്ടർ ബി ആർ അംബേദ്കർ എഴുതിയ ഭരണഘടനയിൽ നിന്ന് തന്നെ ആ നീതി  ഇ ലേണിംഗ്  വിദ്യാഭ്യാസ പ്രക്രിയ സുതാര്യവും, സാർവ്വത്രികവുമാക്കാനായി ലഭ്യമാക്കേണ്ടതുണ്ട്. നടപ്പിൽ വരുത്തിയപ്പോൾ വന്ന പാളിച്ചകളും , ഇപ്പോൾ ഓൺലൈൻ വിദ്യാഭ്യാസം കടന്നു വന്നപ്പോഴുണ്ടായ അരക്ഷിതാവസ്ഥയും നേരിട്ട് ബാധിച്ചത് ദലിത് ആദിവാസി സമൂഹങ്ങളെ യാണ്. പ്രളയം മുതൽ അനുഭവിക്കുന്ന സാമ്പത്തിക തകർച്ച മൂലം ഒരു ജനറൽ ട്യൂഷൻ പോലും ഏർ പ്പാടാക്കാനുള്ള അവസ്ഥ ദലിത് കുടുംബങ്ങൾ ക്കില്ല. അതുകൊണ്ടുതന്നെയാണ് ഇ ലേർണിംഗ് വിഷയത്തിൽ മേൽ തുടക്കം മുതൽ തന്നെ ദലിത് സമൂഹം കരുതലോടെ ഇരുന്നത്.

*ഓൺലൈൻ വിദ്യാഭ്യാസം നാപ്പിലാക്കിയ ശേഷം :-*

കോവിഡിനെ തുടർന്നുണ്ടായ ലോക്ക് ഡൗണും തുടർന്നുണ്ടായ പല സംഭവവികാസ ങ്ങളും നമ്മുടെ വിദ്യാർഥി സമൂഹത്തെ വീടിന കത്തേക്ക് ചുരുക്കിയിരിക്കുന്നു. സമ്മിശ്ര പ്രതിക രണമാണ് വിദ്യാർത്ഥികളിൽ നിന്നും വന്നുകൊണ്ടി രിക്കുന്നത്. സ്കൂളിൽ ആയിരുന്നപ്പോൾ അധ്യാ പകരുടെയും, സുഹൃത്തുക്കളുടെയും സഹായ ത്തോടെ പങ്കുവെച്ച് പഠിച്ചിരുന്ന പാഠങ്ങൾ ഇപ്പോൾ ഒറ്റമുറിയിലെ ചെറിയ ലോകത്തേക്ക് ഒതുങ്ങിയ പ്പോൾ ഒരു വിഷയം പഠിക്കുവാൻ വിദ്യാർത്ഥി തന്നെ സമഗ്രമായി ആശയങ്ങളുടെ ലോകത്തിലൂടെ കടന്നുപോകേണ്ടതുണ്ട് എന്ന അവസ്ഥ കൈവന്നു.



കാലഘട്ടത്തിന്റെ ഏറ്റവും വലിയ തെറ്റ് എന്ന് നാം പഠിപ്പിച്ച ഫോണുകൾ കുട്ടികളുടെ സന്തത സഹ ചാരിയായി മാറിക്കഴിഞ്ഞിരിക്കുന്നു.

നിലവിലെ സാഹചര്യത്തിൽ ട്യൂഷൻ സെന്ററുകളിൽ പോകുവാൻ സാധിക്കാത്തതിനാൽ വീട്ടിലിരുന്ന് യു ട്യൂബ് ക്ലാസുകൾ ആശ്രയിച്ച് പഠിക്കുന്നു. വാട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കി കൂട്ടുകാർക്കൊപ്പം കമ്പൈൻഡ് സ്റ്റഡി നടത്തുന്നു. ഗൂഗിൾ മീറ്റ് ബെഞ്ച്, ഡെസ്ക് എന്നീ പദങ്ങൾ പോലെ അവർക്ക് പരിചയം ആയിക്കഴിഞ്ഞു.


പതിയെ പതിയെ ഒരുവിധം എല്ലായിടങ്ങ ളിലും ഈ ലേണിങ് ഡിവൈസസ് എത്തിയിരി ക്കുന്നു. ചിലയിടങ്ങളിൽ ഇപ്പോഴും ഇവ എത്തപ്പെ ട്ടിട്ടില്ല. ഈ സമയത്ത് പല സ്ഥലത്തുനിന്നും ചില തെറ്റായ വാദങ്ങൾ ഉയർന്നുവന്നിരുന്നു. ഓൺ ലൈൻ വിദ്യാഭ്യാസം ദലിത് ആദിവാസി ജനവിഭാ ഗങ്ങളിൽ പെട്ട വിദ്യാർത്ഥികൾക്ക് ദുർഗ്രാഹ്യം ആകുന്ന തിനാൽ ആ വിദ്യാഭ്യാസ സമ്പ്രദായം നിർത്തിവയ്ക്കുക എന്നുള്ളതായിരുന്നു അതി ലൊന്ന്. യഥാർത്ഥത്തിൽ പെൻ/പേപ്പർ ടെസ്റ്റി നേക്കാൾ ദലിത് ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏറ്റവും വഴങ്ങുന്നത് ഓൺലൈൻ വിദ്യാഭ്യാസം തന്നെയാണ്. ശബ്ദങ്ങളുടെ അനന്ത സാധ്യതകൾ പെട്ടെന്ന് തലച്ചോറിന് വഴങ്ങുന്ന ജനവിഭാഗങ്ങളാണ് ദലിത്/ ആദിവാസി വിഭാഗ ങ്ങൾ. ശബ്ദം മറ്റൊരുതരത്തിൽ ഉപയോഗിച്ചു കൊണ്ടുള്ള ടെക്നോളജി പഠന പ്രക്രിയയെ കൂടുതൽ ഉഷാർ ആക്കുകയാണ് ചെയ്യുന്നത്.

കടന്നുവന്ന ബദൽ വിദ്യാഭ്യാസ പദ്ധതി യായ ഓൺലൈൻ വിദ്യാഭ്യാസത്തെ പെട്ടെന്നുള്ള അതി വൈകാരികതയിൽ പടി ക്ക് പുറത്തേക്ക് അയക്കണം എന്ന് പറയുന്നതിന് മുൻപ് ഒരു വിഷയം കടന്നു വരികയാണെങ്കിൽ ആ വിഷ യത്തെ വേണ്ടരീതിയിൽ സ്വീകരിക്കുകയാണ് വേണ്ടത്. മറിച്ച് അതിൽ നിന്നും ഒളിച്ചോടാൻ



ശ്രമിക്കുന്നത് നിലവിലെ സാഹചര്യത്തിൽ പുതിയ തലമുറയ്ക്ക് ഗുണപ്പെടുകയില്ല. പുതിയ ടെക്നോ ളജിയുടെ ലോകത്തേക്ക് ദലിത്/ആദിവാസി വിഭാഗങ്ങൾ എത്തേണ്ടതുണ്ട്. അവർ താമസി ക്കുന്ന ഇടങ്ങൾ, അവിടത്തെ കാലാവസ്ഥ, അവിടത്തെ ഭൂപ്രകൃതി, അവർ താമസിക്കുന്ന വാസസ്ഥലങ്ങൾ, അവയുടെ ശോചനീയാവസ്ഥ, സമതലങ്ങളിൽ നിന്നും വിട്ടുമാറി പരിസ്ഥിതി ആഘാത പ്രദേശങ്ങളിൽ താമസിക്കുന്നു എന്നീ വിഷയങ്ങളാണ് ഓൺലൈൻ വിദ്യാഭ്യാസത്തിന് തടസ്സമായി ഇരിക്കുന്നത്. ചില ഭവനങ്ങളിൽ ഇംഗ്ലീഷ് ഒരു ബോധനമാധ്യമം ആയി മാറിയപ്പോൾ വിദ്യാഭ്യാസം അധികം ഒന്നും ഇല്ലാത്ത കുറച്ച് മാതാപിതാക്കൾക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടു ന്നുണ്ട്. പഠനത്തിൽ കുട്ടിയെ സഹായിക്കുവാൻ പറ്റുന്നില്ല എന്നതിനേക്കാൾ കുട്ടി സ്വയം പഠിക്കു വാൻ കൂടുതൽ തലച്ചോറ് ഉപയോഗിക്കുന്നു എന്നുള്ളത് അവരുടെ ശ്രദ്ധയെ, ഏകാഗ്രതയെ വികസിപ്പിക്കുന്നു എന്നുള്ളത് ചിന്തിക്കുക. പതിയെ പതിയെ തുടക്കത്തിൽ ഉണ്ടാവുന്ന ബുദ്ധിമുട്ടു കൾ മാറുകയും ഏതൊരു അവസ്ഥയോടും പൊരുത്തപ്പെട്ട് ചേർത്തുപിടിക്കുക, അതിൽ നിന്നും ഊർജ്ജം ഉൾക്കൊള്ളുക എന്ന മനുഷ്യസഹജമായ ഭാവത്തോട് നമ്മുടെ വിദ്യാർത്ഥിസമൂഹം ഇണങ്ങി ച്ചേരുകയും ചെയ്യും. അവർ ഓണം ആഘോഷിച്ചത് ഓണാഘോഷപരിപാടികൾ നടത്തിയതും അത്ത പ്പൂക്കളം ഇട്ടതും ഓൺലൈനിൽ കൂടിയായിരുന്നു.

സാങ്കേതികതയുടെ പുതിയൊരു ലോക ത്തിലേക്ക്, ഗ്ലോബൽ വിദ്യാഭ്യാസമേഖലയുടെ അനന്ത സാധ്യതകളിലേക്ക് ദലിത് സമൂഹവും വളർന്നുകൊണ്ടിരിക്കുന്നുപ്രതീക്ഷയോടെ പുത്തൻ വാതായനങ്ങൾ തുറന്നു അവർ മുന്നേറുന്നത് കാണുക തന്നെ ചെയ്യാം.





ചർച്ചാവിഷയം

# അധ്യാപികമാരുടെ ഓൺ-ഓഫ് 'ലൈൻ' ജീവിതം



കെ.ആർ. രാഗി
ഇംഗ്ലീഷ് അദ്ധ്യാപിക

വനിതാ അദ്ധ്യാപികമാരേ 'ടീച്ചറമ്മ' എന്ന് വിശേഷിപ്പിക്കുന്ന സമൂഹമാണല്ലോ നമ്മുടെ. ഒരുതരത്തിലും 'അമ്മത്ത്വം'ത്തിൽ നിന്ന് ഒരു പ്രൊഫഷണലായ സ്ത്രീയ്ക്കുകൂടി രക്ഷപ്പെടലില്ല എന്നു തന്നെ അർത്ഥം. പുറത്തേക്ക് പോകുന്ന സ്ത്രീ തന്റെ കാലിൽ കുടുംബം എന്ന കല്ല് കെട്ടി വേച്ചു വേച്ചാണ് നടക്കുക എന്ന് എവിടെയോ വായിച്ചൊരു ഓർമ്മയുണ്ട്. ഇതെല്ലാം ക്ലീഷേ അല്ലെയെന്ന് ചോദിച്ചാൽ അസ്വസ്ഥതയോടെ 'അതെ' എന്നു തന്നെ പറയേണ്ടിവരും. ബാക്കി വഴിയേ വിവരിക്കാം. ഞാനൊരു കോളേജദ്ധ്യാപികയാണ്. കോവിഡ് 19 രൂക്ഷമാകുകയും പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ വീട്ടമ്മമാരുടെ ജോലിഭാരം കൂടുകയാണുണ്ടായതെന്ന് നമ്മൽ കണ്ടതാണ്. നിരവധി സർവ്വേകൾ നടക്കുകയും സ്ത്രീകൾ ചായയിടുന്ന എണ്ണം കൂടുകയും ചെയ്തുകൊണ്ടിരിക്കുന്നു. അപ്പോഴാണ് ഓൺലൈൻ ക്ലാസ്സുകൾ എന്ന വിപ്ലവം കേരളത്തിൽ സംഭവിക്കുന്നത്.

പണ്ടുമുതലേ സ്വകാര്യ ഇടം-പൊതുവിടം എന്ന അതിർവരമ്പൊന്നും സ്ത്രീകളെ സംബന്ധിച്ച് പ്രായോഗികമല്ലാന്ന് സമൂരം തന്നെ നമ്മെ ബോദ്ധ്യപ്പെടുത്തി തന്നിട്ടുണ്ട്. അപ്പോഴാണ് നമ്മുടെയിടയിലേക്ക് 'വർച്ചൽ' ലോകം തുറന്നുവരുന്നത്. വീട്ടിലിരുന്ന് പഠിക്കുന്നു, പഠിപ്പിക്കുന്നു. സ്ത്രീകളായ അദ്ധ്യാപികമാർ എങ്ങനെയായിരിക്കണം ഇതിനെ സ്വീകരിച്ചത്? സ്വതവേ സ്ത്രീകളെ കുറിച്ചുള്ള ഒരു ആക്ഷേപം അവർ സാങ്കേതികതയുടെ കാര്യത്തിൽ പുറകോട്ടാണ് എന്നുള്ളതാണ്. ആദ്യം കേട്ടത് വാട്സാപ്പ് പോലും മര്യാദയ്ക്ക് ഉപയോഗിക്കാൻ അറിയാത്ത ഇവർ എങ്ങനെ ക്ലാസ്സുകൾ നടത്തും എന്നുള്ളതാണ്. ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതിനു മുൻപ് നമ്മൾ കാണേണ്ട ചില സാമൂഹിക യാഥാത്ഥ്യങ്ങൾ കൂടിയുണ്ട്. കാലാകാലങ്ങളായി നമ്മൾ ഉന്നയിക്കുന്ന ചോദ്യമാണിവിടെ പ്രധാനം - സ്ത്രീകൾക്കെവിടെയാണ് സ്വന്തമായി കുറച്ച് സമയമുള്ളത്. ഓൺലൈനായാലും ഓഫ് ലൈനായാലും അവൾക്കു മാത്രം കൽപ്പിച്ചു കിട്ടിയ സമയപരിധികൾ ഉണ്ട്. രാത്രി മെസഞ്ചറിലും വാട്സാപ്പിലും പച്ച ലൈറ്റ് കണ്ടാൽ തന്നെ പ്രശ്ന


മാണ്. പിന്നെയാണ് നൂതന സാങ്കേതിക വിദ്യയെക്കുറിച്ച് അപ്ഡേറ്റാവൽ! നടക്കുന്ന കാര്യം തന്നെ എന്ന് തോന്നാം. എന്നാൽ അതേ സമൂഹമാണ് ഒരാവശ്യം വന്നപ്പോൾ മര്യാദയ്ക്കുള്ള ആംഗിളിൽ ഒരു ഫോട്ടോ പോലും എടുക്കാനറിയാത്തവൾ എങ്ങനെ ഓൺലൈൻ ക്ലാസ്സെടുക്കും എന്ന് കളിയാക്കിയത്. ഇയൊരു ആരോപണം സാങ്കേതികതയുടെ കാര്യത്തിൽ മാത്രമല്ല എല്ലാ മേഖലയിലും സ്ത്രീകൾ നേരിടുന്നതാണല്ലൊ. സാഹിത്യമായിക്കോട്ടെ, ശാസ്ത്രമായിക്കോട്ടെ, വേറെയെന്ത് ക്രിയാത്മക മായ മേഖലയായിക്കോട്ടെ – അവൾക്കുള്ള ക്വാളിറ്റി സമയം അപഹരിക്കുകയും പിന്നീടവളുടെ ക്വാളിറ്റിയെ ചോദ്യം ചെയ്യുക എന്നുള്ളത് നമ്മുടെ ശീലമായിപ്പോയി. ഇത്രയും പറഞ്ഞത്, ഈ ആരോപണങ്ങളിലെ അപകർഷതയിൽ നിന്നുകൊണ്ടാണ് മിക്ക വനിതാ അദ്ധ്യാപികമാരും ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചതെന്ന് പറയാൻ വേണ്ടിയാണ്.

ഇനി കഷ്ടപ്പെട്ട്, ബുദ്ധിമുട്ടി ക്ലാസ്സുകൾ എടുക്കാൻ തുടങ്ങിയെന്നിരിക്കട്ടെ, പ്രശ്നങ്ങൾ തുടങ്ങുന്നതേയുള്ളൂ. കേരള സർക്കാർ വിക്ടേഴ്സ് ചാനലിലൂടെ കാസ്സുകൾ ആരംഭിച്ചപ്പോൾ ചില അധ്യാപികമാർ സോഷ്യൽ മീഡിയയിൽ നേരിടേണ്ടി വന്ന അശ്ലീല പരാമർശങ്ങൾ നമ്മൾ കണ്ടതാണല്ലൊ. സ്ത്രീകളെ വർച്ചൽ സ്ക്രീനിൽ കണ്ടാൽ ഇന്നും നമ്മുടെ സമൂഹത്തിന് വിറളി പിടിക്കും – ഇതൊരു അപൂർവ്വ അസുഖമാണ് – മുഖം വെളിപ്പെടുത്താതെ തന്നെ സോഷ്യൽ മീഡിയയിൽ എന്ത് വൃത്തികേടും പടച്ചുവിടാം എന്നുള്ള ഒരുതരം ധൈര്യം. തുടർന്ന് ഓൺലൈൻ വീഡിയോ ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ, അല്ലെങ്കിൽ 'ചിലർ' അദ്ധ്യാപികമാരുടെ 'ചില' ഭാഗങ്ങൾ മാത്രം സ്ക്രീൻ ഷോട്ടെടുക്കുന്ന വേറെയൊരു അസുഖം കൂടിയുണ്ട്. ഈ 'ചിലർ' ചെയ്യുന്ന വൃത്തികേടിന് സേഫ്റ്റി മെഷർ എടുക്കേണ്ടി വരുന്നതും അദ്ധ്യാപികമാർക്ക് തന്നെ – അവർക്കു കിട്ടുന്ന ഉപദേശം വൃത്തിയുള്ളതും മാന്യമായതുമായ വേഷം ധരിച്ച് ക്ലാസ്സെടുക്കണം എന്നുള്ളതാണ്. സീനിയർ അദ്ധ്യാപികമാർ മുതൽ വീട്ടിലെ പുരുഷൻ വരെ സമർപ്പിക്കുന്ന ഉപദേശമിതാണ്. അതായത് സ്ക്രീൻഷോട്ടുകളെ തടയാൻ പറ്റില്ല – നീ ശ്രദ്ധിക്ക് എന്ന മട്ട്. ഇതും സ്വാഭാവികമായി സ്ത്രീകൾ കേൾക്കുന്നതാണല്ലൊ – ഓഫ് ലൈനായും ഓൺലൈനായും (ഇല-മുള്ള് പഴഞ്ചൊല്ല് ഓർക്കുക)

ഇനിയാണ് അതിഭീകരമായ മറ്റൊരു പ്രശ്നം 'വർക്ക്-ഫ്രം-ഹോം' കാഴ്ച വയ്ക്കുന്നത്. ഭാര്യ, അമ്മ, ചേച്ചി, മകൾ, അനിയത്തി – ഇവരെല്ലാം വീട്ടിൽ തന്നെയുണ്ടല്ലൊ. അതുകൊണ്ട് വീട്ടിലെ ജോലിയും, തൊഴിലും എല്ലാം ഒരൊറ്റ കുടക്കീഴിൽ. ക്യാമറയുടെ മുന്നിൽ നിന്നും അടുക്കളയിലെ ചോറ് വെന്തോന്ന് നോക്കാനുള്ള റിലേ മത്സരത്തിലാണ് ഇപ്പോഴത്തെ അദ്ധ്യാപികമാർ. അതിനിടയിൽ ക്ലാസ്സെടുക്കാനുള്ള പ്രിപ്പറേഷനുള്ള സമയം സ്വയം ക്രേഡ് ടൈം ഉണ്ടാക്കി ചെയ്തെടുക്കണം. ഓൺലൈനായി പഠിപ്പിക്കുന്നവർക്കറിയാം പണ്ടത്തേക്കാൾ എത്രയോ കഷ്ടപ്പെട്ടിട്ടാണ് ഓരോ ക്ലാസ്സും എടുക്കുന്നതെന്ന്. ക്ലാസ്സുകളുടെ ഗുണനിലവാരത്തിന് കോട്ടം തട്ടാതെയിരിക്കാനുള്ള എല്ലാ വഴികളും തപ്പിപ്പോയി പ്രായോഗികമാക്കാനുള്ള ഓട്ടമാണ് ഓരോ ടീച്ചറുടേയും ജീവിതം. പുരുഷാധ്യാപകർ ഭൂരിഭാഗം പേർക്കും ഈ ഓട്ടം മാത്രം നടത്തിയാൽ മതി. ഗാർഹികമായ മറ്റു ഉത്തരവാദിത്തങ്ങളുടെ റിലേയിൽ അവർക്ക് പങ്കെടുക്കേണ്ട. അദ്ധ്യാപികമാർ ഓൺലൈൻ പഠനത്തിൽ നേരിടുന്ന പ്രതിസന്ധികളെ കുറിച്ച് സംസാരിക്കാൻ വേണ്ടി ഒരു മീറ്റിംഗ് കൂടിയപ്പോൾ അതിലൊരു അദ്ധ്യാപിക ചോദിച്ച ഒരേയൊരു ചോദ്യം വീട്ടുജോലി കുറയ്ക്കാന ഏതെങ്കിലും വഴിയുണ്ടോ എന്നാണ്. ആകെയുള്ള പോംവഴി ജോലി വീതിക്കുക എന്നുള്ളതാണെന്ന് അറിയിച്ചപ്പോൾ മറ്റൊരു ടീച്ചർ അഭിപ്രായപ്പെട്ടത് ജീവിതം കുട്ടിച്ചോറാവും എന്നുള്ളതാണ്. എന്നാണിതിന് സമഗ്രമായ ഒരു മാറ്റം സംഭവിക്കുക? ഓൺലൈൻ ക്ലാസ്സുകൾ അദ്ധ്യാപികമാരുടെ ശാരീരികവും മാനസികവുമായ ഭാരം വർദ്ധിപ്പിക്കുകയാണുണ്ടായത്. പല അദ്ധ്യാപികമാർക്കും ഒരുതരത്തിലുള്ള വിശ്രമവും ആശ്വാസവും എന്തിനധികം പറയുന്നു – ...... വായിക്കാൻ പോലും സാധിച്ചിരുന്നത് കോളേജിൽ വരുമ്പോഴാണെന്ന് പറയാറുണ്ട്. ഇപ്പോഴാ ഒഴിവുസമയം അവർക്ക് നിഷേധിക്കപ്പെട്ടു. രാത്രി വരെ ഓൺലൈൻ വേദികളിൽ പുരുഷന്മാർ ചർച്ചകളിൽ പങ്കെടുക്കുമ്പോഴും രാത്രിയായാൽ അദ്ധ്യാപികമാർ അത്താഴം ഒരുക്കുന്നതിന്റേയും കുട്ടികളെ ഉറക്കുന്നതിന്റേയും തിരക്കിലായിരിക്കും. പുരുഷാധ്യാപകർ അക്കാദമിക് പേപ്പറുകൾ എഴുതാൻ സമയം കണ്ടെത്തുമ്പോൾ അധ്യാപികമാർ അടുത്ത ദിവസത്തേക്കുള്ള ക്ലാസ് എടുക്കാനുള്ള തയ്യാറെടുപ്പിനുള്ള സമയം കണ്ടെത്താൻ പാടുപെടുകയായിരിക്കും.

ഇതു ഏറ്റവും ചുരുങ്ങിയ രീതിയിലാണ് പ്രശ്നങ്ങളെ അവതരിപ്പിച്ചിട്ടുള്ളത്. കൂടുതൽ സമയം ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് വീട്ടിലുള്ള അദ്ധ്യാപികമാർ കേൾക്കേണ്ടിവരുന്ന പഴികളും അവരെ ഇടംവലം തിരിയാൻ സമ്മതിക്കാതെയുള്ള നിരീക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ അതിലും ഭീകരമാണ്. അധ്യാപികമാർ ഓൺലൈൻ മാധ്യമങ്ങളുടേയും സാങ്കേതികതയുടേയും വിവിധ മേഖലകളിൽ പ്രാവിണ്യം നേടിക്കൊണ്ടിരിക്കുന്നു എന്നുള്ളത് വളരെ ധനാത്മകമായ കാര്യമാണ്, സംശയമില്ല. എന്നാൽ പുറംലോകം എന്നുള്ളത് വർച്ചൽ മാധ്യമം ആണെന്നിരിക്കെ, ആ ലോകം എന്നത്തേയും പോലെ പല രീതിയിലും ഇപ്പോഴും അധ്യാപികമാർക്ക് നിഷിദ്ധമാണ്. ഇതിനെക്കുറിച്ചുള്ള പോംവഴികളാണാവശ്യം. ജോലിയുടെ നീതിപൂർണ്ണമായ പങ്കിടൽ (division of labour) നടക്കാത്ത കാലത്തോളം വർച്ചൽ ലോകവും സ്തീയോട് പക്ഷപാതം കാണിച്ചുകൊണ്ടേയിരിക്കും.

പെൺപക്ഷം



അജിത കെ.

# ഇനി നമ്മൾ ആരെ ആശ്രയിക്കണം?

ഏപ്രിൽ കഴിഞ്ഞ് മാസങ്ങളോളം കഴിഞ്ഞു. സെപ്തംബർ ആയി. ഇനിയും സ്കൂളുകൾ തുറന്നിട്ടില്ല. കോവിഡ് അതിപ്രസരത്തിലെത്തിയിരിക്കുന്നു. സമ്പർക്കത്തിലൂടെയാണ് അത് പരക്കുന്നത് എന്ന് അധികൃതർ പറയുന്നു. ആളുകൾ സാധാരണ പോലെ നിത്യജോലികൾക്ക് ഇറങ്ങിത്തുടങ്ങിയിരിക്കുന്നു. സമ്പദ്‌വ്യവസ്ഥയാണെങ്കിൽ ഒരിക്കലുമില്ലാത്തവിധം മൈനസ് വളർച്ചയിലാണ്. തൊഴിലില്ലാതെ, ജീവിക്കാൻ വരുമാനമില്ലാതെ പട്ടിണിയുടെ ഒരു കാലം വളരെ അടുത്തുവന്നിരിക്കുന്നു. നമ്മുടെ നാട്ടിലെ പൊതുവിതരണ സമ്പ്രദായം കുറേയേറെ ഫലപ്രദമായി പട്ടിണി തടയാൻ നോക്കി. കാര്യങ്ങൾ പക്ഷെ, അതിന്റെയും കൈവിട്ടു പോവുകയാണ്.

റെയിൽവെ, എയർപോർട്ടുകൾ, തുറമുഖങ്ങൾ, എയർ ഇന്ത്യാ കമ്പനി എന്നീ പൊതുസംവധാനങ്ങൾ (സർക്കാർ ഉടമയിലുള്ള) കോർപ്പറേറ്റുകൾക്ക് നൂറുശതമാനം വിറ്റഴിക്കുന്ന തിരക്കിലാണ്. കേന്ദ്ര സർക്കാർ മാത്രമല്ല, കോവിഡ് നിയന്ത്രണങ്ങളുടെ മറവിൽ അതിഭീകരമായ ജനാധിപത്യവിരുദ്ധ നയങ്ങൾ ഒന്നൊന്നായി നമുക്ക് മേൽ അടിച്ചേല്പിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത കാലത്തെ സുപ്രീംകോടി വിധികളാണ് ഏറെ ഞെട്ടലുണ്ടാക്കുന്നത്. സ്വതന്ത്ര ഇന്ത്യയുടെ നീതിന്യായ ചരിത്രത്തിൽ ഒരിക്കലുമില്ലാത്തവിധം ബാബറി മസ്ജിദ് പൊളിച്ചിടത്തുതന്നെ രാമജന്മഭൂമി ക്ഷേത്രം പണിയാൻ അന്യായമായി അനുമതി കൊടുത്തു. ഒരു കോവിഡ് നിയന്ത്രണങ്ഹളും അതിന് ബാധകമല്ല. ആ പണി ദ്രുതഗതിയിൽ നടക്കുന്നു. ജനാധിപത്യ-മതേതര-ബഹുസ്വരമൂല്യങ്ങളുയർത്തിപ്പിടിച്ച സ്വതന്ത്ര ഇന്ത്യയുടെ സംസ്ക്കാരം (അതിന് പോരായ്മകളും പരിമിതികളുമുണ്ടാവാം) പൊളിച്ചെഴുതിക്കൊണ്ടിരിക്കു



ന്നു. കുഞ്ഞുനാൾ മുതൽ തന്നെ സ്വാധീനിച്ചു തുടങ്ങണമെന്ന് തീരുമാനിച്ച് വിഭ്യാഭ്യാസനയം തന്നെ മാറ്റിക്കൊണ്ടിരിക്കുന്നു. ദശവർഷങ്ങളായുള്ള അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ (സ്ത്രീ, ദലിത്, ആദിവാസി, എൽജിബിടി, മത ന്യൂനപക്ഷ) പോരാട്ടങ്ങളിലൂടെ നേടിയെടുത്ത നിയമപരമായ അവകാശങ്ങൾ, പുതിയ നിയമപരിഷ്ക്കരണങ്ങളിലൂടെ ആകെ അട്ടിമറിയ്ക്കാൻ പോകുന്നു.

ഒരു പൗരനെ/പൗരയെ യാതൊരു തെളിവുകളും ആവശ്യമില്ലാതെതന്നെയും ഏ.പി.ഏ, എൻ.എസ്.ഏ. തുടങ്ങിയ പൈശാചിക നിയമങ്ങൾ തലങ്ങും വിലങ്ങും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. സി.എ.എ., എൻ.ആർ.സി., എൻ.പി.ആർ, എന്നീ അങ്ങേയറ്റം വിവേചനപരമായ നയങ്ങൾക്കെതിരെ പോരാടാൻ തയ്യാറായതിന് ജാമിയമിയാ ഇസ്ലാമിയ, ജെ.എൻ.യു. തുടങ്ങിയ പ്രശസ്ത സർവ്വകലാശാലകളിലെ വിദ്യാർത്ഥികളേയും അവിടുത്തെ ഉല്പതിഷ്ണുക്കളായ അദ്ധ്യാപകരേയും തുരുതുരാ അറസ്റ്റു ചെയ്തുകൊണ്ടിരിക്കുന്നു. ഭീമാ കൊറേ ഗാവ് സംഭവത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ട പ്രമുഖ വ്യക്തികളെ അറിയില്ലേ? എഴുപതോളം കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിച്ച ഇടപെടൽ നടത്തിയ ഡോ. കഫീൽഖാൻ എന്ന മനുഷ്യസ്നേഹിയെ ഏഴുമാസങ്ങളോളം എൻ.എസ്.ഏ. (National Security Act) ചുമത്തി ജയിൽ ജീവിതത്തിലേക്ക് തള്ളിവിട്ടതും ഓർക്കുക.

കേരളത്തിൽ ഭരിക്കുന്നത് എൽ.ഡി.എഫാണ്. വ്യത്യസ്തമായ, കുറേക്കൂടി ജനകീയമായ ഒരു ഭരണം നമ്മൾ പ്രതീക്ഷിച്ചു പോകുമല്ലൊ. തുടക്കത്തിൽ അങ്ങനെയൊക്കെ ധാരണയുണ്ടാക്കാൻ എൽ.ഡി.എഫ് ശ്രമിക്കുകയും ചെയ്തു. മാത്രമല്ല, ആരോഗ്യമേഖലയുടെ ചുക്കാൻ പിടിക്കുന്ന ശൈലജ ടീച്ചർ കോഴിക്കോട്ടെ നിപാവൈറസിനേയും അതിനേക്കാൾ ഭീകരമായ കോവിഡ്-19 നെയും കൈകാര്യം ചെയ്ത രീതി അത്യന്തം പ്രശംസനീയമാണ്. പക്ഷെ, കഴിഞ്ഞ ഒരു വർഷത്തിലേറെയായി സർക്കാർ നടത്തിയ ചില ഇടപെടലുകൾ ഏറെ ഞെട്ടലും വേദനയുമുണ്ടാക്കിയിട്ടുണ്ട്.

2019 നവംബർ ഒന്നാംതീയ്യതി കോഴിക്കോട്ടെ സി.പി.എം. പാർട്ടി പ്രവർത്തകരായ അലൻ, താഹ എന്നീ ചെറുപ്പക്കാരെ പന്തീരാങ്കാവ് വെച്ച് അറസ്റ്റു ചെയ്ത് അവർക്കെതിരെ ഏതാനും മണിക്കൂറുകൾക്കുള്ളിൽ യു.എ.പി.എ. എന്നീ ഭീകര നിയമപ്രകാരം കേസെടുത്ത നടപടിയാണ് അതിലൊന്ന്. ചില ലഘുലേഖകളും നോട്ടീസും കൈയ്യിൽവെച്ചു. ചില പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തു എന്ന കുറ്റം ചുമത്തിയാണ് ഈ ആക്ട് പ്രയോഗിച്ചത്. യു.എ.പി.എ., എൻ.എസ്.എ. എന്നിവ കരിനിയമങ്ങളാണെന്നും അവ പിൻവലിക്കണമെന്നും ശക്തമായ നിലപാടുള്ള ഒരു പാർട്ടിയാണ് സി.പി.എം. ആ പാർട്ടിയുടെ പ്രമുഖ നേതാവ് പിണറായി വിജയൻ ആഭ്യന്തരമന്ത്രി പദവിയിലിരിക്കുമ്പോഴാണ് ഇത് സംഭവിച്ചതെന്നു മാത്രമല്ല, പിന്നീട് ഓരോ ഘട്ടത്തിലും ഈ ചെറുപ്പക്കാർ മാവോയിസ്റ്റുകളാണെന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് അവരുടെ അറസ്റ്റിനെ ന്യായീകരിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. എത്രയും വേഗം ആ വകുപ്പ് പിൻവലിക്കപ്പെടുമെന്ന ധാരണ പ്രചരിപ്പിക്കപ്പെട്ടു. എങ്കിലും പിന്നീട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നേരിട്ട് കൈകാര്യം ചെയ്യുന്ന എൻ.ഐ.എ. എന്ന അന്വേഷണ ഏജൻസി കേസ് ഏറ്റെടുക്കുന്ന ചിത്രമാണ് നമ്മൾ കണ്ടത്. യാതൊരു ക്രിമിനൽ കുറ്റവും ചെയ്യാതെ ജനാധിപത്യപരമായി കാര്യങ്ങൾ അറിയാനുള്ള തങ്ങളുടെ അവകാശം ഉപയോഗിച്ച അലനും താഹയും അറസ്റ്റു ചെയ്യപ്പെട്ടതുമുതൽ സി.പി.എമ്മിനകത്തും പൊതുസമൂഹത്തിലുമുണ്ടായിരുന്ന അസ്വസ്ഥത അത് തുടർന്ന് സംസ്ഥാന സെക്രട്ടറിയേറ്റിനു മുമ്പിലും എത്തി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇപ്പോഴത്തെ ഭരണത്തിന്നിടയിൽ ചെയ്ത വലിയൊരു വിഡ്ഢിത്തമാണ് ഇത്. എന്തായാലും ഇക്കഴിഞ്ഞ സെപ്തംബർ എട്ടിനു ഇവരെ രണ്ടുപേരെയും ഇവർ കുറ്റവാളികളല്ല എന്ന് അസന്ദിഗ്ദ്ധമായി സമർത്ഥിച്ചു കൊണ്ട് എൻ.ഐ.എ. കോടതി ജാമ്യം നൽകി. ഇത് ചരിത്രത്തിന്റെ ഒരു വിരോധാഭാസം തന്നെ.

മാത്രമല്ല, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെ പൊലീസും കോടതിയും നീതിരഹിതമായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു. എത്രയെത്ര സംഭവങ്ങളാണ് നമ്മുടെ മുമ്പിൽ നിരന്നിരിക്കുന്നത്. വാളയാർ, പാലത്തായി... പീഡിപ്പിക്കപ്പെട്ട കൊച്ചു പെൺകുട്ടികൾക്ക് നീതി ലഭിക്കാതിരിക്കാനും പണവും രാഷ്ട്രീയ സ്വാധീനവുമുള്ള പ്രതികളെ സംരക്ഷിക്കാനും സ്ത്രീ പ്രസ്ഥാനങ്ങൾ ഏറെ പോരാടി നേടിയെടുത്ത കൊച്ചു പെൺകുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങളെ സർശനമായി നേരിടുന്ന പോക്സോ ആക്ടിനെ നിർവ്വീര്യമാക്കാനും ഉയർന്ന പൊലീസുദ്യോഗസ്ഥന്മാർ വരെ കച്ചകെട്ടിയിറങ്ങുന്ന അതിനീചമായ അനുഭവങ്ങൾ നമ്മുടെ മുമ്പിൽ നിരന്നു നിൽക്കുന്നു! സ്ത്രീസുരക്ഷയ്ക്ക് പ്രതിജ്ഞാബദ്ധമായ ഈ സർക്കാരിന് ഉണ്ടായ മൂല്യച്യുതി ഒന്നു കൊണ്ടും നീതീകരിക്കാനാവില്ല.

നാട്ടിലെ ചിത്രം ഒന്ന് ചുരുക്കിക്കാണിക്കാൻ ഞാൻ ശ്രമിക്കുകയായിരുന്നു. ഇതിൽനിന്നും നമ്മൾ പഠിക്കേണ്ട പാഠമെന്താണ്?

ജനാധിപത്യ-മതേതര മൂല്യങ്ങൾ നമ്മുടെ നാട്ടിൽ പുനഃസ്ഥാപിക്കാൻ, വരും തലമുറയ്ക്ക് വളരാൻ ആവശ്യകരമായ ഒരു സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളുണ്ടാക്കാൻ നാമിനി ആരെ ആശ്രയിക്കണം. ■



**ചർച്ചാവിഷയം**



ജ്യോതി നാരായണൻ

# സ്ത്രീനേതൃത്വങ്ങൾ കൊറോണയോട് പൊരുതുമ്പോൾ

മനുഷ്യ ചരിത്രത്തിൽ ഇതുവരെ കാണാത്ത വിധം വ്യാപകമായി ബാധിച്ച കോവിഡ് 19 എന്ന മഹാമാരി നമ്മളെ പലതും പഠിപ്പിച്ചു. നമുക്ക് ജീവിക്കാൻ അമ്പലവും പള്ളിയും മോസ്ക്കും ആർഭാടമായ വിവാഹവും. ആവശ്യമില്ല. പഠിക്കാൻ സൂട്ടും കോട്ടുമിട്ട് പുസ്തകത്തിന്റെ ഭാണ്ഡങ്ങളും ഏറ്റി മണിക്കൂറുകൾ യാത്ര ചെയ്തു സ്കൂളിലേക്ക് പോകേണ്ട കാര്യമില്ല. (ഡൊണേഷനും ഫീസിനും കുറവൊന്നുമില്ല ) അറിവും സാങ്കേതികവിദ്യകളും മാത്രമല്ല വൈറസും വിരൽത്തുമ്പിൽ ഉണ്ട്.

അതിവേഗം ലോകമാകെ പടരും. കയ്യിൽ കുറച്ച് കാശുണ്ടെങ്കിൽ എവിടെയെങ്കിലും പോയി സുഖമായി ജീവിക്കാമെന്ന വ്യാമോഹവും ഇല്ലാതായി.. ഭരണാധികാരികൾക്ക് സ്വന്തം രാജ്യത്ത് അന്തിയുറങ്ങാം.

ജീവിതത്തിന്റെ അത്യാവശ്യങ്ങൾ എന്തൊക്കെയാണ് എന്ന് ബോധ്യപ്പെട്ടു. വായയും മൂക്കും മൂടി പുറത്തിറങ്ങി നടക്കാൻ ശീലിച്ചു. മലയാളിയും ബീഹാറിയും ബംഗാളിയും യൂറോപ്യനും റഷ്യക്കാരനും ആഫ്രിക്കക്കാരനും സിനിമാ നടനും മന്ത്രിയും രാഷ്ട്രിയക്കാരനും ബിസിനസ്സുകാരനും കൊറോണ വയറസ്സിന് മുമ്പിൽ ഒരുപോലെയാണ്. ഏതു മനുഷ്യനും ഏതു നിമിഷവും ഒരു പ്ലാസ്റ്റിക് കവറിലാക്കി ഏതെങ്കിലും കുഴിയിലേക്ക് ആരെങ്കിലും തട്ടിയിടാം നമുക്ക് ഒരുപാട് പാഠങ്ങൾ പറഞ്ഞുതന്നു. (പക്ഷേ മനുഷ്യൻ പഠിച്ചോ !) ഇതിന്റെ കൂടെ നമ്മൾ മറ്റൊന്നുകൂടി കണ്ടു. ഇത്തരം അടിയന്തിര ഘട്ടങ്ങളിൽ എങ്ങനെയാണു ഓരോരുത്തരും പ്രതികരിക്കുന്നതും പ്രതിരോധിക്കുന്നതും വലിയ അനുഭവമാണ്. വ്യക്തിപരമായ നിയന്ത്രണം പാലിക്കുന്നത് മാത്രമല്ല, നമ്മുടെ ഭരണാധികാരികൾ രോഗം പടരുന്നത് തടയാൻ നയങ്ങൾ രൂപീകരിക്കുന്നതും നടപ്പിലാക്കുന്നതും ജനങ്ങളിൽ എങ്ങനെ അച്ചടക്കം നടപ്പിലാക്കുന്നു എന്നതും കാണാം. ലോകത്തിൽ സ്ത്രീ ഭരണാധികാരികൾ പരിമിതമാണ്. അവർ ഭരിക്കാനല്ല പരിചരിക്കാനുള്ളവരാണ് എന്നാണ് ആൺകോയ്മ സമൂഹത്തിന്റെ പൊതുബോധം. വെട്ടിപിടിച്ചു കീഴടക്കി അധികാരം സ്ഥാപിക്കുന്ന ഭരണസംവിധാനത്തിൽ സ്ത്രീകൾ പിന്നിലുമായിരിക്കാം. ലോകത്താകെ ഈ കോവിഡ് 19 എന്നറിയപ്പെടുന്ന പകർച്ച വ്യാധി പടർന്നപ്പോൾ ഓരോ ഭരണാധികാ

രികളും നേരിട്ടത് വ്യത്യസ്തമായ രീതിയിലായിരുന്നു.

മുഖ്യധാരാ മാധ്യമങ്ങളും സോഷ്യൽ മീഡിയയിലും മറ്റു രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽനിന്നും വന്നവർ പറഞ്ഞ അനുഭവങ്ങളും സ്ത്രീ ഭരണാധികാരികളാണ് ഈ മഹാമാരിയെ നിയന്ത്രിക്കുന്നതിൽ വിജയം വരിച്ചത്. കേരളത്തിൽ ഇതിനേക്കാൾ അപകടകരമായ നിപ വയറസ് വ്യാപനം വന്നപ്പോൾ അതിനെ അധികം പടരാതെ നിയന്ത്രിക്കാൻ കേരളത്തിന് കഴിഞ്ഞു. അതിനു നമ്മുടെ ആരോഗ്യ മന്ത്രിയായിരുന്ന ശൈലജ ടീച്ചർ നല്ല നേതൃത്വം നൽകുകയും പ്രശംസ പിടിച്ചുപറ്റുകയും ചെയ്തിരുന്നു..

ന്യൂസിലാന്റ് പ്രധാനമന്ത്രി ജസീന്ദ ആർഡെർണിന്റെ (Jacinda Ardern) മഹാമാരിയെ നിയന്ത്രിക്കുന്നതിൽ മാത്രമല്ല, രോഗം പടരുന്നത് തോന്നുന്നു. ഏഞ്ചല മെർക്കലിന്റെ നേതൃത്വത്തിലുള്ള ജർമ്മനിയിൽ ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, സ്പെയിൻ എന്നിവയേക്കാൾ വളരെ കുറവാണ് മരണനിരക്ക്. അതുപോലെ 34 വയസ്സ് മാത്രം പ്രായമുള്ള പ്രധാനമന്ത്രി സന്നമാരിൻ ഭരിക്കുന്ന ഫിൻലൻഡിൽ മറ്റു രാജ്യങ്ങളെ അപേകഷിച്ചു മരണ നിരക്ക് വളരെ കുറവാണ്. വൈറസ് അടങ്ങിയ ലോകത്തിലെ ഏറ്റവും വിജയകരമായ ശ്രമങ്ങളി ലൊന്നായ തായ്‌വാൻ പ്രസിഡൻറ് സായ് ഇംഗ് വെൻ. ഒരു ലോക്കഡോൺ പോലുമില്ലാതെയാണ് അവർ ജനങ്ങളെ ബോധ്യപ്പെടുത്തി രോഗം നിയന്ത്രിച്ചത്. അണുബാധകളെ നിയന്ത്രിക്കുന്നതിന് പരിശോധന, കോൺടാക്റ്റ് ട്രെയ്സിംഗ്, ഇൻസുലേഷൻ നടപടികൾ എന്നിവ ഉപയോഗിച്ചു. ഒരു വനിതാ നേതാവിന്റെ സാന്നിധ്യം ഒരു രാജ്യത്തിന്



ഇല്ലാതാകാൻ കഴിഞ്ഞ സ്ത്രീ ഭരണാധികാരിയാണ്. കോവിഡ് 19 പൊട്ടി പൊട്ടിപ്പറപ്പെട്ടപ്പോൾ തന്നെ ന്യൂസിലാൻഡിൽ ജസീന്ദ ആർഡെർണിന്റെ ശ്രമിച്ചത്. നിയന്ത്രിക്കുന്നതിനുപകരം, ഉന്മൂലനം ചെയ്യുന്നതിനാണ്. ലക്ഷ്യബോധം നിറവേറ്റുന്നതി ന്യൂസിലാന്റ് വലിയ തോതിൽ വിജയിച്ചിട്ടുണ്ടെന്ന് കാണാം. ലോക്കഡൗൺ പിൻവലിച്ചു, ആയുധ നിർമാണത്തിലും കച്ചവടത്തിലും ഒന്നാമതായ അമേരിക്ക, റഷ്യ, ചൈന, ഫ്രാൻസ്, ഇറ്റലി ,ബ്രിട്ടൺ സൗദി അറേബ്യാ, തുടങ്ങിയ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ അതിനേക്കാൾ രോഗത്തിനും മരണത്തിനും കീഴടങ്ങുന്നു. ഇതിന്റെ പ്രഭവ കേന്ദ്രം എന്ന് ആരോപിക്കുന്ന ചൈന നേരിട്ട രീതി അധികാരത്തെന്തെതാണ്. കൊറോണ വൈറസിനെതിരെ പോരാടുന്നതിൽ സ്ത്രീകൾ നയിക്കുന്ന രാജ്യങ്ങൾ പ്രത്യേകിച്ചും വിജയിച്ചതായി കൂടുതൽ സമഗ്രമായ രാഷ്ട്രീയ സ്ഥാപനങ്ങളും മൂല്യങ്ങളും ഉണ്ടെന്നതിന്റെ സൂചനയായിരിക്കാം എന്നാണ് പല വിദക്ദ്ധരും എപ്പോൾ പറയുന്നത് എഡിൻബർഗ് മെഡിക്കൽ സ്കൂളിലെ ഗ്ലോബൽ ഹെൽത്ത് ചെയർ ദേവി ശ്രീധർ ബ്രിട്ടീഷ് മെഡിക്കൽ ജേണലിൽ ഒരു ഓപ്പൺ എഡിറ്റിൽ എഴുതി. ‘പ്രധാന തീരുമാനങ്ങൾ എടുക്കുമ്പോൾ വൈവിധ്യമാർന്ന പശ്ചാത്തലവും വൈദഗ്ധ്യവുമുള്ള പ്രതിനിധികൾ ഒപ്പമുണ്ടെന്നു ഉറപ്പാക്കലുക എന്നതാണ് ‘കൂട്ടായ ആലോചന’, ‘വിട്ടുപോകാതെ എല്ലാ വശവും കാണുന്നതിന് ഏക മാർഗം,‘ അവർ എഴുതി. ഒരു വനിതാ നേതാവായിരിക്കുക എന്നത് വ്യത്യസ്ത പശ്ചാത്തലത്തിലുള്ള ആളുകൾക്ക് പ്രതിസന്ധികളെ എങ്ങനെ നേരിടാം എന്നതിനെക്കുറിച്ചുള്ള വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾക്ക്

ആ പട്ടികയിൽ സീറ്റുകൾ നേടാൻ കഴിയുമെന്ന തിന്റെ ഒരു സൂചനയാണ്. ഉദാഹരണത്തിന്, ജർമ്മനിയിൽ, എപ്പിഡെമോളജിക്കൽ മോഡലുകൾ ഉൾപ്പെടെ, കൊറോണ വൈറസ് നയം വികസിപ്പി ക്കുന്നതിൽ ശ്രീമതി മെർക്കലിന്റെ സർക്കാർ വിവിധ വിവര സ്രോതസ്സുകൾ പരിഗണിച്ചു; ഉദാഹരണ ത്തിന് മെഡിക്കൽ ദാതാക്കളിൽ നിന്നുള്ള ഡാറ്റ; കൂടാതെ ദക്ഷിണ കൊറിയയുടെ വിജയകരമായ പരീക്ഷണ, ഒറ്റപ്പെടൽ, പ്രോഗ്രാമിൽ നിന്നുള്ള തെളിവുകളും തൽഫലമായി, കൊറോണ വൈറസ് മരണനിരക്ക് മറ്റ് പടിഞ്ഞാറൻ യൂറോപ്യൻ രാജ്യ ങ്ങളെ അപേക്ഷിച്ച് ജർമ്മനിയിൽ വളരെ കുറവാണ്. ഇതിനു വിപരീതമായി, സ്വീഡനിലെയും ബ്രിട്ടനി ലെയും പുരുഷ നേതൃത്വത്തിലുള്ള ഗവൺമെന്റു കൾ ഇവ രണ്ടും ഉയർന്ന കൊറോണ വൈറസ് മരണസംഖ്യയുള്ളവയാണ് പ്രാഥമികമായി സ്വന്തം ഉപദേഷ്ടാക്കൾ എപ്പിഡെമോളജിക്കൽ മോഡലിം ഗിനെ ആശ്രയിച്ചിരുന്നതായി തോന്നുന്നു. പൊതു വേദിയിൽ മാസ്ക് ധരിക്കുന്നതിൽ പ്രസിഡന്റ് ട്രംപിനെ വിമർശിച്ചതിന് ശേഷം, യാഥാസ്ഥിതിക പത്രപ്രവർത്തകനായ ഡേവിഡ് മാർക്കസ്, ഫെഡ റലിസ്റ്റ് എന്ന വെബ്സൈറ്റിനായി ഒരു ലേഖന ത്തിൽ ഇങ്ങനെ എഴുതിയതായി വായിച്ചു . ട്രംപ് 'അമേരിക്കൻ ശക്തി പ്രകടിപ്പിക്കുന്നു' എന്ന്. ട്രംപ് ഒരു മുഖംമൂടി ധരിക്കുകയാണെങ്കിൽ, 'ചൈനയിൽ നിന്ന് ഉത്ഭവിച്ച ഈ അദൃശ്യ ശത്രുവിനെതിരെ അമേരിക്കയ്ക്ക് ശക്തിയില്ലെന്ന് സൂചിപ്പിക്കുമെന്നും അതിന്റെ പ്രസിഡന്റ് പോലും ഒരു മുഖംമൂടിക്ക് പിന്നിൽ പ്രവർത്തിക്കണം' എന്നും അദ്ദേഹം എഴുതി. അധികാരം ഉപയോഗിച്ച് ചെയ്യുന്ന, ആക്രമണാത്മകമായി പ്രവർത്തിക്കുകയും എല്ലാ റ്റിനുമുപരിയായി ഒരു ഭയവും കാണിക്കാതിരി ക്കുകയും അതുവഴി രാജ്യത്തിന്റെ എതിരാളികളെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുരുഷത്വ ത്തിന്റെ അതിശയകരമായ ആദർശങ്ങളുമായി പൊരുത്തപ്പെടുന്ന ഒരാളാണ് ശക്തമായ നേതാവ് എന്ന ബോധത്തെ ഈ കോവിഡ് കാലം തിരു ത്തുന്നു.. നേതാക്കൾ ആക്രമണോത്സുകരും ആധിപത്യം പുലർത്തുന്നവരുമായിരിക്കുമെന്ന പ്രതീക്ഷ പലപ്പോഴും രാഷ്ട്രീയത്തിൽ സ്ത്രീകൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്.. എന്നാൽ സ്ത്രീ കൾ ആ സ്വഭാവവിശേഷങ്ങൾ പ്രകടിപ്പിക്കുകയാ ണെങ്കിൽ, അവരെ സ്ത്രീവിരുദ്ധമായി കാണുകയും ചെയ്യുന്നു.

കോവിഡിനെതിരെ ശ്രീമതി. ആർഡെർ ണിന്റെ സമീപനം പരമ്പരാഗത സ്ത്രീ ശൈലിയിൽ തന്നെയാണ്. പുരുഷ നേതാക്കൾക്ക് ലിംഗപരമായ നേതാവ് പ്രതീക്ഷകളെ മറികടക്കേണ്ടി വരും, പലർക്കും മറികടക്കാൻ കഴിയും, തീർച്ചയായും, മറികടന്നവരുമുണ്ട്. എന്നാൽ ജാഗ്രതയോടെയു ള്ളതും പ്രതിരോധാത്മകവുമായ നയങ്ങൾ സ്വീകരിക്കുന്നതിന് സ്ത്രീകൾക്ക് ലിംഗപരമായ സ്വാഭാവികതയെ ലംഘിക്കേണ്ടതില്ല. എന്നാൽ ഈ പുതിയ തരത്തിലുള്ള പ്രതിസന്ധിയിൽ, അവരുടെ ജാഗ്രതയോടെയുള്ള നേതൃത്വം വിജയിച്ചു. എന്താണ് സംഭവിക്കാൻ പോകുന്നതെന്നു അറി യാത്ത കാലത്തു അവർ സമ്പത്തു വ്യവസ്ഥയെ ക്കാൾ ജീവന് പ്രാധാന്യം നൽകി . ജസീന്ദ ആർഡെർണിന്റെ ജനങ്ങളെ വിശ്വാസത്തെടുത്തു കൊണ്ടു മാർച്ച് 25 ന് സാധാരണക്കാരോട് മാപ്പു പറഞ്ഞുകൊണ്ട് അവർ ലോക്ക്ഡൗൺ പ്രഖ്യാ പിച്ചത് എല്ലാ മാധ്യമങ്ങളും ചർച്ച ചെയ്തിരുന്നു.

ഇന്ത്യ ഏറെ കൊട്ടിഘോഷിച്ചെങ്കിലും രോഗബാധിതരുടെ എണ്ണത്തിൽ ഒന്നാമതായിരി ക്കുന്നു. ഈ മഹാമാരി എന്താണെന്നു അറിയാത്ത കാലത്തു മാത്രമല്ല, പല രാജ്യങ്ങളും വ്യത്യസ്ത നയങ്ങളിലൂടെ ഇത് നിയന്ത്രിക്കുമ്പോഴും നമ്മുടെ ഭരണാധികാരികൾ എന്ത് ചെയ്തു? ഇത് ജനങ്ങളെ കൊള്ളയടിക്കാനുള്ള അവസരമാക്കി മാറ്റുന്നു. പെട്രോളിന്റെ വില നെഗറ്റീവ് വന്നിട്ടുപോലും ഇവിടെ ഏറ്റവും ഉയർന്ന നിലയിലാണ്,. ഈ കാലഘട്ടത്തിൽ കൊണ്ടുവന്ന നയങ്ങളെല്ലാം അതി സമ്പന്നരെ സ്പർശിക്കാത്തതും തൊഴിലെടുത്തു ജീവിക്കുന്ന സാധാരണക്കാരെ ശ്വാസം മുട്ടിക്കുന്ന തുമാണ്. ആരോഗ്യമന്ത്രി നിപയെ നിയന്ത്രിക്കാൻ കാണിച്ച സാമർഥ്യം കോവിഡിനെ നിയന്ത്രിക്കാൻ കാണിക്കാൻ കഴിഞ്ഞില്ല. രോഗികളുടെ എണ്ണവും മരണവും വർധിച്ചുകൊണ്ടിരിക്കുകയാണ്. തല തിരിഞ്ഞ വികസനം പോലെ കോവിഡ് നിയന്ത്ര ണങ്ങളും തലത്തിരിഞ്ഞതായി കാണാം. മാത്രമല്ല ആദ്യ ഒന്നുരണ്ടു ദിവസങ്ങളിൽ ജീവിതത്തിന്റെ സർവ മേഖലകളെയും അംഗീകരിച്ചുകൊണ്ട് പരിഹാരം നിർദേശിച്ചുകൊണ്ട് നടത്തിയിരുന്ന മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിന്റെ രൂപം മാറുന്നത് നാം കണ്ടു. സ്ത്രീയായ ആരോഗ്യ മന്ത്രി ശൈലജ ടീച്ചറുടെ പത്രസമ്മേളങ്ങളും കണ്ടു. മുകളിൽ പറഞ്ഞതുപോലെ നേതാവ്, അധികാരം, ബോഡി ലാംഗ്വേജ്, മേധാവിത്വം എല്ലാം നമ്മൾ പട നവിധേയമാക്കേണ്ടതാണ്. തുടർച്ചയായി ഉണ്ടായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും അതുമൂലമു ണ്ടായ ദുരന്തങ്ങൾ. ഈ കാലത്തും നടപ്പിലാക്കുന്ന കുടിയൊഴിപ്പിക്കൽ, മദ്യവില്പന, നിർബാധം തുടരുന്ന ഭൂമി നികത്തലും, കയ്യേറ്റങ്ങളും, ക്വാറി കളും, കർഷകർക്ക് ഉത്പന്നങ്ങൾക്ക് വിലയില്ല, സാധാരണക്കാരന് താങ്ങാനാവാത്ത വില, ആരോഗ്യ പോലീസ് ജീവനക്കാരടക്കം ഉള്ള ഉദ്യോഗസ്ഥരുടെ ശമ്പളം പിടിക്കൽ, ഉണ്ടാകു ന്നതും ഉണ്ടാക്കുന്നതുമായ ദുരിതങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീ നേതൃത്വ ങ്ങൾക്ക് മാത്രമേ ഇത്തരം ജീവിത പ്രതിസന്ധികളെ നേരിടാൻ പ്രാപ്തമാകു എന്ന ബോധം ശക്തി പ്രാപിക്കുന്നതിന് കോവിഡ് കാലത്തേ ലോകത്താ കമാനമുള്ള അനുഭവങ്ങൾ കാരണമാകുന്നു.

നമുക്ക് അത് എപ്പോൾ?



ചർച്ചാവിഷയം

പ്രിയ എ.
ഖരമാലിന്യ പ്രവർത്തക,
കുടുംബശ്രീ എ.ഡി.എസ്., കോഴിക്കോട്

# ശുചിത്വമുറപ്പുവരുത്തുന്ന ഞങ്ങളെ കാണുന്നുണ്ടോ?

**കോ**വിഡ് വന്ന് എല്ലാവരും ഹീരസറീഹ് ആയി വീട്ടിലിരിക്കുന്ന സമയത്ത് ഞങ്ങൾക്ക് ജോലിയുണ്ടായിരുന്നു... ആകെ രണ്ടു ദിവസമാണ് വീട്ടിലിരുന്നത്. അപ്പോൾത്തന്നെ ഹെൽത്ത് ഡിപാർട്ട്മെന്റിൽ നിന്ന് വിളി വന്നു... നിങ്ങളിറങ്ങിയില്ലെങ്കിൽ നഗരം നാറും ന്നാണ് പറഞ്ഞത്. മറ്റു ആരോഗ്യപ്രവർത്തകരെപ്പോലെ തന്നെ വിശ്രമമില്ലാതെ ജോലി ചെയ്യേണ്ട അവസ്ഥയാണ് ഞങ്ങൾക്കുണ്ടായത്. ജജള കിറ്റ് പോയിട്ട് ഇന്നും ഗ്ലൗസും റെയിൻകോട്ടുപോലുമില്ലാതെയാണ് ഞങ്ങൾ ജോലി ചെയ്യുന്നത്. എന്നാൽ കടകളും ഹോട്ടലുകളുമെല്ലാം അടഞ്ഞുകിടക്കുന്നതു കൊണ്ട് വരുമാനം വളരെ കുറവാണ്.

കൊറോണ സ്ഥിരീകരിച്ച സ്ഥലങ്ങളിലും ഞങ്ങൾക്ക് ആ വീടൊഴികെ എന്ന മട്ടിൽ പണിയെടുക്കേണ്ടി വരാറാണ് പതിവ്. അങ്ങിനെ ഒരു ദിവസം കൊറോണ വന്ന സ്ഥലത്ത് പണിയെടുത്തുകൊണ്ട് നിന്നപ്പോൾ അവിടെ ഞഞ്ഞ മേമ്പേഴ്സ് വന്നു. പോലീസുകാരും ഡോക്ടർമാരുമൊക്കെ അടങ്ങുന്ന ഗ്രൂപ്പാണ്. ഖരമാലിന്യ പ്രവർത്തകർ ജോലി കഴിഞ്ഞു വരുന്ന സമയമാണ്... അപ്പോൾ ഒരു പോലീസുകാരി ഞങ്ങളെ വിളിച്ചിട്ട് മര്യാദയോടെ ഇനി ഇവിടെ വരണ്ട, അടയ്ക്കാൻ പോവുകയാണ് എന്നു പറഞ്ഞു. ആക്കൂട്ടത്തിൽ ഒരു സി പി എം ഇൽ പ്രവർത്തിക്കുന്ന ചെറുപ്പക്കാരൻ ഉണ്ടായിരുന്നു. ഞങ്ങളെക്കണ്ടതുമുതൽ തെറിവിളി തുടങ്ങി... നിങ്ങളൊന്നും ഇനി ംമലേ എടുക്കണ്ട, അവിടേം ഇവിടേം ഒക്കെ ഇട്ടിട്ട് നായ കടിച്ചുപറയ്ക്കുകയാണ്.. ഇനി നിങ്ങളെവിടെയെങ്കിലും ംമലേ എടുത്തുവയ്ക്കുകയാണെങ്കിൽ നിങ്ങളുടെ വീട്ടിൽ കൊണ്ടുവന്നിടും എന്നൊക്കെ. പലപ്പൊഴും കോർപറേഷന്റെ ംമലേ എടുക്കുന്ന വണ്ടി വരാതിരുന്നാൽ ഞങ്ങൾക്ക് അത് പല സ്ഥലങ്ങളിലും എടുത്തു വയ്ക്കേണ്ടി വരാറുണ്ട്... അത് ഞങ്ങളുടെ ഉത്തരവാദിത്തത്തിൽ സംഭവിക്കുന്നതല്ല... ഈയാൾ മോശമായി സംസാരിക്കുന്നത് കേട്ടുനിൽക്കേണ്ടി വന്ന അജിത എന്ന ഒരു ഖരമാലിന്യ തൊഴിലാളിക്ക് ഭയങ്കര അഭിമാനപ്രശ്നമായി... ഇത്രേം ആളുകളുടെ ഇടയിൽ നിന്ന് ഇങ്ങനെയൊക്കെ സംസാരിച്ചപ്പോൾ... അവളവിടെ നിന്ന് കരഞ്ഞു... ഞങ്ങളെല്ലാരും ചേർന്ന് അയാൾക്കെതിരെ പോലീസിൽ പരാതി കൊടുത്തു.

ഇങ്ങനെ, ആരും പണിയെടുക്കാത്ത സമയത്ത്, ആരും പണിയെടുക്കാത്ത രീതിയിൽ പണിയെടുത്തിട്ടും അപമാനം മാത്രം ബാക്കി.

കവിത

# ട്രിപ്പിൾ ലോക്ക്ഡൗൺ



സുനിത തോപ്പിൽ

ആൾക്കൂട്ടങ്ങളിൽ നിന്നെല്ലാം
അകന്നകന്ന് നിൽക്കണം
അകത്തളങ്ങളിൽ താഴിട്ടുപൂട്ടി
ഒതുങ്ങി ഒതുങ്ങിക്കൂടിക്കൊള്ളണം
ഒട്ടുംതന്നെ പുറത്തിറങ്ങരുത്
ക്വാറൻഡീൻ നിയമങ്ങൾ
ഇന്നാട്ടിൽ ഏതൊരു സ്ത്രീലിംഗത്തിനും
പുതിയതാകുന്നതേയില്ല
ഏതൊരാളിൽ നിന്നും വൈറസ് പകർന്ന്
ജീവിതം മരണക്കളിയിലേയ്ക്ക്
എത്തിപ്പെടാമെന്നും മൂർച്ചിച്ചാൽ
മൈനസാക്കാൻ മരുന്നൊന്നുമില്ലന്നും
വീട്ടുഭരണകൂടത്തിന്റെ നിത്യശാസനങ്ങൾ
ഹോസ്റ്റലിൽ ബന്ധുവീടുകളിൽ
പള്ളിക്കൂടങ്ങളിൽ എല്ലായിടത്തുമുണ്ട്
ആകാശങ്ങൾ അടച്ചിട്ട ചുവരുകളും
മേൽക്കൂരകളും
ലോക്ക്ഡൗൺ തീരുന്നതേയില്ല എവിടെയും
അടക്കവും ഒതുക്കവുമുള്ള
ഉരു അന്വേഷിച്ച് വന്നെത്തിയവരുടെ
വീട്ടിലെത്തിയപ്പോൾ അവിടുള്ളതോ
ട്രിപ്പിൾ ലോക്ക്ഡൗൺ...
താലിയും സിന്ദൂരപ്പൊട്ടും
അതിന്റെ അച്ചുകുത്തലുകൾ
പെണ്ണായിപ്പോയ ജന്മം തന്നെയാണ്
ആദ്യം ക്വാറൻഡീൻ ചെയ്തത്
അതു കഴിഞ്ഞേയുള്ളൂ ഏത്
കൊറോണ വൈറസും
ക്വാറൻഡീൻ നാളുകൾ നീങ്ങും
ആളുകൾ പൂട്ടുപൊലിച്ച്
തെറിച്ച് ചിന്നിച്ചിതറും എന്നാലും
അടുക്കളയിലും വീടിന്റെ വ്യാകരണങ്ങളിലും
മരണത്തിന്റെ താക്കോലിട്ട് മാത്രം
തുറക്കാവുന്ന ക്വാറൻഡീൻ കുലസ്ത്രീകൾ
പിന്നെയും ബാക്കിയാകും
മരണത്തിലും പാലിക്കപ്പെടുമെന്നുറപ്പുണ്ട്
അണുവിട തെറ്റാതെ
ക്വാറൻഡീൻ പ്രോട്ടോക്കോളുകൾ
പെണ്ണായിപ്പോയ ജന്മം തന്നെയാണ്
ആദ്യം ക്വാറൻഡീൻ ചെയ്ത്
അതുകഴിഞ്ഞേയുള്ളൂ ഏത്
കൊറോണ വൈറസും....



ചർച്ചാവിഷയം




**പ്രിജിത്ത് പി.കെ.**
ക്വീയറിഥം, കേരള


# ‘തോൽക്കാൻ മനസില്ലാത്തവർ; ഇത് അടയാളപ്പെടുത്തേണ്ട ജീവിതങ്ങൾ’

സാമൂഹിക അകലം’ നമ്മൾ മലയാളികളെ സംബന്ധിച്ച് പുതിയൊരു സമൂഹികക്രമമൊന്നുമല്ല; കൃത്യമായി പറഞ്ഞാൽ വിവിധങ്ങളായ തട്ടുകളിൽ മനുഷ്യരെ വേർതിരിച്ചുകൊണ്ട്, നിശിതമായ അതിരുകൾ വരമ്പുകൾ ചെത്തിയെടുത്തൊരു സാമൂഹ്യഘടന പാലിച്ചുപോന്നിരുന്ന ജനസമൂഹമായിരുന്നു നാം. എന്നാൽ പുതിയ സാമൂഹിക അകലവും മുൻപ് പരിശീലിച്ച ‘അകലവും’ തമ്മിൽ ചില വ്യത്യാസങ്ങൾ ദൃശ്യവുമാണ്; ശീലം ചില മനുഷ്യരെ സമൂഹിക ഭ്രഷ്ട് കൽപ്പിക്കാനായിരുന്നു എങ്കിൽ ഇന്ന് സർക്കാരുകൾ നിർദ്ദേശിക്കുന്ന അകലം നാളെ ഒരുമിക്കാൻ വേണ്ടിയാണ്(?). അത്തരത്തിൽ മാറ്റിനിർത്തലുകൾ നേരിട്ട അനേകം ജനവിഭാഗങ്ങളിൽ ലൈംഗികത () കൊണ്ടും ജൻണ്ടർ കൊണ്ടും ഒഴിവാക്കലുകൾ നേരിട്ടവരാണ് ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങൾ. ഒഴിവാക്കലുകളും സാമൂഹ്യഭ്രഷ്ടും അതിക്രമങ്ങളും നേരിട്ടൊരു/നേരിടുന്നൊരു വലിയൊരു ജനവിഭാഗം ഇവിടെ ജീവിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം ചില അടയാളപ്പെടുത്തലുകളിലൂടെ നടത്തിവരുന്ന സമയത്താണ് പുതിയൊരു ലോകക്രമവുമായി കോവിഡ് എന്ന മഹാമാരി രംഗപ്രവേശനം നടത്തുന്നത്. ജീവിതത്തിൻറെ സമസ്ത മേഖലകളിലും സ്തംഭനാവസ്ഥ സൃഷ്ടിച്ചുകൊണ്ട് കൊവിഡ് മുന്നേറുമ്പോൾ നിശ്ചലമായ ജീവിതങ്ങൾ മുൻ അനുഭവങ്ങൾ കൊണ്ട് ചലനാത്മകമാക്കിയ ചിലരും നമുക്ക് ചുറ്റുമുണ്ട്.

ലോക്ക്ഡൗൺ പ്രതിസന്ധിയും തുടർന്നുള്ള അനിശ്ചിതമായ ദിവസങ്ങളും പലർക്കും ആദ്യാനുഭവമായി നിലകൊള്ളുമ്പൊൾ, സാമൂഹ്യ അകലവും ഒഴിവാക്കലുകളും ജീവിതകാലം



മുഴുവൻ അനുഭവിക്കേണ്ടി വന്ന ക്വീയർ അഥവാ ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങൾ അതിജീവന സാധ്യതകൾ സ്വയം കണ്ടെത്തുകയായിരുന്നു. ജൻണ്ടർ അസ്തിത്വം കൊണ്ട് വളരെ മുൻപ് തന്നെ വീടുകളിൽ നിന്നും പുറത്താക്കപ്പെടുന്ന ട്രാൻസ്ജെൻണ്ടർ മനുഷ്യർ ഒഴിവാക്കപ്പെടുന്നത് സാധ്യതകളിൽ നിന്നുകൂടിയാണ്, നിരാശ്രയരാക്കിക്കൊണ്ട് കുടുംബവും പൊതുസമൂഹവും അവരെ അവഹേളിക്കുവാനും അക്രമിക്കുവാനും മാത്രമാണ് ശ്രമിച്ചിട്ടുള്ളത്. വിദ്യാഭ്യാസമോ,സാങ്കേതികവിദ്യകളോജീവിതനിപുണതാ മാർഗങ്ങളോ കൈവശമില്ലാതെ ഒറ്റപ്പെടുന്നിവർ ജീവനോപാധിയായി ഭിക്ഷാടനമോ ലൈംഗികവൃത്തിയോ സ്വീകരിക്കേണ്ടിവരുന്നു. മതപരവുംസാംസ്കാരികപരവുമായ ചില മേമ്പൊടികളും ചേർത്ത് പൊതുസമൂഹം അതിന് മറ്റൊരു നിറവും നല്കിയിട്ടുണ്ട്. സാംസ ്കാരികാധിനിവേശം ഒരു രാഷ്ട്രീയ തന്ത്രമായിട്ടാണ് രൂപപെട്ടതെങ്കിൽ, ട്രാൻസ് വ്യക്തികൾക്ക് ആരോപിച്ച സാംസ്കാരിക സ്വീകാര്യത ഒരു കപടാസ്തിത്വപ്രഖ്യാപനമായിരുന്നു. എന്നാൽ ഈ 'സ്വീകാര്യതയിൽ' ഒന്നും ട്രാൻസ് പുരുഷൻമാരോ, ഇൻറർസെക്സ് വ്യക്തികളോ, മറ്റ് ക്വീയർ അസ്തിത്വങ്ങളോ ഉണ്ടായിരുന്നില്ല. പുരുഷമത സമൂഹം ആഗ്രഹിച്ചത് തളച്ചിടേണ്ട സ്ത്രീത്വങ്ങളെ മാത്രമായിരുന്നു.

2014ൽ സുപ്രീം കോടതി നാൽസ വിധിയിലൂടെ ട്രാൻസ്ജെണ്ടർ മനുഷ്യരെ നിയപരമായി അംഗീകരിച്ചപ്പോൾ വിവിധ സർക്കാരുകൾ ട്രാൻസ്ജെണ്ടർ ക്ഷേമപദ്ധതികളും നയങ്ങളും രൂപീകരിക്കാൻ നിർബന്ധിതരാവുകയാണ് ഉണ്ടായത്. എന്നാൽ ആ ശുഷ്കാന്തി സ്വവർഗാനുരാഗത്തെ നിയമപരമായി അംഗീകരിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധിയോട് കാണിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. ഇന്ത്യൻ സമൂഹവും ഭരണകൂടവും അത്രയും സ്വവർഗ്ഗഭീതിപേറുന്ന അപകടകരമായ ജനസമൂഹമാണെന്ന തിരിച്ചറിവാണ് ഈ സൂചനകൾ നല്കുന്നത്. ക്വീയർ അസ്തിത്വങ്ങളോടുള്ള വിദ്വേഷം ഒരു ജനാധിപത്യ(?) രാജ്യത്തിന് ചേരുന്നതാണോ എന്ന ചോദ്യം മാത്രമാണ് പ്രസക്തം.

ജനുവരി, ഫെബ്രുവരി മാസങ്ങൾ നല്കിയ ചലനങ്ങൾ വരാൻ പോകുന്ന മഹാമാരിയുടെ ആദ്യ സൂചനകൾ നല്കിയെങ്കിലും മറ്റേതൊരു മനുഷ്യനെയും പോലെ സ്വയം തയ്യാറെടുക്കാൻ കഴിയുന്ന സാമൂഹ്യസാഹചര്യത്തിൽ ആയിരുന്നില്ല ക്വീയർ മനുഷ്യർ, വിശിഷ്യാ ട്രാൻസ്ജെൻണ്ടർ മനുഷ്യർ. കേരളത്തിലെ ട്രാൻസ്ജെൻണ്ടർ മനുഷ്യർ ദൃശ്യതകൊണ്ട് മാത്രമാണ് സമ്പന്നർ അതിനപ്പുറം ദൈനംദിനചിലവുകൾ കണ്ടെത്താൻ കൂലിപ്പണിയും ലൈംഗികവൃത്തിയുമാണ് ആശ്രയം (സമ്പന്നരായ,സ്ഥിരവരുമാനമുള്ള ചിലരൊഴികെ), അതിലും ന്യൂനപക്ഷമായി ജീവിക്കുന്ന ട്രാൻസ്മെൻ അഥവാ ട്രാൻസ്ജെൻണ്ടർ പുരുഷൻമാർ തൊഴിൽവിപണിയിൽ ചൂഷണം നേരിടുന്നവരും അദൃശ്യരുമാണ്. ലോക്ക്ഡൗൺ തകർത്ത സാമ്പത്തികരംഗം അനേകരുടെ തൊഴിൽ ഇല്ലാതാക്കിയപ്പോൾ നിരവധി ട്രാൻസ്ജെൻണ്ടർ മനുഷ്യരും നിരാശ്രയരായി മാറി. അതിനുമുന്നേ സ്വയംതൊഴിൽ സാധ്യതകൾ കണ്ടെത്താൻ ശ്രമിച്ചവർക്കും കൊവിഡ് മരണമണിയായി മാറി.

തൊഴിൽവരുമാന സാധ്യതകൾ സ്വയം കണ്ടെത്തി അതിജീവനത്തിനായി ശ്രമിക്കുന്ന ചിലരല്ല അനേകരാണ് ട്രാൻസ്ജെൻണ്ടർ മനുഷ്യർക്കിടയിൽ നിന്നും ഉയർന്ന് വന്നത്. എന്നാൽ പുതിയ സാമൂഹ്യ സാഹചര്യം അവർക്കുമുന്നിലും പ്രതിസന്ധികൾ തീർത്തപ്പൊൾ പതറാതെ പിടിച്ചുനിന്ന ചിലരെ പരിചയപ്പെടാതെ തരമില്ലല്ലൊ! ബിരിയാണി കച്ചവടത്തിലൂടെ കൊവിഡ് കാലഘട്ടത്തിൽ പൊരുതിവിജയിച്ച സജ്ന ഷാജി ട്രാൻസ്ജെണ്ടർ മനുഷ്യരുടെ പോരാട്ടത്തിൻറെ മുഖമാണ്. കേരളത്തിൽ ആദ്യമായി റേഷൻ കാർഡ് ലഭിച്ച ട്രാൻസ്ജെൻണ്ടർ വ്യക്തിയാണ് സജ്ന, കുടുംബശ്രീവഴിയും മറ്റ് സംരംഭങ്ങൾ വഴിയുമൊക്കെ വിവിധ തൊഴിൽ ചെയ്യാൻ ശ്രമിച്ച് പരാജയപെട്ടവൾ ഇന്ന് പത്തോളം ട്രാൻസ്ജെൻണ്ടർ വ്യക്തികൾക്ക് തൊഴിൽ നല്കുന്ന തൊഴിൽധാതാവുമാണ്. 'ജീവിക്കണമെന്ന വാശിയും തൊഴിലെടുക്കാനാകുമെന്ന ആത്മവിശ്വാസവുമാണ് എനിക്ക് പത്തോളം പേർക്ക് തൊഴിൽ നല്കാൻ കഴിയും വിധം വളർത്തിയത്' ഇത് പറയുന്ന സജ്നയുടെ ആത്മവിശ്വസം ചില്ലറയല്ല. സ്വന്തം പ്രതിസന്ധികളെ തുരത്തുന്നതിനോടൊപ്പം തെരുവിൽ അഭയം കണ്ടെത്തുന്ന അമ്പതോളം പേർക്ക് ദിവസേന ആഹാരവും നല്കുന്നുണ്ട് ഈ ധീര, സ്വയം വിശപ്പറിഞ്ഞൊരാൾക്കല്ലാതെ മറ്റാർക്കാണ് ഇങ്ങനെ പ്രവർത്തിക്കാനാവുക.

കോട്ടയത്തുനിന്നും ട്രാൻസ്ജെൻണ്ടർ സ്വത്വത്തിൻറെ പേരിൽ നാടും വീടും ഉപേക്ഷിക്കേണ്ടിവന്ന സജ്ന മറ്റേതൊരു ട്രാൻസ്ജെൻണ്ടർ വനിതയെയും പോലെ ലൈംഗികവൃത്തിയോ ഭിക്ഷാടനമോ എന്ന ചോദ്യത്തിൻ മുന്നിൽ നിന്നാണ് രണ്ടാം ജീവിതം ആരംഭിക്കുന്നത്. കൊവിഡ് സമയതിനുമുന്നേ തന്നെ തെരുവിൽ ഭക്ഷണപൊതികളുമായി ടിക്ടൊക്ക് മൊബൈൽ ആപ്പിലൂടെ കച്ചവടം നടത്തിയിരുന്ന സജ്ന, ലോക്ക്ഡൗൺ ആയതോടെ പരുങ്ങലിൽ ആയി മാറുകയായിരുന്നു. എന്നാൽ ഒരു പോരാളിക്ക് പ്രതിസന്ധികളിൽ തളർന്നിരിക്കാനാവില്ല എന്ന ദൃഢനിശ്ചയം ബിരിയാണി പൊതികളായി മാറ്റുകയാണ് ഉണ്ടായത്. സ്വന്തമായി വികസിപ്പിച്ച രുചികൂട്ടുകളും കൂടെയുള്ളവരുടെ ആത്മാർഥതയും കൂടിയായപ്പോൾ കച്ചവടവും വർധിച്ചു. ദിവസേന ഇരുനൂറോളം ബിരിയാണി തയ്യാറാക്കി കൊച്ചി നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയാണ് ചെയ്യുന്നത്.

സജ്നയുടെ വാക്കുകളിൽ കോവിഡ് വരുത്തിവെച്ച അനിശ്ചിതത്വം അനവധി ട്രാൻസ്ജെൻണ്ടർ വ്യക്തികൾക്ക് തുടർചികിത്സ, മാനസികപിന്തുണ, തൊഴിൽനഷ്ടം എന്നിവ ഉണ്ടാക്കിയിട്ടുണ്ട്, സജ്നയ്ക്ക് തൻറെ ഹോർമോൺ ചികിത്സയും മുടക്കേണ്ടിവന്നു.

കൊവിഡ് പ്രതിസന്ധി മറികടക്കുവാൻ കുടുംബവുമായുള്ള നിമിഷങ്ങൾകൊണ്ട്/ സാന്നിധ്യംകൊണ്ട് കഴിഞ്ഞു എന്നതാണ് പൊതുജനസമൂഹം സാക്ഷ്യപെടുത്തുന്നത് എന്നാൽ കുടുംബങ്ങളിൽ നിന്നും പുറത്താക്കപെട്ട ട്രാൻസ്ജെൻണ്ടർ മനുഷ്യരുടെ അവസ്ത പരിതാപകരമാണ്, അതങ്ങനെ തുടരുകയും ചെയ്യുന്നു. കുടുംബങ്ങളിൽ നിന്നും പുറത്താക്കപെട്ട നിരവധി ട്രാൻസ്ജെൻണ്ടർ മനുഷ്യർ അവരുടെ തന്നെ കൂട്ടായ്മകളും മറ്റ് കമ്മ്യൂണിറ്റി കുടുംബവും ഉണ്ടാക്കിയാണ് അതിജീവനം സാധ്യാമാക്കുന്നത്.

സാമൂഹ്യനീതിവകുപ്പിൻറെ കെയർഹൊമിൽ മാനേജർ തസ്തികയിൽ ജോലിനോക്കിയിരുന്ന അഥിതി അച്ചുത് ഹോം പൂട്ടിയപ്പോൾ ജീവിക്കുവാനായി പെയിൻറിങ്ങ് ജോലിക്ക് പൊവുകയാണ്, ഏത് തൊഴിലിനും മഹത്വമൊക്കെയുണ്ട് എന്നത് പറയാനൊക്കും എന്നും പറഞ്ഞ് വയ്ക്കുന്നുണ്ട് അതിഥി. ട്രാൻസ്ജെൻണ്ടർ ആയതിനാൽ കുടുംബത്തിൽ നിന്ന് പുറത്താക്കപ്പെടുകയും പഠിച്ചുകൊണ്ടിരുന്ന നിയമപഠനം ഉപേക്ഷിക്കേണ്ടിവന്ന പ്രതിസന്ധികളെയുമാണ് നിശ്ചയധാർഢ്യം ഒന്ന് കൊണ്ട് മറികടക്കുന്നത്. അതിഥിയെപ്പോലെ ദിവസവേതനം തേടി നിരവധി ട്രാൻസ്ജെൻണ്ടർ വ്യക്തികൾ കൊവിഡ് പ്രതിസന്ധി അതിജീവിക്കാൻ ശ്രമിക്കുന്നുണ്ട്, എന്നാൽ സിസ്ജെൻണ്ടർ വ്യക്തികൾക്ക് ലഭിക്കാത്ത, അവർ തൊഴിൽ നഷ്ടം നേരിടുന്ന കാലത്ത് ഞങ്ങൾക്ക് എന്ത് ജോലി ലഭിക്കാണ് എന്ന് ആശങ്കപ്പെടുന്നവരാണ് അധികവും.

ആളുകൾ അധികവും വീടുകളിൽ കഴിയാൻ നിർബന്ധിതരായിരിക്കുന്ന ഈ സമയത്ത് വീടുകളിൽ പച്ചക്കറി എത്തിക്കുന്ന തൊഴിലിലാണ് തിരുവനന്തപുരത്ത് നാദിറയും സുഹൃത്തുക്കളും, മികച്ച പ്രതികരണമാണ് കച്ചവടത്തിലൂടെ ലഭിക്കുന്നത് എന്നും ബിരുദാനന്തര ബിരുദ വിദ്യാ!ർഥിനികൂടിയായ നാദിറ അഭിപ്രായപെടുന്നു. കേരളത്തിൽ ജേർണലിസം ബിരുദതലത്തിൽ പഠിച്ചിട്ടുള്ള അപൂർവം ട്രാൻസ്ജെൻണ്ടർ വ്യക്തികളിൽ ഒരാളാണ് നാദിറ. കൊവിഡ് പ്രതിസന്ധിക്ക് മുൻപ് തിരുവനന്തപുരത്ത് ജ്യൂസ് സ്റ്റാൾ നടത്തി പഠനത്തോടൊപ്പം വരുമാനവും കണ്ടെത്തി ജീവിക്കുകയായിരുന്നു നാദിറ. എന്നാൽ ലോക്ക്ഡൗൺ വന്നതോടെ പ്രതിസന്ധിയിലായ കച്ചവടവും വരുമാന മാർഗങ്ങളും പുതിയ സാധ്യതകളിലൂടെ കണ്ടെത്തിതോൽപ്പിക്കാൻ നോക്കുന്ന ഏതിനെയും പൊരുതിനേരിടാനൊരുങ്ങിതന്നെയാണ് ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകുന്നത്.

ട്രാൻസ്ജെൻണ്ടർ പ്രതിസന്ധികളും അതിജീവനവും രേഖപ്പെടുത്തുമ്പോൾ ട്രാൻസ്ജെൻണ്ടർ പുരുഷന്മാരുടെ പ്രശ്നങ്ങൾ പലപ്പോഴും തീവ്രമായി അടയാളപ്പെടുത്താറില്ല



എന്നത് യാതാർഥ്യമാണ്, എന്നാൽ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി മാതൃകകളായി മാറുന്ന മറ്റുചിലരും ട്രാൻസ്മെൻ മനുഷ്യർക്കിടയിലുണ്ട്. ശ്രീരാഗ് അത്തരത്തിൽ പുതുമാതൃക സൃഷ്ടിക്കുകയാണ്, സജ്ന്ഷാജിക്കൊപ്പം ബിരിയാണി കച്ചവടം നടത്തുകയാണ് ശ്രീരാഗ് ഇപ്പോൾ. ആലപ്പുഴ സ്വദേശിയായ ശ്രീരാഗ് ചെന്നൈയിൽ ജോലിചെയ്ത് വരുമ്പൊഴാണ് ജൻഡർ പ്രശ്നങ്ങളുടെ പേരിൽ തിരുവനന്തപുരത്ത് തണൽ ട്രാൻസ്മെൻ കെയർ ഹോമിലേക്ക് എത്തുന്നതും തുടർന്ന് എറണാകുളത്ത് താമസമാകുന്നതും, നിരവധി ഇടങ്ങളിൽ തൊഴിൽ ചെയ്യാൻ ശ്രമിച്ചെങ്കിലും ട്രാൻസ്ജെൻഡർ അയതിനാൽ തുടരുവാൻ സാധിച്ചില്ല. പുതിയ ശ്രമം നല്കുന്ന സന്ദേശം പ്രതീക്ഷകളുടെയാണ്, തൊഴിൽ അന്വേഷിച്ച് നടക്കുന്നതിനെക്കാൾ സ്വയം തൊഴിൽ കണ്ടെത്തി അഭിമാനത്തൊടെ ജീവിക്കാനാകുമെന്നാണ് ശ്രീരാഗ് അഭിപ്രായപെടുന്നത്.

തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ധാതാക്കളിലേക്ക് കുതിക്കാൻ ട്രാൻസ്ജെൻഡർ സമൂഹത്തിന് സാധിക്കുമെന്നതിൻറെ ഉദാഹരണങ്ങൾ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും ദൃശ്യമാകുന്നുണ്ട്. അത്തരത്തിൽ പാലക്കാട് പ്രവർത്തിക്കുന്ന ഒരുമ ക്യാൻറീൻ രാജ്യത്തിനുതന്നെ മാതൃകയായി പ്രവർത്തിക്കുന്നു. നിലവിൽ ക്യാൻറീൻ ലോക്ക്ഡൗണിന് ശേഷം തുറന്നു പ്രവർത്തിക്കുന്നുണ്ട്, കുടുംബശ്രീയുടെ കീഴിൽ പരിശീലനവും മറ്റ് സഹായങ്ങളും ഇവർക്ക് ലഭിക്കുന്നതിനാൽ കൂടുതൽ പ്രൊഫഷണൽ രീതിയിൽ പ്രവര്ത്തിക്കുവാനും സാധിക്കുന്നു.

കൊല്ലം ജില്ലയിലെ മൻറോതുരുത്തിൽ ജീവിക്കുന്ന അമ്പിളി തൊഴിലുറപ്പിലൂടെ ജീവിതം ഉറപ്പിക്കാനുള്ള തത്രപ്പാടിലാണ്. കഷ്ടപാടുകളിലൂടെയുള്ള ജീവിതത്തെ തിരിഞ്ഞുനോക്കാൻ മെനക്കെടാതെ ജനിച്ച സ്ഥലത്ത് തന്നെ അഭിമാനത്തോടെ ജീവിക്കുകയാണ് അമ്പിളി. ക്ഷേത്രോൽസവങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുകയായിരുന്നു എന്നാൽ കൊവിഡ് തീർത്ത പ്രതിസന്ധിയിൽ പരിപാടികൾ നിലച്ചതോടെ തൊഴിലുറപ്പിലൂടെ സമാശ്വാസം കണ്ടെത്തുകയാണ് അമ്പിളി. അമ്പിളി നല്കുന്ന പ്രതീക്ഷ വലുതാണ്, സ്വന്തം വീട്ടിൽ അസ്തിത്വം വെളിപ്പെടുത്തി പരമാവധി പിടിച്ചുനില്ക്കാൻ ശ്രമിക്കുന്ന അനേകരിൽ ഒരാൾ.

പ്രശസ്ത കവി വിജയരാജമല്ലിക കൊവിഡ് കാലത്തെ തൊഴിൽ നഷ്ടത്തെയും, അത് പരിഹരിക്കുവാനായി ആരംഭിച്ച ഓൺലൈൻ ക്ലാസുകളിലൂടെയുള്ള വരുമാന നഷ്ടത്തെയും കുറിച്ച് ഫെസ്ബുക്കിൽ എഴുതിയത് ഇങ്ങനെയാണ് 'സാംസ്കാരിക സംഘടനകൾ വാട്സാപ്പ് /ഫേസ്ബുക് പേജുകൾ ആരംഭിക്കുന്നത് വളരെ നല്ലതാണ്. ലോക്ക്ഡൗൺ സമയത്തെ സർഗാത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് തന്നെയാണ്.പക്ഷെ അവിടേക്ക് ക്ഷണിക്കുമ്പോൾ ഒരു മിനിമം പ്രതിഫലമെങ്കിലും നൽകാൻ നിങ്ങൾ ബാധ്യസ്ഥരാണ്. ഈറ്റപുലികളെ യുഗാന്തരങ്ങളായി രാകി വെച്ചിരുന്ന സംശയങ്ങൾ കുടയുന്നത് പലപ്പോഴും ശ്രദ്ധയിൽപെട്ടിട്ടുള്ള മറ്റൊരു സവിശേഷതയാണ്.

സർക്കാർ ഉദ്യോഗവും, പെൻഷനുമൊക്കെ ഉള്ളവർക്ക് ഇതൊരു സാമൂഹിക സേവനം ആയിരിക്കും.പ്രതിഫലം വേണ്ടെന്ന് കൃത്യമായി പറയുന്നവരും ഉണ്ട്. പക്ഷെ സമയവും ആരോഗ്യവും, ഊർജവും ഏറെ വേണ്ടിവരുന്ന വിഷയാധിഷ്ഠിത പരിപാടികളിൽ അങ്ങനെ ചെയ്യുന്നവർ ഉണ്ടായിരിക്കുമോ? ഉണ്ടെകിൽഅവർക്ക് മറ്റ് സാമ്പത്തിക ഒഴുക്കുകളും ഉണ്ടായിരിക്കും. പക്ഷെ ജോലി അന്വേഷിച്ചു ചെല്ലുന്ന ഇടത്തൊക്കെ 'ട്രാൻസ് പുരോഗമനം' തുറന്നുകാട്ടി ഓവർ ക്വാളിഫിക്കേഷൻറെ പേരും പറഞ്ഞ് ആഗ്രഹിച്ച ജോലി പോലും ഇവിടെ നിഷേധിക്കപ്പെടുന്നുണ്ട്. ഈ മാറ്റിനിർത്തലുകൾക്ക് വിധേയമാകുന്ന എന്നെ പോലുള്ള മനുഷ്യരോട് ഇത് ചെയ്യുന്നത് കാലത്തിന് നിരക്കാത്തതാണ്. എത്രത്തോളം പ്രതിഷേധാത്മക നിലപാടാണ് ഇത്തരത്തിൽ കമ്മ്യൂണിറ്റിയോട് ഓൺലൈൻ പരിപാടികളുടെ സംഘാടകർ കാണിക്കുന്നത് എന്നത് വ്യക്തമാണ്.

സുസ്ഥിരമായ ജീവിതവിജയത്തിനായി കുടുംബവും സമൂഹവും ഒരേപൊലെ യോജിച്ച് പ്രവർത്തിക്കേണ്ടതിൻറെ ആവശ്യകത അടിവരയിടുന്ന അനുഭവങ്ങളാണ് ഒരോ ക്വീയർ വ്യക്തിയുടെയും ജീവിതപോരാട്ടം വെളിപ്പെടുത്തുന്നത്. വിദ്യാഭ്യാസവും കുടുംബത്തിൻറെ പിന്തുണയും വിലയേറിയതും പ്രാധാന്യമേറിയതുമാണ്. യാതൊരു പിന്തുണാസംവിധാനത്തിൻറെയും സഹായമില്ലാതെ ഈ വ്യക്തികൾ നേടിയ/ നേടുന്ന വിജയം അനിതരസാധാരണമാണ്. സമൂഹതിൻറെ ദ്വന്ദവിജയഗാഥയിൽ ഇവരുടെ പരിശ്രമങ്ങൾ വേറിട്ടുതന്നെ നിൽക്കണം. ലോകം കൊവിഡിനു മുമ്പും ശേഷവും എന്ന് വേർതിരിഞ്ഞ് നില്കുമ്പോൾ, കൊവിഡ് കാലത്തെ ട്രാൻസ്ജെണ്ടർ പോരാട്ടങ്ങൾ ചരിത്രത്തിൽ അടയാളപെടുത്തും എന്നകാര്യത്തിൽ സംശയമില്ലതന്നെ. ലോകം പുതിയ 'നോർമൽ' ശീലങ്ങളിലേക്ക് കടക്കുമ്പോൾ അകറ്റിനിർത്തലുകൾ ഉണ്ടാകാതെ, പുറത്താക്കലുകളോഅന്യവൽക്കരണമോ ആവർത്തിക്കാതെയൊരു നവ സമൂഹം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ്. എന്നാൽ കേരളം യാതൊരു പ്രതീക്ഷയും നല്കാത്ത കപട സമൂഹമായി തുടരുമോ എന്നൊരു ആശങ്കയും ക്വീയർ മനുഷ്യരെ അലട്ടുന്നുമുണ്ട്. അനുഭവങ്ങൾകൊണ്ട് മെച്ചെപ്പെടുന്നൊരു സമൂഹമായും ജീവിതമായും ചുറ്റുമുള്ളവർ മാറട്ടെ എന്നൊരു ശുഭപ്രതീക്ഷമാത്രമാണ് അവശേഷിക്കുന്നത്.

ഉപ്പും മുളകും



പി. ഗീത

# കോവിഡ്: സ്ത്രീബോധവും പ്രതിബോധവും

കഴിഞ്ഞ ആറുമാസക്കാലമായി എത്ര പുതിയ വാക്കുകളിലേക്കാണ് മനുഷ്യർ ഉണർത്തപ്പെട്ടത്. അവയിൽപ്പലതും മുമ്പുണ്ടായിരുന്ന വാക്കുകളാണ്. പക്ഷേ അവയൊന്നിച്ച് നമ്മുടെ നിത്യജീവിതത്തിലേക്കു കടന്നു വരികയും അവയൊന്നാകെ നമ്മൾ തന്നെയായിത്തീരുകയും ചെയ്തുവെന്നതാണ് വിശേഷം  ക്വാറന്റൈൻ, ലോക് ഡൗൺ, കൺ ടൈൻറ്മെൻറ് സോൺ, കോവിഡ് കിറ്റ്, സൂം മീറ്റിങ്, ഗൂഗ്ൾ മീറ്റ്... ആവർത്തിക്കട്ടെ, മുമ്പുണ്ടായിരുന്ന ഈ വാക്കുകൾ നമ്മുടെ ദൈനന്ദിന ജീവിതം അഥവാ നമ്മൾ തന്നെയായി മാറുകയായിരുന്നു.

അനുഭവവേദ്യമായ പ്രത്യക്ഷ മാറ്റം തൊഴിലിടങ്ങളിലും പൊതു വിടങ്ങളിലും ആളൊഴിയുകയും വീടുകളിൽ ആളുകൾ സജീവമാവുകയും ചെയ്തു എന്നതാണ്. അതെ വീടുകൾ. വീടുകൾ എന്നാൽ എന്താണ് ഇപ്പോഴുമെന്ന അറിവിലേക്കാണ് നമ്മൾ മലയാളികൾ എടുത്തെറിയപ്പെട്ടത്. തൊഴിലിടത്തിലും പൊതു വിടത്തിലും ഒരു നൂറ്റാണ്ടോളം പൊരുതിനിന്ന മലയാളി സ്ത്രീ വീണ്ടുമിതാ പുതിയ ”ഇന്ദുലേഖ”യായി മാറുന്നു. അവൾ ആർക്കു മുമ്പിലും അവതരിപ്പിക്കാവുന്ന മാന്യയായ ഒരു മഹിളയാണ്. സംശയിക്കണ്ട ഒരു പ്രസന്റബിൾ ലേഡി. പക്ഷേ വീടകങ്ങൾ മിക്കതിലും അവളുടെ റോളുകൾ കാര്യേഷു മന്ത്രിയും കരണേഷു ദാസിയുമാണ്. വലിയ ഇടവേളക്കുശേഷം വീണു കിട്ടിയ ”ഒഴിവു ‘ ദിവസങ്ങളെ ആദ്യഘട്ടത്തിൽ സന്തോഷത്തോടെയാണവൾ വരവേറ്റത്. വീട് അടുക്കിയും പെറുക്കിയും പാചക വൈദഗ്ധ്യങ്ങൾ പുറത്തെടുത്തും അവൾ കുടുംബാംഗങ്ങളെ അദ്ഭുതപ്പെടുത്തി. അവളുടെ ഫേസ്ബുക് ടൈം ലേനിൽ പാചകക്കുറിപ്പുകൾ നിരന്നു. കാര്യം വിമോചനമൊക്കെ പറയുമെങ്കിലും 'എക്സ്പോഷർ ” ഒക്കെ ഉണ്ടെങ്കിലും ഇവൾ ആളു  കൊള്ളാമെന്ന് പുരുഷൂസ് ലൈക്കടിച്ചു നിറച്ചു. അങ്ങനെ അവൾക്കു വീണ്ടും അരങ്ങത്തു നിന്ന് വീട് / അടുക്കള ഭരിക്കുന്ന മഹാറാണി പട്ടം തിരിച്ചു കിട്ടി.

തളപ്പറ്റാൽ മുരട്ടില് എന്നു ചൊല്ലുമ്പോലെ ഒരു പതോ വീഴ്ച . മോശമെന്നല്ല, എല്ലാർക്കുമെന്നുമല്ല പല സ്ത്രീകളുടെയും ചുമലുകളിൽ ഗൃഹിണീ പദത്തിന്റെ നുകങ്ങൾ വീണ്ടും അമർന്നു തുടങ്ങിയ കാലം കൂടിയാണിത്. വീടിനകത്തെ പദവികളും പ്രവൃത്തി വിഭജനവും മാറ്റമില്ലാതെ തുടരുന്നതാണെന്ന ഉറപ്പ് പുരുഷാധികാരത്തിനു നല്കുന്നതിൽ വിജയിച്ച കാലം കൂടിയാണിത്. സ്ത്രീകൾക്കായി തുറന്നു കിട്ടിയ ഇത്തിരി ആകാശത്തിലേക്കുള്ള വാതിലുകൾ അതിവിദഗ്ധമായി കൊട്ടിയടയ്ക്കപ്പെട്ടു. ഗംഭീരമായ  മെരുക്കൽ കേന്ദ്രമായി കോവിഡ് കാല കുടുംബാന്തരീക്ഷം മാറി. കാരണം പുറത്തു രോഗമാൺ അകമാണ് അകം മാത്രമാണു സുരക്ഷ!!

ഇതിങ്ങനെയൊക്കെയായിരിക്കുമ്പോഴാണ് ആറന്മുളയിൽ നിന്ന് വരുന്ന108 ആംബുലൻസിന് റോഡിലെ വാഹനങ്ങൾ വഴി മാറിക്കൊടുക്കുന്നത്. തോപ്പിൽ ഭാസിയുടെ ”അശ്വമേധ”ത്തിലാണ്  ” രോഗം ഒരു കുറ്റമാണോ ” എന്ന ചോദ്യം സമൂഹത്തിനു മുമ്പാകെ വെക്കുന്നത്. അന്നത് പകരുന്ന കുഷ്ഠമായിരുന്നു. ഇന്നിപ്പോൾ ലോകമാകെ പടരുന്ന കൊറോണാ വൈറസിന്റെ കാലത്ത് ‘ രോഗം പെണ്ണിന്റെ കുറ്റമാണോ ” എന്ന ചോദ്യം മലയാളത്തിൽ ഉയരുന്നു. പറയപ്പെടാത്ത മറുപടികളാണ് അതിനുത്തരം എന്നത് കോവിഡുമായി ബന്ധപ്പെട്ട് പെണ്ണിന്റെ ബോധവും പ്രതിബോധവുമായി മാറുന്നു. അതെ , 108 ആംബുലൻസ് ഒരു സ്വകാര്യ ഇടമോ പൊതു ഇടമോ? കൊറോണാ വൈറസ് ആക്രമിച്ച ഒരു സ്ത്രീ ശരീരം പൊതു ഉത്തരവാദിത്വമോ അതോ ഒരു കുറ്റവാളിയുടെ അക്രമാസക്തി തീർക്കാനുള്ള സ്വകാര്യവസ്തുവോ??!!

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# മഹാമാരിയും അക്കാദമിക് മേഖലയിലെ സ്ത്രീയും

**കോ**വിഡ് കാലത്തെ സ്ത്രീകളുടെ സവിശേഷമായ അവസ്ഥയെ കുറിച്ച് ഈ വ്യാധിയുടെ തുടക്കം മുതൽക്കേ ലോകം ചർച്ചചെയ്തു കൊണ്ടിരിക്കുകയാണ്. നീതിബോധത്തിലും വിദ്യാഭാസത്തിലും വളരെ മുന്നിലെന്ന് നടിക്കുന്ന തങ്ങളുടെ പുരോഗമന നിലപാടുകളിൽ ഒരുപാട് ഊറ്റം കൊള്ളുന്ന കേരളത്തിൽ പോലും, കോവിഡ് ചികിത്സായുടെ ഇടയിൽ/മറവിൽ, സ്ത്രീ രോഗികൾക്ക് നേരെ നടന്ന അക്രമങ്ങളുടെ ആഘാതത്തിൽ നിന്ന് നമ്മൾ മുക്തരായിട്ടില്ല. കഴിഞ്ഞ മാസം യുനെസ്കോ സ്ത്രീകളുടെ ജീവിതങ്ങളെ അടച്ചുപൂട്ടൽ എത്രത്തോളം സങ്കീർണമാക്കുന്നു എന്നതിനെ കുറിച്ച് ഒരു പ്രത്യേക പതിപ്പ് തന്നെ അവരുടെ വെബ്സൈറ്റിൽ ഇറക്കി.അക്കാദമിക് മേഖലയിൽ പ്രവർത്തിക്കുന്ന, ഗവേഷണത്തിലും അധ്യാപനത്തിലും ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾ തൊഴിൽ ജീവിതവും കുടുംബജീവിതവും ഒരുമിച്ചു കൊണ്ടുപോകുന്നതിന്റെ മറ്റൊരു തലം അനുഭവിക്കുകയാണ്. വിവാഹജീവിതവും മാതൃത്വവും ഇടത്തരക്കാരായ സ്ത്രീകളിൽ ഇന്നും ഏല്പിയ്ക്കുന്ന അമിതഭാരം, അവരുടെ ധൈഷണിക പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. എന്നാൽ ചിന്തകളുടെയും മനോഭാവത്തിന്റെയും മാറ്റത്തിനനുസരിച്ചു ഗാർഹിക ജോലികളിലും, ശിശുക്കളുടെയും വൃദ്ധജനങ്ങളുടെയും പരിപാലനത്തിലും പുരുഷന്മാർ കൂടുതൽ പങ്കെടുക്കുന്നുണ്ട് എന്നതും സത്യമാണ്. ഇത് മാതാപിതാക്കളായ സ്ത്രീപുരുഷന്മാരുടെ തൊഴിൽ മേഖലയിലെ പ്രാഗൽഭ്യത്തെ ചെറുതായെങ്കിലും പിന്നോട്ട് വലിക്കുന്നുണ്ട്. കുടുംബത്തിലെ ഇത്തരം ഉത്തരവാദിത്തങ്ങളും തൊഴിൽ ജീവിതവും ഒരുപോലെ ബാലൻസ് ചെയ്തു കൊണ്ട് പോവാനുള്ള ശ്രമം അവരുടെ ഉത്പ്പാദനക്ഷമതയെ ദോഷകരമായി ബാധിക്കുന്നു. ഇവിടെ ഭരണകൂടവും, സ്ഥാപനങ്ങളും കൈക്കൊള്ളേണ്ട വ്യത്യസ്തമായ സമീപനങ്ങളെ കുറിച്ചാണ് അലെസാന്ദ്ര മിനെല്ലോ എന്ന സാമൂഹ്യ ശാസ്ത്രജ്ഞ സംസാരിക്കുന്നത്. കേരളത്തിലും ഇതിൽ വലിയ വ്യത്യാസമില്ല. അക്കാദമിക് സ്ഥാനക്കയറ്റങ്ങളുടെ ചില മീറ്റിങ്ങുകളിൽ പങ്കെടുക്കേണ്ടിവന്നിട്ടുള്ള സങ്കടം കൊണ്ടാണ് ഞാന് ഈ ലേഖനം പരിഭാഷപ്പെടുത്തുന്നത്. വളരെ മിടുക്കരും സമർത്ഥരുമായ അക്കാദമിക് രംഗത്തെ അധ്യാപികമാർ പ്രസിദ്ധീകരണങ്ങൾ താരതമ്യേന കുറവായതു കൊണ്ടും, സെമിനാറുകളിലുള്ള അവരുടെ പങ്കാളിത്തം എണ്ണത്തിൽ കുറവായതു കൊണ്ടും സ്വന്തം കഴിവുകൾക്ക് മാർക്ക് തികയ്ക്കാൻ പറ്റാതെ വിഷമിക്കുന്നത് കണ്ടു വല്ലാത്ത പ്രയാസം തോന്നിയിട്ടുണ്ട്. ഇതൊരു സാമൂഹ്യ സമസ്യയാണ്. ഇതിനെ എങ്ങിനെ നയപരമായി നാം നേരിടണം എന്നാണ് അലെസാന്ദ്ര അന്വേഷിക്കുന്നത്. നർമ്മവും ഗൗരവവും കലർത്തി എഴുതിയ ഈ ലേഖനത്തിനു കേരളത്തിലും വളരെ പ്രസക്തിയുണ്ടെന്ന് ഞാൻ കരുതുന്നു. ഏപ്രിൽ 2020 ൽ നേച്ചർ മാസികയിൽ വന്ന ലേഖനത്തിന്റെ സ്വതന്ത്ര മൊഴിമാറ്റമാണിത്.



**അലെസാന്ദ്ര മിനെല്ലോ**

### *മഹാമാരിയും അക്കാദമിക വനിതയും*

കുടുംബ ജീവിതത്തിലും തങ്ങളുടെ ജോലികളിലും പകർച്ചവ്യാധിയുടെ അനന്തരഫലങ്ങൾ നേരിടുവാൻ അക്കാദമിക് രംഗത്തെ സ്ത്രീകൾ സ്വീകരിക്കുന്ന ഒരു മാർഗം നർമബോധമാണ്. കഴിഞ്ഞ മാസം വൈറലായ ഒരു ട്വിറ്റർ പോസ്റ്റിൽ വായിച്ചത് ഇങ്ങിനെയാണ്: 'വീട്ടിലിരുന്നു ജോലി ചെയ്ത ഐസക് ന്യൂട്ടണ് എത്ര മാത്രം ക്രിയാത്മകമായിരുന്നു എന്ന് ട്വീറ്റ് ചെയ്യുന്ന അടുത്ത ആൾക്ക് ഞാൻ എന്റെ മൂന്നു വയസ്സുകാരനെ പോസ്റ്റ് ചെയ്യുന്നതായിരിക്കും.'

കോവിഡ് 19 മാർച്ച് പന്ത്രണ്ടാംതീയതി എന്റെ യൂണിവേഴ്സിറ്റി അടച്ചതിനു ശേഷം, എന്നത്തേതിനേക്കാളും സൂര്യോദയങ്ങൾ ഞാൻ കണ്ടു കഴിഞ്ഞു. പ്രഭാതത്തിനു മുൻപ് ഞാൻ എന്റെ പണികൾ തുടങ്ങേണ്ടിയിരിക്കുന്നു.

നിശ്ശബ്ദതയും ഏകാഗ്രതയും ചിന്തിക്കുന്നതിനും പഠിപ്പിക്കുന്നതിനും എനിക്ക് അത്യന്താപേ

ക്ഷികമാണ്. എന്റെ വിദ്യാർത്ഥികൾക്കായി ഞാൻ ഓൺലൈൻ ക്ലാസ്സുകൾ റെകോഡു ചെയ്യുമ്പോൾ പശ്ചാത്തല ശബ്ദങ്ങൾ പരമാവധി കുറക്കേണ്ടി യിരിക്കുന്നു. പക്ഷെ എന്റെ മകന് രണ്ട് വയസ്സാണ് പ്രായം. ഞാൻ റെക്കോർഡ് ചെയ്യാൻ ശ്രമിച്ച ആദ്യ അവതരണത്തിലെ അവസാന സ്ലൈഡുകളിൽ അവന്റെ കളിക്കോപ്പിന്റെ ശബ്ദം നിങ്ങൾക്കു കേൾക്കാം. രാത്രിയിലും പ്രഭാതത്തിലുംഅവൻ ഉറങ്ങുമ്പോൾ മാത്രമാണ് എനിക്ക് റെക്കോഡ് ചെയ്യാൻ കഴിയുക.

എന്നെ പെട്ടെന്ന് ഓൺലൈനിൽ കാണാൻ ഏതു സമയത്തും കൊതിക്കുന്ന ആഗോളതല ത്തിൽ വ്യാപിച്ചു കിടക്കുന്ന എന്റെ സുഹൃത്തുക്ക ളാണ് എന്റെ സമയത്തിന് മേൽ അവകാശം സ്ഥാപിക്കാൻ ശ്രമിക്കുന്ന മറ്റു ചിലർ. അങ്ങിനെ യാണ് എന്റെ സഹപ്രവർത്തകർ വെബ്കാമറയിൽ ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന അവന്റെ തലയിലൂടെ എന്റെ മകനെ പരിചയപ്പെടാൻ ഇടയായത്.

ഇതിനർത്ഥം എനിക്ക് ശാസ്ത്രലേഖനങ്ങൾ എഴുതാൻ കിട്ടുന്ന സമയം കുറവാണ് എന്നതാണ്. അക്കാദമിക ജോലി ചെയ്യുന്നതിന് പകരം, ഞാനും എന്റെ സഹപ്രവർത്തകരും ഉന്നം വെക്കു ന്നത് ദൈനംദിനജീവിതം ജീവിച്ചുതീർക്കുക എന്നതാണ്. തീർച്ചയായും, കോവിഡ് പിടിപെട്ടാ ലുണ്ടാവുന്ന അവസ്ഥയുമായി താരതമ്യം ചെയ്യു മ്പോൾ ഇത് കേവലം നിസ്സാരമായ കാര്യമാണ്. നമുക്ക് നമ്മുടെ ജോലികൾ ചെയ്യാൻ പറ്റുന്നതു തന്നെ ഭാഗ്യമാണെന്ന് നമ്മൾക്ക് എല്ലാവർക്കും അറിയാം. പൈസ ഇല്ലായ്മയും മറ്റു അസമത്വ ങ്ങളും ജനങ്ങൾക്ക് ജോലിയും, ആരോഗ്യസുര ക്ഷയും, ഷോപ്പിങ്ങും മറ്റു സേവനങ്ങളും അപ്രാപ്യ മാക്കി മാറ്റുന്നു. പക്ഷെ ഞാനൊരു സാമൂഹ്യ ശാസ്ത്രജ്ഞയാണ്. മനുഷ്യർ കുടുംബവും വരു മാനവും എങ്ങിനെ കൈകാര്യം ചെയ്യുന്നു എന്ന താണ് ഞാൻ പഠിക്കുന്ന വിഷയം. ഞാൻ പല പ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അക്കാദമിക് സ്ത്രീകളിലാണ്. ഇപ്പോൾ ഞാൻ തന്നെഎന്റെ വിഷയമായി മാറുകയാണെന്ന് തോന്നുന്നു. ഒരു ഓൺലൈൻ നരവംശശാസ്ത്ര പഠനം നടത്തുന്നതിനല്ല അഭിമുഖങ്ങൾക്കായി ഞാൻ എന്റെ സഹപ്രവർത്തകർ ക്കൊപ്പം ഒരുങ്ങിത്തുടങ്ങുകയാണ്.

ഈ മഹാമാരിക്ക് ഒരു വലിയ പാഠം നമ്മെ പഠിപ്പിക്കാൻ പറ്റും. മാതാപിതാക്കളായവർ തൊഴിൽ സമയത്തിന്റെയും കുടുംബസമയത്തിന്റെയും ഒരു ഹ്രസ്വകാല സമയക്രമീകരണം നടത്തിക്കൊണ്ടി രിക്കുകയാണ്. കുറേക്കാലം കഴിയുമ്പോൾ ഉത്പാ ദനക്ഷമതയിലെ വ്യത്യാസം നമ്മുടെ ഔദ്യോഗിക ജീവിതത്തെ ബാധിച്ചേക്കാം. ശുശ്രൂഷ ഉത്തരവാ ദിത്തങ്ങൾ അധികമില്ലാത്തവർ നക്ഷത്രങ്ങളെയാണ് ലക്ഷ്യം വെക്കുന്നത്.കുടുംബത്തിനകത്തെ ജോലി യിലും, പരിചരണജോലികളിലും ഉള്ള അസന്തു ലിതാവസ്ഥയെ അക്കാദമിക സമൂഹത്തിൽ ഉള്ള ആരെങ്കിലും കണക്കിലെടുക്കാറുണ്ടോ? ഇല്ല.

നാമെല്ലാവരും തന്നെ സ്ഥാനക്കയറ്റങ്ങൾക്കും പദവികൾക്കുമായി തുറന്ന മത്സരങ്ങളിൽ പങ്കെ ടുക്കും മാതാപിതാക്കൾ ആയവരും, അല്ലാത്തവരും.

ഒരാളുടെ പ്രസിദ്ധീകരണങ്ങളുടെ എണ്ണ ത്തിലും ഗുണത്തിലും,ഗവേഷണത്തിനായുള്ള ഫണ്ട് ശേഖരണത്തിലും ആശ്രയിച്ചു നിൽക്കുന്ന അക്കാദമിക പ്രവർത്തനം, ശിശുപരിപാലനവുമായി പൊരുത്തപ്പെട്ടു പോകുന്ന ഒന്നല്ല. അടുത്ത കുറച്ചു വര്ഷങ്ങളിലെ ഡാറ്റ എടുത്തുനോക്കിയാൽ അക്കാ ദമികമേഖലയിലെ മാതാപിതാക്കളുടെ പ്രകടനം, 2020 നു ശേഷമുള്ള മാതാപിതാക്കളുടേതിനേക്കാൾ പിന്നിലായിരിക്കും എന്ന് ഞാൻ വിചാരിക്കുന്നു.

ആ ഡാറ്റകൾ സ്ത്രീകൾക്കുണ്ടായ അനന്ത രഫലങ്ങളെ കുറിച്ച് സംസാരിക്കും. അഭ്യസ്തവിദ്യ രായ ദമ്പതികൾക്കിടയിൽ പോലും, പരിപാലന ജോലികളിൽ അസന്തുലിതാവസ്ഥ ഉണ്ട്. വീട്ടു ജോലികൾക്കായി പുരുഷന്മാരേക്കാൾ കൂടുതൽ സമയം സ്ത്രീകൾ നീക്കിവെക്കുന്നുണ്ട്. അമേരി ക്കയിലെ വിവാഹിതരായ അമ്മമാരെയും അച്ഛന്മാ രെയും താരതമ്യം ചെയ്താൽ വീട്ടുജോലിയിലും ശിശുപരിപാലനത്തിലും സ്ത്രീകൾ ഇരട്ടിസമയം ചിലവാക്കുന്നുണ്ട്.വടക്കൻ യൂറോപ്പിൽ ലിംഗ സമത്വം ഉള്ള രാജ്യങ്ങളിലും, വേതനരഹിതജോലി കളിൽ, മൂന്നിൽ രണ്ടു ഭാഗവും ചെയ്യുന്നത് സ്ത്രീ കളാണ്. സമ്പാദിക്കുന്ന സ്ത്രീകൾ ഉള്ള ഭിന്നലിംഗ ദാമ്പത്യങ്ങളിൽ പോലും സ്ത്രീകൾതന്നെയാണ് പരിപാലനകർമ്മങ്ങൾ നിർവ്വഹിക്കുന്നത്. അപ്പോൾ ദമ്പതികൾ രണ്ടുപേരും വീട്ടിലിരിക്കുമ്പോൾ എന്താ ണുണ്ടാവുക? മിക്കവാറും ലിംഗപരമായ അസമത്വം അത് വര്ധിപ്പിക്കുകയെ ഉള്ളൂ.

അക്കാദമിക് ജീവിതത്തിന്റെ തുടക്കം മിക്ക വാറും സ്ത്രീകൾക്ക് പ്രസവവുമായി ഒരുമിച്ചു വരുന്നത് കൊണ്ടുതന്നെ, അസ്ഥിരമായ ഒരു സമയം കൂടിയാണ്. ഒരു ദശകത്തിലേറെയായി തോഴിൽ ചെയ്യുന്ന അമ്മമാർ നേരിടുന്ന വിവേചനത്തെയും പരിമിതികളെയും സൂചിപ്പിക്കുവാൻ ഉപയോഗി ക്കുന്ന പദമായിരിക്കുന്നു maternal wall അഥവാ ‘അമ്മ മതിൽ’ എന്ന പ്രയോഗം .കുടുംബങ്ങളിലെ ശുശ്രൂഷാസമയത്തെ ഡ്യൂട്ടി ലീവ് ആയി പരിഗ ണിക്കുവാനുള്ള നയരൂപീകരണങ്ങൾ സ്ത്രീകൾക്ക് ഏറെ പ്രധാനപ്പെട്ടതാണ്. ആശ്രിതരായ കുടുംബാം ഗങ്ങളെ ശുശ്രൂഷിക്കുവാൻ ചിലവഴിക്കുന്ന ഈ ലോക്ക്ഡൗൺ കാലം പരിപാലന അവധിയായി കണക്കാക്കാവുന്നതാണ്. പിന്നീടുള്ള സ്ഥാനക്കയറ്റ ങ്ങൾക്കുള്ള മത്സരങ്ങളിൽ, ഈകാലത്തെ ആ രീതിയിൽ വിലയിരുത്താവുന്നതാണ്. ഈകാലത്തു കൂടുതൽ പരാധീനതകൾ അനുഭവിക്കുന്ന കുടുംബ ങ്ങൾക്കു അതൊരു വലിയ ആശ്വാസമായിരിക്കും. പ്രത്യേകിച്ചും സ്ത്രീകൾ മാത്രം രക്ഷിതാക്കൾ ആയുള്ള കുടുംബങ്ങളിൽ...

ശാസ്ത്രം



സീമ ശ്രീലയം
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# കോവിഡ് ഗവേഷണവും വനിതകളും

**കോ**വിഡ് ഗവേഷണത്തിലെ വനിതാ സാന്നിധ്യത്തെക്കുറിച്ച് ശാസ്ത്രലോകത്ത് ചർച്ച കൾ നടന്നുകൊണ്ടിരിക്കുകയാണ്. കോവിഡ്- 19 നുമായി ബന്ധപ്പെട്ട നിർണ്ണായക ഗവേഷണങ്ങളിൽ വനിതാ ശാസ്ത്രജ്ഞർ പിന്നിലാണെന്നും ഈ വർഷം ജനുവരി മുതൽ ജൂൺ വരെ പ്രസിദ്ധീകരി ക്കപ്പെട്ട പ്രധാന കോവിഡ് ഗവേഷണ പ്രബന്ധ ങ്ങളിൽ സ്ത്രീകളുടെ പങ്ക് മൂന്നിൽ ഒന്നു മാത്ര മാണെന്നും പല ശാസ്ത്ര പ്രസിദ്ധീകരണങ്ങളും റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ഇത് വനിതാ ഗവേ ഷകരുടെ കഴിവുകേടായി ഒരിക്കലും വ്യാഖ്യാനി ക്കാൻ കഴിയില്ല. കാരണം ഉന്നത ശാസ്ത്ര ഗവേ ഷണങ്ങളിൽ മിക്കപ്പോഴും നിർണ്ണായക തീരുമാന ങ്ങൾ എടുക്കുന്ന പദവി കൈയാളുന്നത് പുരുഷ ഗവേഷകരാണ്.

ലിംഗവിവേചനം ഇപ്പോഴും കൊടികുത്തി വാഴുന്നുണ്ട് ശാസ്ത്രഗവേഷണ രംഗത്ത്. പ്രധാന ഗവേഷണങ്ങൾക്ക് നേതൃത്വം നൽകാനും പ്രധാന ഗവേഷക സംഘങ്ങളിലും പുരുഷന്മാർ തന്നെ വേണമെന്ന ചിന്താഗതിയുള്ളവരാണ് പലരും. കോവിഡ് ഗവേഷണത്തിലെ ലിംഗ വിവേചനം കാരണം കഴിവുള്ള പല വനിതകളും നിർണ്ണായക ഗവേഷണങ്ങളിൽ നിന്ന് പുറത്താവുന്നത് ഗവേഷണ പുരോഗതിയെ ബാധിക്കുമെന്ന് പല ശാസ്ത്ര ജ്ഞരും ചൂണ്ടിക്കാണിക്കുന്നുണ്ട്. കോവിഡ് മഹാ മാരിയെത്തുടർന്ന് ലോകം സ്തംഭിക്കുകയും ലോക്ക്ഡൗൺ പോലുള്ള നിയന്ത്രണങ്ങൾ വരി കയും ചെയ്തതോടെ ഗൃഹപരിപാലനം, മക്കളുടെ ഹോം സ്ക്കൂളിങ്, കുട്ടികളുടെയും വൃദ്ധരായ മാതാപിതാക്കളുടെയും പരിചരണം തുടങ്ങിയ ഉത്തരവാദിത്തങ്ങൾ കൂടുതലായി സ്ത്രീകളുടെ ചുമലിൽ ആയതും ഒരു കാരണമാണെന്ന് വില യിരുത്തപ്പെടുന്നു. എന്നാൽ എല്ലാ വെല്ലുവിളി കളെയും അതിജീവിച്ചു കൊണ്ട് വിസ്മയ നേട്ട ങ്ങൾ നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച് വനിതാ ഗവേഷകരുമുണ്ട് എന്നു മറക്കരുത്. ഇതിൽ പല ർക്കും അവരർഹിക്കുന്ന വാർത്താ പ്രാധാന്യം പോലും ലഭിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. ഇന്ത്യയിൽ കോവിഡ് ടെസ്റ്റ് കിറ്റ് വികസിപ്പിച്ചെ ടുക്കുന്നതിനു ചുക്കാൻ പിടിച്ച വനിതയാണ് മിനാൽ ദാഖ് ബെ ഭോസ്‌ലെ. ഗർഭകാലത്തെ ചില ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു മിനാലിനെ. ആ സമയത്താണ് ഐസിഎംആർ പുണെ ആസ്ഥാന മായുള്ള മൈ ലാബ് ഡിസ്കവറീസ് സൊല്യൂ ഷൻസ് എന്ന ബയോടെക് കമ്പനിക്ക് കോവിഡ് ടെസ്റ്റ് കിറ്റ് ഗവേഷണത്തിനുള്ള അനുമതി നൽകുന്നത്.

ലോകം ഒരു മഹാമാരിയെ അഭിമുഖീകരി ക്കുമ്പോൾ തനിക്ക് വെറുതെയിരിക്കാനാവില്ലെന്ന ദൃഢ നിശ്ചയത്തോടെ മിനാൽ ആശുപത്രിയിൽ നിന്നു ഡിസ്ചാർജ് വാങ്ങി ഗവേഷണത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയായിരുന്നു. മൈ ലാബ് ഡിസ്കവറീസിന്റെ റിസർച്ച് ആന്റ് ഡവലപ്മെന്റ് ചീഫാണ് വൈറോളജിസ്റ്റ് ആയ മിനാൽ. റെക്കോഡ് സമയം കൊണ്ടാണ് ഈ ഗവേഷക സംഘം വിസ്മയ നേട്ടം കൈയെത്തിപ്പിടിച്ച് ശാസ്ത്രലോകത്തെ അമ്പരപ്പിച്ചത്. കുറഞ്ഞത് അഞ്ചോ ആറോ മാസം കൊണ്ടേ ടെസ്റ്റ് കിറ്റ് വികസനം ഫലപ്രാപ്തിയിൽ എത്തൂ എന്നാണ് വിദഗ്ധർ പോലും കരുതിയിരുന്നത്. എന്നാൽ എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് മിനാലിന്റെ നേതൃത്വത്തിലുള്ള ഗവേഷകർ വെറും ഒന്നര മാസം കൊണ്ട് പാതോ ഡിറ്റക്റ്റ് എന്ന പേരിൽ ടെസ്റ്റ് കിറ്റ് വികസിപ്പിച്ചെടുത്തു. രണ്ടര മണിക്കൂറിനുള്ളിൽ ഫലം തരുന്ന ടെസ്റ്റ് കിറ്റിന്റെ വിലയാവട്ടെ 1200 രൂപ മാത്രം.

ഗവേഷണം പൂർത്തിയായി തൊട്ടടുത്ത ദിവസം തന്നെ മിനാൽ ഒരു പെൺകുഞ്ഞിനു ജന്മം നൽകുകയും ചെയ്തു. ഇപ്പോൾ ലോകമെങ്ങും

പ്രതീക്ഷ പരത്തിക്കൊണ്ട് ക്ലിനിക്കൽ ട്രയൽ നടന്നുകൊണ്ടിരിക്കുന്ന ഓക്സ്ഫഡ് കോവിഡ് വാക്സിൻ പരീക്ഷണത്തിനു ചുക്കാൻ പിടിക്കുന്നതും ഒരു വനിത തന്നെ. ഡോ.സാറാ ഗിൽബർട്ട്. ഓക്സ്ഫഡ് സർവ്വകലാശാലയിലെ വാക്സിനോളജി വിഭാഗം പ്രഫസർ ആയ സാറയുടെ നേതൃത്വത്തിലുള്ള ഗവേഷകസംഘം സാർസ് കോവ്-2 വൈറസ്സിനെ തുരത്താനുള്ള വാക്സിൻ വികസിപ്പിച്ചെടുക്കാനായി ഈ വർഷം ജനുവരിയിൽ ആരംഭിച്ച ഗവേഷണമാണ് ഇപ്പോൾ ക്ലിനിക്കൽ ട്രയലിൽ എത്തിനിൽക്കുന്നത്. ഈ ക്ലിനിക്കൽ ട്രയലിനു വിധേയരാവാൻ സ്വമേധയാ മുന്നോട്ടു വന്നവരിൽ സാറയുടെ ഇരുപത്തിയൊന്നു വയസ്സുള്ള മൂന്നു പെൺമക്കളുമുണ്ട് എന്ന പ്രത്യേകത വേറെ.

തന്മാത്രാ കത്രിക എന്നു വിശേഷിപ്പിക്കപ്പെടുന്ന ക്രിസ്പർ എന്ന നൂതന ജീൻ എഡിറ്റിങ് സങ്കേതം വികസിപ്പിച്ചെടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച ജെന്നിഫർ ഡൗഡ്നയുടെ നേട്ടത്തിന്റെ ചുവടു പിടിച്ച് നടന്ന പല കോവിഡ് ഗവേഷണങ്ങളും ലോകശ്രദ്ധ നേടിക്കഴിഞ്ഞു. ഇതിനൊരുദാഹരണമാണ് ഒരു മണിക്കൂറിനുള്ളിൽ രോഗനിർണ്ണയം സാധ്യമാക്കുന്ന ക്രിസ്പർ ടെസ്റ്റ് കിറ്റ്. മസ്സാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഗവേഷകനായ ഡോ.ഫെങ് ഴാങ്ങിന്റെ നേതൃത്വത്തിലുള്ള ഗവേഷകരാണ് ഇതു വികസിപ്പിച്ചെടുത്തത്. ഡൗഡ്നയും സംഘവും കോവിഡ് കാലത്ത് വെറുതെ ഇരിക്കുകയായിരുന്നില്ല. ക്രിസ്പർ ഉപയോഗിച്ച് കോവിഡ്-19 വൈറസ്സ് ആയ സാർസ് കോവ്-2 വൈറസ്സിന്റെ ജീനോം സാന്നിധ്യം നിർണ്ണയിക്കാനുള്ള പരീക്ഷണങ്ങൾക്കായി തന്റെ പരീക്ഷണശാലയെ സജ്ജമാക്കി. റോബോട്ടിക് ഉപകരണങ്ങൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പരീക്ഷണങ്ങളാണ് അവർ നടത്തുന്നത്.

കാലിഫോർണിയ യൂണിവേഴ്സിറ്റി സാൻഫ്രാൻസിസ്കോയിലെ വൈദ്യശാസ്ത്ര പ്രഫസറും ശ്വാസകോശരോഗ വിദഗ്ധയുമായ കരോലിൻ കാഫീയുടെ ഗവേഷണം കോവിഡ്-19 വൈറസ് ശ്വാസകോശത്തെ രൂക്ഷമായി ബാധിക്കുമ്പോൾ ഉണ്ടാവുന്ന അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രസ് സിൻഡ്രോമിനെക്കുറിച്ചാണ്. കോവിഡ് 19 വൈറസ്സും മറ്റ് വൈറസ്സുകളും ശ്വാസകോശത്തെ ബാധിക്കുന്നതിലുള്ള വ്യത്യാസങ്ങളും ഇവർ പഠനവിധേയമാക്കി.

സാൻഫ്രാൻസിസ്കോ ജനറൽ ഹോസ്പിറ്റലിലെ ഡോക്റ്ററായ ആനീ ല്യൂക്മെയറിന്റെ പഠനം ഏതെങ്കിലും പ്രത്യേക സ്ഥലത്തെ ജനങ്ങളിൽ കോവിഡ് വ്യാപനം തീവ്രമാവുന്നുണ്ടോ എന്നതിനെക്കുറിച്ചാണ്. ഗ്ലാഡ്സ്റ്റൺ ഇൻസ്റ്റിറ്റ്യൂട്ടിലെ വൈറോളജിസ്റ്റായ മെലാനീ ഓട് കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി പകർച്ചവ്യാധികൾ സംബന്ധിച്ച ഗവേഷണങ്ങളിലാണ്. കോവിഡ് 19 വൈറസ്സിനെ തുരത്താനുള്ള ഔഷധങ്ങളും ചികിൽസയും വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിലാണിപ്പോൾ. ■

## കാർട്ടൂൺ

**കടപ്പാട് : സമീറ മറുവാദ**

(ന്യൂ ഇന്ത്യൻ എക്സ്പ്രസ് 12 ഏപ്രിൽ 2020)



# കൊറോണാകാലത്തെ പാരമ്പര്യകലകൾ







©IMAGES ARE COPYRIGHTED TO DASTKAR

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

കഥ

# ഗിരിജാമ്മ



ഷീല എൻ.കെ.

പടരും വേഗതയിൽ കീഴൂർ ഗ്രാമത്തിൽ ആ വാർത്ത പടർന്നു. 'ഗിരിജാമ്മയുടെ കെട്ടിയവൻ മരിച്ചു'. ഇന്നലെ പാതിരാത്രിയാണ് സംഭവം. കവലയിൽ പാതിരോട്ടത്തിന് ഇടുന്ന ഓട്ടോക്കാരനായ തോമസുകുട്ടിയാണ് വെളുപ്പിനെ വാർത്തയെത്തിച്ചത്. കേട്ടവർ കേട്ടവർ പനവീടൻ തറവാട്ടിലേക്ക് പായാൻ തുടങ്ങി. വായിലിട്ട ബ്രഷ് വേലിയിൽ വെച്ച്, വായിലെ പത ചാലിൽ തുപ്പിയാണ് ഗോമതിയമ്മ നടത്തം തുടങ്ങിയത്. അപ്പോഴേക്കും വഴിയിൽ ഏതാണ്ട് പലായനത്തിന്റെ പ്രതീതി ആയിക്കഴിഞ്ഞിരുന്നു.. പ്രഭാതകൃത്യങ്ങൾ കഴിഞ്ഞവരും കഴിയാത്തവരുമായ ഏറെക്കുറെ എല്ലാ ദേശവാസികളും ഒരേ ലക്ഷ്യത്തോടെ നടന്നു. കുറച്ചറിഞ്ഞവർ അറിയാത്തവർക്കും കുറേ അറിഞ്ഞവർ കുറച്ചറിഞ്ഞവർക്കും എരിവും പുളിയും ചേർത്ത് മരണവിവരം വിശദീകരിച്ചു. മരണവീട്ടിലേക്ക് പോകുന്നവരുടെ മുഖത്ത് സ്വാഭാവികമായ് കാണുന്ന ദുഃഖമല്ല, മറിച്ച് എന്തോ ജിജ്ഞാസയാണ് ആ മുഖങ്ങളിലെല്ലാം കളിയാടിയത്. മണിക്കൂറുകൾക്കുള്ളിൽ പനവീടൻ തറവാട് കീഴൂർ ഗ്രാമവാസികളെക്കൊണ്ട് നിറഞ്ഞു. മരണത്തിന്റെ ആകസ്മികതയെ വെളിവാക്കാൻ ഓരോരുത്തരും അവരുടെ സാക്ഷ്യം വെളിപ്പെടുത്തി. 'ഞാനിന്നലെ ഉച്ചയ്ക്ക് കണ്ടതേയുള്ളു. ഗിരിജാമ്മയും ശേഖരൻ ചേട്ടനും വണ്ടിയിൽ പോകുന്നു'. 'എന്റെ തോമസേ മിനിയാന്ന് സിനിമയ്ക്ക് തിയറ്ററിൽ ഇവരും ഉണ്ടായിരുന്നൂന്നെ ! മനയ്ക്കലെ ബാബുവിന്റെ വിശദീകരണമാണത്. അല്ലാ ശേഖരന്റെ വണ്ടീടെ ഹോൺ ഇപ്പോഴും എന്റെ കാതിൽ മുഴങ്ങാ.... ചായക്കടക്കാരൻ വേലപ്പന്റെ സാക്ഷിമൊഴി. ഇതിനിടയിലും ഗിരിജാമ്മയുടെ സാമീപ്യമില്ലാതെ പനവീട്ടിൽ ശേഖരനെ കുറേ കാലങ്ങൾ ക്കു ശേഷംഎല്ലാദേശവാസികളും കൺകുളിർക്കെ കണ്ടു. പാവം ശേഖരന് അവരെ കണ്ട് ആ സ്നേഹം നുണയാൻ കഴിഞ്ഞില്ലെങ്കിലും!....

എന്നിട്ടും ദേശക്കാരുടെ കണ്ണിലെ വലിയ ആകാംഷ അവിടെത്തന്നെ നിന്നു. ഗിരിജാമ്മയെ തേടി ആ കണ്ണുകൾ പാഞ്ഞു. അതാ അകത്തിരിക്കുന്നു. ശുഭ്രവസ്ത്രധാരിയായി തികഞ്ഞ ആഢിത്വത്തോടെ ഗിരിജാമ്മ.

ങ്ങ്.... ഹ്യൂം.... ഗിരിജാമ്മയെ കണ്ട ഓരോ ദേശവാസികളും നിരാശയോടെ പിൻവാങ്ങി. വലിയ മുറ്റത്ത് കാറുകൾ ഒന്നൊന്നായ് നിരന്നു. ആറ് ആൺമക്കളും കുടുംബവും ഏതാനും മണിക്കൂറുകൾക്കകം എത്തി. ആൺ മക്കൾ പരസ്പരം കെട്ടിപ്പിടിച്ച് കരഞ്ഞു. ചിലർ സ്വയം നിയന്ത്രിച്ചു. മരുമക്കൾ ഗിരിജാമ്മയുടെ സമീപമെത്തി തിരിച്ചു പോന്നു. വീടിന്റെ പലഭാഗങ്ങളിലും മരുമക്കളുടെ അടക്കം പറച്ചിൽ. വീട്ടുവേലക്കാരികൾ ദേവുവും ചന്ദ്രയും അവിടവിടെ ഓടിനടന്നു. തിരക്കിട്ട് എന്തൊക്കെയോ ചെയ്തു കൊണ്ടിരുന്നു.. ഇടയിൽ ഗിരാജാമ്മയുടെ അടുത്ത് ചെന്ന് എന്തോ കേൾക്കും. പിന്നെ മൂത്തമകന്റെ അടുത്തേക്ക് പോകുന്നതു കാണാം. അവർക്കിടയിൽ എന്തൊക്കെയോ തീരുമാനങ്ങൾ പ്രവൃത്തിയിലേക്ക് രൂപപ്പെടാൻ വെമ്പുന്നതായി തോന്നും. എങ്കിലും ചലനവും ശബ്ദവും തീരെ മടിച്ചു മടിച്ചു മാത്രം അവിടെ നിലനിന്നു. തീരുമാനങ്ങൾക്കും ഊഹങ്ങൾക്കും ശേഷമുള്ള ചില ഇരുത്തി മൂളലുകൾ മാത്രം അവിടവിടെ നിഗൂഢമായ് പതുങ്ങി കേട്ടു . പണിക്കാരനും ആശ്രിതനുമായ വേലു മാത്രം കരഞ്ഞും നോർത്തുമുണ്ടിൽ കണ്ണീർ പിഴിഞ്ഞും പറമ്പിലും പുരയിലുമായി നടന്നു. അടുത്ത പുലർച്ചയേ ഏക മകൾ വരൂ. ഗ്രാമവാസികൾ ഓരോരുത്തരായി തിരിച്ചു പോകാൻ തുടങ്ങി. ആരുടെ മുഖത്തും മരണമറിഞ്ഞ് ഓടിവന്നപ്പോഴുള്ള ഉത്സാഹമില്ല തിരിച്ചു പോക്കിൽ. മകളെപ്പോഴാവോ യൂറോപ്പിൽ നിന്നു വരാ... ഗോമതിയമ്മ ആരോടെന്നില്ലാതെ ചോദിച്ചു. വെളുപ്പിന് 4ന് ! ആരോ മറുപടിയും പറഞ്ഞു. ഓ.... കുറേ കണ്ഠങ്ങളിൽ നിന്ന് ആ ശബ്ദം മുഴങ്ങി. എന്തോ ചില പ്രതീക്ഷകൾ ബാക്കി നിൽക്കുന്നു എന്ന ധ്വനി ആ ശബ്ദങ്ങളിൽ ഉണ്ടായിരുന്നു.

തിരിച്ചു പോകുന്നവരുടെ മനസ്സിൽ കാലങ്ങളായുള്ള ഗിരിജാമ്മയുടെ മുഖം പലരൂപത്തിലും ഒരേ ഭാവത്തിലും തെളിഞ്ഞു. പനവീടൻ തറവാട്ടിലെ പൗരുഷമൊത്ത ഏക ആൺതരി -ശേഖരൻ  നാടിനു കണ്ണിലുണ്ണി. സ്നേഹവും സൗഹൃദവും പങ്കിട്ടു നടക്കവേ, ഇരുപത്തഞ്ചാം വയസ്സിൽ വിവാഹിതനായി, സുന്ദരിയായ പെൺകുട്ടി-ഗിരിജാമ്മ  അവർക്കന്ന് പതിനഞ്ചോ പതിനാറോ പ്രായം. പിന്നീട് ശേഖരന്റെ പൗരുഷം രൂപത്തിലേ ഉള്ളൂ എന്നാണ് കീഴൂർ വാസികളുടെ കണ്ടെത്തൽ. പട്ടും പൊന്നും പൂവും ചൂടി കാറിൽ നിവർന്നിരിന്നു പോകുന്ന

ഗിരിജാമ്മ. അവർ പറയുന്നിടത്തേക്ക് സ്റ്റിയറിംഗ് തിരിക്കുന്ന ശേഖരൻ എന്നൊക്കെ നാട്ടുകാർ കളിയാക്കുമെങ്കിലും നയിച്ച വഴിയെല്ലാം ശരിയായിരുന്നവെന്ന് ആ കുടുംബത്തിന്റെ ജീവിത വിജയം സാക്ഷ്യം. ഉദ്യോഗസ്ഥരായ മക്കൾ കുടുംബത്തോടൊപ്പം മാറി താമസിക്കുന്നു. ഏക മകൾ ഭർത്താവിനും കുടുംബത്തിനും ഒപ്പം വിദേശത്ത്. ഗിരിജാമ്മ ആരോടും അധികം സംസാരിക്കില്ല. വിവാഹ ശേഷം ശേഖരനും അങ്ങനെത്തന്നെ. എങ്കിലും ദേശത്തെ എല്ലാ പ്രധാന കാര്യങ്ങളിലും ഗിരിജാമ്മയും ശേഖരനും എത്തും. നാട്ടിൽ മരിക്കാൻ കിടക്കുന്നവരുണ്ടെങ്കിൽ ഗിരിജാമ്മ പോയിക്കണ്ടാലേ പോകൂ എന്നാണ് നാട്ടുകാരുടെ ഭാഷ്യം. അതിനവർ തെളിവും നിരത്തും. തെങ്ങു കയറ്റുകാരൻ രാഘവൻ, പൊറംപോക്കിലെ നാണിപ്പെണ്ണ്, ഷാരത്തെ നങ്ങേമവാരസ്യാര് ഒക്കെ തെളിവാണ്. അഞ്ചുമാസം വെള്ളമിറങ്ങാതെ കിടന്ന കിട്ടുണ്ണിയാശാനെ ഗിരിജാമ്മ സന്ദർശിച്ചത് നാട്ടുകാരുടെ ഓർമ്മയിലുണ്ട്. ഒരു സന്ധ്യാ സമയം ഗിരിജാമ്മയും ശേഖരതണ്ടാനും ആ പടികേറി പോകുന്നതു കണ്ടു. അല്പസമയത്തിനുള്ളിൽ ഇറങ്ങുകയും ചെയ്തു. ആ ഇറക്കത്തോടൊപ്പം മുളചീന്തുന്ന നാദത്തോടെ ആശാന്റെ പെൺകുട്ടികളുടെ നിലവിളി ഉയർന്നത് ഇന്നും തങ്ങളുടെ ചെവിയിലുണ്ടെന്ന് നാട്ടുകാർ. എന്തൊക്കെയായാലും നാട്ടിലെ പ്രധാന ചടങ്ങുകളിൽ, വിവാഹമാണെങ്കിൽ തലേന്ന്, മരണമാണെങ്കിൽ തൊട്ടു മുൻപ് ഇങ്ങനെയൊക്കെ ഗിരിജാമ്മ തന്റെ സാന്നിധ്യം അറിയിക്കും. വിലപ്പെട്ട ചില നിർദ്ദേശങ്ങൾ പറയും. അത് കേൾക്കുന്നവർക്ക് ഒഴിവാക്കാനാവാത്ത വിധം വിലപ്പെട്ടതാകും. ഈ സന്ദർശനങ്ങളിൽ പറഞ്ഞ് പറഞ്ഞ് നാട്ടുകാർ പതംവരുത്തിയ ഒന്നുണ്ട്. എടക്കാരത്തി നാണിയുടെ മകളുടെ കല്യാണത്തലേന്ന് നടത്തിയ വീടു സന്ദർശനമാണത്. വീട് സന്ദർശിച്ച ഗിരിജാമ്മ കണ്ടും കേട്ടും, എന്നാൽ അധികം സംസാരിക്കാൻ നിൽക്കാതെ മടങ്ങി. പക്ഷേ ആ തിരക്കിട്ട മടക്കത്തിന് പിന്നിൽ ധൃതിയിൽ ചെയ്യാനുള്ള ഒന്നിന്റെ നിശ്ചയദാർഢ്യമുണ്ടായിരുന്നെന്ന് നാട്ടുകാർ മനസ്സിലാക്കാൻ പോകുന്നതേ ഉണ്ടായിരുന്നുള്ളൂ. അധികം വൈകാതെ ഗിരിജാമ്മയുടെ വാല്യക്കാരിൽ ഒരാൾ നാണിയുടെ വീട്ടിലെത്തി നാണിയുടെ കയ്യിൽ ഒരു പൊതി കൊടുത്തു. നാണിയുടെ കണ്ണീരൊപ്പാൻ കെല്പുള്ള ആ പൊതിയിലെ ആഭരണങ്ങൾ അണിഞ്ഞാണ് പിറ്റേ ദിവസം നാണിയുടെ മകൾ വിവാഹപന്തലിലെത്തിയത്.

ഇതൊക്കെയാണ് ഗിരിജാമ്മ. എന്നിട്ടും മരണവീട്ടിലും നാട്ടിലും ആരും പരസ്പരം പറയാതെ ചില ചോദ്യങ്ങളും അഭിപ്രായങ്ങളും അന്തരീക്ഷത്തിൽ മൂടിക്കെട്ടി നിന്നു. പലവിധ ആകാംഷകളിൽ മുഴുകി കീഴൂർ ഗ്രാമവാസികൾ അന്ന് പകൽ കഴിച്ചു കൂട്ടി. രാത്രിയാകട്ടെ മുതിർന്നവർക്കെല്ലാം ശിവരാത്രിയും. ശേഖരൻ തണ്ടാന്റെ മരണദു:ഖമാണോ കാരണം? ആവാനിടയില്ല! ഇനി ഗിരിജാമ്മയോടുള്ള സ്നേഹമാണോ, സാധ്യത കുറവാണ്. എങ്കിലും ആരും ഉറങ്ങിയില്ല. സമയം പുലർച്ചെ 4.30. ഒരു കാറിന്റെ ശബ്ദം. ഓ... മകളെത്തി. നാട്ടുകാരെല്ലാം ഉണർന്ന് കാറിനു പുറകെ ഓടി. ചിലർ മുൻപേയും ചിലർ കാറിനു പിറകേയുമായി ഓടി. മകളോടൊപ്പം ചിലർ, പിൻ വാതിലിലൂടെ മറ്റുചിലർ, കുറച്ചു പേർ ജനാലയ്ക്കൽ. എതാണ്ട് ടി.വി. പ്രത്യക്ഷപ്പെട്ട ആദ്യ കാലങ്ങളിൽ രാമായണം കാണാൻ ശേഖരതണ്ടാന്റെ വീട്ടുമുറ്റത്ത് ഗ്രാമവാസികൾ തിങ്ങി നിന്ന ഓർമ ഉണർത്തി ആ കാഴ്ച. മകൾ പതുക്കെ മുറിയിൽ കയറി. അച്ഛന്റെ കാലിൽ തൊട്ട് നെറുകയിൽ വച്ചു. അമ്മയുടെ അടുത്ത് ചെന്ന് കൈ പിടിച്ചു. ഗിരിജാമ്മ ഒന്ന് ഇളകിയിരുന്നു. മകൾ പിന്നെ അകത്തേക്ക് കയറി പോയി. പിന്നെ ഉച്ചക്ക് സംസ്കാര ക്രിയകൾ തുടങ്ങുന്നതു വരെ ഗ്രാമത്തിലെ സ്ത്രീകൾ കുറേ നേരമെങ്കിലും പ്രതീക്ഷയറ്റ് ഉറങ്ങി. സംസ്കാര ചടങ്ങിലുടനീളം ഗിരിജാമ്മയെ അചഞ്ചലമായ് കണ്ട് ഗ്രാമവാസികൾ ആശയറ്റ് തിരിച്ചു പോന്നു. താൻ ശീതീകരിച്ച് വച്ചിരുന്ന പൗരുഷം മുഴുവൻ എടുത്ത് ശേഖരൻ തണ്ടാൻ വീടിനു തെക്കേ മൂലയിൽ പടർന്നു പൊങ്ങി. ഏറെക്കുറെ ശൂന്യമായ പറമ്പ് മൂകതയിൽ കൂടുതൽ വിശാലമായി. അവസാനത്തെ കനലും കത്തിത്തീരുന്നത് കാത്ത് ആശ്രിതൻ വേലു അവിടുത്തെ തെങ്ങിൻ ചോട്ടിൽ ഇരുന്നു. സമയം പാതിരയോടടുത്തു കാണും, കീഴൂർ ഗ്രാമവാസികൾ രണ്ടു ദിവസമായ് കേൾക്കാൻ ചെവിയോർത്ത ആ നാദം ദൈന്യതയുടെ എല്ലാ പാരവശ്യങ്ങളോടെയും വേലുവിന്റെ ചെവിയിലലച്ചു, വേലുവിന് ഒട്ടും ആകാംക്ഷയോ അത്ഭുതമോ തോന്നിയില്ല. അത്തരം ഏങ്ങലടികൾ അയാൾ മുൻപും കേട്ടിട്ടുണ്ട്. കണ്ടത്തിൽ വെള്ളം നോക്കാൻ പോകുന്ന ചില പാതിരകളിൽ ആണത്. മച്ചിനകത്തു നിന്ന്, ഗിരിജാമ്മയുടെ ആൺമക്കൾ ഓരോരുത്തരായി മാറിത്താമസിക്കുന്ന ദിനങ്ങളിൽ, മകളുടെ വിദേശയാത്രയ്ക്കു ശേഷം, നാട്ടിലെ കറുപ്പന്റ മകൻ വിദേശത്ത് ദാരുണമായ് മരിച്ച വാർത്ത വന്ന ദിവസം രാത്രി, വീട്ടിലെ പശു കുഴിയിൽ വീണ് ചത്ത ദിവസം രാപ്പാടികൾക്കൊപ്പം ആ തേങ്ങലും രാത്രിയുടെ ഏകാന്തതയിൽ മറ്റാരും കേൾക്കാതെ വിലയിച്ചമരും. പക്ഷേ അന്നൊക്കെ ഇടയിൽ കേൾക്കാറുള്ള ആശ്വാസ വചനങ്ങൾ കനലെടുത്ത് പോയെന്ന പൊള്ളൽ വേലുവിനെ ഉലച്ചു. ആ ഏങ്ങലടികൾ ഉയർത്തുന്ന നിസ്സഹായത പനവീടൻ തറവാടിനെ ചൂഴ്ന്നു നിന്നു. വേലുവിന്റെ ചെവിയിൽ അത് വീണ്ടും വീണ്ടും പ്രകമ്പനം കൊണ്ടു.

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara